240337

# പോർക്കളത്തിന്റെ പിന്നിൽ

കെ.എൻ. ഗോപാലപ്പിള്ള.

A. 1255.

MS 2

THE SENGUPTA PUBLIC L...
PUTHIYARA

# പോക്കളത്തിൻെറ പിന്നിൽ.

A/2-5
240337

ഗ്രന്ഥകർത്താ,
കരപ്പുംവീട്ടിൽ
കെ. എൻ. ഗോപാലപിള്ള.

പ്രകാശകൻ
ററി. സുബ്ബയ്യാ റെഡ്ഡ്യാർ,
റെഡ്ഡ്യാർ പ്രസ്സ് & ബുക്കഡിപ്പോ,
തിരുവനന്തപുരം.

ഒന്നാംപതിപ്പ്,
കാപ്പി 1000.

പകർപ്പവകാശം പ്രകാശകന്നു്.

The Reddiar Press, Trivandrum

1122

വില 1—8—0.

# അവതാരിക.

A1255

(മള്ളൂർ ഗോവിന്ദപ്പിള്ള)

"പോർക്കളത്തിന്റെ പിന്നിൽ" എന്ന ഈ ആഖ്യായികയുടെ കഥ നടന്നതു തിരുവിതാംകൂറിലാണു്; കാലം, തിരുവിതാംകൂർ രാജ്യസ്ഥാപകനെന്നു വിശ്രുതനായ ശ്രീ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ സംഭവബഹുലമായ ഭരണഘട്ടമാകുന്നു. നിസ്തുലപ്രതാപിയായ ആ തിരുമനസ്സിലെ അപദാനങ്ങളും കഥയുമായി വളരെ സാരമായ ബന്ധം ഉണ്ടു്. വീരക്ഷത്രിയ യോദ്ധാവായ ആ തിരുമേനിയും, സചിവോത്തമനും സേനാനിയുമായ ശ്രീ. രാമയ്യനുംകൂടി നടത്തിയ യുദ്ധപ്രസ്ഥാനങ്ങളുടെ സാഫല്യത്തിനു, കാർത്തിക തിരുനാൾ ഇളയമുറ തിരുമേനിയുടെ നേതൃത്വത്തിൽ കേരളത്തിലെ ചാരതന്ത്രപടുക്കൾ നടത്തിയിട്ടുള്ള ഗംഭീരങ്ങളും, വിസ്മയജനകങ്ങളുമായ ചാരതന്ത്രപ്രവർത്തനങ്ങൾ പലതും, മിക്കവാറും അദ്ധ്യായങ്ങളിൽ പ്രതിഫലിച്ചുകാണുന്നുണ്ടു്. ഐതിഹ്യപ്രോക്തമായ ആകസ്ഥാനത്തു കൈമ്മളുടെ ചാത്തത്തിന്റെ മോടിയും ചടങ്ങുകളും വർണ്ണിച്ചുകൊണ്ടു കുട്ടനാട്ടിലെ നായർസങ്കേതമായ "ഈര" എന്ന ദേശത്താണു കഥ ആരംഭിക്കുന്നതു്. തെക്കുംകൂർ രാജാവിന്റെ മാടമ്പിമാരിൽ അഗ്രഗണ്യനായ ആകസ്ഥാനത്തു കൈമ്മളുടെ രാജസദനോചിതമായ ഭവനത്തിൽ ചാത്തം അടിയന്തിരം നടക്കുമ്പോൾ; വേഷപ്രച്ഛന്നതയിൽ രാമയ്യനും സഹചാരിയായ ഒരു നായർ യോദ്ധാവും അവിടെ എത്തുന്നു. കായങ്കുളം യുദ്ധത്തിനു് ഒത്താശം ചെയ്വാൻ, കായ

കുളത്തിൻെറ ബന്ധുരാജാവായ തെക്കുംകൂർ അധിപനു വേണ്ടി, കൈമ്മൾ, ചാത്തത്തിനുശേഷം ഒരു പടയൊരുക്കംകൂട്ടി ചെയ്യുന്നതിൻെറ ഉള്ളുകള്ളികൾ അവർ മനസ്സിലാക്കുന്നു. അനന്തരം കാശ്മീർ ദേശീയരായ പട്ടുവ്യാപാരികളുടെ വേഷത്തിൽ രാമയ്യൻ മുതൽപേർ തെക്കുംകൂർ സന്ദർശിക്കുകയും, മാർത്താണ്ഡവർമ്മ തിരുമേനിയുടെ ബന്ധുവായ തെക്കുംകൂർ ഇളയരാജാവിനെ ഗൂഢമായി കാണുകയും, കായംകുളം യുദ്ധത്തിൽ തിരുവിതാംകൂറിനു വേണ്ടി യുദ്ധത്തിൽ സഹകരിക്കുവാൻ ആ യോദ്ധാവിനെ ക്ഷണിക്കുകയും, പടക്കളത്തിലെ അടയാളത്തിനായി രണ്ടു പട്ടു തൂവാലകൾ കാഴ്ചവയ്ക്കുകയും ചെയ്യുന്നു. ക്ഷണം സ്വീകരിച്ചു, സേതുസ്നാനത്തിനു് എന്നുള്ള വ്യാജേന ആ "അപ്പൻ" തമ്പുരാൻ സംസ്കൃതചിത്തയും വിദുഷിയുമായ സ്വപത്നിയോടൊന്നിച്ചു ഗൂഢമായി തിരുവനന്തപുരത്തേയ്ക്കു പുറപ്പെടുന്നു. ഇങ്ങനെയാണു കഥാഗതി കായകുളം, തെക്കുംകൂർ, ചെമ്പകശ്ശേരി മുതലായ രാജ്യങ്ങളിൽ അക്കാലത്തു നിലവിലിരുന്ന ദുർഭരണംനിമിത്തവും നാടുവാഴികളുടെ സ്വേച്ഛാപ്രഭുത്വംമൂലവും അസന്തുഷ്ടരായി തീർന്നിരുന്ന പല യോദ്ധാക്കളും നാട്ടിൽ പ്രമാണികളും, വേഷപ്രച്ഛന്നരായും അല്ലാതെയും തിരുവിതാംകൂർപക്ഷത്തു ചേരുന്നു. അക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരു വീരനാണു സിക്കുകാരൻ ഗോവിന്ദദാസ്സ്. ഈ കഥാപാത്രം കഥാഗതിക്കു വളരെ സഹായിക്കുന്നുണ്ടു്. രത്നവ്യാപാരികളുടെ വേഷത്തിൽ കായംകുളം കോട്ടയിൽ അകപ്പെട്ടു തടങ്കലിൽ പെട്ടേണ്ടിവന്ന തിരുവിതാംകൂർവക ചാരപ്രമാണികളെ കോടാങ്കിവേഷത്തിൽ ഗോവിന്ദദാസ്സ് അത്ഭുതകരമായ വിധം മോചിപ്പിക്കുന്നു. കഥാനായകൻ വീരവിക്രമൻ ഉണ്ണിത്താൻ സന്ദർഭവശാൽ കായംകുളത്തെ രണ്ടാംമുറ സേനാധിപത്യം സ്വീകരിക്കുന്നുവെങ്കിലും അവിടത്തെ

രീതികളിൽ അതൃപ്തനായി പെട്ടെന്നു് അവിടംവിട്ടു തിരു
വിതാംകൂർപക്ഷത്തേക്കു പോകുന്നു. കഥാനായികയായ
അമ്മുക്കുട്ടിഅമ്മയും വേഷപ്രച്ഛന്നയായി സ്വപ്രണയിതാ
വോടൊന്നിച്ചു്, അശ്വാരൂഢയായി കായങ്കുളം വിടുന്നു.
ആ യാത്രാമദ്ധ്യേ, വ്യാപാരികളുടെ വേഷത്തിൽ കായ
ങ്കുളം പാളയത്തിൽ കടന്നുകൂടിയ കാർത്തികതിരുനാൾ
തിരുമേനി ആദിയായവരുൾപ്പെട്ട ചാരസംഘത്തിന്റെ
അപകടസ്ഥിതി മനസ്സിലാക്കി, വീരവിക്രമനും നായിക
യുംകൂടി അവരെ ആപത്തൊന്നുംകൂടാതെ അതിർത്തി
കടത്തി വിടുന്നു. നായികയോ, ഇളയിടത്തു സ്വരൂപ
ത്തിലെ ഒരു രാജാവിന്റെ പുത്രി. ഒരു വലിയ നായർ
പ്രഭുകുടുംബത്തിലെ ഏകാംഗം. അനേകം ദേശവഴി
കൾക്കു് അധിപ. ഇളയിടത്തു സ്വരൂപത്തിലെ റാണി
യുടെ അടുത്ത ബന്ധുവും സഖിയും. ഈ വസ്തുതകൾ മന
സ്സിലാക്കിക്കൊണ്ടു്, കായങ്കുളം രാജാവിന്റെ പ്രധാന
സേനാധിപനും ദേവനുമായ ത്രിവിക്രമൻഉണ്ണിത്താൻ,
ഇളയിടത്തു സ്വരൂപത്തിലെ റാണിയെ കബളിപ്പിച്ചു
സമ്മതം വാങ്ങിക്കൊണ്ടു്, അമ്മുക്കുട്ടിഅമ്മയെ, കായങ്കുളം
ഇളയരാജാവിനു പട്ടും പരിവട്ടവും വയ്പിക്കുവാനെന്നുള്ള
ഭാവേന ഒരു മേനാവിൽകയററി കായങ്കുളത്തേയ്ക്കു കൊണ്ടു
പോകുന്നമദ്ധ്യേ, ഉണ്ടായ ജലാപകടത്തിൽ മുങ്ങിമരിക്കാ
തെ ആ തരുണിയെ രക്ഷിക്കുന്ന ഘട്ടത്തിലാണു നായികാ
നായകന്മാരുടെ ആദ്യസന്ദർശനം. പിന്നീടു ത്രിവിക്രമൻ
ഉണ്ണിത്താന്റെ അധീനത്തിൽ കായങ്കുളത്തു് അയാളുടെ
വസതിയിൽ അമ്മുക്കുട്ടിയെ താമസിപ്പിച്ചും, ക്രമേണവശ
പ്പെടുത്തി അവളെ സ്വപത്നിയായി സ്വീകരിച്ചും ഏള
യിടത്തുസ്വരൂപത്തിലെ ദേശവഴികൾ പലതിനും നാഥ
നായിത്തീരാനും അതുവഴി കായങ്കുളത്തിനു് ആ സ്വരൂ
പം കരസ്ഥമാക്കിക്കൊടുക്കുവാനുമുള്ള ദീർഘാലോചന

യോടുകൂടിയായിരുന്നു, ഉണ്ണിത്താൻെറ പരിപാടികൾ. ഈ വസ്തുതകൾ മനസ്സിലാക്കിയ ബുദ്ധിമതിയായ നായികയും നയതന്ത്രവിശാരദനും വീരനുമായ വീരവിക്രമൻ ഉണ്ണിത്താനുംകൂടി വിസ്മയജനകമായവിധം കായങ്കുളത്തുനിന്നു മോചനം നേടുകയാണു്. തെക്കുംകൂർ ഇളയരാജാവിനു സംഭവിച്ച ദാരുണമായ പര്യവസാനം, മുതലായ മററു പലേ അദ്ധ്യായങ്ങളും കഥയ്ക്കു മോടി കൂട്ടുന്നുണ്ടു്. നായികാനായകന്മാരുടെ വിവാഹത്തിൻെറ ചടങ്ങുകൾ, പുരാതന കേരളത്തിൽ നായന്മാർ നാടുവാഴികളായിരുന്ന ഘട്ടത്തിൽ നടപ്പിലിരുന്ന ആചാരങ്ങളെയും മാമൂലുകളെയുമാകുന്നു ദ്യോതിപ്പിക്കുന്നതു്. ഹോമശാലയിലെ ഭൂകമ്പം, രാമയ്യൻെറ അന്ത്യരംഗമായ രാജസമ്മാനം മുതലായ അദ്ധ്യായങ്ങൾ കഥയുടെ മെച്ചം വർദ്ധിപ്പിക്കുന്നു. ഏതാദൃശങ്ങളായ അദ്ധ്യായങ്ങളിലെ പ്രക്ഷോഭജനകങ്ങളായ രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്ന രീതി അത്യന്തം ഹൃദയസ്പൃക്കായിരിക്കുന്നു. പിടിച്ചടക്കപ്പെട്ട കായങ്കുളം, ചെമ്പകശ്ശേരി, കൊല്ലം, തെക്കുംകൂർ മുതലായ ദേശങ്ങളിൽ ശരിയായ രാജ്യഭരണം ഏർപ്പെടുത്തുവാൻ രാജ്യതന്ത്രജ്ഞനായ മഹാരാജാവും നയജ്ഞനായ മന്ത്രിയുംകൂടി ചെയ്തുകൊണ്ടിരുന്ന തീവ്രപരിശ്രമങ്ങളുടെ ചിത്രീകരണവും ഈ ഗ്രന്ഥത്തിൽ പലേ ഭാഗങ്ങളിലും പ്രതിഫലിച്ചുകാണുന്നുണ്ടു്.

ഇനി ഒരു വാക്കു പറയുവാനുള്ളതു് ഈ ഗ്രന്ഥകാരൻെറ സാഹിത്യപരിശ്രമങ്ങളെപ്പററിയാണു്. കുറഞ്ഞപക്ഷം മുപ്പത്തഞ്ചു വർഷമായിരിക്കണം, മി. ഗോപാലപിള്ള ഗ്രന്ഥരചനയിൽ ഏർപ്പെട്ടിട്ടു്. സാരസ്യം കവിഞ്ഞൊഴുകുന്ന പല കൃതികളും അദ്ദേഹം കൈരളിക്കു പ്രദാനംചെയ്തുകഴിഞ്ഞിരിക്കുന്നു. "തെക്കുംകൂർറാണി", "അംബുജാക്ഷി", "ആയിഷാദേവി" എന്നീ ആഖ്യായ

കൾക്കു് ഈ ഗ്രന്ഥം നല്ല ഒരു തോഴിയായി പരിലസിക്കുന്നു മി. ഗോപാലപിള്ള ഈ ഗ്രന്ഥരചനയിൽ പല ഘട്ടങ്ങളിലും മാർത്താണ്ഡവർമ്മയേയും സി. വി. യേയും നമ്മുടെ സ്മൃതിപഥത്തിൽ ആരോഹണം ചെയ്യിക്കുന്നുണ്ടു്. സ്വഭാവോക്തിയിൽ ഈ ഗ്രന്ഥകാരനുള്ള സ്വാധീനം അസൂയാജനകമാണു്. അശ്ലീലസ്പർശം കൂടാതെ കഥാപാത്രങ്ങളെക്കൊണ്ടു നേരമ്പോക്കുകൾ പറയിക്കുവാനുള്ള വാസന മി. ഗോപാലപിള്ളയ്ക്കു സമൃദ്ധിയായിട്ടുണ്ടു്. ഇങ്ങനെല്ലാം ഘലിക്കത്തക്ക പലലക്ഷണങ്ങളും ഈ കൃതിക്കു തികഞ്ഞിട്ടുണ്ടു്. സർവ മംഗളങ്ങളും ആശംസിച്ചുകൊണ്ടു് ഈ ഗ്രന്ഥം ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
3-5-1122.

മള്ളൂർ

A 1255

# മുഖവുര.

ചരിത്രസംബന്ധമായ ആഖ്യായികാരചനയിൽ ഞാൻ ആദ്യമായി ഏൎപ്പെട്ടതു്, കാൽ ശതാബ്ദത്തിൽപരം മുമ്പാണു്. അക്കാലത്തു, ഞാൻ തിരുവനന്തപുരം നഗരത്തിൽ നടത്തിക്കൊണ്ടിരുന്ന "ധൎമ്മരാജ്യം" പത്രത്തിൽ "ഭാസ്കരമംഗലം" എന്ന ആ-നാവൽ ഖണ്ഡശഃപ്രസിദ്ധംചെയ്തു. അതു സഹൃദയന്മാൎക്കു പൊതുവിൽ രസപ്രദവും തൃപ്തികരവുമായിരുന്നു എന്നു് അചിരേണ ബോദ്ധ്യപ്പെട്ടു. വിശിഷ്യ മലയാളത്തിലെ സുപ്രസിദ്ധിഅൎഹിക്കുന്ന ആഖ്യായികാകാരനും എന്റെ ബഹുമാന്യ സുഹൃത്തുമായിരുന്ന "സി. വി." യും, പ്രസിദ്ധസാഹിത്യകാരനും സഹൃദയശിരോമണിയും എന്റെ വന്ദ്യഗുരുഭൂതനുമായ ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള അവൎകളും, മററു പലേ മാന്യസുഹൃത്തുകളും "ഭാസ്കരമംഗല"ത്തെക്കുറിച്ചു പ്രശംസിച്ചു എന്നെ അഭിനന്ദിച്ചിട്ടുള്ളതായി ഞാൻ നല്ലതിൻമണ്ണം ഓൎമ്മിക്കുന്നുമുണ്ടു്. ഏതാദൃശങ്ങളായ പ്രോത്സാഹനങ്ങൾ പ്രസ്തുത പഥത്തിൽ എന്നെ സധൈൎയ്യം പുരോഗമിപ്പിക്കുകതന്നെ ചെയ്തു. പിന്നീടു ഞാൻ പ്രസിദ്ധംചെയ്തിട്ടുള്ള ഏതാനും നോവലുകളിൽ ഒന്നു് അക്ബർചക്രവൎത്തിയുടെ ഭരണകാലത്തു നടന്നതായി സങ്കല്പിക്കപ്പെട്ടു ഡിറക്ടീവുരീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ളഒരു നാവലാകുന്നു"അയിഷാദേവി". ശ്രീമാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലത്തിനുമുമ്പു് ഉള്ള തിരുവിതാംകൂർചരിത്രസംബന്ധമായ ആഖ്യായികയാണു, മറെറാരു കൃതിയായ "തെക്കുംകൂർ റാണി."

"പോൎക്കളത്തിന്റെ പിന്നിൽ" എന്ന പ്രസ്തുത നാവലിന്റെ കരുക്കളും കഥാവസ്തുവും ഭാവനാശക്തിയിൽ സംഭരിച്ചു വച്ചിട്ടു കുറേക്കാലം ആയെങ്കിലും, ഗ്രന്ഥരൂപത്തിലാക്കി, പ്രസിദ്ധം ചെയ്യുന്നതിനു് അടുത്ത കാലത്തു മാത്രമേ സൌകൎയ്യം ലഭിച്ചുള്ളു. "സചിവോത്തമ സർ. സി. പി രാമസ്വാമി അയ്യർ" എന്ന ഗ്രന്ഥത്തിന്റെ രച

നാവൃത്തിയും പ്രസിദ്ധീകരണവും സംബന്ധിച്ച് ഏകദേശം ഒരു വൎഷത്തോളമായി തിരുവനന്തപുരത്തു വാസം ഉറപ്പിച്ചതോടുകൂടി, പൂൎവ്വാധികം സാഹിത്യപരിശ്രമങ്ങളിലേൎപ്പെടുവാൻ എനിക്കു സൌകൎയ്യം സിദ്ധിച്ചു. അക്കൂട്ടത്തിൽ "പോക്കളത്തിന്റെ പിന്നിൽ" ഗ്രന്ഥരൂപത്തിൽ ആക്കി പ്രസിദ്ധം ചെയ്വാനും സംഗതിവന്നു.

ഗ്രന്ഥരചന രസകരമെങ്കിലും വളരെ വൈഷമ്യമുള്ള ഒരു ജോലിയാണെന്ന് അനുഭവസ്ഥന്മാരായ സഹൃദയന്മാൎക്ക് അറിയാം. നാവൽരചന അതിലും വിഷമം. ചരിത്രസംബന്ധമായ ആഖ്യായികാരചന വിഷമതരംതന്നെ. ചരിത്രാഖ്യായികാകൃത്തിനു രചനാവിഷയത്തിൽ പല വൈഷമ്യങ്ങളും വൈതരണികളും തരണം ചെയ്യേണ്ടതായിരും. ഭരണപ്രാബല്യത്തിലിരിക്കുന്ന ഒരു രാജ്യത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട ആഖ്യായികയാണെങ്കിൽ, ആഖ്യായികാ കൎത്താവ്, കഥാവസ്തുവിലും, പാത്രസൃഷ്ടിയിലും സംഭാഷണാദി രൂപീകരണത്തിനു ഉപയോഗപ്പെടുത്തുന്ന സാഹിത്യത്തിന്റെ ശുദ്ധിയിലും തന്മയത്വത്തിലും അപരിമിതമായ സൂക്ഷ്മാവലോകനവും വിവേചനാബുദ്ധിയും വ്യാപരിപ്പിക്കേണ്ടിയിരിക്കുന്നു.

മലയാളസാഹിത്യത്തിൽ ചരിത്രസംബന്ധമായ ആഖ്യായികാരചനയ്ക്കു പുരാതന കേരളചരിത്രത്തിലെ ഘട്ടങ്ങൾ പലതും അത്യന്തം ഉപകരിക്കുന്നതാണ്. ഉമയമ്മറാണിയുടെ കാലംമുതൽ മാൎത്താണ്ഡവൎമ്മമഹാരാജാവിന്റെ കാലംവരെയുള്ള തിരുവിതാംകൂർചരിത്രവും ആഖ്യായികാകൃത്തിനു രചനയ്ക്കുവേണ്ട കരുക്കൾ നല്ലതു, പലതും നൽകുമെന്നുള്ളതിനു സന്ദേഹമില്ല. തിരുവിതാംകൂർരാജ്യം മാൎത്താണ്ഡവൎമ്മമഹാരാജാവു രൂപീകരിക്കുന്നതിനു മുൻപു നിലനിന്നിരുന്ന ചെറിയരാജ്യങ്ങളിൽ നിലവിലിരുന്ന ഭരണസമ്പ്രദായവും, മാടമ്പിമാരുടെ അധികാരവും ശക്തിയും,

പൂർവ്വകാലത്തെ യുദ്ധരീതികളും, യുദ്ധതന്ത്രവും ഈ ഗ്രന്ഥം മുഖേന ചിത്രീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഗംഭീരനും പ്രതാപവാനും വീരയോദ്ധാവും ആയിരുന്ന ശ്രീമാർത്താണ്ഡവർമ്മമഹാരാജാവിൻെറയും, പ്രതിഭാശാലിയായ രാമയ്യൻ ദളവയുടെയും അപദാനങ്ങളും പ്രസ്തുതഗ്രന്ഥത്തിൽ ആചിത്രണം ചെയ്യുവാൻ കഴിയുന്നത്ര ശ്രമം ചെയ്തിരിക്കുന്നു.

എൻെറ വിനീതമായ അപേക്ഷ സദയംസ്വീകരിച്ചു ഈ ഗ്രന്ഥത്തിൻെറ അച്ചടിച്ച ഫാറങ്ങൾ വായിച്ചുനോക്കിയശേഷം അവതാരിക തയ്യാറാക്കിത്തന്ന ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള അവർകളോട് എനിക്ക് ഉള്ള നിസ്സീമമായ കൃതജ്ഞതയും ഭക്തിബഹുമാനങ്ങളും ഈ ഘട്ടത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

എസ്. ററി. റെഡ്യാരെയും അദ്ദേഹത്തിൻെറ അനന്തരഗാമികളേയും മലയാളികൾക്കും മലയാളഭാഷ പഠിക്കുവാൻ യോഗം സിദ്ധിക്കുന്ന വിദേശികൾക്കുപോലും ഒരുകാലത്തും വിസ്മരിക്കുവാൻസാധിക്കുന്നതല്ല. റെഡ്യാർ പ്രസ്സും പ്രസിദ്ധീകരണശാലയും മലയാളഭാഷാസാഹിത്യത്തിന് നൽകിയിട്ടുള്ള നേട്ടം, അമൂല്യം എന്നുവേണം പറയുവാൻ. ഭാഷയുടെ പോഷണത്തിലും ഗ്രന്ഥകാരന്മാരുടെ പ്രോത്സാഹനത്തിലും അത്യന്തം തൽപരനായിരിക്കുന്ന തിരുവനന്തപുരം റെഡ്യാർപ്രസ്സിൻെറയും ബുക്കുഡിപ്പോയുടെയും ഉടമസ്ഥൻ ശ്രീമാൻ ററി. സുബ്ബയ്യാറെഡ്യാർ അവർകൾ പ്രസ്തുത ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം സദയം കൈയേററതിൽ അദ്ദേഹത്തോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു

തിരുവനന്തപുരം,
൫-5-1122.

കരപ്പുംവീട്ടിൽ,
കെ. എൻ. ഗോപാലപിള്ള.

# വിഷയാനുക്രമണിക.

---


1. ആകസ്ഥാനത്തെ അതിഥികൾ
2. ചീനാംബരം
3. പടത്തലവൻ
4. ഗോവിന്ദദാസ്
5. വീരവിക്രമൻ
6. അപ്രതീക്ഷിത സന്ദശനം
7. സ്വീകരണം
8. എതിർശക്തികൾ
9. ചിന്താവിഷ്ടയായ അമ്മുക്കുട്ടി
10. ഗൂഢസംഭാഷണം
11. മല്ലൻപിള്ളയുടെ നിഷ്ഠുരകൃത്യം
12. പാളയത്തിന്നരികെവന്ന കോടാങ്കി
13. തീൎത്ഥയാത്ര
14. വൈരനിൎയ്യാതനം
15. ഉഗ്രശപഥം
16. രത്നവ്യാപാരികൾ
17. ചെമ്പകശ്ശേരിയിലേക്കുള്ള സന്ദേശം
18. പടയോട്ടം
19. ഹോമശാലയിലെ ഭൂകമ്പം
20. ശ്മശാനത്തിൽകണ്ട ചിത
21. പടയാളിയുടെ വൃത്താന്തം

22. പുടവകൊട
23. തെക്കുംകൂറിൽനിന്നു കൊടുത്തയച്ച കറി
24. വീരസുഹൃത്തുക്കൾ
25. സർപ്പഭീതി
26. വിഷുക്കണി
27. കണ്ടുകിട്ടിയ ചാക്കുകെട്ടുകൾ
28. സന്ദേശപത്രം
29. ആ പ്രഭാതം
30. പടയ്ക്കുശേഷം
31. സുഹൃൽദർശനം
32: രാജസമ്മാനം

# പോൎക്കളത്തിന്റെ പിന്നിൽ.

## അദ്ധ്യായം ൧.

### ആകസ്ഥാനത്തെ അതിഥികൾ.

"വഞ്ചിക്കാരാ! അക്കാണുന്നതാണോ ആകസ്ഥാനം?" എന്നിങ്ങനെ കൂടാരവഞ്ചിക്കുള്ളിൽ ഇരുന്ന ആൾ വള്ളക്കാരനോടു ചോദിച്ചു. "റാൻ! ഇതുതന്നെ ആകത്താനത്തു കൊട്ടാരം. വള്ളം വീണിരിക്കുന്നതു് ആകത്താനത്തു തോട്ടിലേക്കാ തമ്പ്രാനേ!" എന്നു വഞ്ചിക്കാരൻ പ്രത്യുത്തരം നൽകി.

ഈ സന്ദൎഭത്തിൽ, മ്ലാനനായ പൂൎണ്ണചന്ദ്രൻ പശ്ചിമാന്തരാളത്തെ സമീപിക്കുകയും പ്രഭാതരവിയുടെ കിരണകന്ദളങ്ങൾ പൂൎവ്വദിക്കിൽ വിലസിത്തുടങ്ങുകയും ചെയ്തിരുന്നു. പ്രശാന്തനും ശീതളനും ആയ ഒരു പ്രഭാതമാരുതൻ സ്വച്ഛന്ദം അന്തരീക്ഷത്തിൽ പ്രസരിച്ചുകൊണ്ടിരുന്നു. ഉഭയപാൎശ്വങ്ങളും, പഴുക്കാറായിക്കിടക്കുന്ന സമൃദ്ധമായ നെൽവിളവിനാൽ ചേതോഹരമായി ഭവിച്ചിരിക്കുന്ന കുട്ടനാടൻ പുഞ്ചനിലങ്ങളോടുകൂടിയ സാമാന്യം വിസ്താരമേറിയ തോട്ടിൽകൂടി വഞ്ചി ഒരന്നപ്പേടപോലെ ത്വരയോടെ പുരോഗമനം ചെയ്യവേ, ആകസ്ഥാനത്തെ പടിപ്പുരമാളികയും, കുളപ്പുരകളും, എട്ടുകെട്ടും ഇടക്കെട്ടും, മററും മതിൽക്കെട്ടുകളും വഞ്ചിയിലിരുന്ന പഥികന്മാൎക്കു

നല്ലതിന്മണ്ണം ദൃഷ്ടിഗോചരമായി. വള്ളം, കടവിനോട്ട് ഏകദേശം അടുക്കാറായപ്പോൾ, ആ യാത്രക്കാർ കൂടാരത്തിനുള്ളിൽനിന്നു പുറത്തു് ഇറങ്ങി, വഞ്ചിയുടെ തട്ടപ്പടികളിൽ ആസനസ്ഥരായി. അവർ രണ്ടുപേരും കാഷായവസ്ത്രങ്ങളാണു ധരിച്ചിരിക്കുന്നതു്. രണ്ടുപേരും കേശവും മീശയും വളത്തിയിട്ടുമുണ്ടു്. അരയിൽ കാഷായവസ്ത്രവും അതിന്മീതെ അതേ വണ്ണമുള്ള മേൽമുണ്ടും, ശിരസ്സിന്റെ അർദ്ധാംശത്തെ ആവരണംചെയ്യുന്ന കാഷായത്തലക്കെട്ടും അവക്കു് ഉണ്ടായിരുന്നു. പ്രാംശുകായരും ബലിഷ്ഠരും ആയ അവരുടെ അവയവങ്ങളുടെ സൌഷ്ഠവവും ഓജസ്സും പ്രേക്ഷകജനങ്ങളുടെ ദൃഷ്ടികളെ അവരുടെ സവിധത്തിലേക്കു് ആകർഷിക്കത്തക്കവിധം ഉജ്ജ്വലമായിരുന്നു. ഒരാളുടെ സ്കന്ധത്തിൽ ബ്രഹ്മസൂത്രം കാണപ്പെടുന്നുണ്ടു്. അപരന്റെ കേശാദികളിൽ രജതതന്തുക്കൾകണക്കെ നരച്ച രോമങ്ങളും, മുഖത്തു ചുരുക്കം ചില ജരാരേഖകളും ഉള്ളതായിക്കാണാം. ഇക്കാരണവശാൽ പ്രസ്തുത പഥികരിൽ പ്രായക്കുറവുള്ളയാൾ ബ്രാഹ്മണനാണെന്നു് അനുമാനിക്കാം.

കടവിനെ സമീപിക്കുന്തോറും ആ യാത്രക്കാർ വിസ്മയഭരിതരായി അവരുടെ നേത്രങ്ങളെ നാനാഭാഗത്തേക്കും നയിക്കുവാൻ ആരംഭിച്ചു. അതിനിടയ്ക്കു് അർത്ഥഗർഭമായി അവർ പരസ്പരം ഒന്നു നോക്കി. അനന്തരം, പ്രായം കൂടിയ ആൾ വഞ്ചിക്കാരനോടു ചോദിച്ചു:—"ഇന്നു് എന്താണെടാ ഇവിടെ! ഇത്ര വളരെ വള്ളങ്ങൾ! ഉത്സവമോ മറേറാ ഉണ്ടോ?"

വള്ളക്കാരൻ:—ഇന്നല്ല്യോ എന്റെ തമ്പ്രാനേ! ആകത്താനത്തെ ചാത്തം! ആകത്താനത്തു തമ്പ്രാക്കന്മാരു ചില്ലറ തമ്പ്രാക്കന്മാരോ! പതിനെട്ടു ദേശവഴിക്കാക്കും, ബ്രാഹ്മണതമ്പ്രാക്കന്മാരുതൊട്ടു് ഏരപ്പൻ പരപ്പൻവരെ

ഉൗട്ടും എടുത്തുപൊറവും ഒണ്ടു് തമ്പ്രാനേ! അടിയന്നും ഇതൊരു തരമെന്നുചൊല്ലിവിടകൊണ്ടതാണേതമ്പ്രാനേ!

ബ്രാഹ്മണൻ:—ഓഹോ! ശരി! ശരി! ആകസ്ഥാനത്തു കൈമ്മളുടെ ചാത്തം! കേട്ടിട്ടുണ്ടു്! കേട്ടിട്ടുണ്ടു്! നീ മിടു മിടുക്കൻ തന്നെടാ. അങ്കവും കാണാം താളിയും ഒടിക്കാം. ഇതെന്തൊരു ചാത്തമെന്നു് ആശാൻ പരുങ്ങുകയായിരിക്കും.

ആശാൻ:—കണക്കില്ലാത്ത പുരുഷാരം! ഒരു ചാത്തത്തിന്നു് ഇത്ര വളരെ ആളുകളോ? ഒരു വലിയ പടക്കൂട്ടാനും ഇത്രയും ജനം വേണ്ട വേണ്ട. ഈ പിരളി എല്ലാം കണ്ടു, ഞാൻ അന്യഥാ ശങ്കിച്ചുപോയി.

ബ്രാഹ്മ:—ഹേയ്! അത്രത്തോളം ഒന്നും ആയിട്ടില്ല ഒരു പക്ഷേ ആ ആലോചനയും നടന്നേയ്ക്കാം. ചാത്തത്തിൻെറ മേളം അവിടെ ചെന്നുതന്നെ കാണണം. കുറേക്കാലം ഇതിന്നു് അടുത്തൊക്കെ ആയിരുന്നെങ്കിലും, ചാത്തത്തിൻെറ ഗഢുക്കളിൽ വന്നുകൂടുവാൻ ഇടയായിട്ടില്ല.

ആശാൻ:—കൈമ്മൾ വലിയ പ്രതാപി!

ബ്രാഹ്മണൻ:—അതിനെന്തു സന്ദേഹം! പതിനെട്ടു ദേശവഴികളും ഉറച്ചു കുടിയാന്മാരും ഉള്ള വലിയൊരു മാടമ്പിതന്നെ. ആണ്ടിനാൽ പതിനെണ്ണായിരപ്പറനെല്ലും പതിനെണ്ണായിരം കലി പണവും തെക്കുംകൂർ കോയ്മക്കു രാജഭോഗം തീർക്കുന്ന മാടമ്പി!

ആശാൻ വിസ്മയഭരിതനായി പറഞ്ഞു:—"ഏതായാലും ഇന്നേ ദിവസം ഇവിടെ വന്നുചേരാൻ ഇടയായതു ഭാഗ്യംതന്നെ."

ഈ സംഭാഷണം പൂർത്തിയാകുവാൻ ഇടകിട്ടുന്നതിനു മുൻപു വള്ളം കടവിൽ അടുത്തു. കാഷായികളും, പ്രഥമവീക്ഷണത്തിൽ തന്നെ ബഹുമാന്യരാണെന്നു ധാരണ ഉളവാക്കത്തക്ക സംസ്കാരസ്ഫുരതയോടുകൂടിയവരുമായ ബ്രാഹ്മ

ണനേയും ആശാനേയും കൈമ്മളുടെ ആൾക്കാർ, സാദരം സ്വീകരിച്ചു ഗൃഹനായകന്റെ സ്ഥാനമായ പടിപ്പുര മാളികയിലേക്കു് ആനയിച്ചു.

കുടിയാന്മാൎക്കും സിൽബന്ധികൾക്കും ഓരോ പ്രകാരത്തിലുള്ള ആജ്ഞകളും നിയോഗങ്ങളും നൽകിക്കൊണ്ടു്, പ്രതാപശാലിയായ മൂത്ത കൈമ്മൾ മാളികയുടെ താഴത്തെ മുഖപ്പിൽ ഉലാത്തുകയായിരുന്നു. ആകസ്ഥാനത്തുകൈമ്മളുടെ ആജ്ഞാവൎത്തികളായ ദേശകാൎയ്യക്കാരന്മാരും, പടത്തലവന്മാരും, കരനാഥന്മാരും അവസ്ഥാനസൃതം ഉത്തരീയങ്ങൾ സശ്രദ്ധം മുണ്ടിനു മീതെ ധരിച്ചും, ചുററിക്കെട്ടിയും, പഞ്ചപുച്ഛമടക്കി കൈകെട്ടി വായ്പൊത്തി രാജസന്നിധിയിലെന്നപോലെ നിൽക്കുന്ന കാഴ്ചകണ്ടു് ആശാനും ബ്രാഹ്മണനും അത്ഭുതപരവശരായി. കാഷായികളും തേജസ്വികളുമായ ആഗതരെ കണ്ട മാത്രയിൽ ഗൃഹനായകൻ പാൎശ്വവൎത്തികളിൽ ഒരാളിന്റെ മുഖത്തേയ്ക്കു് ഒന്നു നോക്കുകമാത്രം ചെയ്തതും അടുത്ത നിമേഷത്തിൽ രണ്ടു പുലിത്തോലുകൾ, അയാൾ ചുവരിൽനിന്നു് എടുത്തു തറയിൽ വിരിച്ചു് ഒരുക്കിയതും ഒന്നായിക്കഴിഞ്ഞു.

“ഇവിടെ ഇരിക്കാമല്ലോ” എന്നിങ്ങനെ രണ്ടു കൈകളും താഴ്ത്തി ശിരസ്സിനെ അല്പം നമ്രമാക്കിക്കൊണ്ടു്, പുലിത്തോൽ ചൂണ്ടിക്കാണിച്ചു കൈമ്മൾ അതിഥികളെ ഉപചരിച്ചു. ഉടൻതന്നെ മന്ദസ്മേരവദനരായി അവർ പുലിത്തോലിൽ ആസനസ്ഥരായി.

“യാത്രാക്ലേശം ഒന്നും ഉണ്ടായില്ലല്ലോ” എന്നായിരുന്നു അടുത്ത കുശലോക്തി. യാതൊരു പൂൎവ്വപരിചയവുമില്ലാത്ത തങ്ങളോടു് ഇത്രമാത്രം ഔപചാരികമായി പെരുമാറുന്ന കൈമ്മളുടെ നാഗരീകതയോൎത്തു് ആശാനും ബ്രാഹ്മണനും വിസ്മയംപൂണ്ടു.

"യാത്ര വളരെ സുഖമായി. ഇന്നലെ രാത്രി അമ്പലപ്പുഴനിന്നു പുറപ്പെട്ടതാണു്. ഉദ്ദേശിച്ചതുപോലെ നേരത്തേതന്നെ ഇവിടെ വന്നെത്തി" എന്നു ബ്രാഹ്മണൻ പീഠികയായി പ്രസ്താവിച്ചു.

കൈമ്മൾ:—ഇന്നു് ഇവിടെ ഒരു ചെറിയ അടിയന്തിരം. അതുകൊണ്ടു തിരക്കു് ഒന്നും ഇല്ലതാനും. വന്നുചേർന്നതു വളരെ സന്തോഷമായി.

ഇതിനിടയ്ക്കു രണ്ടു ചെമ്പുക്കുടങ്ങളിൽ പാദപ്രക്ഷാളനത്തിനും, രണ്ടു വെള്ളിക്കിണ്ടികളിൽ മുഖക്ഷാളനത്തിനും ഉള്ള ജലവുമായി നാലു ഭൃത്യന്മാർ വന്നെത്തി; അലക്കമടക്കു നിവക്കാത്ത ശുഭ്രവർണ്ണങ്ങളായ രണ്ടു തോർത്തുമുണ്ടുകൾ മറെറാരു പരിചാരകൻ ഹാജരാക്കി. ആതിഥേയിയുടെ ഇംഗിതം മനസ്സിലാക്കിയ നമ്മുടെ അതിഥികൾ സന്തുഷ്ടഭാവത്തോടെ ശരീരശുദ്ധി വരുത്തി വീണ്ടും പുലിത്തോലിൽ ഉപവിഷ്ടരായി. അപ്പോൾ മെച്ചമേറിയ രാമച്ചവിശറിയുമായി രണ്ടു പരിചാരകന്മാർ വന്നു് അവരെ മെല്ലെ വീശുവാൻ ആരംഭിച്ചു.

ബ്രാഹ്മണൻ:—ഞങ്ങൾ ചതുർത്ഥാശ്രമം സ്വീകരിച്ചു ദേശാടനം ചെയ്യുകയാണു്. ഇപ്പോൾ കുറേക്കാലമായി കേരളത്തിലെ പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ചുവരുന്നു. ഇവിടെയും വന്നുചേർന്നു.

കൈമ്മൾ:—പുണ്യശ്ലോകന്മാരുടെ ദർശനത്തിനു ഭാഗ്യം സിദ്ധിക്കുക എളുപ്പമല്ല. ഇന്നു് അതു സാധിച്ചു. ഈ കുടുംബത്തിനു് ഇത്രത്തോളം ഐശ്വര്യവും നിലയും വരുത്തിത്തന്ന ഒരു വലിയമ്മാവൻ ഉണ്ടായിരുന്നു. അവിടത്തെ ആണ്ടുശ്രാദ്ധം ഇന്നാണു്.

ആശാൻ:—ആകസ്ഥാനത്തെ ചാത്ത"മെന്നു ലോകപ്രസിദ്ധമാണു്. ഞങ്ങൾ ലൌകികകാര്യങ്ങളുമായി ബന്ധപ്പെടാതെ ഒഴിഞ്ഞുമാറി നിൽക്കുവാൻ, വൈരാഗ്യ

ത്തോടെ നിത്യം യതിച്ചുവരുന്നവരാണെങ്കിലും, ഇന്നു് ഈ ചാത്തത്തിന്റെ ചടങ്ങുകൾ കാണുവാൻ ഞങ്ങൾക്കും യോഗം സിദ്ധിച്ചു.

കൈമ്മൾ:—സ്വാമിയാരന്മാരുടെ അനുഗ്രഹത്താൽ ഈയുള്ളവൻ വലിയവനായിരിക്കുന്നു. സാവകാശമായി സംസാരിക്കുവാൻ വിടതരണം. ഭക്ഷണംകഴിഞ്ഞു് അല്പം വിശ്രമിച്ചിട്ടു് ആവാം. സ്വയംപാകമോ ഏതുവിധമെന്നു് അറിയാതെ പരുങ്ങുന്നു.

ബ്രാഹ്മ:—ഉപ്പുചേർത്തതും വേവിച്ചതുമായ യാതൊന്നും ഞങ്ങൾ ഭക്ഷിക്കാറു പതിവില്ല. കരിക്കോ, പഴമോ, മലരോ എന്തെങ്കിലും ഇവിടത്തെ സൌകര്യംപോലെ ഏർപ്പാടുചെയ്താൽ മതി.

കൈമ്മൾ:—എങ്കിൽ കുളിയും നിത്യകർമ്മവും നടക്കട്ടെ. മഠത്തിൽ ഭിക്ഷയ്ക്കു് വേണ്ടതെല്ലാം ഒരുക്കിയിരിക്കും.

ബ്രാഹ്മണൻ:—അങ്ങനെതന്നെ. ചാത്തത്തിന്റെ ചടങ്ങുകൾ എപ്പോൾ ആരംഭിക്കും?

കൈമ്മൾ:—മഠത്തിൽ ഈശ്വരസേവയും ബ്രാഹ്മണഭോജനവും കഴിയുന്ന താമസം. അത്രേ ഉള്ളൂ.

“എങ്കിൽ ഞങ്ങൾ കുളിയും നിത്യകർമ്മങ്ങളും നടത്തിവരാം” എന്നുപറഞ്ഞു ബ്രാഹ്മണൻ എഴുന്നേററു. ആശാൻ സഹചാരിയെ അനുകരിച്ചു. ഉടൻതന്നെ കൈമ്മളുടെ നാലു പരിചാരകന്മാർ ആ അതിഥികൾക്കു് അകമ്പടിയായി കുളപ്പുരയിലേക്കു അവരെ നയിച്ചു.

അനന്തരം കൈമ്മൾ പാർശ്വസ്ഥരോടു് ഇങ്ങനെ പറഞ്ഞു:—“പ്രായവ്യത്യാസം ഉണ്ടെങ്കിലും ബ്രഹ്മചര്യത്തിന്റെ തേജസ്സു്, രണ്ടുപേരുടേയും മുഖത്തു നല്ലതിന്മണ്ണം കാണാനുണ്ടു്. എന്താ വാഴപ്പാടം അങ്ങനെയല്ലേ?”

വാഴപ്പാടത്തു പണിക്കർ:—അതിനു സംശയം എന്തുള്ളൂ. സാക്ഷാൽ ബ്രഹ്മചാരികൾതന്നെ.

ഇളമണ്ണൂർ കൈമ്മൾ:—ഇത്ര യോഗ്യത തികഞ്ഞ സന്യാസിമാരെ ഞാൻ മുമ്പൊരിക്കലും കണ്ടിട്ടേഇല്ല.

ആകസ്ഥാ-കൈമ്മൾ:—നമുക്കു പണ്ടു് ഉണ്ടായിട്ടില്ലാത്ത ഭക്തിയും ബഹുമാനവും, ഇവരോടുതോന്നുന്നുണ്ടു്. ഉണ്ണിത്താനേ! ആകട്ടെ. കാൎയ്യങ്ങൾ മുറപോലെനടക്കട്ടെ. ഇപ്പോൾ ഇങ്ങനെ നിന്നാൽ ആവില്ല. വാഴപ്പാടവും എളമണ്ണൂരുംകൂടി മഠത്തിലേക്കു പോവിൻ! സ്വാമിയാന്മാരുടെ ഭിക്ഷയ്ക്കു് വേണ്ടതെല്ലാം ശട്ടമാക്കിച്ചു നടത്തുവിൻ!

ആകസ്ഥാനത്തു വീരവിക്രമക്കൈമ്മളുടെ ആജ്ഞ ശിരസാവഹിച്ചുകൊണ്ടു്, തെക്കുംകൂറിലെ സേനാപതികളായ വാഴപ്പാടത്തു വലിയരായിരൻ കുഞ്ചുപണിക്കരും എളമണ്ണൂർ ശ്രീകുമാരക്കൈമ്മളും മഠത്തിനെ ലക്ഷ്യമാക്കി ദ്രുതഗതിയിൽ നടകൊണ്ടു.

സ്നാനാദികൾ നിൎവ്വഹിച്ചു ബ്രാഹ്മണനും ആശാനും മഠത്തിൽ വന്നുചേൎന്നപ്പോൾ, വാഴപ്പാടത്തു കൈമ്മളുടെയും എളമണ്ണൂർ ഉണ്ണിത്താൻെറയും മേൽനോട്ടത്തിൽ ഭിക്ഷയ്ക്കുള്ള ഒരുക്കങ്ങൾ പൂൎത്തിയാക്കപ്പെട്ടിരുന്നു. വിശേഷപ്പെട്ട കരിക്കുകൾ, നേന്ത്രപ്പഴം, ചിങ്ങൻപഴം, കദളിപ്പഴം ആദിയായ വാഴപ്പഴങ്ങൾ, പലതരത്തിലുള്ള മാമ്പഴങ്ങൾ, വാകത്താനംവരിക്കച്ചക്ക, മലർ, ശൎക്കര മുതലായ സാധനങ്ങൾ ഒരു പ്രത്യേക മുറിയിൽ തയ്യാറാക്കിവച്ചുകൊണ്ടു് ഒരു ബ്രാഹ്മണൻ കാത്തുനിന്നിരുന്നു. അതിഥികൾ സന്തുഷ്ടിയോടെ പ്രാകൃതമായ പ്രസ്തുതാഹാരങ്ങൾ ഭുജിച്ചു സംതൃപ്തരായി.

അനന്തരം സേനാപതികൾ അതിഥികളെ മഠത്തിലെ മാളികമുകളിലേക്കാനയിച്ചു. ആ മാളികയുടെ വിശാ

ലമായ രണ്ടാംനിലയിലിരുന്നാൽ ആകസ്ഥാനത്തു നടക്കുന്ന സദ്യയുടെ തിരക്കും ബഹളവും സമസ്തവും കാണാമായിരുന്നു. ബ്രാഹ്മണനും അനുചരനും സേനാപതികളോട് "ചാത്തം"സംബന്ധിച്ചുള്ള ഓരോ ചടങ്ങിനേയും കുറിച്ചു ജിജ്ഞാസയോടെ ചോദ്യം ചെയ്തു. അവരുടെ സംഭാഷണഗതി ഇപ്രകാരമായിരുന്നു.

ആശാൻ:—അപ്പോഠം—ഉണ്ണിത്താനേ! ഇത്ര വലിയ ഈ ഊട്ടിനും മററും എന്തു ചെലവുവരും?

വാഴപ്പാട:—ആയിരത്തിഎണ്ണൂററിഒന്നു പറ നെല്ലും അത്രയും കലിപ്പണവും ഈ ചാത്തത്തിനു ചെലവാണു്.

ആശാൻ:—ചാത്തം ഉണ്ണുന്നവർ ആരു്? എത്ര ചാത്തക്കാർ കാണും?

എളമണ്ണൂർ—മാളിയക്കൽ കുറുപ്പു വലിയയജമാനൻ ഒരു ചാത്തക്കാരനേ ഉള്ളൂ. എങ്കിലും മാളിയക്കലേ കൊച്ചു യജമാനന്മാരും കുഞ്ഞമ്മമാരും ഈ അടിയന്തിരത്തിനു വന്നുചേരുക പതിവാണു്.

വാഴ:—ആകസ്ഥാനത്തേക്കു ചാത്തത്തിനു മാത്രമേ മാളിയയ്ക്കൽകുഞ്ഞമ്മമാർ മാളിയയ്ക്കൽ കൊട്ടാരം വിട്ടു പുറമേ പോകാറുള്ളൂ.

ബ്രാഹ്മ:—ക്ഷണനത്തിലും ദക്ഷിണയിലും വിശേഷാൽ ചടങ്ങുകൾ ഉണ്ടായിരിക്കുമല്ലൊ.

വാഴപ്പാ:—ആകസ്ഥാനത്തേ ഇളമുറ അദ്ദേഹമാണു് ചാത്തത്തിനു ക്ഷണിക്കുവാൻ മാളികയ്ക്കൽ പോകുന്നതു്. കുഞ്ഞമ്മമാരെ ക്ഷണിക്കുവാൻ ഇവിടത്തെ ഒരു കുഞ്ഞമ്മയുംപോകും. ഇവിടത്തേ കുഞ്ഞമ്മമാരും ആകസ്ഥാനം കൊട്ടാരംവിട്ടു പുറമേ പോകുന്നതു് ഈ ആവശ്യത്തിനു മാത്രം.

ആശാൻ:—ചാത്തക്കാരനു ദക്ഷിണ എന്താ കൊടുക്കുക?

വാഴപ്പാ:—ആയിരത്തൊന്നു കല്പണം ഒരു സ്വർണ്ണ താലത്തിൽവച്ച താംബൂലത്തോടുകൂടി വലിയകൈമ്മൾ യജമാനൻ കുറുപ്പ് യജമാനനു കൊടുത്തു നമസ്കരിക്കും.

എളമ:—പിന്നീടുള്ള ചടങ്ങാണിതിനേക്കാൾ വിചിത്രം. വലിയകൈമ്മൾ യജമാനൻ കിടന്നു് അന്തരിച്ച വലിയ മുറിയിൽ വച്ചാണു് ചാത്തം. ചാത്തസമയത്തു് ഒരു വീട്ടിലേക്കു വേണ്ട സകല വീട്ടുസാമാനങ്ങളും സാമഗ്രികളും ആ മുറിയിൽ ക്രമമായി നിരത്തി വച്ചിരിക്കും. ചാത്തക്കാരന്റെ ഊണും ദക്ഷിണയും കഴിഞ്ഞാലുടൻ ഈ വക സാമാനങ്ങൾ സമസ്തവും പെറുക്കി എടുപ്പിച്ച വലിയ വള്ളങ്ങളിൽകയററി മാളികയ്ക്കലേക്കു അയയ്ക്കും. ഉടൻതന്നെ മാളികയ്ക്കൽ നിന്നു വന്നിട്ടുള്ളവർ യാത്ര പറഞ്ഞു പുറപ്പെടും.

ബ്രാഹ്മ:—വളരെ വീട്ടുസാമാനങ്ങൾ വരുമോ?

വാഴപ്പാ:—വളരെ വളരെ വരും. കട്ടിൽ, ചെമ്പു്, വാൾപ്പു്, ഉരുളികൾ, കുട്ടകങ്ങൾ, കിടാരങ്ങൾ, കവഞ്ചി, തൂക്കുമഞ്ചം, പെട്ടികൾ, കിണ്ടികൾ, കിണ്ണങ്ങൾ, തട്ടങ്ങൾ, താമ്പാളം, കോളാമ്പി മുതലായ സമസ്ത സാമാനങ്ങളും ഓരോ ചാത്തവും കഴിയുമ്പോൾ മാളിയയ്ക്കലേക്കയയ്ക്കും.

ആശാൻ:—സാധാരണ കുടുംബങ്ങളിൽആണെങ്കിൽ ഇത്തരം ഒരു ചാത്തം കഴിയുമ്പോൾ കണക്കു തീരുമല്ലോ.

വാഴപ്പാ:—ആകസ്ഥാനത്തെ സമ്പത്തു് അനശ്വര സമ്പത്താണു്. പതിനെട്ടു ദേശവഴികൾക്കു ഉമസ്ഥതയും ഭരണവും മാടമ്പിതവും ഇവിടെയുണ്ടു്. രാജഭോഗം നീക്കിയാൽ ബാക്കി നെല്ലും പണവും മുഴുവൻ ആകസ്ഥാനംവക ഭണ്ഡാരത്തിൽ ആണ്ടുതോറും ചേരുകയാണു്.

ബ്രാഹ്മ:—എല്ലാ ദേശവഴികളിൽ നിന്നും കുടിയാന്മാർ ഇവിടെ വന്നിട്ടുണ്ടോ ഇന്നു്?

വാഴപ്പാ:—പതിനെട്ടു ദേശവഴികളിലും ഇന്നു് ഒരു ആൺതല കാണുകില്ല. എല്ലാം ഇവിടെവന്നു കാത്തുകിടപ്പുണ്ടു്.

ആശാൻ:—ഉദ്ദേശം എത്ര ജനം ഇന്നു് ഇവിടെ കൂടിയിരിക്കും?

വാഴപ്പാ:—നാലഞ്ചായിരത്തിൽ കുറവില്ല.

ബ്രാഹ്മ:—കണ്ടുകാഴ്ചകൾ എന്തുവരും?

എളമ:—ശക്കര, നേന്ത്രക്കായ്, തടിയൻ, മത്തൻ, ഇളവൻ, ചെറുകറിക്കോപ്പുകൾ ഇന്നത്തെ ചെലവിന്റേതു കഴിച്ചാൽ പിന്നെയും, ആളുകൾ തിരിച്ചുപോകുമ്പോൾ ഓരോരുത്തനും കുറേശ്ശെ വീതിച്ചു കൊടുത്തയക്കാനും കാണും.

ആശാൻ:—ഈ സ്ഥിതിക്കു് ആയിരപ്പറ നെല്ലും അത്രയും കലി പണവുംകൊണ്ടു് ഈ അടിയന്തിരത്തിനു് മതിയാകുമോ?

എളമ:—ഇന്നു് ഒരുനേരത്തെ സദ്യയുടേയും ദക്ഷിണയുടേയും ചെലവു മാത്രമാണതു്. ഏഴുദിവസം മുൻപു തന്നെ ഇവിടെ സദ്യവട്ടം തുടങ്ങും. ചാത്തം കഴിഞ്ഞാലും ദേശവഴിക്കാർ പിരിയുമ്പോഴേക്കു് ഒരാഴ്ചകൂടി കഴിയും.

ബ്രാഹ്മ:—ഇതു വലിയൊരു സത്രംതന്നെ. അന്നദാനമല്ലേ. എത്രകാലമായി ഇങ്ങനെ നടക്കുന്നു?

എളമ:—എന്നു തുടങ്ങിയതാണു് ഇതെന്നു് ആക്കും ഓർമ്മയില്ല. രേഖകൾ വല്ലതും ഇവിടെ കണ്ടേയ്ക്കും. ഞങ്ങളുടെയും ഞങ്ങളുടെ വല്യകാരണവന്മാരുടെയും ഓർമ്മയുള്ളകാലം മുതൽ ഈ വിധം ചാത്തം നടന്നുവരുന്നുണ്ടു്.

ബ്രാഹ്മ:—അന്നദാനംവിശേഷംതന്നെ. ക്ഷയിച്ചാലും നശിക്കയില്ല. അതു നിശ്ചയം.

ആശാൻ:—അതു തിട്ടംതന്നെ. ഞങ്ങൾക്കു വലിയ കൈമ്മളദ്ദേഹത്തെ കണ്ടു യാത്രചോദിക്കുവാനെപ്പോഴാ സമയം.

വാഴപ്പാ:—അതു് ഏതായാലും ഇന്നു വേണമെന്നില്ല. നാളെ പുലർകാലത്തു യാത്രയാകാം.

ബ്രാഹ്മണൻ മന്ദസ്മിതത്തോടെ പറഞ്ഞു:—"നിങ്ങൾ വലിയ കൈമ്മൾക്കുചേർന്ന അനുചരർതന്നെ. എന്തൊരു ലൌകികം! ആകട്ടെ ആകസ്ഥാനത്തേക്കാൾ വലിയ മാടമ്പി വേറെ ഉണ്ടോ?

വാഴപ്പാ:—വൈക്കത്തില്ലത്തിനു ദേശവഴികൾകൂട്ടം. എങ്കിലും അവിടത്തെ കുടിയാന്മാർ ഇത്ര ഉറച്ചവരല്ല.

ബ്രാഹ്മണനും ആശാനും പരസ്പരം ഒന്നു നോക്കി അനന്തരം ആശാൻ ഇങ്ങനെ പറഞ്ഞു:—"ഇത്ര വലിയ ശക്തന്മാരായ മാടമ്പിമാരോടുകൂടിയ തെക്കുംകൂർ രാജാവു മഹാ ശക്തൻതന്നെ."

വാഴപ്പാ:—അതിനെന്തുസംശയം? ഞങ്ങടെ തമ്പുരാന്റെ നിലനോക്കിയാൽ കായംകുളവുംമററും സാരമില്ല.

ബ്രാഹ്മ:—അതു് എന്തുകൊണ്ടു്?

വാഴപ്പാ:—മാടമ്പിമാർ പലരും ആ രാജ്യത്തുമുണ്ടു്. എന്നാലും ഇത്രയും പ്രതാപികളവിടെ ഇല്ല. ഇപ്പോൾ വേണാടിനെ അമർത്താൻ, അവിടെ ഒരു വലിയ പടകൂട്ടുവാൻ ആലോചനയുണ്ടു്. സഹായത്തിനു ഞങ്ങടെ തമ്പുരാനോടും അപേക്ഷിച്ചിരിക്കുന്നു.

ആശാൻ:—വേണാട്ടരചന്റെ ശക്തി ദിനംപ്രതി കൂടിവരികയാണു്. കൊല്ലംവരെ എത്തിക്കഴിഞ്ഞു.

എളമ:—ഇനി കായംകുളത്തേക്കും കടക്കുമത്രേ.

ബ്രാഹ്മ:—അതു സൂക്ഷിക്കേണ്ട കാര്യംതന്നെ.

വാഴപ്പാ:—അതുകൊണ്ടു തന്നെ ഇവിടെയും ഒരു വെപ്രാളം.

ആശാൻ:—ആകസ്ഥാനത്തുകൈമ്മളേപ്പോലുള്ള മാടമ്പിമാർ ഉള്ളപ്പോൾ വേവലാതിക്കു വകയെന്തു്?

എളമ:—അങ്ങനെ ഒക്കെ ആണെങ്കിലും സൂക്ഷിച്ചിരുന്നില്ലെങ്കിൽ തെല്ലു കുഴപ്പം വന്നേക്കാം.

ആശാൻ:—അതു് എന്തുകൊണ്ടു്?

വാഴപ്പാ:—വേണാട്ടുമായുള്ള കായംകുളത്തിന്റെ അങ്കംവെട്ടിൽ തെക്കുംകൂർ ഇടപെടേണ്ടായെന്നു് ഇളയ തിരുമേനിയുടെ പക്ഷം. കായംകുളത്തേക്കു ഒത്താശ ചെയ്യണമെന്നു വലിയതമ്പുരാനും.

ബ്രാഹ്മ:—അങ്ങനെയോ? മാടമ്പിമാരുടെ നില എങ്ങനെ?

വാഴപ്പാ:—വലിയതമ്പുരാന്റെ കല്പനപ്പടി അവർ നിൽക്കും. ആകസ്ഥാനത്തേക്കും മററും നില തിട്ടംതന്നെ.

ആശാൻ:—അപ്പോൾ എളയതമ്പുരാന്റെ പക്ഷത്തിലും മാടമ്പിമാരുണ്ടോ?

എളമ.—അവിടത്തെ പററി നില്ക്കുന്നവരും കാണും. വേറൊരു സംഗതികൂടെ ഉണ്ടു്. എളയതിരുമേനിയും മാർത്താണ്ഡവർമ്മതമ്പുരാനും വലിയ മിത്രങ്ങളുമാണു്.

ബ്രാഹ്മ.—അങ്ങനെയുമോ?

വാഴപ്പാ:—ഇതു പുറമേ പറഞ്ഞുകൂടാത്ത ഒരു രഹസ്യം. വലിയതമ്പുരാനും ഈ സംഗതി മനസ്സിലായിട്ടുണ്ടു്

ആശാൻ:—അങ്ങനെയാണെങ്കിൽ തെക്കുംകൂറിനു വേണാട്ടിൽനിന്നും ഭീതി ഉണ്ടാകുമെന്നു വിചാരിക്കാൻ ന്യായം ഇല്ലല്ലോ.

വാഴപ്പാ:—തെക്കുംകൂറിലെ ഒരു വലിയ തമ്പുരാൻ പണ്ടൊരിക്കൽ കായംകുളവുമായി കൃഷ്ണപുരം കൊട്ടാരത്തിൽവച്ചു് ഒരു ഉടമ്പടി ചെയ്തിട്ടുണ്ടത്രേ. അതനുസരിച്ചു കായംകുളത്തെ സഹായിക്കുവാൻ ഇവിടെ കടമയുണ്ടു്.

എളമ:—അതുകൊണ്ടു വലിയതമ്പുരാൻ കായംകുളത്തേക്കു കുറേ ആൾക്കാരെ അയക്കുകതന്നെ ചെയ്യും.

ആശാൻ:—അപ്പോൾ എല്ലാം തീർച്ചയാക്കിയെന്നു പറയും.

വാഴപ്പാ:—അങ്ങനെ തന്നെ. അയ്യായിരം പേരെ ചേർത്തു പടക്കൂട്ടി അയക്കാൻ കല്പനയായിട്ടുണ്ട്. രണ്ടായിരം പേരെ വലിയ കൈമ്മൾയജമാനൻ തന്നെ ഇന്നു ചട്ടമാക്കി വിടും.

ബ്രാഹ്മ:—അപ്പോൾ—ചാത്തം കഴിഞ്ഞു് പടക്കൂട്ടം.

എളമ:—ഇന്നു് അതിനു സൌകര്യംഉണ്ടല്ലൊ.

ബ്രാഹ്മ:—അതു ശരിയാണു്. നമുക്കു് എന്താ ഇതൊക്കെയന്വേഷിച്ചിട്ടു കാര്യം. ഈ വകയെല്ലാം രാജ്യകാര്യങ്ങൾ.

വാഴപ്പാ:—പ്രകൃതം വന്നതുകൊണ്ടു് ഇത്രയുമൊക്കെ അറിയിച്ചുവെന്നേ ഉള്ളു.

ആശാൻ:—അതിനു തരക്കേടു്ഒന്നുമില്ല. ഞങ്ങൾ—വൈരാഗികൾക്കു് ഈ വക കാര്യങ്ങളിൽ ഒന്നും ശ്രദ്ധയില്ല. ആരുതമ്മിൽ പൊരുതാലെന്തു്? ആരു ജയിച്ചാലെന്തു്? ആരു ഭരിച്ചാലെന്തു്? കർമ്മബന്ധം പൂർത്തിയാക്കി ജീവൻമുക്തി വരുത്തണം. അത്രേ ഉള്ളു

ബ്രാഹ്മ:—ഇക്കാണായതു് ഒന്നും ശാശ്വതമല്ല, വാഴപ്പാടം! എന്റേതു്, തന്റേതു്, ഞാൻ വലിയവൻ, അവൻ എളിയവൻ, എന്നെല്ലാം തോന്നുന്നതു് അഹംബുദ്ധികൊണ്ടാണേ! അഹംബുദ്ധിവിടാൻ എല്ലാം തുല്യം. എളമന്നൂർ! ശ്രദ്ധിച്ചു കേൾക്കുന്നുണ്ടോ?

എളമ:—ഉണ്ടു് സ്വാമീ.

ബ്രാഹ്മ:—നാൾചെല്ലുന്തോറും ലോകത്തിൽ അധർമ്മങ്ങൾ വർദ്ധിക്കുകയും ധർമ്മം തീരെ നശിക്കുകയും ചെയ്യും. അപ്പോൾ ദുഷ്ടന്മാർ ശക്തരായും സാധുക്കൾ ശരണമില്ലാത്തവരായും വരും. അങ്ങനെ ഉള്ള ഘട്ടത്തിലാണു് ഭഗവാന്റെ അവതാരങ്ങൾ ഉണ്ടാകുക.

"പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധമ്മ സംസ്ഥാപനാത്ഥായ
സംഭവാമി യുഗേ യുഗേ"

എന്നാണു ഭഗവാൻ അജ്ജുനനോടു കല്പിച്ചിരിക്കുന്നതു്. പരിശുദ്ധമായ ഈ പരശുരാമക്ഷേത്രത്തിൽ ഇപ്പോൾ ദീഘകാലമായി അധമ്മങ്ങൾ വ്യാപിച്ചും സാധുക്കൾക്കു രക്ഷയില്ലാതെ ദുഷ്ടന്മാക്കു പ്രാബല്യങ്ങൾ കൂടിയും വന്നിരിക്കുന്നു. ഈ സ്ഥിതിക്കു ഒരു പരിഹാരം അത്യാവശ്യമാണു്. ഈ നിലക്കു് അന്തരം വരുത്തുവാൻ ഭഗവാൻ ഒരു ക്ഷത്രിയകുലത്തിൽ അവതാരം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അവിടുന്നു് അധികകാലം താമസിയാതെ ഈ പുണ്യക്ഷേത്രത്തെ വീണ്ടും ധമ്മത്തിലേയ്ക്കു നയിക്കും. ഒരു വലുതായ ധമ്മയുദ്ധം ഉണ്ടാകും. ആ യുദ്ധത്തിൽ ദുഷ്ടന്മാർ ചത്തൊടുങ്ങും. അതുനിമിത്തം സാധുക്കൾക്കു ക്ഷേമവും സമാധാനവും ഉണ്ടാകും ഈ യുദ്ധത്തിൽ ഭഗവാന്റെ കൊടിക്കീഴിൽനിന്നു് അവിടത്തെ ആജ്ഞാകാരിയായി ധമ്മയുദ്ധംചെയ്വാൻ ഭാഗ്യംസിദ്ധിക്കുന്നവരത്രെ ദേവഷികളായ സനകസനൽകുമാരാദികളെക്കാൾ ധന്യർ.

ഈ പ്രഭാഷണം ശ്രവിച്ചു്, ഭയഭക്തി ബഹുമാനങ്ങളോടുകൂടി വാഴപ്പാടവും എളമണ്ണൂരും സ്വാമിയാരെ വണങ്ങി.

അപ്പോൾ ആശാൻ ഇങ്ങനെപറഞ്ഞു:—"ഇതു് ഒരു ദിവ്യരഹസ്യം. നിങ്ങൾ രണ്ടാളോടും പ്രത്യേകവാത്സല്യം ഉദിച്ചിരിക്കുന്നതുകൊണ്ടു് ഈ രഹസ്യം, സ്വാമി തിരുവടികൾ നിങ്ങളെ ധരിപ്പിച്ചതാണു്. നിങ്ങൾ വീരശൂരന്മാരായ പടയാളികളാണല്ലോ. ഈ അറിവിനെ വേണ്ടവിധം ഉപയോഗിക്കുവാൻ നിങ്ങൾക്കവസരംലഭിക്കും. ഇതു നിങ്ങൾക്കു് അഭ്യുദയത്തിനു കാരണമായിത്തീരുകയും ചെയ്യും.

സേനാപതികൾ രണ്ടുപേരും അത്ഭുതപൂർവ്വമായ പ്രസ്തുത ദിവ്യരഹസ്യവൃത്താന്തം സ്വാമിയാരുടെ മുഖത്തു നിന്നു കേൾക്കുകയാൽ അതിൽ പരിപൂർണ്ണമായിവിശ്വസിച്ച് ഇതികർത്തവ്യതാമൂഢരായി നിലകൊണ്ടു. അപ്പോൾ ബ്രാഹ്മണൻ വീണ്ടും പറഞ്ഞു:—"ഈ അവതാരരഹസ്യം നിങ്ങളുടെ രണ്ടാളുടേയുമറിവിനായി നാം മനസ്സിലാക്കിത്തന്നുവെന്നേ ഉള്ളൂ. ഈ വസ്തുത എത്രയും ഗോപ്യമായി വച്ചുകൊള്ളണം."

വാഴപ്പാ:—സ്വാമീ! ഇതിനു വരവണ്ണം വ്യത്യാസം വരുത്തുകില്ല. സത്യം.

എളമ:—അടിയനും സത്യം ചെയ്യുന്നു.

ബ്രാഹ്മ:—നിങ്ങളെ നാം ഉത്തമശിഷ്യരായി വരണം ചെയ്തിരിക്കുന്നു. നാം ഇന്നു രാത്രിയിൽ തന്നെ ഈ സ്ഥലത്തുനിന്നു പുറപ്പെടണമെന്നു വിചാരിക്കുന്നു—വഞ്ചിയിൽ ചങ്ങനാശ്ശേരിക്കു അയക്കുവാൻ ഏർപ്പാടുചെയ്യുക.

എളമ:—വലിയ യജമാനൻ വന്നുകൊള്ളട്ടെ. വെളുപ്പിനു് ഇവിടെ നിന്നു വള്ളം വിട്ടാൽ നേരം പരാ എന്നു വെളുക്കുമ്പോൾ വില്ല്യാർവട്ടത്തു കടവിൽ അടുക്കും.

വാഴപ്പാ:—വെളുപ്പിനു് എഴുന്നള്ളുന്നതാണു് സൌകര്യം

ആശാൻ;—എങ്കിൽ ഇവരുടെ അനുഗ്രഹംപോലെ ആകട്ടെ

ബ്രാഹ്മ:—അങ്ങനെ തന്നെ. വിവരം വലിയ കൈമ്മളെ ധരിപ്പിക്കൂ. ജോലികൾ ഒതുക്കി നമ്മെ വന്നുകാണുവാൻ ഇപ്പോഴേ ഉത്സാഹിച്ചെങ്കിലേ നടക്കൂ. അത്ര തിരക്കുണ്ടു് ഇന്നിവിടെ.

വാഴപ്പാ:—അതു ശരിതന്നെ സ്വാമീ.

എന്നിങ്ങനെ പറഞ്ഞു വാഴപ്പാടത്തു പണിക്കർ എളമണ്ണൂർ കൈമ്മളോടുകൂടി യതികളുടെ മുമ്പിൽനിന്നു ആഗസ്ഥാനത്തേക്കു പുറപ്പെട്ടു.

നേരം തിരിഞ്ഞു് അഞ്ചടിയായപ്പോഴേക്കു് ചാത്തം കഴിഞ്ഞു് മാളികയ്ക്കൽ വലിയ യജമാനനും പരിവാരങ്ങളും യാത്രയായി. ആകസ്ഥാനത്തു കൊട്ടാരത്തിന്റെ ചുററും കെട്ടിയൊരുക്കപ്പെട്ടിരുന്ന പത്തു വലിയ നെട്ടമ്പുരകളിൽവച്ചു പതിനെട്ടു ദേശവഴിക്കാൎക്കും മററുമുള്ള ചതുൎവ്വിധ വിഭവങ്ങളോടു കൂടിയ സദ്യയുടെ ചടങ്ങുകൾ ഒന്നു നിലച്ചു. ആകസ്ഥാനത്തെ പടിഞ്ഞാറുവശത്തുള്ള വിശാലമായ കളത്തിൽ വച്ചു അവൎണ്ണജാതികൾക്കും കെങ്കേമമായ ഭോജനം നൽകുന്നതിനു്, ഭാരവാഹികളായ ഈരയിൽ കരക്കാർ ആരംഭിച്ചുകഴിഞ്ഞു. ഈ ഘട്ടത്തിൽ, ഗൃഹനായകന്റെ നിലയിൽ ഭിന്നരൂപത്തിലുള്ള കൃത്യാന്തരങ്ങളുടെ മേലന്വേഷണം നടത്തുവാനായി വീരവിക്രമ കൈമ്മൾ നെട്ടമ്പുരകളും അടുക്കളപ്പുരകളുംതോറും ചുററി നടന്നു നോക്കി സംതൃപ്തനായ ശേഷം പടിപ്പുരമാളികയുടെ താഴത്തെ തളത്തിൽ എത്തി ഒരു പുൽപ്പായിൽ ഇരുന്നു വിശ്രമിക്കുകയായിരുന്നു. ആ സന്ദൎഭത്തിൽ ദേശവഴികളിലെ കരനാഥന്മാരായ സ്ഥാനമാനികൾ ഓരോരുത്തരായി, അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരായി ഭക്തിബഹുമാനപുരസ്സരം നിലകൊണ്ടു. അപ്പോൾ കൈമ്മൾ ഇങ്ങനെ പറഞ്ഞു:—“കായംകുളത്തെ പടയ്ക്കു ചേരേണ്ടവർ രണ്ടായിരം, ദേശവഴിക്കു ഒരുന്നൂറു നായർ വീതം ആയിരത്തെണ്ണൂറും, നമ്മുടെ തനതാൾ ഇരുന്നൂറും ഉൾപ്പെടെ രണ്ടായിരം; എല്ലാം ചട്ടമായോ?

വാഴപ്പാ:—നായന്മാർ രണ്ടായിരവും പടക്കൂട്ടാൻ ഉടുത്തുകെട്ടും വാളും പരിചയുമായി വന്നിട്ടുണ്ടു്.

വീരവിക്രമൻ—വള്ളമൊന്നിനു പത്തുനായർ വീതം നാളെ പുലർകാലത്തു കായംകുളത്തേക്കു പുറപ്പെടട്ടെ

മഠത്തിൽ പണിക്കർ—പടത്തലവർ—

വീര:—ഒന്നാം പടത്തലവൻ ആയി ആൎക്കു നില്ക്കാം?

വാഴപ്പാ—ഉമ്മിണിയജമാനനങ്ങനെ ഒരു മോഹം.

വാഴപ്പാടത്തുപണിക്കർ 'ഉമ്മിണിയജമാനൻ' എന്നു സൂചിപ്പിച്ചതു ആകസ്ഥാനത്തേ ഒരു ഏളയ കൈമ്മളെ ഉദ്ദേശിച്ചായിരുന്നു. തൻെറ ഭാഗിനേയനും യുവാവുമായ ഉമ്മിണിക്കൈമ്മൾ, രണ്ടായിരം നായർപടയുടെ ഒന്നാം പടത്തലവനായി നിൽക്കുവാൻ സന്നദ്ധനാണെന്നു കേട്ട മാത്രയിൽ വീരവിക്രമക്കൈമ്മളുടെ നേത്രങ്ങളിൽ അഭിമാനത്തിൻെറയും ചാരിതാൎത്ഥ്യതയുടെയും കൊടികൾ സ്ഫുരണംചെയ്തു. പ്രാംശുകായനും ബലിഷ്ഠനും ദൃഢഗാത്രനുമായ അദ്ദേഹം നല്ലതിന്മണ്ണം നിവൎന്നിരുന്നു തലഉയൎത്തി വാഴപ്പാടത്തിൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കിയിട്ട് ഇങ്ങനെ പ്രശ്നം ചെയ്തു:—"നമ്മുടെ ഉമ്മിണിയോ? അവനങ്ങോപടകണ്ടിട്ടുള്ളൂ; മടക്കഴുത! പടയെന്നുവച്ചാൽ പടയാട്ടം എന്നായിരിക്കും അവൻെറ വിചാരം. പയിങ്ങോട്ടില്ലത്തു നാഢിനാർകോമരുരാമരു വലിയവീരവിക്രമരു കൈമ്മെളുടെ ആകസ്ഥാനംനയിനാരിടം കുടുംബത്തിനു വമതിവരുത്തുകില്ലെന്നു നല്ല ധൈൎയ്യമുള്ളപക്ഷം, അവൻ പടയുടെതലയ്ക്കൽ പൊയ്ക്കൊള്ളട്ടെ. അമളിപററിയാൽ തിരികെ ഇങ്ങോട്ടു വേണ്ട. ഇതും പറഞ്ഞേക്കു.

ചെറുവായിപ്പുരു കുറുപ്പ്:—കൊച്ചുയജമാനനു് അമളിയൊന്നും പിണയുകയില്ല.

വീരവിക്രമ:—കുടുംബത്തിൻെറ നേരു നൂറു നായൎക്ക് ഒരു ആൾവീതം ഇരുപത്തു രണ്ടാംപടത്തലവന്മാരെ അതതു ദേശവഴികളിൽനിന്നുതന്നെ നിശ്ചയിച്ചുകൊള്ളുവിൻ! വാഴപ്പാടവും എളമണ്ണൂരും ചെറുവായ്പ്പുരുംക്രൂടി ആലോചിപ്പിൻ!

വാഴപ്പാ:—എല്ലാം ചട്ടമാക്കിക്കൊള്ളാം. സന്ന്യാസിസ്വാമിമാൎക്കു പുറപ്പെടാൻ ധൃതിയായിരിക്കുന്നു. അവൎക്കു കണ്ടു സംസാരിക്കാനും ഇടകൊടുക്കണമെന്നും പറഞ്ഞയച്ചു.

വീരവിക്ര:—ഒ! അക്കഥ തീരെ വിട്ടുപോയി. അവക്ക ഭിക്ഷയെല്ലാം വേണ്ടവിധം കൊടുത്തില്ലേ?

എളമണ്ണൂർ:—വാഴപ്പാടവും ഞാനുംകൂടി അവരുടെ കാര്യമെല്ലാം ഭംഗിയായി വഹിച്ചു. അവക്ക വളരെ തൃപ്തിയായി.

വീരവി:—അവർ മഠത്തിലായിരിക്കും. നാം അങ്ങോട്ടു പോയേക്കാം. അതാണു ഭംഗി. സാത്വികന്മാരല്ലേ?

വാഴപ്പാ:—അങ്ങനെതന്നെ. അവക്ക് ഇന്നു രാത്രി ചങ്ങനാശേരിക്കു പോകണമെന്നാണ്.

വീരവി:—ചങ്ങനാശേരിക്കോ? പുറപ്പെട്ടുകൊള്ളട്ടെ. നമ്മുടെ കൂടാരഓടിയിൽ അക്കരെയ്ക്കു വിടാം.

ഈ സംഭാഷണം പൂർത്തിയാകുന്നതിനു മുൻപായി കായങ്കുളത്തേക്ക് അയയ്ക്കുവാനുള്ള സൈന്യത്തിന്റെ സജ്ജീകരണം സംബന്ധിച്ചു കൂട്ടതലായ പല നിർദ്ദേശങ്ങളും ആജ്ഞകളും വാഴപ്പാടം ആദിയായ പടത്തലവന്മാക്ക നൽകിയശേഷം വീരവിക്രമകൈമ്മൾ സന്ന്യാസിമാരുടെ സന്നിധിയിലേക്കു തിരിച്ചു.

---

## അദ്ധ്യായം ൨.

ചീനാംബരം.

“മാധവിയുടെ മുഖത്തിന് ഇന്നെന്താ, അല്പമൊരു വാട്ടംകാണുന്നതു്?” എന്നിങ്ങനെ, അപ്പൻതമ്പുരാൻ എന്ന അഭിസംജ്ഞയാൽ അറിയപ്പെടുന്ന തെക്കുംകൂർ ഇളയരാജാവു സപ്രണയിനിയോടു കുശലംചെയ്തു. അദ്ദേഹം, മുത്താഴം അമൃതേത്തിനുശേഷം പതിവുള്ള പള്ളിക്കുറുപ്പിൽനിന്നും ഉണന്ന് എഴുന്നേററു്, പര്യങ്കത്തിൽതന്നെ

ഇരിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ താംബൂലാദി ചവർണ്ണസാധനങ്ങൾ ഒരു വെള്ളിത്തട്ടത്തിൽ എടുത്തുകൊണ്ടു മാധവിഅമ്മ ഭർത്തൃസവിധത്തിൽ വന്നുചേർന്നതാണു്. വെററിലത്തട്ടത്തെ, സാവധാനത്തിൽ, ശയ്യക്കു സമീപമുള്ള വട്ടമേശപ്പുറത്തു വച്ചിട്ടു മന്ദസ്മിതപൂർവ്വം ആ യുവതി പറഞ്ഞു:—"വിശേഷിച്ചു് ഒരു കാരണവുമില്ല. അവിടുന്നു് ഇന്നു പതിവിൽക്കൂടുതൽ സമയം പള്ളിക്കുറുപ്പുകൊണ്ടതു് എന്താണോ?"

അപ്പൻതമ്പുരാൻ:—എന്തുകൊണ്ടെന്നറിഞ്ഞുകൂടാ; നമുക്കു് ഇന്നു പതിവില്ലാത്ത ഒരു ക്ഷീണം തോന്നി; വളരെനേരം ഉറങ്ങിപ്പോയി.

മാധവി:—വല്യ നാലുകെട്ടിലെ ജ്യേഷ്ഠത്തി ഇവിടെ ഒരു തവണക്കാരിയെ അയച്ചു് എന്നെ വിളിപ്പിച്ചു.

അപ്പൻ:—എന്താ വിശേഷിച്ചു്?

മാധവി:—ഞാൻ പോയി; ഒന്നുരണ്ടു നാഴികവരെ അവിടെ ഇരുന്നു. ജ്യേഷ്ഠത്തിക്കു് അത്രവളരെ കാര്യങ്ങൾ പറയുവാൻ ഉണ്ടായിരുന്നു.

അപ്പൻതമ്പുരാൻ മന്ദസ്മേരവദനനായി ചോദിച്ചു:—"രാജ്യകാര്യമോ വീട്ടുകാര്യമോ?"

മാധവി:—അവിടത്തേയ്ക്കു് ഇതെല്ലാം വെറും നേരമ്പോക്കു്. കളിയൊക്കെ കാര്യമാകുന്ന ലക്ഷണമാണു്.

അപ്പൻ:—മാധവിക്കു് ഇത്ര വലിയ നാന്ദി പതിവില്ലല്ലോ. ഇന്നെന്താ ഇത്ര ജാള്യത?

മാധവി:—അറിഞ്ഞിടത്തോളം, വളരെ ഗൌരവമായി ആലോചിക്കേണ്ട കാര്യങ്ങളാണു്.

അപ്പൻ:—ജ്യേഷ്ഠൻതിരുമേനി എന്തു കല്പിച്ചു എന്നാണു്.

മാധവി:—ജ്യേഷ്ഠത്തിക്കും വലിയ സങ്കടം ഉണ്ടു്.

അപ്പൻ:—ഇത്ര വലിയ അപ്രീതി ഉണ്ടാവാൻ എന്തു ചെയ്തു? കായംകുളത്തേയ്ക്കു പടചേൎത്തയക്കുന്നതു് ഇക്കാലസ്ഥിതിക്കു് ഉചിതമല്ലെന്നുമാത്രം നാം അറിയിച്ചു. ഇന്നലെ ആകസ്ഥാനത്തുകൈമ്മൾ രണ്ടായിരം നായന്മാരെ പടക്കൂട്ടി അയച്ചുകഴിഞ്ഞല്ലോ. ജ്യേഷ്ഠൻെറ ഇഷ്ടംപോലെ നടക്കും. രാജകല്പനയ്ക്കുമേൽ കല്പനയുണ്ടോ?

മാധവി:—അവിടുന്നു് ഇക്കാൎയ്യത്തിൽ ഒന്നും കല്പിക്കേണ്ടായിരുന്നു. അവിടത്തെ പേരിൽ വലിയ തിരുമേനിക്കു വലിയ തെററിദ്ധാരണയുണ്ടു്.

അപ്പൻ:—അതു നമ്മുടെ വീഴ്ചയല്ലല്ലോ. ഈ ഘട്ടത്തിലും നാം പറയുന്നതു, ജ്യേഷ്ഠൻ തിരുമേനിക്കു് ഈ വിഷയത്തിൽ അമളി പററിയെന്നുതന്നെ. അവിടത്തെ ഈ സാഹസപ്രവൎത്തിയുടെ ഫലം എന്തായിരിക്കുമെന്നു കണ്ടുതന്നെ അറിയണം

മാധവി:—ജ്യേഷ്ഠത്തിയും ഞാനും ഏകോദരസഹോദരങ്ങളായിപ്പോയതുകൊണ്ടു് അവിടുന്നു തൽക്കാലം ക്ഷമിച്ചിരിക്കുന്നുവത്രേ.

അപ്പൻ:—ഇതു വലിയ കരുണതന്നെ. അവിടുന്നും നാമും ഏകോദരസഹോദരന്മാരല്ലായിരിക്കും! ജ്യേഷ്ഠനു് അവിടത്തെ രാജശക്തിയെക്കുറിച്ചു ഭീമമായ തെററിദ്ധാരണയാണു്. സ്വാൎത്ഥലോലുപന്മാരായ ചില മാടമ്പിമാരുടേയും സേവന്മാരുടേയും പ്രശംസാവചനങ്ങൾകേട്ടു് സാധുവായ അദ്ദേഹം മതിമറന്നുപോയിരിക്കുന്നു. എന്തു ചെയ്യാം! ഇളമുറരാജാവെന്ന നിലയിൽ നമുക്കു് ഉള്ള അഭിപ്രായം അവിടുന്നു് അഗണ്യമായി തള്ളിക്കളഞ്ഞിരിക്കുന്നു. തെക്കുംകൂർ രാജാവിനു് ഇന്നുള്ള ശക്തി എന്തുമാത്രമെന്നു നമുക്കു നല്ലതിന്മണ്ണം അറിയാം. പ്രശസ്തന്മാരായ നമ്മുടെ പൂൎവ്വീകന്മാരുടെ കാലത്തെ നിലയല്ല

ഇപ്പോൾ. ദേശവഴിതോറും മാടമ്പിമാർതന്നെ വാസ്തവത്തിൽ രാജാക്കന്മാർ. ഏതു സമയത്തും അവരുടെ കുടിയാന്മാരെവിളിച്ചു പടക്കൂട്ടുവാൻ അവർക്കു് കെല്പും പ്രാഭവവും ഏറും. രാജാവിന്നോ, സ്ഥിരസൈന്യം വളരെ ചെറുതു്. രാജാവിൻെറ നേരിട്ടുള്ള ഭരണത്തിലിരിക്കുന്ന കുടിയാന്മാരോ വളരെ തുച്ഛം. മാടമ്പിമാർ പിരിച്ചു് അയക്കുന്ന നെല്ലും പണവുംകൊണ്ടു് ഇടത്തിലെ രാജാംഗങ്ങൾ ഇങ്ങനെ പ്രൌഢിയിൽ കാലംകഴിക്കുന്നുവെന്നേ ഉള്ളൂ. ഒന്നു രണ്ടു മാടമ്പിമാർ തിരിഞ്ഞാൽ കാണാം പരുങ്ങൽ.

മാധവിക്കുഞ്ഞമ്മ ദീർഘനിശ്വാസത്തോടുകൂടി മുറുക്കാൻതട്ടം രാജകുമാരൻെറ സമീപത്തേക്കു നീക്കിവച്ചിട്ടു പറഞ്ഞു:—"ഇങ്ങനെ ഒക്കെ നിനച്ചാൽ ഇതിനെന്താ അറുതി?"

അപ്പൻതമ്പുരാൻ പ്രാണവല്ലഭയാൽ നൽകപ്പെട്ട താംബൂലാദികൾ സന്തുഷ്ടിയോടെ ചർവ്വണംചെയ്തശേഷം ഇങ്ങനെ കല്പിച്ചു:-"ഒരു കാര്യം നിശ്ചയംതന്നെ. ശ്രീവീരമാർത്താണ്ഡദേവൻെറ പ്രചണ്ഡദീപ്തി ഉത്തരദേശത്തേക്കും വ്യാപിച്ചുതുടങ്ങി. സ്വാർത്ഥന്മാരും ക്ഷുദ്രഹൃദയരുമായ മാടമ്പിമാർക്കും, അവരുടെ അലസന്മാരും ദുർവൃത്തരുമായ രാജാക്കന്മാർക്കും ഇനിമേൽ രക്ഷയില്ല. ധീരോദാത്തനായ ആ കലിയുഗഭാർഗ്ഗവൻെറ സൌഹാർദ്ദം സമ്പാദിച്ചാൽ നന്നു്. അവിടത്തേയ്ക്കു് എതിരായി വാൾ എടുത്താൽ രക്ഷയില്ലാതാകും!

മാധവി:—ആ തിരുമേനി ദേശിംഗനാടു പിടിച്ചു് അടക്കിക്കഴിഞ്ഞു. ഇനിയും കായംകുളത്തേക്കു പുറപ്പെടുന്നു. അവിടംകടന്നാൽ ഇനി എങ്ങോട്ടായിരിക്കും? ഇതു തന്നെ വലിയ തിരുമേനി കല്പിച്ചു ചോദിക്കുന്നതു്.

അപ്പൻ:—ആ ഭീതിവേണ്ടെന്നു നാം ജ്യേഷ്ഠനെ അറിയിച്ചിട്ടുണ്ടു്. അവിടത്തെ ദിക്ജയപ്രസ്ഥാനത്തിൽ നമ്മാൽ

കഴിവതു് ഒക്കെ ഒത്താശകഠം ചെയ്താൽ, ഈ ഉത്തര ദേശത്തു നമ്മുടെകോയ്മക്കു ഹാനിതട്ടാതെയിരിക്കും. എന്നു മാത്രമല്ല, ആ തിരുമേനിയുമായുള്ള സഖ്യംനിമിത്തം നമ്മുടെ ശക്തി വദ്ധിക്കും; കാലോചിതമായി പ്രജകഠംക്കു ഗുണകരമായ ഭരണംനടത്തുവാൻ സാധിക്കുകയും ചെയ്യും.

മാധവി:—ഇനിയും ഇതൊക്കെ ആലോചിച്ചിട്ടു് എന്തു ഫലം?

അപ്പൻ:—നിരാശപ്പെടാറായിട്ടില്ല. എല്ലാം ജ്യേഷ്ഠൻ തിരുമേനിയുടെ നിശ്ചയത്തിൽ ഇരിക്കുന്നു. അത്രേയുള്ളൂ.

മാധവി:—അവിടത്തെ നിശ്ചയത്തിനു് ഇളക്കംവരുമെന്നു തോന്നുന്നില്ല. ജ്യേഷ്ഠത്തി അങ്ങനെയാണു പറഞ്ഞതു്. മുൻപു നാടുവാണിരുന്ന തമ്പുരാൻ കൃഷ്ണപുരത്തു കൊട്ടാരത്തിൽവച്ചു കായംകുളംരാജാവുമായി ഒരു ഉടമ്പടി ചെയ്തിട്ടുണ്ടത്രേ.

അപ്പൻ:—അതു ശരിയായിരിക്കും. ജ്യേഷ്ഠൻെറ ഇഷ്ടം പോലെ നടക്കട്ടെ. ഇളയമുറസ്ഥാനം കൈവെടിഞ്ഞേക്കാം. വേണമെങ്കിൽ എടംവിട്ടു ദൂരെ എങ്ങോട്ടെങ്കിലും പോയേക്കാം. ഇക്കാര്യത്തിൽ നമുക്കു പങ്കില്ല.

ഇപ്രകാരം പറഞ്ഞുനിർത്തിയപ്പോഠം, ധീരനായ രാജകുമാരൻെറ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു. ഏതാനും നിമേഷം, അദ്ദേഹം സ്തോഭാവേശം നിമിത്തം മൌനം ഭജിച്ചിരുന്നു. അനന്തരം ഇങ്ങനെ തുടന്നു:—"മാത്താണ്ഡവമ്മ തിരുമേനിയോടു നമുക്കു് അപരിമിതമായ സ്നേഹവും ബഹുമാനവും ഉണ്ടു്. അവിടുത്തേയ്ക്കു് ഈ അപ്പൻെറ പേരിൽ സോദരനിർവ്വിശേഷമായ വാത്സല്യവും ഉള്ളതായി നമുക്കു ബോദ്ധ്യംവന്നിട്ടുണ്ടു്. നാം ഇവിടെ ഉള്ളതുകൊണ്ടു് അവിടത്തെ താൽപ്പര്യത്തിനു് എതിരായ യാതൊരു സംരംഭത്തിലും തെക്കുംക്കൂറിനു പങ്കുണ്ടായിരിക്കയില്ലെന്നാണു് അവിടത്തെ വിശ്വാസം. ആ വിശ്വാ

സത്തിന്ന് ഇപ്പോഠം ഹാനി സംഭവിക്കുകയില്ലേ? ജ്യേഷ്ഠന്റെ അവസ്ഥയാണെങ്കിൽ—നമ്മിൽ ലേശവും സ്നേഹവും വിശ്വാസവുമില്ല. രാജ്യവും രാജത്വവും വിട്ടൊഴിഞ്ഞു സന്യാസവൃത്തി സ്വീകരിച്ചേക്കാമായിരുന്നു. പക്ഷേ—

മാധവി:—അതു ക്ഷത്രിയക്കു യോജിച്ച പ്രവൃത്തിയല്ലാതെ വരുമല്ലോ. ഈ വിഷമഘട്ടം കടക്കുവാൻ എന്തു ചെയ്യണമെന്ന് ആലോചിച്ചു തീരുമാനിക്കണം."

അപ്പൻ:—ദീർഘകാലം ആലോചിച്ച് ഉറയ്ക്കുവാൻ സമയവുമില്ല. ഇതിനകം രണ്ടായിരംപേരു ചേന്ന പട കായംകുളത്തു് എത്തിക്കഴിഞ്ഞിരിക്കും. തിരുവിതാംക്കൂർ പട കായംകുളം അതൃത്തിയിൽ എത്തിയിരിക്കയില്ല.

മാധവി:—കായംകുളവും തിരുവിതാംക്കൂറുംക്കൂടി ഒരു ഉടമ്പടി ഉണ്ടായെങ്കിൽ—

അപ്പൻ:—അതു സാദ്ധ്യമല്ല. ദേശിംഗനാട്ടു യുദ്ധത്തിൽ, ഉടമ്പടിക്കു വിരോധമായി കായംകുളം രാജാവു ദേശിംഗനാട്ടു രാജാവിനെ സൈന്യംകൊണ്ടും ആയുധങ്ങഠംകൊണ്ടും സഹായിച്ചതായി വെളിപ്പെട്ടിട്ടുണ്ടു്.

സംഭാഷണം ഈ ഘട്ടത്തിൽ എത്തിയപ്പോഠം, ആരോ ചിലർ മുഖംകാണിക്കുവാൻ വന്നിരിക്കുന്നതായി ഒരു ത്വവണക്കാരിവന്ന് അറിയിച്ചു. അതനുസരിച്ച്, ആഗതരെക്കുറിച്ചുള്ള വിവരങ്ങഠം നേരിട്ടു ചോദിച്ചറിഞ്ഞു, മന്ത്രശാലയിൽവച്ചു, തിരുമനസ്സറിയിക്കത്തക്കവിധം, ഇളയമുറ കാര്യക്കാരോടു ചട്ടംകെട്ടുവാൻ ത്വവണക്കാരിയോടു കല്പിച്ചതിനാൽ അവഠം വിടവാങ്ങിപ്പോയി. പിന്നീടു രാജകുമാരൻ മുഖവും പാദങ്ങളും പ്രക്ഷാളനം ചെയ്തു, രാജോചിതങ്ങളായ വസ്ത്രങ്ങഠം ധരിച്ചു മന്ത്രശാലയിലേക്കു പുറപ്പെട്ടു. അദ്ദേഹം നിശ്ചിതസ്ഥാനത്തു് എത്തിയപ്പോഠം, കാര്യക്കാർ രാജകുമാരന്റെ എഴുന്നള്ളത്തു പ്രതീക്ഷിച്ച് അവിടെ നില്ക്കുന്നുണ്ടായിരുന്നു. രാജദശന-

ത്താൽ മാമൂലനുസരിച്ചു കാര്യക്കാർ കാഞ്ഞിരപ്പള്ളി ഇല്ലത്തു പേരകത്തു കടുത്താനൻരായിരപ്പണിക്കർ മൂന്നുരു താണുതൊഴുതു, കൈകെട്ടി വായ്പൊത്തി നിലകൊണ്ടു. അയാളോടു രാജകുമാരൻ ചോദിച്ചു:—"എന്താ! പണിക്കരേ! ആരാണ് വന്നിരിക്കുന്നതു്?"

രായിരപ്പണിക്കർ:—അടിയൻ! മൂന്നു കച്ചവടക്കാർ. അവരുടെ തലവനുംകൂടെ ഉണ്ടു. ഈ ദേശത്തുള്ളവരല്ല. തലക്കെട്ടും കാലുറയും ഉണ്ടു്. മലയാളം അറിഞ്ഞുകൂടാത്തവർ. കൂടെ ഒരു തുപ്പായിയും വിടകൊണ്ടിരിക്കുന്നു!

രാജകുമാരൻ:—എന്തു ചരക്കുകളാണു കൊണ്ടുവന്നിരിക്കുന്നതു്?

രായിര:—വലിയ ചരക്കുകെട്ടുകൾ ഒന്നുമില്ല. വൈരക്കല്ലോ പട്ടുകളോ ഒക്കെയുണ്ടെന്നു തുപ്പായി പറഞ്ഞു.

"ആകട്ടെ. വരാൻ പറയൂ" എന്നുകല്പിച്ചിട്ടു് അപ്പൻ തമ്പുരാൻ മന്ത്രശാലയിലെ വിശിഷ്ടാസനത്തിൽ ഉപവിഷ്ടനായി. കാര്യക്കാർ പുറത്തേക്കു പോയി.

ഏതാനും നിമേഷങ്ങൾക്കകം, മേൽമീശയും താടിമീശയുംവളർത്തി, ചുവന്ന തലക്കെട്ടും, വെള്ളകുപ്പായങ്ങളും, പണ്ടങ്ങളും ധരിച്ചുള്ള ദൃഢഗാത്രരും ദീർഘകായരുമായ അഞ്ചു പട്ടാണിമാർ ഇളയരാജാവിൻെറ തിരുമുമ്പിൽ ആനയിക്കപ്പെട്ടു. അവർ ഭാണ്ഡങ്ങൾ രാജസന്നിധിയിൽ വച്ചിട്ടു രാജകുമാരനെ താണു സലാംചെയ്തു. ആ വത്തകസംഘത്തിൽനിന്നു് ഒരാൾ അല്പം മുമ്പോട്ടു നീങ്ങിനിന്നു് ഇങ്ങനെ അറിയിച്ചു:—"ഇവർ കാശ്മീരദേശം ഇരിക്കുന്നോർ. ഭാഷ ഉർദു. അടിയൻ മലപ്പുറംദേശം ഇരിക്കും മാപ്പിള; തുപ്പായി. അല്പസ്വല്പം വിലപിടിച്ച ചരക്കുമുണ്ടു്. പെരിയ മഹാരാജാക്കളെ മുഖംകാട്ടാൻ വിടകൊണ്ടുവന്നിരിക്കുന്നു.

അപ്പൻ:—സന്തോഷം. ഇവിടെ എപ്പോൾ വന്നു?

ദ്വിഭാഷി:—ഇവിടം ഇന്നു രാവിലെ വന്നു—വിട കൊണ്ടുവന്നു. പലയിടംപോയി. തെക്കുംകൂർ അരചരുടെ കേൾവി ഉലകത്തിലെങ്ങും പുകഴുന്നു.

അപ്പൻ:—നാം ഇവിടത്തെ എളയമുറരാജാവു മാത്രം. ജ്യേഷ്ഠൻതിരുമേനി നാടുവാഴുന്നു.

ദ്വിഭാഷി:—റാൻ, അടിയങ്ങൾ പെരിയതമ്പുരാൻ തിരുമനസ്സിനെ മുഖംകാട്ടി.

അപ്പൻ:—വളരെ സന്തോഷം. അവിടെ പോയിട്ടു തന്നെയാണു് ഇവിടെ വരേണ്ടതു്. നിങ്ങൾ കൊണ്ടു വന്നിരിക്കുന്ന ചരക്കുകൾ കാണട്ടെ.

ദ്വിഭാഷി, ആ വണിക് സംഘത്തോടു് ഉർദുവിൽ എന്തൊക്കെയോ സംസാരിച്ചു. ഉടൻ തന്നെ പ്രസന്ന മുഖഭാവത്തോടെ ആ പട്ടാണികൾ ഭാണ്ഡങ്ങൾ ഓരോ ന്നായി അഴിച്ചു പട്ടുതരങ്ങൾ നിവത്തു രാജസന്നിധിയിൽ നീക്കിവച്ചു രാജകുമാരൻ പ്രസ്തുത വിശേഷവസ്ത്രങ്ങൾ എടുത്തു പരിശോധിച്ചു. അവയുടെ നേർമ്മയും ഇഴകളുടെ ലോലിമയും കമനീയതയും കണ്ടു് അവിടുന്നു് ആശ്ചര്യ പ്പെട്ടു. മന്ത്രശാലയുടെ പശ്ചിമാഗ്രത്തിലുള്ള വാതലിനു നേരെ വച്ചിരുന്ന യവനികയുടെ മറവിൽ ശരീരത്തെ അ ർദ്ധാംശവും നിഗ്രഹനം ചെയ്തു, ഒരു പാർശ്വത്തിൽക്കൂടി അംശുകങ്ങളേ സകൌതുകം വീക്ഷിച്ചുകൊണ്ടു നിന്ന മാധവിക്കുഞ്ഞമ്മയ്ക്കു കാണുവാനായി, അപ്പൻതമ്പുരാൻ അവയേ, അകത്തേക്കു് ഒരു തവണക്കാരിയുടെ പക്കൽ കൊടുത്തയച്ചു. ആ സന്ദർഭത്തിൽവ്യാപാരികളുടെമുഖങ്ങൾ പ്രസന്നതയാൽ വികസ്വരങ്ങളായി അവർ പരസ്പരം എന്തോ മന്ത്രിച്ചു. അനന്തരം ദ്വിഭാഷി വീണ്ടും ഇങ്ങ നെ അറിയിച്ചു.—"ഇപ്പോൾ തിരുക്കൺപാത്തതെല്ലാം

കാശ്മീര ദീനസ്സുകരം മാത്രം. ഇതിനേക്കാൾ മെച്ചമുള്ള ചീനദിനസ്സുകരം അസ്സൽത്തരങ്ങരം വേറെ ഇരിക്കുന്നു."

അപ്പൻ:—ഇപ്പോരം കൈവശം ഇല്ലായിരിക്കും. ചരക്ക് എവിടെ വച്ചിരിക്കുന്നു?

ദ്വിഭാഷി മന്ദസ്മിതപൂർവം അറിയിച്ചു:—"ആ ചരക്കുകരം ഇവരുടെ കുപ്പായക്കീശയിലും പണ്ടളയുറകളിലും ഇരിക്കുന്നു; അത്ര ലോലം."

ഇത്രയും പറഞ്ഞുനിൎത്തിയിട്ട ദ്വിഭാഷി വൎത്തകന്മാരോട്ട് ഉർദുഭാഷയിൽ ചില വാക്കുകരം സംസാരിച്ചു. അപ്പോരം അവർ കുപ്പായങ്ങളുടെയും പണ്ടളങ്ങളുടെയും ഉറകളിൽ നിന്ന് ആകെക്കൂടി പതിനാറു ചെറിയ കുഴലുകരം, ഉത്സാഹപൂർവം പുറത്തെടുത്തു രാജസന്നിധിയിൽ അൎപ്പിച്ചു. പ്രസ്തുത കുഴലുകരംക്ക് ഒരു അംഗുഷ്ഠത്തിൻെറ വണ്ണവും കഷ്ടിച്ച് ഒരുചാൺ നീളവും മാത്രമേ ഉണ്ടായിരുന്നുള്ളു. അവയുടെ ഉഭയാഗ്രങ്ങളും ഭദ്രമായി ആശ്ഛാദനം ചെയ്യപ്പെട്ടിരുന്നു രാജകുമാരൻ, സകൌതുകം കുഴലുകരം ഓരോന്നായി എടുത്തു പരിശോധിച്ചശേഷം, അവതുറന്നു ചീനാംബരങ്ങരം പുറത്തെടുത്തു നിവൎത്തു നോക്കി. ഇഴയുടെ ധവളിമയും ശുദ്ധിയും, നേൎമ്മയും ഒളഭളായമാനതയും കണ്ടു യുവരാജാവു വിസ്മയം പൂണ്ടു. പ്രസ്തുത വിശിഷ്ടാംബരങ്ങരം ഓരോന്നും മാധവിക്കുഞ്ഞമ്മയും വീക്ഷിച്ചു അത്ഭുതപരതന്ത്രയായി. അനന്തരം അവയിൽ ഏറ്റവും മെച്ചമേറിയ രണ്ടു ചീനാംബരങ്ങളും, രണ്ടു സാലപകളും രാജപത്നി തെരഞ്ഞെടുത്തു. പ്രിയതമയുടെ ഇംഗിതമറിഞ്ഞു രാജകുമാരൻ ദ്വിഭാഷിയോട്ട് ഇങ്ങനെ ചോദിച്ചു:—"ഈ രണ്ടു പട്ടുകരംക്കും, രണ്ടു സാലപകരംക്കുംകൂടി എന്തു വിലയാകും?"

ദ്വിഭാഷി—സാലപകരംക്കു രണ്ടിനുംകൂടി നൂറുവരാഹൻ. പട്ടുകരംക്കു രണ്ടിനുംകൂടി ആയിരം വരാഹൻ.

വിലവിവരം കേട്ട മാധവിക്കുഞ്ഞമ്മ നെററി ചുളിച്ചു; എന്നാൽ രാജകുമാരൻ യാതൊന്നും സംസാരിക്കാതെ കാര്യക്കാരെ അടുത്തുവിളിച്ച് മന്ദസ്വരത്തിൽ എന്തോ കല്പിച്ചു. ഉടൻതന്നെ ആ ഉദ്യോഗസ്ഥൻ അവിടെനിന്നു കൊട്ടാരത്തിൻെറ മറെറാരു ഭാഗത്തേക്കു പോയി. അല്പ സമയം കഴിഞ്ഞു രണ്ടു ജാളികൾ എടുപ്പിച്ചുകൊണ്ട് വീണ്ടും അയാൾ രാജസന്നിധിയിൽ ഹാജരായി, നാണ്യം മുഴുവനും എണ്ണിത്തിട്ടപ്പെടുത്തി വർത്തകപ്രമാണിയെ ഏല്പിച്ചു. അപ്പോൾ ഇളയരാജാവു ദ്വിഭാഷിയോടായിട്ടു ഇങ്ങനെ കല്പിച്ചു:–"പട്ടുകളും സാല്വകളും നമുക്കു വളരെ ബോധിച്ചു. നിങ്ങൾ ഇവിടെ വന്ന സ്ഥിതിക്ക് ഇത്രയും എങ്കിലും എടുക്കണമല്ലോ."

ദ്വിഭാഷി യാതൊന്നും മറുപടി പറഞ്ഞില്ല. വർത്തകന്മാർ ആദരപുരസ്സരം രാജാവിനെ വണങ്ങി. അടുത്ത നിമേഷത്തിൽ വർത്തകപ്രമാണി മുന്നോട്ടു നീങ്ങിനിന്നു രാജകുമാരനെ വന്ദിച്ചിട്ട്, ഒരു പട്ടുറുമാൽ തറയിൽ വിരിച്ച് അതിന്മീതെ ഒരു ചെറുകുഴൽ സമർപ്പിച്ചു, വീണ്ടും തൊഴുതു. അപ്പോൾ ദ്വിഭാഷി ഇങ്ങനെ അറിയിച്ചു:— "ഇതു് അടിയങ്ങളുടെ വലിയ മുതലാളിയുടെ തിരുമുൽക്കാഴ്ച."

അപ്പൻതമ്പുരാൻ ആ നളിനി കൈയിൽ ഗ്രഹിച്ചു കൊണ്ടു മന്ദസ്മിതപൂർവ്വം കല്പിച്ചു:—"വളരെ സന്തോഷം. വലിയ മുതലാളിയെ വിവരം അറിയിക്കുക."

ദ്വിഭാഷി:—അടിയങ്ങൾ തിരുമേനിയുടെ സന്തോഷത്തെക്കുറിച്ചു വലിയ മുതലാളിയെ അറിയിച്ചുകൊള്ളാം. അവർ കാശ്മീരദേശം ഇരിക്കുന്നു. അവരുടെ പേരിൽ അടിയങ്ങൾ തിരുമുൽക്കാഴ്ചവയ്ക്കുക വഴക്കം.

അനന്തരം ഉത്സാഹഭരിതരായി, വർത്തകന്മാർ രാജകുമാരനെ വീണ്ടും വന്ദിച്ചിട്ടു രാജസന്നിധിയിൽനിന്നു

പുറപ്പെട്ടു. മാധവികുഞ്ഞമ്മയും അപ്പൻതമ്പുരാനും മന്ത്രശാലവിട്ടു, കിഴക്കേടത്തു മാളികയിലേക്കുതന്നെ തിരിച്ചുപോയി.

അന്നു രാത്രിയിൽ ദമ്പതിമാർ ശയ്യാഗൃഹത്തിൽവച്ചു ചീനാംബരത്തെക്കുറിച്ചു് ഇപ്രകാരം ഒരു സംഭാഷണം നടത്തി:—

മാധവികുഞ്ഞമ്മ:—ഇന്നു വാങ്ങിയ ചരക്കുകളിൽ ഒരു പട്ടും സാലപയും വലിയ നാലുകെട്ടിലെ ജ്യേഷ്ഠത്തിക്കു കൊടുത്തയച്ചു.

അപ്പൻ:—നന്നായി. എന്തുപറഞ്ഞു? ചരക്കു് ഒട്ടും മോശമല്ല.

മാധവി:—അതു ശരിതന്നെ. എങ്കിലും നാം ചെയ്തതു് ഒരു തെററായിട്ടാണു് അവിടെ കരുതിയിരിക്കുന്നതു്.

അപ്പൻ:—അതു് എന്തുകൊണ്ടു്? മാധവി ജ്യേഷ്ഠത്തിക്കു സാമാനങ്ങൾ കൊടുത്തയച്ചതു സോദരസ്നേഹം നിമിത്തമല്ലേ?

മാധവി:—അതല്ല; വലിയ തിരുമേനി അവ തൃക്കൺപാർക്കുവാൻ ഇടവന്നു. വലിയ തിരുവുള്ളക്കേടുമായി.

അപ്പൻ:—എന്തിനു്?

മാധവി:—ഇത്ര വലിയ വിലകൊടുത്തു് ഈ പട്ടു വാങ്ങിയ അപ്പൻെറ കാലത്താണു് എടം നശിക്കുവാൻ പോകുന്നതു് എന്നു കല്പിച്ചുവത്രേ.

അപ്പൻ—ജ്യേഷ്ഠൻ അവരോടു് ഒന്നും വിലയ്ക്കു് എടുത്തില്ലേ?

മാധവി:—യാതൊന്നും വാങ്ങിയില്ല. ഇത്ര വലിയ പട്ടുകൾവാങ്ങാൻ ഭണ്ഡാരത്തിൽ പണമില്ലെന്നുംകല്പിച്ചു.

അപ്പൻ—അവിടുന്നു് കല്പിച്ചതു വാസ്തവംതന്നെ. നാടുവാഴുന്ന രാജാവല്ലേ? ചുമതലകൾ കൂടും. നാം ഇളയമുറ. ഇതു, നമ്മുടെ തനതു ചെലവുകൾ ക്രമപ്പെടുത്തി

മിച്ചിച്ചുവച്ചിട്ടുള്ള ഇനത്തിൽനിന്നു എടുത്തതു്. ദൂരദേശത്തുനിന്നു് അവർ ഇവിടെ ചരക്കുംകൊണ്ടുവന്ന സ്ഥിതിക്കു് കുറെയെങ്കിലും എടുക്കാതെ പറഞ്ഞയയ്ക്കുന്നതു നമ്മുടെ രാജതന്ത്രത്തിനു ചേർന്നതല്ല. ഇതു നമ്മുടെ സ്വന്തം അഭിപ്രായം. അവിടത്തെ സേവന്മാരും ആശ്രിതന്മാരും മുഖസ്തുതിയും വ്യാജജല്പനയുംകൊണ്ടു് ഇതിനേക്കാൾ എത്രയോ മടങ്ങു കടത്തിക്കൊണ്ടുപോകുന്നു! ഇതൊന്നും അവിടുന്നു് അറിയുന്നില്ല.

മാധവി:—അതിരിക്കട്ടെ അവിടത്തേക്കു തിരുമുൽക്കാഴ്ചവച്ച കുഴൽ, ഞാൻ തുറന്നുകണ്ടില്ലല്ലോ. അക്കാര്യം മറന്നുപോയി.

അപ്പൻ:—പട്ടുകളുടെ മിനുക്കം കണ്ടു മാധവി ഭ്രമിച്ചുപോയി. അല്ലേ?

മാധവി:—ഇത്ര വിശേഷപ്പെട്ട പട്ടുകൾ നമ്മുടെ ദേശത്തുള്ളവർ കണ്ടിരിക്കയില്ല. ദേഹത്തു ചുററിയാൽ വസ്ത്രം ഉണ്ടെന്നു് അറിയുകേ ഇല്ല.

അപ്പൻ:—വസ്ത്രധാരണത്തിന്റെ ഉദ്ദേശം ഇതുകൊണ്ടു സാധിക്കുന്നില്ല. പ്രൌഢിക്കു കൊള്ളാം.

മാധവി:—ഇതെല്ലാം നെയ്തു് എടുത്തവർ അസാമാന്യർതന്നെ. സംശയമില്ല. കാഴ്ചവച്ച കുഴലിലേതു് എല്ലാററിലും മെച്ചമായിരിക്കും. ആ കുഴൽ എവിടെ എന്നു കല്പിക്കണം.

അപ്പൻ:—അക്കഥ ഇതുവരെ മറക്കാതെ മനസ്സിൽ വച്ചിരിക്കുന്നുവോ? ഞാൻ അതു് എവിടെയോ വച്ചു സാവകാശമായി നോക്കാം.

മാധവി:—ഇതു വിചിത്രം തന്നെ. ഇത്ര വിലപിടിച്ച വിശിഷ്ടസാധനം എവിടെയോ വച്ചു മറന്നു. അല്ലേ! കൊള്ളാം!

അപ്പൻതമ്പുരാൻ മന്ദസ്മിതപൂർവ്വംകല്പിച്ചു:—"അതു് നോക്കി എടുത്തു ഞാനങ്ങോട്ടു തന്നേക്കാം. പട്ടുംമററും നമുക്കു് എന്തിനു്? അതെല്ലാം നിങ്ങൾ—സ്ത്രീകൾക്കു തന്നെ."

മാധവി:—ഈ വക ഉരുട്ടും പിരട്ടും അവിടത്തേക്കു തിവുള്ളതല്ലല്ലോ. ഇതിൽ എന്തോ രഹസ്യമുണ്ടു്. ഞാൻ അറിഞ്ഞുകൂടുവാൻ പാടില്ലാത്തകാര്യമായിരിക്കാം.

അപ്പൻ:—ഹേയ്! യാതൊന്നുമില്ല. രണ്ടു പട്ടു തുവാലകൾ! അത്രേ ഉള്ളു. ഒന്നു നമുക്കും, ഒന്നു മാധവിക്കും. പക്ഷേ ഒരു കാര്യം പറഞ്ഞേക്കാം. ഇതു് ആക്കും സമ്മാനിക്കാൻ ഒരുങ്ങരുതേ! വളരെ ഭദ്രമായി വച്ചുകൊള്ളണം. ആരെയും കാണിക്കുകയും വേണ്ട: മാധവിയുടെ ആഭരണപ്പെട്ടിയിൽ നാം സൂക്ഷിച്ചു വച്ചിട്ടുണ്ടു്.

---

## അദ്ധ്യായം ന.

---

### പടത്തലവൻ.

കുംഭമാസക്കാലമാണു്. രൂക്ഷമായ വേനലിന്റെ പ്രത്യക്ഷഫലമോ എന്നു തോന്നുമാറു ജലാശയങ്ങൾ സമസ്തവും വററിവരണ്ടു. പ്രഭാതംമുതൽ പ്രദോഷംവരെ, പ്രചണ്ഡദീപ്തിപൂണ്ടുനില്ക്കുന്ന മാർത്താണ്ഡദേവന്റെ ആതപവീചികളിൽ പെട്ടു, ഭൂപ്രകൃതിക്കു് ആകമാനം വലുതായ അന്തരം സംഭവിച്ചിരിക്കുന്നു, ശുഷ്കീഭവിച്ചു താമ്രവർണ്ണം കൈക്കൊണ്ടിരിക്കുന്ന പത്രാവലിയുടെയും തൃണലതാദികളുടെയും ആവരണമായി, ഭൂമിയിൽനിന്നു മാരുതപ്രവാഹത്താൽ പ്രതിനിമേഷം ഉയൻുകൊണ്ടിരിക്കുന്ന ധൂളിപടലം സ്ഥാനമുറപ്പിച്ചിരിക്കുന്നു.

ഏതാദൃശമായ വേനൽകാലത്തു് ഒരു സായാഹ്നത്തിൽ കായംകുളംരാജധാനിയെ ലക്ഷീകരിച്ചു പൂർവ്വദിക്കിൽ നിന്നുമുള്ള രാജപാതയിൽക്കൂടി ഒരു അശ്വാരൂഢൻ മെല്ലെ കുതിരയേ വിട്ടുകൊണ്ടിരുന്നു. അയാൾ ദീർഘകായനും ബലിഷ്ഠനും മദ്ധ്യവയസ്കനും ആണു് നാട്ടുനടപ്പനുസരിച്ചു പടത്തലവന്മാർ യുദ്ധയാത്രയിൽ ധരിക്കാറുള്ള അരച്ചട്ടയും മേൽച്ചട്ടയും തലക്കെട്ടും അയാൾ ധരിച്ചിട്ടുണ്ടു്. ചുമലിൽ ഒരു പരിചയും അരക്കെട്ടിൽ ഉറയോടുകൂടിയ ഒരു വാളും തൂങ്ങിക്കിടക്കുന്നു. നെടുതായ ഒരു കുന്തം യോദ്ധാവിന്റെ വലത്തുകരത്തിൽ വഹിച്ചിട്ടുണ്ടു്. വസ്ത്രങ്ങളുടെമേന്മയും ആയുധങ്ങളുടെ മെച്ചവുംകണ്ടതിൽ ആൾ സ്ഥാനമഹിമയും പ്രാഭവവും ഉള്ള ഒരു പടത്തലവനാണെന്നു് അനുമാനിക്കാം. അല്പം പിന്നിലായി നാലുപേർകൂടി ഒരു മേനാവു വഹിച്ചുകൊണ്ടു ദ്രുതഗതിയിൽ നടക്കുന്നു. വാഹകസംഘത്തിൽപെട്ടവരായ എട്ടുപേർ മേനാവിന്റെ സമീപത്തായി അനുയാത്രചെയ്യുന്നു. മേനാവിന്റെ പിന്നിലായി പന്ത്രണ്ടു് അശ്വഭടന്മാർ സാവധാനത്തിൽ കുതിരകളേ വിട്ടുകൊണ്ടു വരുന്നു. വെയിലിന്റെ കാഠിന്യത്തിനു കുറവുസംഭവിച്ചിരുന്നതിനാൽ മേനാവിന്റെ തുറന്നുകിടക്കുന്ന വാതിലിൽകൂടി, അകത്തിരിക്കുന്ന യുവതി കൂടക്കൂടെ പുറത്തേക്കു നോക്കുന്നുണ്ടു്. ആ സ്ത്രീ സുകുമാരകളേബരയും സർവ്വാഭരണ വിഭൂഷിതയുമാണു്. നമ്മുടെ യോദ്ധാവു് തന്റെ അശ്വത്തെനിർത്തി മേനാവിനോടടുത്തു്, ആ യുവതീരത്നത്തിനോടു് ഇങ്ങനെ കുശലം ചെയ്തു:—"എന്താ അമ്മിണീ! ക്ഷീണം തോന്നുന്നോ?"

യുവതി:—ക്ഷീണം തീരെ ഇല്ല.

പടത്തലവൻ:—നേരം വിചാരിച്ചതിൽ കൂടുതൽ വൈകി. നാലുനാഴികയ്ക്കകം നമുക്കുകോട്ടയ്ക്കകത്തു വീട്ടിൽ എത്താം

യുവതി:—ആദ്യം ഇരുട്ടല്ലേ?

പടത്തല:—അതുകൊണ്ടെന്തു്? ഇരുളുണ്ടെന്നുവെച്ച് ഈ ത്രിവിക്രമൻഉണ്ണിത്താനു് ഈ കായങ്കുളംഅതൃത്തികളുളിൽ എന്തിനെ ഭയപ്പെടണം. ഇരുട്ടിൽ എൻെറ അമ്മുവിനു പേടിയുണ്ടോ? എന്നാൽ ഇവിടെ അടുത്തെങ്ങാനും വല്ല വീട്ടിലും കയറി താമസിക്കാം. കുഞ്ഞനും കോമരനും കൂടി അത്താഴം സുമാറാക്കും. എന്താ അനുമതിയോ?

അമ്മു മന്ദസ്മിതസമന്വിതം പറഞ്ഞു:—അതു വേണമെന്നില്ല. വേഗം പോയാൽമതി. മഴയുടെ കോളു കാണുന്നു.

ത്രിവിക്രമ:—ഓ! അതു സാരമില്ല.

ഈ സന്ദർഭത്തിൽ,അനുയായികളിൽ ഒരാൾ മുന്നോട്ടു വന്നു് ഇങ്ങനെ അറിയിച്ചു:—"യജമാനനേ! എനിക്കു് ഒരു എളുപ്പ വഴി അറിയാം. രണ്ടര നാഴിക ലാഭംകിട്ടും. മഴ പെയ്താലും വെള്ളത്തിൻെറ വിഷമം ഉണ്ടാകയില്ല. വലിയ നടക്കാവിൽകൂടെ പോയാൽ രാത്രിയിൽ തോടു കടക്കാൻ പ്രയാസം."

ത്രിവിക്രമ:—എന്നാൽ കുഞ്ഞൻ പറയുന്നതുപോലെ ആകട്ടെ. നീ മുമ്പിൽ കുതിരയെ വിട്ടു്.

പടത്തലവൻെറ അനുജ്ഞയനുസരിച്ചു കുഞ്ഞൻ മുൻപിൽ കുതിരയെവിട്ടു. ഏതാനും ദണ്ഡു ദൂരം വലിയ നടക്കാവിൽകൂടി പോയശേഷം, ഒരു ഊടുവഴിയെ ആ പാന്ഥസംഘം യാത്രതുടന്നു. ആ സന്ദർഭത്തിൽ ക്രമേണ അന്തരീക്ഷം കാർമേഘപടലത്താൽ ആവരണംചെയ്തു. ഇടവിട്ടു് ഇടവിട്ടു വിദ്യുൽപ്രവാഹങ്ങളും ഭീകരമായി മേഘനിർഘോഷങ്ങളും സംഭവിച്ചു. വൃക്ഷലതാദികൾ നശ്ചലമായി നിലകൊണ്ടു. ക്രമേണ കണ്ണാരുന്തുദമായ ഒരു ആരവം ആ പാന്ഥന്മാരുടെ ശ്രവണപുടങ്ങളിൽപതിച്ചു. പിന്നീടു സമയം അധികം വേണ്ടിവന്നില്ല, അത്യുഗ്ര

മായ ഒരു പാശ്ചാത്യമാരുതൻ സീൽക്കാരാരവത്തോടുകൂടി വർഷോപലസന്നിഭങ്ങളായ വൃഷ്ടികണങ്ങൾ വഹിച്ചു കൊണ്ടു ഭൂരംഗത്തിൽ ആവിർഭവിച്ചു. നിരന്തരമായ ധാരാസമ്പാതം അർദ്ധരാത്രിവരെ നിലനിന്നു. പ്രകൃതിയുടെ ഈദൃശമായ ഭാവഭേദത്താൽ നമ്മുടെ പാന്ഥർ അപരിമിതമായ ക്ലേശം അനുഭവിച്ചു. സമീപത്തെങ്ങും ഭവനങ്ങൾ ഇല്ലാതിരുന്നതിനാൽ, അവർ മാർഗ്ഗമദ്ധ്യേ നിന്നിരുന്ന ഉന്നതവും, ശാഖോപശാഖകളാലും പടർപ്പുകളാലും വിസ്തൃതവുമായ വടവൃക്ഷത്തിൻകീഴിൽ അഭയം പ്രാപിച്ചുതേയുള്ളു. ഇപ്രകാരം, പെരുമഴയുടേയും കാററിൻെറയും നേരിട്ടുള്ള ആക്രമണത്തിന് അവർ വിധേയരായില്ലെങ്കിലും, അഭയദനായ വടരാജൻെറ പത്രാവലിയിലും ശാഖാദികളിലും തട്ടിമുട്ടി നിപതിച്ച ജലകണങ്ങൾ ധാരധാരയായി പ്രവഹിച്ച് അവരുടെ വസ്ത്രങ്ങളേയും ശരീരത്തേയും ആകമാനം സേചനംചെയ്തു. മേനാവു വടവൃക്ഷത്തണലിൽ താഴെവച്ചു, പോണ്ടന്മാർ അതിനു സമീപം ഒതുങ്ങി പതുങ്ങി വിറച്ചു നാഴികകൾഎണ്ണി നീക്കംചെയ്തു. കഠോരമായ മിന്നലും ഇടിയും പെരുമഴയും നിമിത്തം ഭയവിഹ്വലയായി അമ്മുക്കുട്ടിഅമ്മ മേനാവിനുള്ളിൽ ഇരുന്നു. ത്രിവിക്രമനുണ്ണിത്താൻ ആദിയായ അശ്വാരൂഢർ അവരവരുടെ സ്ഥാനംവിട്ടു ചലിക്കാതെ വൃക്ഷച്ഛായയിൽ നില ഉറപ്പിച്ചിരുന്നു. തണുപ്പിൻെറ ആധിക്യംനിമിത്തം അശ്വങ്ങൾ ഇടയ്ക്കിടെ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു.

പ്രകൃതിക്ഷോഭം ഒട്ടു ശാന്തമായതോടുകൂടി പന്തക്കുഴ കത്തിക്കാൻ, ചിലർ വട്ടംകൂട്ടി. ഉണ്ണിത്താൻെറ മഹാനസപാലകനായ കുഞ്ഞൻെറ കൈവശം ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന തീക്കല്ലുകളുടേയും പഞ്ഞിയുടേയും സഹായത്തോടുകൂടി തീയുണ്ടാക്കി നാലു പന്തക്കുഴകൾ കത്തിച്ചുപിടിച്ചു; അനന്തരം അവർ വീണ്ടും യാത്രതുടങ്ങി.

കററിക്കാടുകളുടെയും വയലുകളുടെയും ചരിവുകളിലും കൈതോടുകളിലുംകൂടി മഴവെള്ളം ദ്രുതഗതിയിൽ ഒഴുകിപ്പോകുമ്പോൾ ഉണ്ടാകുന്ന ഗജ്ജനരവം അനുസ്യൂതമായി അവരുടെ കണ്ണപുടങ്ങളിൽ പതിച്ചുകൊണ്ടിരുന്നു. കുറേ ദൂരം മുമ്പോട്ടു് അതിക്രമിച്ചതോടുകൂടി ജലപ്രവാഹരവം പൂർവ്വാധികം ശക്തിമത്തായി കേട്ടു തുടങ്ങി അപ്പോൾ അസ്വാസ്ഥചിത്തനായി ത്രിവിക്രമൻഉണ്ണിത്താൻ ഇങ്ങനെ അട്ടഹസിച്ചു:—"എടാ! കുഞ്ഞാ! മറക്കഴുതേ! വെള്ളത്തിൻെറ ശല്യം ഇല്ലേടാ ഇവിടെ?"

കുഞ്ഞൻ:—വല്യതോട്ടിലെപ്പോലെ ശല്യമില്ല എജമാനനേ! ഇതു ഒരു ചെറിയ തോടു്. വെള്ളവും കാണാറില്ല. ഇതു മഴവെള്ളത്തിൻെറ ഇരപ്പു്. ഇറങ്ങി അക്കരെ കയറാം.

ത്രിവിക്രമ:—മഴവെള്ളമില്ലെങ്കിൽ വെള്ളം എവിടെ നിന്നെടാ! നിൻെറ ഞായം പറച്ചിൽ! അബദ്ധം വല്ലതും പിണഞ്ഞാൽ നിൻെറ തലഉത്തരംപറയും. നോക്കിക്കോ! പിണ്ണാക്കുമാടാ!"

കുഞ്ഞൻനായർ മൌനം ഭജിച്ചു. എല്ലാവരും വിഷണ്ണരായി മുന്നോട്ടു നടന്നു. കാൽനാഴിക ചെന്നപ്പോൾ, ഉൗക്കോടേ ഇരച്ചു്, നുരയും പതയും വമിച്ചു്, ദ്രുതഗതിയിൽ പ്രവഹിച്ചുകൊണ്ടിരുന്ന കല്യയുടെ സമീപത്തു് അവർചെന്നെത്തി. കുഞ്ഞൻനായർ ധരിപ്പിച്ചതുപോലെ കേവലം അഗണ്യമല്ല, ചിററാറിൻെറ അപ്പോഴത്തെ നില യെന്നു് എല്ലാവക്കും ബോദ്ധ്യം വന്നു. ജലം പ്രതിനിമേഷം പെരുകിവരികയായിരുന്നു. ഒഴുക്കിൻെറ ശക്തിയും ക്രമാതീതമായിരുന്നു. ത്രിവിക്രമൻഉണ്ണിത്താൻ, ആ സന്ദർഭത്തിൽ ഇങ്ങനെഅട്ടഹസിച്ചു:—"തോട്ടിൽ നിലയുണ്ടോ? എങ്ങനെ അറിയാം? ആരെങ്കിലും ഇറങ്ങി നോക്കുവിൻ

എടാ? തടിപോലെ മിഴിച്ചു നിന്നാൽ എന്തു കഴിയും? കുഞ്ഞൻ എവിടെടോ? നീ തന്നെ മുമ്പിൽ ഇറങ്ങ്."

ഉടൻതന്നെ കുഞ്ഞൻനായരും മററു രണ്ടുപേരുംകൂടി ജലത്തിലേക്കിറങ്ങി. കഷ്ടിച്ച് ഇരുപത്തഞ്ചോ മുപ്പതോ അടി വീതിയിൽ, ഇടയ്ക്കിടെ വക്ര 'തിയായി ഒഴകിക്കൊണ്ടിരുന്ന ആ ജലപ്രവാഹം, സാധാരണ പരിതസ്ഥിതികളിൽ, ആപൽശങ്കകൂടാതെ തരണം ചെയ്യപ്പെടാവുന്നതാണെങ്കിലും പ്രസ്തുത രാത്രിയിലെ അവസ്ഥ ഭിന്നരീതിയായിരുന്നു. കുഞ്ഞൻ മുതലായവർ വളരെ പണിപ്പെട്ടും പാദങ്ങളെ ബലമായി തറയിൽ ഊന്നുവാൻ ശ്രമിച്ചും, ഒഴുക്കിനോടു മല്ലിട്ടും, അരയ്ക്കാൽ നാഴിക നേരത്തെ പ്രയത്നം കൊണ്ടു മറുകരയിൽ എത്തി പന്തക്കുഴ ഉയർത്തിപ്പിടിച്ചു. അവരുടെ മാറുവിതാനം ജലമേ ഉണ്ടായിരുന്നുള്ളു. "ഇറങ്ങി കടക്കാം. കാല് ഒറപ്പിച്ചുകൊള്ളണം. നടുക്കു മൊല നിറുവരും. കുതിരകളേയുമിറക്കാം" എന്നു കുഞ്ഞൻനായർ പറഞ്ഞപ്പോൾ 'ഇനിയും വെള്ളംപെരുകുംമുൻപ് വേഗമാകട്ടെ' എന്ന് ഉണ്ണിത്താൻനൽകിയ ആജ്ഞയനുസരിച്ച് അശ്വാരൂഢന്മാരിൽ ആറുപേർ മുമ്പിലും പിന്നീടു മേനാവുകാരുംഅതിന്റെ സമീപത്തായി ഉണ്ണിത്താനും മററു പോരാളന്മാരും, പിറകേ ശേഷിച്ച അശ്വഭടന്മാരും അനുക്രമമായി നദി തരണംചെയ്യാൻ ആരംഭിച്ചു. മുൻപിൽ പോയവർ ഒരു പ്രകാരേണ അക്കരപററി എന്നാൽ ഭാരക്കൂടുതലും സ്വാതന്ത്ര്യക്കുറവും നിമിത്തം മേനാവുകാർ ഒന്നുകുഴങ്ങി. ജലത്തിൽഇറങ്ങിയ ഉടൻതന്നെ അമ്മുക്കുട്ടി അമ്മ മേനാവിന്റെ രണ്ടു വാതിലുകളും തുറന്ന്, ജലഗതിയിലേക്കു തന്നെ ദൃഷ്ടികളെ ഉറപ്പിച്ചുകൊണ്ടിരുന്നു. ഉണ്ണിത്താൻ സമീപത്തുകൂടി കുതിരയേ വിട്ടു, "പതുക്കെ! പതുക്കെ! സൂക്ഷിച്ചു! സൂക്ഷിച്ച്! ഇളക്കംതട്ടരുത്! വെള്ളം പെരുകുന്നു! കുറേക്കൂടി ഉയർത്തിപ്പിടിക്കിൻ!" എന്നിപ്ര

കാരം പോണ്ടന്മാൎക്കു പ്രോത്സാഹനവും മുന്നറിവും നൽകു കയായിരുന്നു. അതിനിടയ്ക്കു്ജലം ഉദ്ദേശിച്ചതിൽ വളരെ ക്രുടുതലായി വൎദ്ധിച്ചു. പോണ്ടന്മാരുടെ സ്കന്ധംവരെ വെള്ളം പൊങ്ങി. അവർ വളരെ ബദ്ധപ്പെട്ടു നദിയുടെ മദ്ധ്യഭാഗംവരെ എത്തി. അപ്പോൾ ഒരുവൻെറ കാൽ ഒരു കല്ലിന്മേൽ തട്ടി. ഉടൻതന്നെ, വീഴാതിരിക്കുവാൻ അവൻ ആ ശിലാഖണ്ഡത്തിൽ പാദം ഉറപ്പിച്ചു. എങ്കി ലും ഒഴുക്കിൻെറ ശക്തിനിമിത്തം ആ കല്ലു മറിഞ്ഞു പോയി; തന്നിമിത്തം മേനാവിൻെറ കൊമ്പിൽ നിന്നു പിടിവിട്ടു് അവൻ വെള്ളത്തിൽ വീണു. അപ്രതീക്ഷി തമായി, ഇപ്രകാരം സംഭവിച്ച ചലനവും ഒഴുക്കിൻെറ ഊക്കും ഹേതുവാൽ മററു പോണ്ടന്മാരുടെ പിടിയിൽ നിൽക്കാതെ മേനാവും അമ്മുക്കുട്ടിഅമ്മയുംക്രുടി നദിയി ലേക്കു മറിഞ്ഞു. യുവതിയുടെ ഉടൽ ഒഴുക്കിൽപെട്ടു മറി ഞ്ഞുതിരിഞ്ഞു പാഞ്ഞുപോകുന്നതും അവളുടെകെട്ടഴിഞ്ഞ കുന്തളഭാരം ഇടയ്ക്കിടെ ചിന്നിച്ചിതറി പൊങ്ങുന്നതും പന്തക്കുഴയുടെ വെളിച്ചത്തിൽ ഒന്നുരണ്ടു നിമേഷംവരെ ഉണ്ണിത്താൻ കണ്ടു. "അയ്യോ! ചതിച്ചോ!" എന്നുള്ള വിലാപത്തോടുക്രുടി പടത്തലവൻ സ്തബ്ധനായി കുതിര പ്പുറത്തു് ഇരുന്നുപോയി. സ്വാമിക്കു നേരിട്ട വിപത്തു നിമിത്തം സംഭ്രാന്തരായ അനുയായികൾ ഉണ്ണിത്താൻെറ അശ്വത്തെ നയിച്ചു്, അശ്വാരൂഢനോടു ക്രുടി കരയിൽ എത്തിച്ചു. അപ്പോഴേക്കു പന്തക്കുഴകൾപൊലിഞ്ഞു. നല്ല അന്ധകാരം! ത്രിവിക്രമൻ ഉണ്ണിത്താൻ "അമ്മൂ! അമ്മൂ! അമ്മിണീ! അമ്മിണീ!" എന്നിങ്ങനെ ആ യുവതിയുടെ പേർ ചൊല്ലി വിളിച്ചുകൊണ്ടു നദിയുടെ കരയിൽക്രുടി കുറേദൂരം താഴോട്ടു ഓടി ഉഴന്നു. അദ്ദേഹത്തിൻെറ അനു യായികളിൽ ഒഴുക്കത്തു നീന്തുവാൻ വശമുള്ളവർ ചിലർ നദീഗതിയെ അനുഗമിച്ചു്, ആ യുവതിയെ ആരാഞ്ഞു.

അസമയത്തു തോട്ടിനു സമീപം വഴിപോക്കരുടെ ക്രൂക്ക വിളിയും വിലാപസ്വരവും കേൾക്കയാൽ സമീപവാസി കൾ ചൂട്ടു കത്തിച്ചു പിടിച്ചുകൊണ്ടു് അവിടവിടെ വന്നു കൂടി. വസ്തുതകളറിഞ്ഞു് അവരിൽ പലരും യഥാശക്തി ശ്രമം നടത്തി. എങ്കിലും അതിഭയങ്കരമായ കൂരിരുട്ടി ൻെറയും, പാഞ്ഞിരച്ചു് ഒഴുകിക്കൊണ്ടിരുന്ന നദീജലത്തി ൻെറയും ശക്തിയെ വെല്ലുവാൻ അവർ ശക്തരായിഭവി ച്ചില്ല. തന്നിമിത്തം അവർ സമസ്തവും, ഭഗ്നാശയരായി പിൻവാങ്ങി. നിയതിയുടെ അനുശാസനങ്ങൾക്കു വിധേ യരാകുകയല്ലാതെ മനുഷ്യരാൽ എന്തുശക്യം?

ഉൽക്കണ്ഠാകലുഷചിത്തനായ ത്രിവിക്രമൻഉണ്ണിത്താ നെയും, അദ്ദേഹത്തിൻെറ വിഷണ്ണരായ അനുയായിക ളെയും, അവിടെ കൂടിയവർ സമീപത്തുള്ള ഒരു ഭവനത്തി ലേക്കു കൊണ്ടുപോയി അവരുടെ അശനശയനാദികൾക്കു വ്യവസ്ഥചെയ്തു.

---

## അദ്ധ്യായം ൪.

---

### ഗോവിന്ദദാസ്സ്.

പൂർവ്വഗാമികളിൽ ചിലരുടെ ദുർബ്ബലത നിമിത്തം അനിയന്ത്രിതാധികാരകൈകാര്യം നടത്തിവന്ന ഏതാ നും ഇടപ്രഭുക്കന്മാരുടെ സീമാതീതമായ ശക്തിവർദ്ധനയെ ത്തുടൎന്നു, നാട്ടിൽ ഉൽഭൂതമായ ആഭ്യന്തരകലഹങ്ങളേയും സമാധാനഭംഗത്തേയും, നിസ്തുലവും സർവ്വജനസമാരാധ്യ വുമായ പ്രഭാവത്താൽ നിഷ്പ്രയാസം ദമനംചെയ്യിച്ചു, ഭര ണീയരുടെ ക്ഷേമൈശ്വര്യങ്ങൾക്കു നിദാനമായ ഉത്തമ ഭരണത്തിൻെറ അസ്ഥിവാരമുറപ്പിച്ചശേഷം, ക്ഷത്രവീര്യ ത്തിൻെറ സാക്ഷാൽക്കാരമായ ശ്രീവീരമാർത്താണ്ഡവൎമ്മ

മഹാരാജാവു വിജയശ്രീദീപ്തമായ സ്വകരവൈഭവത്തി ൻെറ വീചികളെ നാലുപാടും പ്രസരിപ്പിച്ചു, ഇടവാമുതൽ പരവൂർവരെ പരിമിതമായ തിരുവിതാംകൂറിൻെറ സീമ കളെ വിസ്തൃതമാക്കുവാനുള്ള ദീഘാലോചനയ്ക്കു വിധേ യനായി, ദിക്‌ജയപ്രസ്ഥാനത്തിൽ ഏപ്പെട്ടു കന്യാകുമാരി തൊട്ടുദേശിംഗനാടു (കൊല്ലം)വരെ ഇതിനകം രാജ്യവി സ്താരംവരുത്തിക്കഴിഞ്ഞിരിക്കുന്നു. സഹ്യാദ്രിക്കു പശ്ചിമ ഭാഗത്തായി, അവിടവിടെ സ്ഥാനം ഉറപ്പിച്ചിരുന്ന ക്ഷുദ്ര രാജാക്കന്മാരെയും, സ്വാത്ഥമാത്രബുദ്ധികളായ മാടമ്പിമാ രെയും,ഉൻമൂലനംചെയ്തു സാധുക്കൾക്കു രക്ഷനൽകി, ധമ്മ സംസ്ഥാപനം നടത്തുവാൻ അവിടുന്നു സമാരംഭിച്ചിരി ക്കുന്ന മഹോദ്യമത്തിൽ സഹകരിക്കുവാൻ അഹമഹമിക യോടെ കേരളത്തിലെ പ്രസിദ്ധ യുദ്ധവീരന്മാർ പലരും സന്നദ്ധരായി പുറപ്പെട്ടുകഴിഞ്ഞു. രാജവംശജന്മാർമുതൽ ക്കുള്ള എല്ലാ അവാന്തരവിഭാഗക്കാരും അവരിൽഉൾപ്പെ ട്ടിരുന്നു. ആയോധനസംബന്ധമായ നാനാവ്യവസ്ഥകളും ദ്രുതഗതിയിൽ ഗൂഢമായി നടത്തപ്പെട്ടുകൊണ്ടിരുന്നു. പ്രസ്തുതഘട്ടത്തിൽ ഒരുദിവസം രാവിലെ, പ്രധാന സചി വനായ രാമയ്യൻ മഹാരാജാവിനെ മുഖംകാണിച്ചപ്പോൾ അവിടുന്നു് ഇപ്രകാരം കല്പിച്ചു ചോദിച്ചു:—"എന്താ രാമ യ്യൻ! കൊല്ലംനാടു പിടിച്ചപ്പോഴേക്കു ക്ഷീണിച്ചുപോയെ ന്നുണ്ടോ? രാമയ്യനെ പുറത്തു കണ്ടിട്ടു് എട്ടുപത്തു ദിവസം ആയെന്നു തോന്നുന്നു."

രാമയ്യൻ:—സ്വാമീ! ദേശിംഗനാടുപിടിച്ച ക്ഷീണം തീരണമെങ്കിൽ കായങ്കുളവും ചെമ്പകശ്ശേരിയുംകൂടെ പിടി ക്കണം.

മാൎത്താണ്ഡ:—അതെന്തുകൊണ്ടു്?

രാമയ്യൻ:—ഉടമ്പടികൾക്കു വിരോധമായി അവർ ദേശിംഗനാടിനെ സഹായിച്ചിരിക്കുന്നു.

മാൎത്താണ്ഡ:—ഈ വസ്തുത രാമയ്യൻതന്നെ നമ്മെ അറിയിച്ചിട്ടുള്ളതാണല്ലോ.

രാമയ്യൻ:—സ്വാമി! അതുകൊണ്ടു തന്നെയാണു് ഇപ്പോൾ വീണ്ടും അറിയിച്ചതു്. തിരുമനസ്സറിയിച്ചു വിട വാങ്ങുവാൻ വന്നിരിക്കയാണു്.

മൎത്താണ്ഡവൎമ്മമഹാരാജാവു വാത്സല്യദ്യോതകമായ ഒരു മന്ദഹാസത്തോടുകൂടി കല്പിച്ചു:—"രാമയ്യൻ!ഒന്നിനും ധൃതികൂട്ടേണ്ട. സാവധാനത്തിൽ മതി. ദേശിംഗനാടു പിടിക്കുവാൻ നമുക്കിത്രത്തോളം വൈഷമ്യം നേരിട്ടതു കായംകുളത്തിൻെറ അതിരററശക്തിനിമിത്തമാണു്. അതു രാമയ്യനും ബോദ്ധ്യമാണല്ലോ. രാമയ്യൻവിചാരിക്കുന്നതുപോലെ നമ്മുടെ ചില്ലറ സന്നാഹങ്ങൾ ഒന്നുംകൊണ്ടു, കായംകുളം പിടിക്കുവാൻ തരമാകുമെന്നു നമുക്കഭിപ്രായമില്ല."

രാമയ്യൻ:—കായംകുളം പിടിച്ചടക്കുന്നതുവരെ ഈ കുട്ടിക്കു ദീക്ഷതന്നെ.

മാൎത്താണ്ഡ:—കൊള്ളാം. നന്നാ വളൎന്നിരിക്കുന്നു. ആകട്ടെ! ഉത്സാഹിച്ചുകൊള്ളൂ. തൻെറ വൈരാഗ്യബുദ്ധിയെക്കുറിച്ചു നമുക്കു നല്ലതിന്മണ്ണം ബോദ്ധ്യമുണ്ടു്. ആകട്ടെ. ഈയിടെ എവിടെയായിരുന്നു? രാമയ്യൻ സുഖക്കേടായി കിടക്കുന്നുവെന്നൊരു ശ്രുതി പരന്നു. അതു നമ്മുടെ ചെവികളിലും പെട്ടു.

രാമയ്യൻ സവിനയം മന്ദസ്മിതം തൂകിക്കൊണ്ടു് അറിയിച്ചു:—"സ്വാമീ! സുഖക്കേടിനു ചികിത്സയ്ക്കു പററിയ മരുന്നുകൾ തേടി പല കാടുകളിലും ചുററി."

മാൎത്താണ്ഡ:—നല്ല മൂലികകൾ വല്ലതും കിട്ടിയോ?

രാമയ്യൻ:—കുറച്ചെല്ലാം കൈവശം വന്നിട്ടുണ്ടു്.

മാൎത്താണ്ഡ:—അവയെ വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊള്ളൂ. താൻ മഹാ ചാണക്യനാണു്. അതുകൊണ്ടേ നമുക്കു വല്ലായ്മയുള്ളൂ.

രാമയ്യൻ:—രാജസിംഹമായ തിരുമനസ്സിലെ ഉപ്പും അന്നവുമല്ലേ ഈ കുട്ടിയും ഭക്ഷിക്കുന്നതു്? പല വിശേഷ വത്തമാനങ്ങളും തിരുമനസ്സറിയിക്കുവാനുണ്ടു്. അവ തുറന്നു സംസാരിക്കുമ്പോൾ ഈ ചുവരുകളെപ്പോലും വിശ്വാസമില്ല.

മാത്താണ്ഡ:—വേണ്ട. ഇങ്ങോട്ടടുത്തു നീങ്ങിനിന്നു പറഞ്ഞുകൊള്ളൂ. രാമയ്യനു നമ്മുടെ അടുത്തു വേണ്ട സ്വാതന്ത്ര്യം ഉണ്ടല്ലോ.

സ്വാമിയും അന്നദാതാവുമായ രാജഷഭൻെറ നിയോഗാനുസരണം, അവിടത്തെ തേജോദീപ്തമായ രാജകീയ ശരീരത്തോടു പൂവാധികം സമീപിച്ചു കൈകെട്ടി വായു് പൊത്തി നിന്നു, ആ മന്ത്രിപുംഗവൻ മന്ദസ്വരത്തിൽ, ഒട്ടധികംനേരം, അവിടത്തോടു സംസാരിച്ചു. ഇടയ്ക്കിടെ തിരുമേനി പ്രസന്നഭാവം പൂണ്ടും, ചിലപ്പോൾ, കാര്യഗൌരവത്താൽ ഗാംഭീര്യം അവലംബിച്ചും നിന്നു. മന്ത്രിപ്രവരൻെറ ഭാഷണം സശ്രദ്ധം ശ്രവിച്ചു സന്തുഷ്ടനായി. അനന്തരം ഇങ്ങനെ കല്പിച്ചു:—"അപ്പനേപ്പററി മുമ്പിനാലെതന്നെ നമുക്കു ബോദ്ധ്യമാണു്. അപ്പൻ വേണ്ടവിധം പ്രവത്തിക്കും. അതുകൊണ്ടു രാമയ്യൻ ആ ആശ വിട്ടേക്കണം. കായംകുളത്തെക്കുറിച്ചാണു് ഇപ്പോൾ നമ്മുടെ ശ്രദ്ധ മുഴുവൻ."

രാമയ്യൻ—തെക്കുംകൂറും ചെമ്പകശ്ശേരിയുംകൂടി തുണ നിന്നാലും കായംകുളത്തെ അടിപെടുത്താം.

മാത്താണ്ഡ:—കായംകുളത്തേക്കു മന്ത്രശക്തിയും സൈന്യബലവും വളരെ കൂടുതൽ. രാമവായ്യരും കൃഷ്ണവായ്യരും നല്ല ആലോചനയുള്ള മന്ത്രിമാർ. അച്യുതവായ്യരും ഉണ്ണിത്താന്മാരും ബഹുവൈഭവരാശികളായ പടത്തലവന്മാർ.

രാമയ്യൻ—കല്പിക്കുന്നതുപോലെ ശ്രമസാദ്ധ്യംതന്നെ എന്നാലും സാധിക്കാം.

മാൎത്താണ്ഡ:—ആകട്ടെ. നാംതന്നെ സേനകളോടു കൂടി പുറപ്പെട്ടേക്കാം. രാമയ്യനും കൂടെയുണ്ടല്ലോ.

രാമയ്യൻ:—തിരുമനസ്സുകൊണ്ടു നേരിട്ടെഴുന്നള്ളേണ്ട ഗഡുക്കൾ ഏതെന്നു് അറിയിക്കാം. തിരുമനസ്സുകൊണ്ടു്, കഴിവുള്ളേടത്തോളം, ഇനിയുള്ള കാലം സ്വസ്ഥമായിരുന്നു്, ഈയുള്ള ദാസന്മാരെകൊണ്ടു കൈക്കററപ്പാടുചെയ്യിക്കണം. അതിനു കല്പന കിട്ടണം.

മാൎത്താണ്ഡ.—ആവശ്യത്തിൻെറ സ്ഥിതിപോലെ പ്രവൎത്തിക്കാം കായംകുളത്തേക്കു പുറപ്പെടുവാൻ പട കൂട്ടംമുമ്പു്, അവിടത്തെ സ്ഥിതിഗതികളേക്കുറിച്ചു സൂക്ഷ്മമായി അറിഞ്ഞു് ഒരുക്കങ്ങൾ ചെയ്യണം.

രാമയ്യൻ:—സ്വാമി! കല്പനപോലെ ചെയ്യാം.

മാൎത്താണ്ഡ:—നമ്മുടെ അപ്പനോടുകൂടിയും ആലോചിച്ചുകൊള്ളു.

രാമയ്യ:—"സ്വാമി! പടത്തലവന്മാരെയും വരുത്തി, എളയ തിരുമേനിയേയും മുഖംകാണിച്ചു്, തമ്മിൽ ആലോചിച്ചു തിരുമനസ്സുണൎത്തിക്കാം."

എന്നിങ്ങനെ അറിയിച്ചു രാമയ്യൻ വിടവാങ്ങിപ്പോയി. ആശ്രിതവത്സലനായ മഹാരാജാവു സ്വമന്ത്രിയുടെ അനിതരസാധാരണമായ രാജഭക്തിയേയും നിസ്സ്വാൎത്ഥമായ ദേശസേവനതൽപ്പരതയേയും അനുസ്മരിച്ചു്, ആ ബ്രാഹ്മണയോദ്ധാവിനേ അനുകമ്പാപൂൎവം, മനസാ അനുഗ്രഹിച്ചപ്പോൾ, അവിടത്തേ നേത്രങ്ങളിൽ നിന്നു് ആനന്ദബാഷ്പം ധാര ധാരയായി നിൎഗ്ഗളിച്ചു, ഗണ്ഡപ്രദേശങ്ങളേ സമഷ്ടിയായി സേചനംചെയ്തു.

തിരുമുമ്പിൽനിന്നു പുറപ്പെട്ട രാമയ്യൻ നേരെ പകടശാലയിൽചെന്നു, നെയ്യാററിൻകര, വിളവങ്കോടു്, പത്മനാഭപുരം, കൽക്കുളം മുതലായ ദേശങ്ങളിൽ നിന്നു പടത്തലവന്മാർ ഉടൻ തിരുവനന്തപുരത്തു വന്നുചേരുവാൻ

ചീട്ട് എഴുതുന്നതിനു പകടശാല രായസക്കാരനെ നിയോഗിച്ച ശേഷം മഠത്തിൽ എത്തി. ആ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ആഗമനം പ്രതീക്ഷിച്ച് ഒരു അപരിചിതൻ അവിടെ നിൽക്കുന്നതായി കണ്ടു. അയാളോട് എങ്ങനെ കുശലപ്രശ്നം ആരംഭിക്കേണ്ടുവെന്ന് മന്ത്രി അല്പം ഒന്നു പരുങ്ങി. എന്തുകൊണ്ടെന്നാൽ, ആഗതൻ ഒരു വിദേശിയാണെന്ന്, അയാളുടെ വസ്ത്രാദികളാൽതന്നെ പ്രഥമ വീക്ഷണത്തിൽ വ്യക്തമായി. ശിരസ്സിനെ മൂടിയ തലക്കെട്ടും, നീണ്ട താടിയും, മീശയും, നിറമുള്ള കഞ്ചുകവും, അയവായി കിടക്കുന്ന കാലുറകളും, അരക്കെട്ടിൽ ചെരുകിവച്ചിരിക്കുന്ന ചെറിയ ഖഡ്ഗവും, അയാൾക്കുള്ള പ്രത്യേകതയെ പ്രഖ്യാപനം ചെയ്യുന്നുണ്ട്. അയാൾക്കു പരിചിതമായ ഭാഷ ഏതായിരിക്കുമെന്നു രാമയ്യൻ അല്പനേരം ആലോചിച്ചു. അനന്തരം ഇപ്രകാരം ആത്മഗതം ചെയ്തു:—

"വേഷംകൊണ്ട് ഇയാൾ ഉത്തരഭാരതത്തിൽ ഉള്ളവനെന്നുതോന്നുന്നു. എന്നാൽ ഇക്കാലസ്ഥിതിക്ക് ഒന്നും തീരുമാനിച്ചുകൂടാ. പഠാണിപ്പേട്ടയിലെ മ്ചിഭാഷി എന്നെ പഠിപ്പിച്ച ഉർദ്ദു, എനിക്ക് ഇങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ പലപ്പോഴും ഉപകരിച്ചിട്ടുണ്ട്. ഇയാൾക്ക് ഉർദ്ദു പരിചയം കാണാതെ വരില്ല."

എന്നിട്ട് ആഗതനോട് ഉർദ്ദുഭാഷയിൽ ഇപ്രകാരം അദ്ദേഹം ചോദിച്ചു:—"നിങ്ങൾ ആർ? ദേശം ഏതു? ഇപ്പോൾ എവിടെ നിന്നു വരുന്നു? എന്നേക്കണ്ടതിൽ പ്രത്യേകമായ ഉദ്ദേശം വല്ലതുമുണ്ടോ?

അഭ്യാഗതൻ മന്ത്രിയെ താണുതൊഴുതുകൊണ്ടു പ്രൌഢരീതിയിൽ ഉർദ്ദുഭാഷയിൽ ഇങ്ങനെപറഞ്ഞു:—"ഞാൻ ഒരു സിക്കുകാരൻ. ഗോവിന്ദദാസ് എന്നു പേർ. ദേശാടനത്തിനായി നാടുവിട്ടിറങ്ങി. ഇവിടെ വലിയ ഒരു അരചനുണ്ടെന്നും അങ്ങു മന്ത്രിയാണെന്നും അറിഞ്ഞു. യുദ്ധം

ഉണ്ടെന്നു കേട്ടു. യുദ്ധം നമുക്കും അറിയാം. സത്യത്തിനും ധൎമ്മത്തിനും വേണ്ടി യുദ്ധം ചെയ്യാൻ നമ്മുടെ ഗുരു ഉപദേശിക്കുന്നു. യുദ്ധതന്ത്രങ്ങളും നമുക്കറിയാം."

രാമയ്യൻ അല്പനിമേഷം ചിന്താഗ്രസ്തനായി നിന്ന ശേഷംപറഞ്ഞു:—"ആകട്ടെ, ആലോചിച്ചു വേണ്ടവിധം ചെയ്യാം."

ഗോവിന്ദദാസ്:—മഹാപ്രഭോ! ചതി ലേശമെങ്കിലും ഉണ്ടെന്നു ശങ്കിക്കരുതേ! ഞങ്ങളുടെ ജനത്തിനു ചതി അറിഞ്ഞുകൂടാ. ചതി ഗുരുവിനോടു ചെയ്യുന്ന വലുതായ അപരാധം.

രാമയ്യൻ:—നിങ്ങളുടെ ഗുരു ആർ?

ഗോവിന്ദദാസ് മന്ദസ്മിതപൂൎവ്വം പറഞ്ഞു:—"അല്ലയോ മന്ത്രിപ്രവരാ! നമ്മുടെ ഗുരുവിനെക്കുറിച്ചു് അങ്ങു കേട്ടിട്ടില്ലാത്തതു വലിയ ഒരു കുറവുതന്നെ. ഗുരു ഗോവിന്ദൻ സിക്കുകാരുടെ ആചാൎയ്യൻ. കുലാചാൎയ്യർ. അവിടത്തെ തിരുമൊഴിതന്നെ നമ്മുടെ മതം. ദേശാഭിമാനത്തിൻെറയും പൌരുഷത്തിൻെറയും ജ്യോതിസ്തംഭമായ ഞങ്ങളുടെ കുലഗുരുവിനേക്കുറിച്ചു് അങ്ങു് ഇതിനു് എത്രയോ മുൻപുതന്നെ അറിയേണ്ടതായിരുന്നു." ഇത്രയും പറഞ്ഞു നിൎത്തിയതോടുകൂടി ഗോവിന്ദദാസ്സിൻെറ മുഖത്തു അഭിമാനത്തിൻെറയും പൌരുഷത്തിൻെറയും കൊടികൾ സ്ഫുരിക്കുകയും നേത്രങ്ങൾ പ്രകാശിക്കുകയുംചെയ്തു. സ്ഥലത്തു കേവലം അപരിചിതനും, വിദേശിയും ആയ സന്ദൎശകൻെറ സ്വാഭിപ്രായപ്രകടനത്തിലുള്ള നിൎഭയശീലത്തേ മഹാനായ മന്ത്രി മനസാ പ്രശംസിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"ഗോവിന്ദദാസരേ! നിങ്ങളേ കണ്ടതുകൂടിയതു വളരെ സന്തോഷം. ഇന്നു് ഒരു സുദിനംതന്നെ. നിങ്ങൾ ഇവിടെത്തന്നെ താമസിക്കുക. നാം ബ്രാഹ്മണനാണു

നിങ്ങൾക്കു നമ്മുടെആഹാരം കഴിക്കുന്നതിൽ വിരോധം ഉണ്ടോ?"

ഗോവിന്ദ:—നമ്മുടെ കുടുംബംവിട്ടു പുറത്തു പോയാൽ സ്വയംപാകം തന്നെ നമുക്കു ഗുരു വിധിച്ചിരിക്കുന്നതു്.

രാമയ്യൻ:—എങ്കിൽ അങ്ങനെതന്നെ. നിങ്ങൾനമ്മോടൊന്നിച്ചു് ഇവിടെ താമസിക്കുക. ലാവണവും ശമ്പളവും മൂന്നുനാൾക്കുള്ളിൽ ആലോചിച്ചു നിശ്ചയിക്കാം. സ്വയം പാകത്തിനു വേണ്ട സാധനങ്ങളിവിടെ തരുവിക്കുന്നുണ്ടു്.

ഗോവിന്ദ:—സ്വാമിൻ! മഹാപ്രഭോ! നമ്മുടെ ഗുരുവിന്റെ അനുഗ്രഹം അങ്ങേയ്ക്കു് ഉണ്ടാകും. നാം ഗുരുവിന്റെ കിങ്കരൻ.

രാമയ്യൻ ഒരു ഭൃത്യനെ വിളിച്ചു ഗോവിന്ദദാസ്സിനു സ്നാനാദികൾക്കും സ്വയംപാകത്തിനും വേണ്ട ഏപ്പാടുകൾ ചെയ്യാൻ ആജ്ഞാപിച്ചു്, അവനോടുകൂടി അയാളെ യാത്രയാക്കി. അതിന്റെ ശേഷം, ബുദ്ധിമാനായ മന്ത്രി ഇങ്ങനെ ആലോചിച്ചു:—"ഈ വേഷവും ഭാഷയും സിക്കുമതതത്വപ്രസംഗവുംകൊണ്ടു്, ഒന്നും തീച്ചയാക്കുവാൻ പാടില്ല. .ആകട്ടെ, വിശ്വസ്തനാണോയെന്നു പരീക്ഷിച്ചു നോക്കട്ടെ. ഏതായാലും, കായംകുളത്തേക്കുള്ള പടക്കൂട്ടാൻ കല്പിച്ചു് അനുവദിച്ചു കഴിഞ്ഞമാത്രയിൽ വന്നുകൂടിയ ഈ ശകുനം ഒരു നല്ലശകുനംതന്നെ ആയും വരാം. എല്ലാം തിരുമനസ്സിലെ ഭാഗ്യം ശ്രീ പത്മനാഭൻ സദാ അവിടത്തെക്കൂടെ ഉണ്ടു്. ഈ സ്ഥിതിക്കു വിജയം കരസ്ഥം തന്നെ! സംശയമില്ല"

## അദ്ധ്യായം ൭.

### വീരവിക്രമൻ.

കല്യയുടെ പ്രവാഹത്തിൽ നിപതിച്ച് ഒരു യുവതി ഒഴുകിപ്പോയ ദുഃഖവൃത്താന്തം കണ്ണാകണ്ണികയാ സമീപസ്ഥന്മാർ പലരും രാത്രിയിൽതന്നെ ഗ്രഹിച്ചുകഴിഞ്ഞു. പ്രസ്തുത അത്യാഹിതം സംഭവിച്ച സ്ഥാനത്തുനിന്ന് ഉദ്ദേശം ഒന്നരനാഴിക താഴെയായി ഘോലവക്രഗതിയിൽ ഒഴുകുന്ന ഒരിടത്തു ചെറുതായ ഒരു വല കെട്ടിഉറപ്പിച്ചുകൊണ്ടു്, മൂന്നാളുകൾ പുതുമത്സ്യം പിടിക്കുവാൻ ഉത്സാഹിക്കുകയായിരുന്നു. അവരിൽ ഒരാളുടെ കൈയിൽ സാമാന്യം വലിപ്പമുള്ള ഒരു കത്തിച്ച പന്തം വഹിച്ചിരുന്നു. ആ ഭാഗത്തു് ഇരുകരകളിലുമായി കിടക്കുന്ന പുരയിടങ്ങളുടെ ഉടമസ്ഥനായ വീരവിക്രമൻഉണ്ണിത്താൻ, കൈവൎത്തവിദ്യയിൽ ഏൎപ്പെട്ടിരുന്നവരെ നിയന്ത്രിക്കുവാനായി ചെറുപുഴയുടെ കരയിൽ ഇരിക്കുകയായിരുന്നു. ഒരു തരുണിക്കു നേരിട്ട വിപത്തിനെക്കുറിച്ചു കേട്ട മാത്രയിൽ അയാൾ നിൎഭയം നദിയിലേക്കു കുതിച്ചുചാടി, ഒഴുക്കിനെ ഭേദിച്ചു മുമ്പോട്ടു നീന്തിത്തുടങ്ങി. കരചരണങ്ങൾകൊണ്ടു് ഒരുപോലെ ജലപ്രവാഹത്തോടു മല്ലുവെട്ടുന്നതിനിടയ്ക്കു, തലമുടിയൊ വസ്ത്രപുച്ഛമൊ മറെറന്തെങ്കിലുമൊ അവയിൽ തടയുന്നുണ്ടോയെന്നു പ്രത്യേകം പരിശോധിച്ചുകൊണ്ടു്, ആ യുവാവു രൂക്ഷമായ ശ്രമവും, ഒഴുക്കിൽപെട്ടു പാഞ്ഞുവരുന്ന തരുശാഖകളുടേയും കണ്ടകവൃന്ദങ്ങളുടേയും മററും ദാരുണമായ സമ്പൎക്കവും സഹിച്ചു, മേല്പോട്ടു നീന്തിപ്പോയി. കുറേദൂരം ചെന്നപ്പോൾ അയാൾ ആശാജനകമായ ഒരു കാഴ്ച കണ്ടു. അതു്, ഇരുകരകളിലും പാഷാണഷണ്ണങ്ങളിലും തല്ലി മുട്ടി തകൎന്നു ഛിന്നഭിന്നമായി ഭവിച്ച

മേനാവിൻെറ നഷ്ടശിഷ്ടമായിരുന്നു. അവയേയും അതിക്രമിച്ചു, യുവാവു മേല്പോട്ടു നീന്തി; പെട്ടെന്നു് അയാൾ വലത്തുകരത്തിൽ എന്തിനേയോ ചുററിപ്പിടിക്കുന്നതു കണ്ടു. അതേ! അതു് ആ യുവതിയുടെ കെട്ടഴിഞ്ഞു വിതറിക്കിടന്ന തലമുടിതന്നെ. വീരവിക്രമൻ അരനിമേഷംകൊണ്ടു തലമുടി ചുററി കരമുഷ്ടിയിലാക്കി, യുവതിയുടെ ശിരസ്സിനെ ഉയർത്തിപ്പിടിച്ചുകൊണ്ടു പ്രവാഹഗതിയെ അനുകൂലിച്ചു നീന്തി. തന്നിമിത്തം ശ്രമരഹിതമായി, അല്പസമയത്തിനകം അയാൾ വലയുടെ സമീപത്തു ചെന്നടുത്തു. കൂട്ടുകാൎക്കും സന്തോഷമായി. പിന്നീടു് ഒരു നിമേഷംപോലും പാഴാക്കാതെ ആ യുവവീരൻ തൻെറ ഭാരത്തെ ഭദ്രമായി ഇരുകരങ്ങളിലുമായി താങ്ങിപ്പിടിച്ചു് എടുത്തുകൊണ്ടു് സ്വഭവനത്തെ ലക്ഷ്യമാക്കി പ്രയാണംചെയ്തു. യുവതിക്കു ജീവനുണ്ടോയെന്നു പരിശോധിച്ചു, സമയം പാഴാക്കുവാൻ അയാൾ ഉദ്ദേശിച്ചില്ല. കഴിയുന്നത്ര വേഗത്തിൽ തൻെറ ഗൃഹത്തിൽചെന്നു് പ്രാരംഭശുശ്രൂഷകൾ ആരംഭിക്കുകയാണു് അവശ്യകരണീയമെന്നു അയാൾ നിശ്ചയിച്ചുറച്ചുകൊണ്ടാണു പുറപ്പെട്ടതു.

അയാൾ ശ്വാസോദ്വേഗത്തോടുകൂടി ഗൃഹത്തിൻെറ പടികടന്നു. ഗൃഹാന്തർഭാഗത്തു വിളക്കു കത്തുന്നുണ്ടു്. അങ്കണത്തിൽ ഘനമുള്ള കാലൊച്ചകേട്ടു്, വീരവിക്രമൻെറ മദ്ധ്യവയസ്കയായ മാതാവു നാലുകെട്ടിൻെറ കിഴക്കെ വാതിൽ തുറന്നു. അപ്പോൾ തനിക്കു ലഭിച്ച പണ്ടവുമായി വീരവിക്രമൻ നാലുകെട്ടിൽ പ്രവേശിച്ചു യുവതിയെ ഒരു പായയിൽകിടത്തി. അയാളുടെ മാതാവും ഭൃത്യവൎഗ്ഗവും വസ്തുതയറിയാതെ അമ്പരന്നു. അപ്പോൾ യുവാവു പറഞ്ഞു:—

"അമ്മേ! ചരിത്രംഒക്കെ പിന്നീടു പറയാം. ജീവനുണ്ടെന്നു തോന്നുന്നു. രക്ഷിക്കാമെങ്കിൽ ഈശ്വരൻ സഹായിക്കും. ഞാൻകൂടനില്ക്കുന്നതു ഭംഗിയല്ല."

വീരവിക്രമൻഉണ്ണിത്താന്റെ മാതാവു പറഞ്ഞു:—
"എന്റെ മകൻ പുറത്തുപോയി ഇരുന്നുകൊള്ളൂ. ഞാനും കാൎത്ത്യായനിയും മററുംകൂടി നോക്കിക്കൊള്ളാം. ജീവൻ ഉള്ള ലക്ഷണംതന്നെ."

അമ്മുക്കുട്ടിഅമ്മയ്ക്കു പതിനേഴിനും പത്തൊൻപതിനും മദ്ധ്യേ പ്രായം കാണും. അനിതരസാധാരണമായ സൌന്ദൎയ്യവും അംഗസൌഷ്ഠവവും അവൾക്കു ഉണ്ടായിരുന്നു. ആൾ അതി ദീൎഘയോ ഹ്രസ്വയോ ആയിരുന്നില്ല. ശരീരത്തിൽ അണിഞ്ഞിരുന്ന ആഭരണങ്ങൾ യാതൊന്നും നഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ ധരിച്ചിരുന്ന വസ്ത്രങ്ങൾക്ക്, അവയിൽ ഭരമേല്പിക്കപ്പെട്ടിരുന്ന പാവനമായ വിശ്വാസ്യതയെ പാലിക്കുവാൻ, സാധിക്കാതെ വന്നുപോയിട്ടുണ്ടു്.

വീരവിക്രമൻഉണ്ണിത്താൻ ഇരുപത്തിമൂന്നിനും ഇരുപത്തിഅഞ്ചിനും അകം പ്രായമുള്ള ഒരു യുവാവാണു്. ദീൎഘകായനും ബലിഷ്ഠനും കോമളവിഗ്രഹനുമായ അയാൾക്കു കാലദേശാവസ്ഥയ്ക്കു് അനുരൂപമായ വിദ്യാഭ്യാസവും ആയുധപരിശീലനവും സിദ്ധിച്ചിട്ടുണ്ടു്. വീരളത്തു ഉണ്ണിത്താന്മാർ പൂൎവ്വകാലംമുതൽ തന്നെ കരനാഥന്മാരും പടത്തലവന്മാരും ആയിരുന്നു. വീരവിക്രമന്റെ മാതുലനായ കേരളൻഉണ്ണിത്താൻ കുടുംബത്തിലെ കാരണവരും കായങ്കുളംരാജാവിന്റെ സൎക്കാരിൽ ചുമതലയുള്ള ഒരു ഉദ്യോഗം വഹിച്ചിരുന്ന ആളും ആയിരുന്നു. അദ്ദേഹം കാലഗതിയെ പ്രാപിച്ചിട്ടു് ഇപ്പോൾ ഏഴു സംവത്സരം ആയിട്ടുണ്ടു്. തന്നിമിത്തം ചെറുപ്പത്തിൽതന്നെ കുടുംബഭരണംകൂടി വീരവിക്രമൻ കൈയേൽക്കേണ്ടതായി വന്നു. മാതാവും രണ്ടു സഹോദരികളും അവരുടെ ഓരോ പുരുഷസന്താനങ്ങളും മാത്രമാണു പ്രസ്തുതകുടുംബത്തിൽ കഥാകാലത്തുള്ള അംഗങ്ങൾ.

അപകടത്തിന്ന വിധേയയായ യുവതിയെ പരിചരണാൎത്ഥം മാതാവിനെ ഏല്പിച്ചശേഷം വസ്തുതയറിവാനുള്ള ഉൽക്കണ്ഠയോടുകൂടി വീരവിക്രമൻഉണ്ണിത്താൻ, കാരണവരുടെ ഇരിപ്പിടമായ പടിപ്പുരച്ചാവടിയിൽ ചിന്താഗ്രസ്തനായി ഇരുന്നു. ആ സന്ദൎഭത്തിൽ മനുഷ്യപ്രയത്നംകൊണ്ടു സാധിക്കാവുന്ന സകല ശ്രമങ്ങളും, ശുശ്രൂഷകളും, ഔഷധപ്രയോഗങ്ങളും നാലുകെട്ടിൽ നടത്തപ്പെട്ടുകൊണ്ടിരുന്നു. വൈഭവശാലിനിയായ ഉണ്ണിമാക്കുഞ്ഞമ്മയുടെ ആജ്ഞാനുസരണം, അവരുടെ പുത്രികളുടെ സഹകരണത്തോടുകൂടി വൃഷളികൾ ആതുരയെ ഉരലിന്മേൽ കമഴ്ത്തിക്കിടത്തുകയും ഉടൽ, കരിമ്പടംകൊണ്ടു മൂടിപ്പുതപ്പിക്കുകയും, ശരീരത്തിന്നു ചൂടുപിടിപ്പിക്കുവാനായി കടുകു മുതലായ ഉഷ്ണവീൎയ്യമുള്ള സാധനങ്ങൾ അരച്ചു പ്രധാന മൎമ്മസ്ഥാനങ്ങളിൽ പൂശുകയുംചെയ്തു. ഏതാദൃശങ്ങളായ പ്രാരംഭ ശുശ്രൂഷകളുടെ ഫലമായി അമ്മുക്കുട്ടി അമ്മയുടെ വായിലും നാസാരന്ധ്രങ്ങളിലുംകൂടി ഒട്ടധികം ജലം പുറത്തേക്കു പോയപ്പോൾ, ജൃംഭിച്ചിരുന്ന ഉദരം പൂൎവ്വസ്ഥിതിയെപ്രാപിച്ചു. പ്രസ്തുത ലക്ഷണം ശുഭസൂചകമെന്നുകണ്ടു്, ഉണ്ണിമാക്കുഞ്ഞമ്മ ആ യുവതിയെ എടുത്തു്, ഒരു മെത്തയിൽ കിടത്തി, നെഞ്ചിൽ കൈവെച്ചു പരിശോധിച്ചു അപ്പോൾ ഹൃദയം ചലിക്കുന്നതായും ഉടലിലെ ശൈത്യം മാറിത്തുടങ്ങിയിരിക്കുന്നതായും ബോദ്ധ്യപ്പെട്ടുകയാൽ ഉത്സാഹഭരിതയായ മാതാവു പുറത്തേക്കു ഇറങ്ങിപ്പോയി, ഏതോ ചില പച്ചിലകൾ പറിച്ചുകൊണ്ടുവന്നു കശക്കി, ആതുരയുടെനേത്രങ്ങളിൽ നസ്യപ്രയോഗം ചെയ്തു. ഔഷധശക്തി ഏൽക്കയാൽ യുവതിയുടെ ഉടൽ ആകെ ഒന്നുഞെളിഞ്ഞു; അവൾ ഒരു ദീൎഘശ്വാസംവിട്ടു. എങ്കിലും പ്രജ്ഞ ഉണ്ടായില്ല. അതിനാൽ, ശരീരത്തിന്നു തണുപ്പുതട്ടാതിരിക്കുവാൻ നല്ലതിന്മണ്ണം മൂടിപ്പുതപ്പിച്ചു

ശേഷം, അല്പം ചൂടുവെള്ളം തിരിശ്ശീലയിൽതൊട്ടു മാതാവു തന്നെ വായിലേക്കു വീഴ്ത്തിക്കൊണ്ടിരുന്നു. യുവതി ജലകണങ്ങൾ ആർത്തിയോടെ ഇറക്കി. അപ്പോൾ കുഞ്ഞമ്മയുടെ മുഖം ഒട്ടു പ്രസന്നമായി.

"ഇനിയും ഭയപ്പെടാൻ ഇല്ല. എങ്കിലും ബോധം വന്നിട്ടില്ല." എന്നു് ആർദ്രമനസ്സായ ആ സ്ത്രീരത്നം സമീപവർത്തികളോടു പറഞ്ഞു. അനന്തരം വറുത്തു ചൂടു പിടിപ്പിച്ച തവിടുകൊണ്ടു ശരീരത്തിൽ ആസകലം കിഴി തിരുമ്മി; സന്ധികളിലും മർമ്മസ്ഥാനങ്ങളിലും നസ്യത്തിനുപയോഗിച്ച ഔഷധം പൂശി. ഇപ്രകാരം ഉണ്ണിമാക്കഞ്ഞമ്മതന്നെ ശയ്യയ്ക്കു സമീപത്തു് ഇരുന്നു്, ഉദ്ദേശം രണ്ടുരണ്ടരനാഴിക നേരം ശുശ്രൂഷിച്ചു. അപ്പോൾ സുഖനിദ്രയിൽ നിന്നു് ഉണരുന്ന മട്ടിൽ അമ്മുക്കുട്ടിഅമ്മ നെടുവീർപ്പിട്ടു, തെളിപിരികൊണ്ടു നേത്രങ്ങൾ തുറന്നു. പൊയ്പോയ ഓജസ്സു മുഖത്തിൽ വീണ്ടും നടനം ചെയ്തു. ആ തരുണി ആശ്ചര്യപുരസ്സരം, ചുററും നോക്കി. എന്തോ സംസാരിക്കുവാനായി അധരങ്ങൾ അനക്കുന്നതു കണ്ടു, മാതാവു് ഇങ്ങനെ മന്ദസ്വരത്തിൽ പറഞ്ഞു:—"മകളേ! ഞങ്ങൾ വേണ്ടപ്പെട്ടവർ തന്നെ. സ്വന്തകുടുംബത്തിൽ ആണെന്നു വിചാരിച്ചുകൊള്ളൂ. സുഖക്കേടു് ഭേദപ്പെട്ടു. ഒട്ടും പേടിക്കേണ്ട. സംസാരിക്കുവാൻ തക്ക ശക്തി വന്നിട്ടില്ല. അല്പം വെള്ളം കുടിക്കരുതോ?" 'ചൂടുവെള്ളം' എന്നു അമ്മുക്കുട്ടിഅമ്മ ഉരുവിട്ടു. അക്ഷരസ്ഫുടതയോടുക്രുടിയാണു് ഇത്രയും ഉച്ചരിച്ചതെങ്കിലും കണ്ഠം തെളിഞ്ഞിരുന്നില്ല.

ഉടൻതന്നെ ചൂടുവെള്ളം എടുത്തു ഉണ്ണിമാക്കഞ്ഞമ്മ കുറേശ്ശെ മെല്ലെമെല്ലെ, അമ്മുക്കുട്ടിഅമ്മയുടെ വായിൽ വീഴ്ത്തിക്കൊടുത്തു. യുവതി ജലം സന്തുഷ്ടിയോടേകുടിച്ചു അനന്തരം മാതാവു പുറത്തുചെന്നു വസ്തുതകൾ പുത്രനേ ധരിപ്പിച്ചു. യുവതിയേക്കുറിച്ചുതാൻ കേട്ടറിഞ്ഞിടത്തോളം

വിവരങ്ങൾ വീരവിക്രമൻ മാതാവിനോട്ട് അപ്പോൾ മാത്രമേ പറഞ്ഞുള്ളു. ഉടൻ കുഞ്ഞമ്മ പുത്രനോടിങ്ങനെ പറഞ്ഞു:—"എൻെറ മകനേ! ഈശ്വരൻ അതിനെ രക്ഷിച്ചു. ഇനി ആരും ദുഃഖിച്ചിട്ട് ആവശ്യമില്ല. നീ പോയി വിവരം പടത്തലവനേ അറിയിച്ച്, അദ്ദേഹത്തേ കൂട്ടിക്കൊണ്ടു വരണം! അദ്ദേഹം വന്നാലും അധികം വത്തമാനം പറഞ്ഞു ഇപ്പോൾ ശല്യപ്പെടുത്തരുതെന്നും പറഞ്ഞേക്കണം."

മാതൃകല്പനയനുസരിച്ചു ധീരോദാത്തനായ വീരവിക്രമൻ തൽക്ഷണം, പടത്തലവൻ ഇരിക്കുന്ന ഗൃഹത്തിലേക്കു പുറപ്പെട്ടു. വീരളത്തെ യുവാവായ കാരണവർ യുവതിയേ വെള്ളത്തിൽ നിന്നു് എടുത്ത വിവരം അയാളുടെ അനുചരന്മാരല്ലാതെ മററാരും അറിയുവാൻ ഇടയായില്ല. പടത്തലവനോടുള്ള ബഹുമാനം പ്രമാണിച്ചും, അത്യാഹിതത്തേക്കുറിച്ചുള്ള കൂടുതൽ വൃത്താന്തങ്ങൾ അറിയുവാനുള്ള ഔത്സുക്യത്തോടുകൂടിയും ഗ്രാമവാസികൾ പലരും ചുറ്റുകത്തിച്ചു പിടിച്ചുകൊണ്ടു അദ്ദേഹത്തിൻെറ വിശ്രമസ്ഥലത്തേക്കു പൊയ്ക്കൊണ്ടിരുന്നതിനാൽ, മററന്വേഷണങ്ങൾ കൂടാതെ നിഷ്പ്രയാസം, ഉണ്ണിത്താൻ പ്രസ്തുത ഭവനത്തിൽ ചെന്നെത്തി. തത്സമയം പടത്തലവൻ ചിന്താകുലനായി ഒരു കട്ടിലിൽ കമഴ്ന്നു കിടക്കുകയായിരുന്നു. അദ്ദേഹത്തിൻെറ അനുചരന്മാർ, അകലെമാറി, അവിടവിടെയായി കൂട്ടംകൂടി ഇരുന്നു ദുഃഖവൃത്താന്തം കേട്ടറിഞ്ഞു, ഗ്രാമീണരിൽ പലരും ആ ഗൃഹത്തിൽ വന്നുംപോയും കൊണ്ടിരുന്നു.

വീരവിക്രമൻ, നേരെ പടത്തലവൻെറ ശയ്യയെ സമീപിച്ചു, കരാംഗുലികളാൽ അദ്ദേഹത്തെ തട്ടി ഉണത്തി ഇപ്രകാരം പറഞ്ഞു: "അങ്ങു് എഴുന്നേല്ക്കണം. ആ സ്ത്രീ

രക്ഷപ്പെട്ടു. സുഖക്കേടു ഭേദമായി. ഇനി ക്ഷീണം നീങ്ങിയാൽ മതി."

ത്രിവിക്രമൻഉണ്ണിത്താൻ ആശ്ചയ്യവും സന്തോഷവും സംഭ്രമവും പൂണ്ടു ചാടി എഴുന്നേററു; യുവാവിനെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു:—"എപ്പോഠം? എങ്ങനെ? ആരു രക്ഷിച്ചു? ഈശ്വരാ! മനസ്സമാധാനമായി."

വീര:—അതൊക്കെ സാവകാശമായി അറിയിക്കാം. അവർ എന്റെ ഭവനത്തിൽ ഉണ്ടു്. നമുക്കു് അങ്ങോട്ടു പോകാം.

പടത്തലവന്റെ അനുചരന്മാരും മററു ജനങ്ങളും വിസ്മയസമന്വിതം ഈ സന്തോഷവാൎത്ത ശ്രവിച്ചു. പിന്നീടു നേരം കളയാതെ പന്തക്കുഴകളുടെ സഹായത്തോടു കൂടി ത്രിവിക്രമൻ ഉണ്ണിത്താൻ, വീരവിക്രമനോടും ഒട്ടധികം അനുയായികളോടുംകൂടി വീരളത്തു ഭവനത്തിലേക്കു ശീഘ്രഗതിയിൽ യാത്ര തിരിച്ചു. സ്വഗൃഹത്തിൽ എത്തിയ ഉടൻ ഗൃഹനായകൻ പൂജ്യനായ അതിഥിയെ പടിപ്പുരച്ചാവടിയിൽ യഥോചിതം ഇരുത്തിയശേഷം പറഞ്ഞു:—"അങ്ങു വന്നിരിക്കുന്ന വിവരം അകത്തു് അറിയിക്കുവാൻ അമ്മയോടു പറയാം. അങ്ങുന്നു പെട്ടെന്നു് ആ യുവതിയെ ചെന്നു കണ്ടാൽ അവക്കു വല്ല മനഃക്ഷോഭവും ഉണ്ടായേക്കാം."

ത്രിവി:—അതു ശരിതന്നെ ഞാൻഇവിടെ ഇരിക്കാം.

വീരവിക്രമൻ നാലുകെട്ടിലേക്കു ചെന്നു പടത്തലവൻ വന്നിട്ടുള്ള വസ്തുത മാതാവിനോടു പറഞ്ഞു.

ഉണ്ണിമാ:—അദ്ദേഹം അല്പനേരം അവിടെഇരിക്കട്ടെ. ഞാൻ സാവകാശമായി ആ കുട്ടിയോടു വിവരം പറയാം. അതു് കുറച്ചൊന്നു മയങ്ങിയശേഷം, ഇപ്പോഠം ഉണന്നു് എഴുന്നേററു; കുറച്ചു ചൂടുകഞ്ഞി കുടിക്കുകയാണു്.

വീര:—അമ്മ അകത്തേക്കു പോകണം, ഞാൻ അദ്ദേഹത്തോടു വിവരം പറയട്ടെ.

മാതാവു കെട്ടിനകത്തേക്കും പുത്രൻ പടിപ്പുരയിലേക്കും പോയി. അപ്പോൾ പടത്തലവൻ ചോദിച്ചു:—"ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?"

വീര:—അല്പം ഉറങ്ങിയശേഷം എഴുന്നേററിരുന്നു പൊടിയരിക്കഞ്ഞി കുടിക്കുന്നു. ഭയപ്പെടേണ്ട ഗന്ധമെല്ലാം കഴിഞ്ഞു. കുറച്ചുനേരം കഴിഞ്ഞു് അങ്ങേക്കു പോയി കാണാം.

ത്രിവിക്ര:—ഈശ്വരൻ അനുഗ്രഹിച്ചു. ഇനിയും നടന്ന വാസ്തുതകൾ എന്നോടു പറയുമോ?

ഗൃഹനായകൻ യുവതിയെ രക്ഷപ്പെടുത്തിയതിൻെറ ചരിത്രം സമസ്തവും, വിശദമായി പടത്തലവനോടു പറഞ്ഞു. അപ്പോൾ ത്രിവിക്രമൻഉണ്ണിത്താൻെറ നേത്രങ്ങളിൽ നിന്നു് ആനന്ദാശ്രു ഗളിച്ചു. അവിടെ കൂടിയിരുന്ന മററാളുകളും സന്തുഷ്ടരായി. പടത്തലവൻ സ്വസ്ഥാനത്തു നിന്നു് എഴുന്നേററു് വീരവിക്രമനെ ഗാഢമായി ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു:—"എൻെറ അനുജാ! ഇച്ചെയ്ത ഉപകാരത്തിനു് ഈ അശക്തൻ എന്തു പ്രത്യുപകാരമാണു ചെയ്യേണ്ടതു്?"

വീര:—ഞാൻ പ്രത്യുപകാരം ഉദ്ദേശിച്ചു യാതൊന്നും ചെയ്തിട്ടില്ല. അവിടത്തെ സ്നേഹം ഉണ്ടായിരുന്നാൽമതി.

ത്രിവിക്ര:—നാം തമ്മിൽ ഒരുവിധമായ പൂർവ്വപരിചയവുമില്ലെങ്കിലും, അനുജനെ എൻെറ സഹോദരനായി കരുതുന്നു. ഇതിനു് ഇജ്ജന്മം വ്യത്യാസം വരുകയില്ല. അനുജൻെറ പേരു് എന്തു്? ഈ കുടുംബവും ഏതെന്നു് അറിയണം.

വീര:—ഈ കുടുംബം വീരളത്തു് എന്നു പറയും. എൻെറ പേരു് വീരവിക്രമൻ എന്നു്; ഞങ്ങൾ ഉണ്ണിത്താ

ന്മാരാണു്. കാരണവന്മാർ പണ്ടുപണ്ടേ കായംകുളം രാജ്യത്തേ ഉദ്യോഗസ്ഥന്മാരും പടത്തലവന്മാരും ആയിരുന്നു. ഇപ്പോഴത്തേ കാരണവർ ഞാൻതന്നെ. അമ്മയും രണ്ടു സഹോദരികളും കുട്ടികളും തന്നെ ഇവിടത്തേ അംഗങ്ങൾ. പണ്ടത്തെ നില ഒന്നും ഇപ്പോൾ ഇല്ല. എങ്കിലും അഷ്ടിക്കുള്ള വകയെല്ലാം ഇപ്പോഴും ഉണ്ടു്.

ത്രിവിക്ര:—വളരെ സന്തോഷം. ഞാനും ഉണ്ണിത്താൻ തന്നെ. ത്രിവിക്രമൻ ഉണ്ണിത്താൻ ഇവിടത്തേ വലിയ പടത്തലവനാണെന്നു് അറിയാമല്ലോ. കുന്നത്തുനാട്ടു് കുടുംബം. കായംകുളത്തും വീടും സ്വത്തുക്കളും ഉണ്ടു്.

വീര:—ഈ യുവതി അങ്ങയുടെ—

ത്രിവിക്രമ:—അക്കാര്യമാണു ഞാൻ പറയുവാൻ തുടങ്ങിയതു്. അമ്മിണി റാന്നിയിൽ ഒരു വലിയ കുടുംബക്കാരി. സ്വത്തു പണമായും നിലം പുരയിടമായും ദേശവഴി തുറെറാന്നിൽപരംവരും, ഭാഗ്യദോഷത്താൽ അമ്മിണിയല്ലാതെ മററവകാശികൾ ഇല്ലാതെയും വന്നു. അവിടെ വലിയ കൊട്ടാരംപോലുള്ള വീടും കുളപ്പുരയും വേലക്കാരും ചട്ടവട്ടങ്ങളും എല്ലാം ഉണ്ടെങ്കിലും, തനിയെ ഉള്ള താമസം സുഖമാണോ? ഞങ്ങൾ പൂർവ്വബന്ധുക്കളുമാണു്. നമ്മുടെ ഭാര്യക്കു് അവരുടെ കുടുംബംവിട്ടു താമസിക്കാൻ തരമില്ലാത്ത പതനമാണു് അവിടെ. നമുക്കു് ഇവിടത്തേ കുടുംബത്തിൽ സഹായത്തിനു് ഒരാൾ കൂടിയേ തീരൂ. ഇത്തവണ കിഴക്കോട്ടു പോയപ്പോൾ പുടവകൊടുത്തു കൊണ്ടുപോന്നിരിക്കയാണു്. ഉദ്യോഗംവിട്ടു കുന്നത്തുരും റാന്നിയിലുമായി കാര്യാന്വേഷണം നടത്തണമെന്നു മോഹമുണ്ടു്. പക്ഷേ തിരുമേനിക്കു് എന്നെ വിടത്തിഅയക്കുവാൻ ഹിതമല്ല. വിശേഷിച്ചു് ഇപ്പോൾ യുദ്ധകാലവും. എന്നേ, അത്യാവശ്യമായ ഒരു രാജ്യകാര്യംപ്രമാണിച്ചു് ഒരു ദൂരസ്ഥലത്തേക്കു് കല്പിച്ചു് അയ

ച്ചിരിക്കയായിരുന്നു. അതു നിവ്വഹിച്ചു മടങ്ങുന്നതിന് ഇപ്പൊഴേ സാധിച്ചുള്ളു.

വീര:—അവിടത്തെ ചരിത്രം കേട്ടതിൽ വളരെ സന്തോഷമുണ്ട്. ദയവായി രണ്ടുനാൾ എങ്കിലും ഇവിടെ താമസിച്ച്, ഈ ഗ്രാമീണൻെറ ഉപചാരങ്ങൾ സ്വീകരിച്ചു ശേഷം, കായംകുളത്തേക്കു പോയാൽ മതിയെന്ന് ഒരു അപേക്ഷയുണ്ട്.

ത്രിവിക്ര:—അനുജൻെറ താൽപ്പൎയ്യംപോലെ എന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണ്. എന്നാൽ ഇപ്പോഴത്തെ ഗഡുവ് എത്ര ഗൌരവമുള്ളതെന്ന് അനുജനും ഊഹിച്ചാൽ അറിയാമല്ലൊ. പടകൾ പലടത്തുനിന്നും വന്നുകൂടിത്തുടങ്ങി. ഞാൻ കൂടി ചെന്നു് ഉടനെ പലതും ശട്ടമാക്കുവാനുണ്ട്. ഇന്നുതന്നെ കോട്ടയ്ക്കകത്ത് എത്തി മുഖം കാണിക്കണമെന്ന് ഉദ്ദേശിച്ചാണു പുറപ്പെട്ടതു്. എന്നാൽ ആ ആശ തെററിയല്ലോ.

വീര:—എല്ലാം അവിടത്തെ ഇഷ്ടം. ഇനിയും അകത്തേക്കു പോയിനോക്കാം.

എന്നിങ്ങനെ പറഞ്ഞു, ത്രിവിക്രമൻഉണ്ണിത്താനെ കൂട്ടിക്കൊണ്ടു വീരവിക്രമൻ നാലുകെട്ടിലേക്കു പോയി. പടത്തലവനും സുകുമാരകളേബരനും ആയ ഒരു യുവാവും കൂടി വരുന്നതുകണ്ടു് അമ്മുക്കുട്ടിഅമ്മ ഇരുന്നിരുന്ന കട്ടിലിൽനിന്നു് എഴുന്നേല്ക്കുവാൻ ശ്രമിക്കുന്നതുകണ്ട്, പടത്തലവൻ പറഞ്ഞു:—"വേണ്ട. വേണ്ട. ആവക ഉപചാരം ഒന്നും ഇപ്പോൾ ആവശ്യം ഇല്ല. ഈ നിലയിൽ സുഖമായതുതന്നെ വലിയ അനുഗ്രഹം. അമ്മിണിയെ രക്ഷിച്ച ആൾ ഈ നിൽക്കുന്ന അനുജനാണു്. ഇദ്ദേഹം ഇവിടത്തെ മൂത്ത കുഞ്ഞമ്മയുടെ മകൻ. ഇവിടത്തെ കാരണവരും."

ഉണ്ണിമാക്കഞ്ഞത്തമ്മയും വീരവിക്രമനും പ്രസന്നമുഖരായി മൌനംഭജിച്ചുനിന്നു. അമ്മുക്കുട്ടി ആദ്യം ഉണ്ണിമാക്കഞ്ഞത്തമ്മയുടേയും പിന്നീടു യുവാവിൻേറയും മുഖത്തേക്ക് തൻേറ ദൃഷ്ടികളെ നയിച്ചു. എന്നിട്ട് ഉണ്ണിത്താനോടായി മന്ദസഞ്ചാരത്തിൽ പറഞ്ഞു:—"എൻേറ വീട്ടിൽപോലും ഇത്രയും ഉപചാരവും ശുശ്രൂഷയും എനിക്കു കിട്ടാൻ പ്രയാസം. ഈ സഹായങ്ങൾ ഒരിക്കലും മറക്കത്തക്കതല്ല."

ഉണ്ണിമാ:—ഇത്രവളരെ പുകഴ്ത്താൻ ഞങ്ങൾ എന്തു ചെയ്തു? ഏതായാലും കുഞ്ഞിൻേറ അത്യാപത്തു നീങ്ങി. ദീൎഘായുസ്സ് ഉണ്ടു്. സംശയമില്ല.

അമ്മു:—അമ്മയുടെ മകനും അമ്മയുംകൂടെ അമ്മിണിക്കു പൊയ്പോയ ജീവൻ തിരിച്ചുതന്നു.

ഉണ്ണിമാക്കഞ്ഞത്തമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു:—"അങ്ങനെ പറയരുതെ മകളേ! ഈശ്വരൻ രക്ഷിച്ചു. അങ്ങത്തേക്കും മററും ഊണിനു സമയമായില്ലേ? ഞാൻ അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാം. വിക്രമാ! മകൻ പടിപ്പുരയിലേക്കു ചെല്ലു. എത്രപേർ ഉറക്കമിളച്ചു വിശന്നിരിക്കുന്നു!

ത്രിവിക്ര—എനിക്കു വിശപ്പും ക്ഷീണവും ഒക്കെ നീങ്ങി. കൂടെ വന്നവൎക്കു സൌകൎയ്യംപോലെ എന്തെങ്കിലും കൊടുത്താൽ മതി.

ഉണ്ണിമാ:—ഞങ്ങൾ സാധുക്കൾ. വലിയപടത്തലവൻ അങ്ങത്തെ ഊണിനു ക്ഷണിക്കുവാൻ തക്ക കെല്പൊന്നും ഇവിടെ ഇല്ല. എങ്കിലും ഒരാഗ്രഹം. കുറച്ചുവല്ലതും കഴിക്കണം.

ത്രിവിക്ര:—കൊള്ളാം. ഈ വീരളത്തുകുടുംബം ഇന്നോ ഇന്നലെയോ ഉണ്ടായതോ? കേട്ടറിവു ധാരാളം ഉണ്ടു്.

ഈ രാത്രിയിൽ അസമയത്തു് ഇത്ര വളരെപ്പേൎക്കു ശാപ്പാടിന്നു് ഒരുക്കുന്നതു ബദ്ധപ്പാടല്ലേ?

ഉണ്ണിമാ:—ഊണുകാലമായിട്ടുണ്ടു്. ഒരുക്കം ഒന്നും വിശേഷിച്ചു ചെയ്തിട്ടില്ല.

അമ്മു:—ഞാൻ പൊടിയരിക്കഞ്ഞി വയറുനിറച്ചു കുടിച്ചു. ഊണുകഴിക്കാൻ ഒരുങ്ങരുതേ! കൂടെയുള്ളവർ വിഷമിക്കും.

"അങ്ങനെതന്നെ" എന്നു പറഞ്ഞുകൊണ്ടു ത്രിവിക്രമൻഉണ്ണിത്താൻ ശരീരശുദ്ധി വരുത്തുവാൻ പുറപ്പെട്ടു. അനന്തരം പടത്തലവനും അനുചരന്മാരും ഹൃദ്യമായ ഭക്ഷണംകഴിച്ചു് നിദ്രയ്ക്കാരംഭിച്ചു.

പിറേറദിവസം പ്രഭാതമായപ്പോഴേക്കു്, അമ്മുക്കുട്ടിഅമ്മക്കു പൂൎവ്വാധികം ആരോഗ്യവും ഉന്മേഷവുംസിദ്ധിച്ചു. ഉണ്ണിമാക്കുഞ്ഞമ്മയുടെ നിർബ്ബന്ധപൂൎവ്വമായ അഭിപ്രായം അനുസരിച്ചു്; അന്നേദിവസവും പടത്തലവനും അമ്മുക്കുട്ടിഅമ്മയും പരിവാരസമേതം വീരളത്തുതന്നെ താമസിച്ചു. മൂന്നാംനാൾ പ്രഭാതത്തിൽ കഞ്ഞികഴിഞ്ഞു കായങ്കുളത്തേക്കു പുറപ്പെടണമെന്നായിരുന്നു നിശ്ചയം.

രണ്ടാംദിവസം സായാഹ്നത്തിൽ പടത്തലവനും അമ്മുക്കുട്ടിഅമ്മയുംകൂടി ഗൂഢമായി ഇങ്ങനെ ഒരു സംഭാഷണം നടന്നു.

"എനിക്കു് വീരവിക്രമനോടു അതിരററ വാത്സല്യം ഉണ്ടു്. അയാളെ പിരിഞ്ഞിരിക്കുന്നതുതന്നെ വിഷമമെന്നു തോന്നുന്നു" എന്നു ത്രിവിക്രമൻ ഉണ്ണിത്താൻ പറഞ്ഞു.

അമ്മു:—എനിക്കും ഈ അമ്മയേയും മററും വിട്ടു പിരിയുവാൻ മനസ്സു സമ്മതിക്കുന്നില്ല. ഈ ചെറിയ ഉണ്ണിത്താൻ ആൾ അസാമാന്യൻ! സാമാന്യക്കാർ നിനച്ചാൽ ആ വൈതരണിയിൽ കൂരിരുട്ടത്തു വെള്ളത്തിൽ പോയവരെ വീണ്ടെടുക്കുവാൻ കഴിയുമോ? ആ അമ്മയുടെ

ശുശ്രൂഷയും, അവർ തന്ന മരുന്നുകളുടെ ശക്തിയും ചില്ല യൊന്നുമല്ല. നാം എന്തൊരു പ്രത്യുപകാരമാണു് ഇവക്കു ചെയ്യേണ്ടതു്?

ത്രിവിക്ര—പൊന്നോ ഭൂമിയോ എന്തുവേണമെങ്കിലും കൊടുക്കുവാൻ സന്തോഷമുണ്ടു്. പക്ഷേ അതൊന്നും കൊടുത്താൽ വാങ്ങുന്ന പ്രകൃതമല്ല വീരവിക്രമനുള്ളതു്. ആൾ മഹാ സ്വതന്ത്രൻ. എന്തൊരു നല്ല പ്രകൃതം. തന്റേടവും അതുപോലെതന്നെ. വീരവിക്രമൻതന്നെ. എങ്ങനെയാണു നമ്മുടെ സന്തോഷം പ്രകാശിപ്പിക്കേണ്ടതു്.

അമ്മുക്കുട്ടിഅമ്മ അല്പനേരം ഗാഢാലോചനയിൽ ഇരുന്നശേഷം പറഞ്ഞു:—"എനിക്കു് ഒന്നു തോന്നുന്നു. എന്റെ അഭിപ്രായം ശരിയാണോ എന്നറിയുന്നില്ല. അതു് ഉണ്ണിത്താൻ സ്വീകരിക്കുമോ എന്നും നിശ്ചയമില്ല"

ത്രിവിക്ര—എന്താണു്? പറയൂ.

അമ്മു:—അവിടുന്നും എന്നെപ്പോലെ തന്നല്ലോ. പിൻതുണയ്ക്കു് ഒരാൾ വേണ്ടേ? ഈ ഉണ്ണിത്താനെക്കൂടെ കായങ്കുളത്തേക്കു കൊണ്ടുപോയി താമസിപ്പിച്ചാലെന്തു്?

ത്രിവിക്ര:—അതു ശരിതന്നെ. ഇക്കുടുംബക്കാർ പണ്ടേ പടത്തലവന്മാർ, വീരവിക്രമനോ നല്ല ചെറുപ്പം. പടയിൽ വളരെ ശോഭിക്കും. എന്റെ അംഗരക്ഷകനായി ഏടിൽ കൊള്ളിക്കാം. തിരുമനസ്സുകൊണ്ടു കല്പിച്ചു അനുവദിക്കും.

അമ്മു:—അതു നല്ല ആലോചന. കൂടെ വരുമോ? അമ്മ അനുവദിക്കുമോ? ഇവിടെ കാര്യാന്വേഷണത്തിനു മററാരുണ്ടു്?

ത്രിവിക്ര:—ഇതെല്ലാം ആലോചിച്ചാൽ പരുങ്ങൽ തന്നെ. എങ്കിലും പറഞ്ഞുനോക്കാം. ഇവിടത്തെ കുഞ്ഞമ്മയെ പറഞ്ഞു സമ്മതിപ്പിച്ചുകൊള്ളാമോ?

അമ്മു:—ഞാൻ പറഞ്ഞുനോക്കാം. ഞാൻ നിർബ്ബന്ധംപറഞ്ഞാൽ തള്ളുകില്ലെന്നു തോന്നുന്നു. ജീവനെ രക്ഷിച്ചവരല്ലേ? മാതാവിൻേറയും പുത്രിയുടേയും മററം നിലയാണല്ലൊ ഞങ്ങൾക്ക്.

ത്രിവിക്ര:—എന്നാൽ അങ്ങനെതന്നെ. ഞാൻഇപ്പോൾ തന്നെ വീരവിക്രമനോടു പറയാം.

പ്രസ്തുത നിശ്ചയം അനുസരിച്ച്, അവർ തങ്ങളുടെ അഭിമതത്തെ ഗൃഹനായികയേയും ഗൃഹനായകനേയും ഉപചാരപൂർവംഗ്രഹിപ്പിച്ചു. വലുതായവൈമനസ്യത്തോടു കൂടിയാണെങ്കിലും, ഉണ്ണിമാക്കഞ്ഞമ്മയും വീരവിക്രമനും പടത്തലവൻെറ അഭിപ്രായത്തെ അനുകൂലിച്ചു. കുടുംബഭരണത്തിനു് ഒരു കായ്യസ്ഥനെ നിയമിച്ചശേഷം, പിറെറ ദിവസം രാവിലെതന്നെ വീരളത്തെ കാരണവർ ദേശസേവനത്തിനായി പടത്തലവനോടുകൂടി കായങ്കുളംരാജധാനിയിലേക്കു പുറപ്പെട്ടു. തന്നിമിത്തം അമ്മുക്കുട്ടിഅമ്മയ്ക്കും അപരിമിതമായ സന്തുഷ്ടി ഉണ്ടായി.

---

## അദ്ധ്യായം ൯.

---

### അപ്രതീക്ഷിതദർശനം.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിൻെറ മൂന്നാംനാൾ സായാഹ്നത്തിൽ കായംകുളം കോട്ടയ്ക്കകത്തുള്ള ഒരു ഭവനത്തിൽ, വിദേശരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരു അപരിചിതൻെറ ആഗമനം ഉണ്ടായി. പൊടിയും ചെളിയും പററി നിറംപിഴച്ച ചുവപ്പു ചേലകൊണ്ടു കണ്ണുകളേ അർദ്ധഭാഗവും ആവരണം ചെയ്തുള്ള തലക്കെട്ടും, അഴക്കും മെഴുക്കും പിടിച്ച

ഭവിച്ച് അവിടവിടെ കീറിപ്പറിഞ്ഞു തുടങ്ങിയ ആയതമായ വെള്ളക്കുപ്പായവും, പാണ്ഡുരവർണ്ണം പൂണ്ട രേഖാജാലങ്ങളാൽ ചതുരചിത്രീകൃതമായ മുഷിഞ്ഞുതുടങ്ങിയ കടിദേശവസ്ത്രവും, ചുമലിൽ തൂക്കിയിട്ടിരുന്ന, സാമാന്യം ജൃംഭിതമായ പൊക്കണവും, കർണ്ണരന്ധ്രങ്ങളിൽ തൂങ്ങിക്കിടക്കുന്ന വർത്തുളമായ ഓരോ ചെമ്പുകമ്പികളും വളർന്നുനില്ക്കുന്ന ചെമ്പൻ താടിയും മീശയും അയാൾക്കുള്ള വസ്ത്രാദ്യാലങ്കാരങ്ങളായിരുന്നു. ചിരട്ടക്കരി അരച്ച് ഉടലാകെ പൂശിയാലെന്നവണ്ണം കൃഷ്ണവർണ്ണം പൂണ്ട, ദീർഘകായനും ബലിഷ്ഠനുമായ ഒരു യുവാവാണ് അയാൾ. കൈയിൽ സാമാന്യം വണ്ണവും നീളവുമുള്ള ഒരു വേത്രദണ്ഡും ആഗതൻ ധരിച്ചിരിക്കുന്നു. സ്കന്ധത്തിൽ പിന്നോക്കം തൂക്കിയിട്ടിരിക്കുന്ന ഭാണ്ഡസഞ്ചിയിൽ നിന്നു്, ഈറക്കുഴൽ രൂപപ്പെടുത്തി ഉണ്ടാക്കിയ ഒരു ഓടക്കുഴലിന്റെ അഗ്രം പുറത്തേക്കു കാണപ്പെടുന്നുണ്ട്. ഭ്രൂമദ്ധ്യത്തിൽ കുങ്കുമം കൊണ്ടു സാമാന്യം വലിപ്പമുള്ള ഒരു തിലകം ധരിച്ചിരിക്കുന്നു വേഷഭൂഷാദികൾ കണ്ടതിൽ, ലക്ഷണവും ശുഭാശുഭങ്ങളും പറഞ്ഞു ഭിക്ഷ വാങ്ങി ഭവനംതോറും അലഞ്ഞുതിരിയുന്ന ഒരു കോടാങ്കിയുടെ സവ്ചിഹ്നങ്ങളും അയാളിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നുള്ളതിനു സന്ദേഹമില്ല

ഭവനത്തിന്റെ പടിപ്പുരയ്ക്കു സമീപം എത്തിയപ്പോൾതന്നെ കോടാങ്കി മാറാപ്പിൽ കൈയിട്ടു, രുദ്രവാദ്യം കൈയിലെടുത്തു, മൂന്നുനാലു കുടുക്കി ശബ്ദം പുറപ്പെടുവിച്ചു, തന്റെ പ്രശസ്തമായ തൊഴിലിന്റെ പീഠിക പ്രസിദ്ധപ്പെടുത്തി: അകത്തു പ്രവേശിച്ചയുടൻ തന്റെ അധികാരസീമയ്ക്കുള്ളിൽ വിലക്ഷണസമന്വിതനായ ഒരു അപരിചിതൻ ധിക്കാരപൂർവ്വം കടന്നുവരുന്നതുകണ്ടു കുപിതനായി ഭവിച്ച ഉദ്ധതനായ ശുനകവീരൻ ഭയങ്കരമായി ഗർജ്ജിച്ചുകൊണ്ടു ചീറി അടുത്തു; എങ്കിലും ലേശവും

കൂസൽകൂടാതെ, കോടാങ്കി തന്റെ സഹചാരിയായ ദണ്ഡത്താൽ ആ സ്ഥാനവൈഭവശാലിയെ പ്രതിരോധിച്ചിട്ടു, വീണ്ടും തെരുതെരെ ഉടുക്കു മുഴക്കി, മുരളി എടുത്തു് ഇടവിട്ടിടവിട്ടു, സ്വാഗമനത്തിന്റെ പല്ലവിഗാനം ചെയ്തു. പാട്ടിയുടെ ഇടവിടാതുള്ള കരയും, ഉടുക്കിന്റെയും ഓടക്കുഴലിന്റെ നാദവും കേട്ടു വസ്തുതയറിയാതെ സസംഭ്രമം ഗൃഹനായകി കെട്ടിനകത്തുനിന്നു കിഴക്കുപുറത്തേ തിണ്ണയിൽ വന്നെത്തി. അതേ നിമിഷത്തിൽതന്നെ “മകാലച്ച്മീ! മഹാലച്ച്മീ! ബാഗ്യവതി! ബാഗ്യവതി! അമ്മാൾക്കു് എതാവതു് ഒരു കവലൈ ഇരുക്കു്. ഒരു പുരുശനേ നിനൈത്തു കവലൈ ഇരുക്കു്. കവലപ്പെടവേണ്ടാം. കവലപ്പെടവേണ്ടാം” എന്നീ പ്രകടനം കോടാങ്കി തന്റെ പല്ലവി പാടുവാൻ ആരംഭിച്ചു.

ഗൃഹനായകി പ്രൌഢയാണു്. കരയും കുറിയുമുള്ള വെള്ളവസ്ത്രം ധരിച്ചിരിക്കുന്നു. ശുഭ്രവണ്ണമായ കച്ചതോർത്തുകൊണ്ടു മുലക്കച്ചകെട്ടിയിട്ടുണ്ടു്. കാതുകളിൽ തക്കയോ പൊന്നോലയോ, കണ്ഠത്തിൽ മിന്നോ, താലിയോ, മൂക്കിൽ മൂക്കുത്തിയോ അണിഞ്ഞിട്ടില്ല. കനിഷ്ഠികയിൽ ഒരു സ്വണ്ണാംഗുലീയം മാത്രം കാണപ്പെടുന്നുണ്ടു്. പഴുപ്പുതട്ടിത്തുടങ്ങിയ ജംബീരഫലത്തിന്റെ വണ്ണമാണു്; ശരീരം അതികൃശമോ സ്ഥൂലമോ അല്ല. അതിദീർഘയോ ഹ്രസ്വഗാത്രയോ ആണെന്നു പറഞ്ഞുകൂടാ, ഉടലായം ഇടത്തരം തന്നെ. മുഖത്തു വൈരൂപ്യലക്ഷണങ്ങൾ യാതൊന്നും കാണപ്പെടുന്നില്ലെങ്കിലും, അസാധാരണസൌന്ദര്യവിലാസം ഇല്ലെന്നു ഖണ്ഡിച്ചു പറയാവുന്നതാണു്. മുഖം, ദീർഘകാലമായി ചിന്താകലുഷമായ ഹൃദയത്തിന്റെ പതാകപോലെ നിസ്തേജമായും നേത്രങ്ങൾ പ്രകാശരഹിതങ്ങളായും കാണപ്പെടുന്നു. ലലാടത്തിൽ ഭസ്മലേപനം ചെയ്തിട്ടുണ്ടു്. കുടിലമായ കുന്തളഭാരം ജഘനദേശത്തെ സമസ്പ്രി

യായി ആവരണം ചെയ്തിട്ട് അധമങ്ങളായ അഗ്രങ്ങൾ പിന്നെയും നീണ്ടു കിടക്കുന്നു. സ്നാനം കഴിഞ്ഞിട്ടു അധികനേരമായിട്ടുണ്ടെന്നു തോന്നുന്നില്ല.

കോടാങ്കിയെ കണ്ടു, വിസ്മയവും അനുഭാവവും കലൎന്ന മുഖലക്ഷണങ്ങളോടുകൂടി കുഞ്ഞിഅമ്മ തിണ്ണയിൽതന്നെ നിന്നു. തത്സമയം ഭിക്ഷു പാദുകക്കല്ലുവരിക്കു സമീപം വന്നു നില ഉറപ്പിച്ചുകൊണ്ടു വീണ്ടും പറഞ്ഞുതുടങ്ങി:—"കവലൈ വേണ്ടാം. അമ്മാളുക്കു് ഒരു ബാഗ്യം വരപ്പോറതു്—പെരുതാന ബാഗിയം. അമ്മാളുടയ പുരുഷൻ പോയി എറന്തുട്ടാൻ. അതേ നിനൈത്തു് ഇനിമേൽ കവലൈവേണ്ടാം. അമ്മാളുക്കു തുണൈ ചെയ്യതുക്കു പുരുശശിങ്കം വേറെ ഇരിക്കു്."

കുഞ്ഞിഅമ്മ പുച്ഛരസോദ്ദീപകമായ മന്ദഹാസത്തോടുകൂടി കോടാങ്കിയോടു് ഇങ്ങനെ പറഞ്ഞു:—"മതി. മതി. പറഞ്ഞതൊക്കെ മതി. എനിക്കു് ഇജ്ജന്മം ഇനി ഒരു പുരുഷനോ? ഈ നിലയ്ക്കു് ഇരിക്കാൻ തുടങ്ങിയിട്ടു സംവത്സരം ഇരുപത്തഞ്ചായി."

കോടാങ്കി:—അമ്മാൾ കോപപ്പെടവേണ്ടാം. കോടാങ്കി ശൊന്നതു് അതല്ലെ. അമ്മാളുടയ പുരുശരുടെ സൊന്തമാന ഓർ പുരുശശിങ്കമിരുക്കു്. അവാൾ നിമിത്തമാക പെരിശാന ബാഗ്യം കെടയ്ക്കപ്പോകിറതു മകാലച്ചുമി.

കുഞ്ഞി:—കൊള്ളാം. അതും നടപ്പുള്ള കാൎയ്യംതന്നെ. മരിച്ചുപോയവർ തിരിച്ചുവരുമോ കോടാങ്കീ!

കോടാ:—അവാൾ എറന്തു പോകലൈ; എറന്തു പോകലൈ ഉശിരോടെ ഇരിക്കു്. ഇരിക്കു്. കവലൈ വേണ്ടാം. അമ്മാളുടെ കുളന്തകൾ.

കുഞ്ഞി:—അവരെ ഈശ്വരൻ ഇങ്ങനെ കണ്ണിനു കാണിച്ചേച്ചാൽ മതി. മറെറാരു അതിമോഹവും ഇല്ല.

കോടാ:—അന്ത പുരുശൻനിമിത്തമാകെ അന്ത കൊളുന്തകൾക്കും പെരിശ ബാഗ്യം കെടയ്ക്കപ്പോകുറായ്.

കുഞ്ചി:—ദൈവം ദീൎഘായുസ്സോടെ ഇട്ടേച്ചാൽമതി.

കോടാ:—അമ്മാൾ കോടാങ്കിക്ക് എന്ന കൊടുപ്പാൾ? ഇന്നയ്ക്കു സായന്ത്രം അന്ത പുരുശൻ ഇങ്കെ വരുവാർ. അമ്മാളെ കുമ്പിടുവാർ. അല്ലാട്ടാൽ കോടാങ്കി ഇന്ത ബകവാനുടയ കുളലെ കാട്ടിലേ പോട്ടുടലാം.

കുഞ്ചി:—കോടാങ്കി പറയുന്നതു ഞാൻ എങ്ങനെ വിശ്വസിക്കും?

കോടാ:—കോടാങ്കി പേശിറതു പൊയ്യോ നിശമോ എൻറു യോശനൈ വേണ്ടാം. കോടാങ്കി നാളെ വന്തുടലാം. കോടാങ്കി ശൊന്നതു നിശമാനാൽ എന്ന കൊടുപ്പാൾ? ഓർ വസ്തിരം കൊടുപ്പാളാ! അരിശ്ശി കൊടുപ്പാളാ?

കുഞ്ചി:—പറഞ്ഞതു ശരിയായി ഫലിച്ചുകണ്ടാൽ വസ്ത്രമല്ല, അരിയുമല്ല, പൊൻപണംതന്നെ തരുന്നുണ്ടു്,

കോടാങ്കി:—ആനാൽ പാൎപ്പോം. ഇന്ത കാൎയ്യം മറുശെവി പോകാമൽ രകസ്യമാകെ കാപ്പാററാവിട്ടാൽ അമ്മാളുക്കും അന്ത പുരുശനുക്കും തീരാകവലൈ വന്തുടും. ബദ്രം. ബദ്രം.

എന്നിങ്ങനെ പ്രവചിച്ചു കുഴൽ ഊതി ഉടുക്കുകിടുക്കി കോടാങ്കി ഉപസംഹരിച്ചു. ഭിക്ഷുവിൻെറ ദീൎഘദൎശനം ശ്രവിച്ചു പ്രസന്നചിത്തയായിഭവിച്ചു കുഞ്ചിഅമ്മ അലക്കിഎടുത്ത ഒരു വസ്ത്രവും ഇടങ്ങഴി അരിയും അയാൾക്കു സമ്മാനിച്ചു. ലഭിച്ച ഭിക്ഷയുടെ മെച്ചംകൊണ്ടോ, കുഞ്ചിഅമ്മയുടെ ഹൃദയശുദ്ധി അനുസ്മരിച്ചോ, സന്തുഷ്ടചിത്തനായിഭവിച്ചു കോടാങ്കി അവരെ വീണ്ടുംവീണ്ടും തൊഴുതു്, പരദേവതകളുടെ പേർചൊല്ലി ആശീൎവദിച്ചു യാത്രയായി. അയാൾ പുറപ്പെടുംമുൻപു് ആസ്ത്രീ ഇങ്ങനെ ചോദിച്ചു:—

"കോടാങ്കിയെ ഇനിയും എന്നു കാണും"

"ശീഘ്രം പാക്കലാം." എന്നു ചൊല്ലി അയാൾ പടിപ്പുരവാതിൽ കടന്നു മറഞ്ഞു.

അനന്തരം കോടാങ്കിയുടെ ദീഘദശനത്തേക്കുറിച്ചു കുഞ്ഞിഅമ്മ ഇപ്രകാരം ആത്മഗതം ചെയ്തു:—"ഇത്തരക്കാർ സാധാരണ പിച്ചയ്ക്കു നടക്കുന്ന കള്ളക്കൂട്ടം. എങ്കിലും ഇവൻ പറഞ്ഞതിൽ ചിലതെല്ലാം ഒത്തുവരുന്നു. അദ്ദേഹം മരിച്ചെന്നു പറഞ്ഞതു ശരിതന്നെ. അതു അന്നുതന്നെ തീച്ചയായി അറിഞ്ഞതാണല്ലൊ. മാത്രവും കൂടെ പോയി. പിന്നീട് അവനേക്കുറിച്ച് ഒന്നും ആരും അറിഞ്ഞിട്ടേഇല്ല. അവൻ എവിടെ പോയോ? എന്തു പററിയോ? ആക്കറിയാം? അവൻ നിമിത്തം ഭാഗ്യം വരുവാൻ പോകുന്നുവെന്നും ഇന്നുവൈകി വരുമെന്നുമല്ലേ കോടാങ്കി പറഞ്ഞതു്? ഇതു സംഭവിക്കത്തക്കതോ? കണ്ടുതന്നെ അറിയാമല്ലോ. ഇക്കാര്യം ഒന്നുംതന്നെ മറുചെവി പോകരുതെന്നും, അവൻ വന്നവിവരം പുറത്തറിഞ്ഞാൽ ആപത്തുണ്ടാകുമെന്നും പറഞ്ഞു. അതു വാസ്തവമായിരിക്കും. അവൻ തിരിച്ചു വരുന്നതു തമ്പുരാന്റെ തിരുവുള്ളക്കേടായി വന്നേക്കാം. ഇവിടത്തെ കുഞ്ഞുങ്ങളും ഞാനും അവിടത്തെ ഉപ്പും ചോറും തിന്നാണല്ലൊ കിടക്കുന്നതു്. സൂക്ഷിച്ചിരിക്കണം. വേലക്കാരികളും വേലക്കാരും കോടാങ്കി വന്നവിവരം അറിഞ്ഞിട്ടില്ല അവർ എല്ലാം കുളികഴിഞ്ഞു് ഇപ്പോൾ ഇതാവരുന്നതേ ഉള്ളൂ. ഏതായാലും അത്താഴം കഴിഞ്ഞു ഞാൻ വേലക്കാക്കു സംശയം തോന്നാത്തവിധത്തിൽ കാത്തിരിക്കും. അവനും ഞാനുംതമ്മിൽ അഞ്ചെട്ടുവയസ്സിന്റെ വ്യത്യാസം ഉള്ളൂ. എങ്കിലും അദ്ദേഹത്തിന്റെ മരുമകനല്ലേ? എന്റെയും; അവനേ കാണാൻ ഈ കണ്ണുകൾ കൊതിക്കുന്നു. എന്റെ മോഹംകൊണ്ടു തോന്നുന്നതാണോ വല്ലതൊ? കോടാങ്കിയുടെ വാക്കു, നിജമോയെന്നു ഇന്നുതന്നെ അറിയാമല്ലോ."

ഈവിധത്തിലുള്ള മനോരാജ്യങ്ങളോടുകൂടി കുഞ്ചിഅമ്മ അകത്തേക്കു ചെന്നപ്പോഴേക്കു ഭൃത്യവർഗ്ഗം സ്നാനാദികർമ്മങ്ങൾ ശേഷം ശുഭ്രവസ്ത്രങ്ങൾ ധരിച്ചു, ഭസ്മക്കുറികളും ഇട്ട്, വീണ്ടും ഗൃഹകൃത്യങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞു. അവരിൽ കാത്തു എന്നൊരു സ്ത്രീ ഗൃഹനായികയോടു ചോദിച്ചു:—"കൊച്ചമ്മാ! ഞാൻ കുളിച്ചുകൊണ്ടുനിന്നപ്പം ഇവിടെ ഒരു കൊഴലൂത്തോ കൊട്ടോ ഒക്കെ കേട്ടു പേടിച്ചു ഓടി വന്നതാണ്. മേത്തെ കരിയും ചെളിയുംഒന്നും പോയില്ല. കച്ചമുറിയും ശരിയായി അടിച്ചു നനച്ചില്ല."

കുഞ്ചിഅമ്മ മന്ദസ്മിതം തൂകിക്കൊണ്ടു പറഞ്ഞു:—"നീ ഇത്ര വിടുവിഡ്ഢിയായിപ്പോയല്ലോ. ഒരു കോടാങ്കി പിച്ചക്കുവന്ന ശബ്ദമല്ല അത്."

കാത്തു:—അയ്യോ! കൊച്ചമ്മ! ഞാനങ്ങോ കോടാങ്കിയെ കണ്ടിരിക്കുന്നു. പടയൊള്ള കാലമല്ലേ? പലതും നിനച്ചുപോയി.

കുഞ്ചി:—പടയ്ക്കു കുഴലുവിളിയും കൊട്ടും ഉണ്ടെന്നു നീ എങ്ങനെ അറിഞ്ഞു?

കാത്തു:—ദേശിംഗനാട്ടേക്കു പടപോകുന്നതു കൊച്ചമ്മയും കണ്ടതാണല്ലോ അത് ഇത്ര പെട്ടെന്നു മറന്നോ?

കുഞ്ചി:—ഒ! അക്കാര്യം ഞാൻ തീരെ ഓർമ്മിച്ചില്ല. ശരിതന്നെ. പടയ്ക്കു കൊട്ടും കുഴലും കൊമ്പുവിളിയും ഒക്കെ ഉണ്ട്. ഇപ്പോൾ അതുയുമൊക്കെ ഒരുക്കം ആയെന്നു തോന്നുന്നില്ല. കൃഷ്ണൻകുട്ടിയും കൊച്ചുരാമനും അങ്ങനെയാണല്ലോ പറഞ്ഞത്.

കാത്തു:—വേണോട്ടെ പട വന്നാൽ നമ്മളൊക്കെ എന്തു ചെയ്യും?

കുഞ്ചി:—അതൊക്കെ ഇപ്പോഴെന്തിന് ആലോചിക്കുന്നു. നാട്ട് ഓടുമ്പോൾ നടുവേ. അത്രേ ഉള്ളു. എനിക്ക് ഇന്നു പതിവില്ലാതെ ഒരു വലിയ വിശപ്പ്. നേരത്തെ ഊണുകഴിച്ചു കിടക്കണം. നല്ല ഉറക്കവുംവരുന്നു.

"ഉൗണൊക്കെ കാലമായല്ലോ കൊച്ചമ്മാ. വിളക്കു വച്ചു നാമംജപം കഴിഞ്ഞു് എല വച്ചേക്കാം" എന്നു പറഞ്ഞു കാത്തു അടുക്കളയിലേക്കു പോയി.

*   *   *   *

നേരം അർദ്ധരാത്രിയായി. കോയിക്കൽമഠത്തിലെ ഭൃത്യവർഗ്ഗം ഗാഢനിദ്രയിൽ ലയിച്ചുകഴിഞ്ഞു. ഗൃഹപാലനായ വീരശ്ശുനകനെ, അസാധാരണമായി അന്നത്തെ രാത്രിയിൽ അത്താഴത്തിനുശേഷം, കുഞ്ഞിഅമ്മതന്നെ ശൃംഖലയാൽബന്ധിച്ചു. അഭൂതപൂർവ്വമായ പ്രസ്തുത ദാരുണകർമ്മത്തിന്റെ ഹേതു എന്തെന്നു് ഒരു പരിചാരകൻ ഔത്സുക്യത്തോടെ സ്വാമിനിയോടു ചോദ്യംചെയ്തപ്പോൾ "പാവപ്പെട്ട കോടാങ്കിയെ കടിക്കാൻചെന്നതിനു ശിക്ഷയാണു്" എന്നു് ആ സ്ത്രീ പരസ്യമായി വിധികല്പിച്ചു. പടിപ്പുരവാതിൽ തഴുതു് ഇട്ടു ബന്ധിച്ചിരുന്നില്ല. നാലുകെട്ടിനകത്തെ ദീപം നിശ്ചലമായി കത്തി ജ്വലിച്ചുകൊണ്ടിരുന്നു. ഗൃഹനായകി ഭാഗവതഗ്രന്ഥം കെട്ടഴിച്ചു പുരോഭാഗത്തു പീഠത്തിൽ നിവർത്തുവച്ചു മന്ദസ്വരത്തിൽ പാരായണംചെയ്യുകയായിരുന്നു. തത്സമയം ആരോ പടിപ്പുരവാതൽ മെല്ലെ തള്ളിത്തുറക്കുന്നതും, അടച്ചു സാക്ഷാ ഇടുന്നതും കുഞ്ഞിഅമ്മ കേട്ടു. ആ സ്ത്രീ രോമാഞ്ചാവേശിതയായി സ്വസ്ഥാനത്തുനിന്നു പെട്ടെന്നു എഴുന്നേററു നാലുകെട്ടിന്റെ കിഴക്കെ വാതലിനുസമീപം ചെന്നുനിന്നു, വാതലിന്റെ ചെറുവിള്ളലിന്റെ അടുത്തു ചെവിവച്ചു പരിശോധിച്ചു. കാൽപെരുമാററം അടുത്തു വരുന്നതായി തോന്നി. പുറത്തു നല്ല അന്ധകാരമായിരുന്നതിനാൽ വിടവിൽക്കൂടി യാതൊന്നും കാണാൻ കഴിഞ്ഞില്ല. പിന്നീടു കുറേനേരത്തേക്കു യാതൊരു ചലനവും കേൾക്കാനില്ലായിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ കെട്ടിന്റെതെക്കെ വാതലിനു സമീപം ഒരു ചലനം ശ്രവണഗോചരമായി.

കുഞ്ചിഅമ്മയുടെ മുഖത്തു സംഭ്രമത്തിൻെറ കൊടികഠം പതറിത്തുടങ്ങി. ശരീരം വിറയ്ക്കുവാൻ ആരംഭിച്ചു. ഒരു നിമേഷംവരെ ആ സാധ്വി എന്തോ ആലോചിച്ചു നിശ്ചലയായി നിന്നു. അനന്തരം സാവധാനത്തിൽ തെക്കേവാതലിൻെറ സമീപത്തു ചെന്നു. അപ്പോഠം പുറത്തെ പാദഘാതം പൂർവ്വാധികം വ്യക്തമായി കേഠംക്കാറായി.

"ആരു്? ഈ അസമയത്തു്" എന്നു കുഞ്ചിഅമ്മ മന്ദസ്വരത്തിൽ സഗൌരവം ചോദ്യംചെയ്തു.

"ഞാൻതന്നെ. മാത്തു. അമ്മാവീ! വാതൽ തുറന്നേ" എന്നുള്ള പ്രത്യുത്തരപരമായ അഭ്യർത്ഥന പ്രശാന്തശബ്ദത്തിൽ പുറമേനിന്നു പുറപ്പെട്ടു.

കുഞ്ചിഅമ്മ വീണ്ടും ഒരു .നിമേഷം നിശ്ചലയായി നിന്നു് ആലോചിച്ചു. അപ്പോഠം പിന്നെയും ആഗതൻ ഇങ്ങനെ പറഞ്ഞു:—"അമ്മാവി! ദൈവത്തെ ഓത്തു് വേഗം വാതൽ തുറക്കൂ! പേടിക്കേണ്ട! ഞാൻതന്നെ; മരുമകൻ മാത്തു!"

കുഞ്ചിഅമ്മ വേപഥുഗാത്രയായി വാതലിൻെറ സാക്ഷാ നീക്കി, ശബ്ദം കേഠംക്കാത്തവിധത്തിൽ മെല്ലെ തുറന്നു്, കതകിൻെറപിന്നിലേക്കു മാറിനിന്നു. അപ്പോഠം ശരീരം ആസകലം കാഷായവസ്ത്രത്താൽ മൂടിയിരുന്ന ഒരു പുരുഷൻ അകത്തു കയറി വാതൽ ബന്ധിച്ചു. അനന്തരം അയാഠം, ശിരസ്സിനേയും മാറിടത്തേയും മറച്ചിരുന്ന കാഷായാംബരം നീക്കം ചെയ്തുകൊണ്ടു മന്ദസ്വരത്തിൽ പറഞ്ഞു:—"അമ്മാവീ! മാത്തു മരിച്ചുപോയെന്നായിരിക്കും നിനച്ചിരുന്നതു്. ഇപ്പോഠം വന്നുകാണാൻ യോഗംവന്നു."

കുഞ്ചിഅമ്മ സ്തോഭാവേശത്താൽ സ്തബ്ധയായി നിന്നുപോയി. ആ സ്ത്രീയുടെ ശരീരത്തിൻെറവിറയൽ അപ്പോഴും ശമിച്ചിരുന്നില്ല. ഗൽഗദംനിമിത്തം അവക്കു യാതൊന്നും സംസാരിക്കുവാൻ സാധിച്ചില്ല. മരുമകനു് ഇരിക്കുവാ

നായി, നിരയിൽനിന്നു് ഒരു പുലിത്തോൽ എടുത്തു് ആ സാധപി വിളക്കിനുസമീപം വിരിച്ചുകൊടുത്തു; ആ സ്ഥാനത്തിനു് അഭിമുഖമായി ഒരു മെത്തപ്പായു് തടുക്കിൽ കുഞ്ഞിഅമ്മ ഇരുന്നശേഷം മന്ദമായി പറഞ്ഞു:—"ഇവിടെ വന്നിരിക്ക കുഞ്ഞേ! ഞാനും ഇവിടെ ഇരിക്കട്ടെ."

മാത്തു അമ്മാവിയുടെ ഉപചാരം കൈക്കൊണ്ടു് പുലിത്തോലിൽ ഇരുന്നു. എന്നിട്ടു പറഞ്ഞു:"ഈ വേഷത്തിനു പററിയ ഇരിപ്പിടംതന്നെ; എന്റെ അമ്മാവി! ഇജ്ജന്മം അമ്മാവിയെ കാണാൻ ഇടയാകുമെന്നു വിചാരിച്ചില്ല."

കുഞ്ഞി:—എന്റെ മാത്തു! എനിക്കു് ഒന്നും പറയാൻ ശേഷി ഇല്ല. നിന്നെയെങ്കിലും ഒന്നു കാണാൻ സംഗതി വന്നല്ലൊ. ഇനി എന്തു വന്നാലും വേണ്ടകില്ല.

മാത്തു:—കൃഷ്ണൻകുട്ടിയും കൊച്ചുരാമനും—

കുഞ്ഞി:—അതുങ്ങൾ തമ്പുരാന്റെ പടയിൽ. ഇപ്പോൾ പടക്കാലവുമല്ലേ. വയററുപിഴപ്പിനു് എങ്ങാണ്ടോ പോയിക്കിടക്കുന്നു.

മാത്തു:—അവർ പടയിലാണെന്നു ഞാൻ എങ്ങനെ അറിയും? ഏതായാലും വലിയ സന്തോഷമായി. അവരെ തേടിപ്പിടിച്ചു കണ്ടുകൊള്ളാം.

കുഞ്ഞി:—നീ അത്താഴം ഉണ്ണു കുഞ്ഞേ!

മാത്തു:—ഇപ്പോൾ വേണ്ട അമ്മാവി! ദൈവം അനുഗ്രഹിച്ചു് ഇനിയും അതിനെല്ലാം കാലംവരും?

കുഞ്ഞി:—നീ എവിടെയായിരുന്നു കുഞ്ഞേ! കാര്യമൊക്കെ വിസ്തരിച്ചു പറ. പതുക്കെ പറഞ്ഞാൽ മതി. വേലക്കാർ എല്ലാം നല്ല ഉറക്കം. പകലേ ഇവിടെ ഒരു കോടാങ്കി വന്നിരുന്നു. അവൻ പറഞ്ഞതു് ഇപ്പോൾ ഒത്തുവന്നിരിക്കുന്നു.

മാത്തു:—പുഞ്ചിരിതൂകിക്കൊണ്ടു ചോദിച്ചു:—"ഞാൻ ഇന്നു വരുമെന്നായിരിക്കും അവൻ പറഞ്ഞതു്. കോടാ

ങ്കികൾ പറയുന്നകാര്യം പലപ്പോഴും ശരിയായി ഫലിക്കും. രാവിലെ ചുടലയിടെ നൃത്തംകഴിഞ്ഞു വരുന്ന വഴിയാണെങ്കിൽ വളരെ തിട്ടംതന്നെ."

കുഞ്ചി:—എൻെറ മാത്തു! അവൻ പറഞ്ഞതു ദൈവവാക്യംപോലെ എണ്ണി നിനക്കുവേണ്ടി ഞാൻ കാത്തിരിക്കയായിരുന്നു. നീ ഇവിടെ വരുമെന്നും ഈ വത്തമാനം പുറത്തുവന്നാൽ ദോഷമുണ്ടാകുമെന്നും, നീ നിമിത്തം എനിക്കും പിള്ളക്കും മേലിൽ വലിയ ഭാഗ്യം വരുമെന്നും പറഞ്ഞു.

മാത്തു ദീഘമായി ഒന്നു നിശ്വസിച്ചിട്ടു പറഞ്ഞു:—"എല്ലാം ദൈവത്തിൻെറ ഹിതംപോലെ നടക്കും. എങ്കിലും അവൻ പറഞ്ഞതിൽ ഒരു കാര്യം നിശ്ചയം. കുഞ്ചുമാമൻെറകൂടെ നാടുവിട്ടു പോയ മാത്തു, ഈ പടക്കാലത്തു തിരിച്ചുവന്നിരിക്കുന്നുവെന്ന് തമ്പുരാൻ അറിഞ്ഞാൽ പല സംശയങ്ങൾക്കും ഇടയായേക്കും. അതുകൊണ്ടു ഞാൻ വന്ന വിവരം അമ്മാവിയല്ലാതെ ആരും അറിയണ്ടാ. പിള്ളേരെ കാര്യം പറഞ്ഞുധരിപ്പിക്കുന്നതിൽ ദൂഷ്യമില്ല. അവർ എന്നെ കണ്ടാൽ അറിഞ്ഞില്ലെന്നുവരും. എങ്കിലും ഞാൻ കണ്ടുപിടിച്ചുകൊള്ളാം. അമ്മാവി എൻെറ അടയാളമൊക്കെ പറഞ്ഞുകൊണ്ടാൽമതി."

എന്തോ ഒരാലോചനയുടെ പെട്ടെന്നുണ്ടായ ഉദയം നിമിത്തം അയാൾ വീണ്ടും പറഞ്ഞു:—"വേണ്ട. അതു വേണ്ട. ഈ വേഷത്തിൽ പുറത്തിറങ്ങിയാൽ ആളുകൾ കണ്ടു് അറിയും. മറേറതെങ്കിലും വേഷത്തിലെ ഞാൻ പാളയത്തിനടുത്തുംമററും പോകൂ. അമ്മാവിയെ ഞാൻ വന്നു കണ്ടുവെന്നുള്ള അടയാളത്തിനായി അവക്കു ബോദ്ധ്യംവരുവാൻ എന്തെങ്കിലും ഒരു സാധനം എന്നെഏല്പിച്ചാൽ മതി."

കുഞ്ഞി വിസ്മയവും സങ്കടവുംപൂണ്ടു പറഞ്ഞു :— "എന്റെ കുഞ്ഞേ! നാട്ടിൽ തിരിച്ചുവന്നിട്ടും നീ ഇങ്ങനെ ഉഴലേണ്ടിവന്നിരിക്കുന്നല്ലോ."

മാതു:—അമ്മാവി ഇങ്ങനെ കുണ്ഠിതപ്പെടേണ്ട. നല്ല കാലം വരുന്നുണ്ടു്. കഷ്ടതയെല്ലാം നീങ്ങി ഭാഗ്യം തെളിയാറായി. കുഞ്ചുമാമൻ, നിങ്ങളൊക്കെ വിചാരിച്ചതു പോലെ അന്നു തീയിൽചാടി മരിച്ചില്ല. പിന്നീടു വളരെ കാലം കോട്ടയത്തും ചങ്ങനാശേരിലും മററു പലടത്തുമായി ചുററിനടന്നു. ഈ കായംകുളത്തും വന്നു. ഇവിടെവച്ചു കണ്ടുപിടിച്ചു.

കുഞ്ഞി:—ആരു്? ഈ വർത്തമാനം ഇതുവരെ ഇവിടെ എങ്ങും കേട്ടിട്ടില്ലല്ലോ.

മാതു:—കേൾക്കുവാൻ ഇടയില്ല. തമ്പുരാനും അറിഞ്ഞില്ല. തമ്പുരാനെ മുഖംകാണിക്കാൻവന്ന തെക്കുംകൂർ തമ്പുരാന്റെ പടയാളികളിലാക്കോ മനസ്സിലായി. കുഞ്ചുമാമൻ തെക്കുംകൂറിനേയും കായംകുളത്തിനേയുംകൂടി തല്ലിക്കാൻ വളരെ ശ്രമിച്ചു ഏറക്കുറെ ഫലിപ്പിക്കയുംചെയ്തു.

കുഞ്ഞി:—എന്നിട്ടു് എന്തുപററി?

മാതു:—എന്തു പറയുന്നു എന്റെ അമ്മാവീ! തെക്കുംകൂർ പടയാളികൾ കൃഷ്ണപുരത്തു കൊട്ടാരംവിട്ടു പുറത്തു് അയച്ചില്ല. എന്തു പററിയെന്നു് അവക്കും അറിഞ്ഞുകൂടാ.

കുഞ്ഞിഅമ്മയുടെ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു ധാരയായി ഗളിച്ചു. ആ സ്ത്രീ സഗൽഗദം പറഞ്ഞു:— "അന്ത്യംവരെ പൌരുഷമായിത്തന്നെ ജീവിച്ചു.

മാതു:—അതിനു് എന്തു സംശയം? തെക്കുംകൂറിൽ മുൻപു നാടുവാണിരുന്ന ഒരു തമ്പുരാൻ ഇവിടെ എഴുന്നള്ളിയതും മററും അമ്മാവി ഓർമ്മിക്കുന്നില്ലേ?

കുഞ്ഞി:—ഉണ്ടു്; ഉണ്ടു്. ഇന്നാളെന്നപോലെ ഓർമ്മിക്കുന്നു കാലം എന്തു കഴിഞ്ഞു! നീ എവിടെ ആയിരുന്നു?

മാത്തു:—കുഞ്ഞുമാമനോടുകൂടി ഏകദേശം അന്ത്യം വരെ കഴിച്ചു. അറവരുടെ കൈയിൽ അകപ്പെടാതെ ഒടുവിൽ തെററി ഒഴിഞ്ഞു വടക്കോട്ടു പോയി പല ദേശാന്തരങ്ങളിലും ചുററി. ഇപ്പോൾ ഇവിടെയും വന്നു.

കുഞ്ഞി:—ഇനി എന്താണു നീ ഉദ്ദേശിക്കുന്നതു്.

മാത്തു:—അതൊക്കെ ഇപ്പോൾ എന്തിനു പറയുന്നു? അമ്മാവി കണ്ടുകൊള്ളണം. ഈ മാത്തുവിൻെറ 'ഉള്ളിൽ കത്തുന്ന തീയ്, ആറണമെങ്കിൽ അതിനു് ഒന്നു നിശ്ചയിച്ചിട്ടുണ്ടു്. അതു സാധിക്കും. അപ്പോൾ വ്യാഴം വീണ്ടും പതിനൊന്നിൽ തന്നെ.

കുഞ്ഞി.—അപകടത്തിൽ ഒന്നും ചാടാതെ സൂക്ഷിച്ചു കൊള്ളണം.

മാത്തു:—അമ്മാവി അക്കാര്യം നിനച്ചു കേഴേണ്ട. മാത്തുവിനു് ഇന്ദ്രജാലവും മഹേന്ദ്രജാലവും ഒക്കെ വശമുണ്ടു്. നേരം വളരെ ഇരുട്ടി. ഇപ്പോൾ പോകട്ടെ.

കുഞ്ഞി:—എങ്ങോട്ടു്? ഇനി എപ്പോൾ വരും?

മാത്തു:—അതൊന്നും ഇപ്പോൾ നിശ്ചയിക്കാൻ വയ്യ. എങ്കിലും വല്ലപ്പോഴുമൊക്കെ ഇതുപോലെ വരാം.

കുഞ്ഞിഅമ്മ തൻെറ അംഗുലിയിൽ ദീഘകാലമായി ധരിച്ചുവന്ന സ്വർണ്ണാംഗുലീയം ഊരി എടുത്തു മാത്തുപിള്ളയുടെ കൈയിലേൽപ്പിച്ചിട്ടു പറഞ്ഞു:—"ഇതു്, നിൻെറ അമ്മാവൻ, യാത്രപുറപ്പെടും മുൻപു് അണിവിരലിൽ നിന്നു് എടുത്തു് എനിക്കു തന്നിട്ടു പിരിഞ്ഞതാണു്. ഈ മോതിരം ഇതുവരെ ഞാൻ വിരലിൽനിന്നു് എടുത്തിട്ടില്ല. ഇതു കണ്ടാൽ പിള്ളേൎക്കു തിരിച്ചറിയാൻ കഴിയും. മോതിരം കാണിച്ചു വസ്തുതയൊക്കെ അവരോടു പറയൂ. നീ കാണും മുൻപു് അവരിൽ ആരെങ്കിലും ഇവിടെ വരാൻ ഇടയായാൽ ഞാനും കാര്യം ധരിപ്പിക്കാം. നിനക്കു ദോഷം വരുകയില്ല. നല്ലതുതന്നെ വരും.

എന്നിപ്രകാരം അനന്തിരവനേ ആ സാധ്വി അനുഗ്രഹിച്ചു. മാതുപിള്ള ബാഷ്പകലുഷനേത്രനായി, സ്വസ്ഥാനത്തു നിന്നു് എഴുന്നേററു മന്ദം മന്ദം വാതൽ തുറന്നു പുറത്തേക്കു് ഇറങ്ങി അന്ധകാരത്തിൽ മറഞ്ഞു. പൂൎവ്വകാലസ്മരണകളാൽ മനസ്സും ശരീരവും ക്ഷീണിച്ചു വിവശമായിച്ചമഞ്ഞ കുഞ്ഞിഅമ്മ വാതിൽ ബന്ധിച്ചുശേഷം ശയ്യാതലത്തേ അവലംബിച്ചു.

---

## അദ്ധ്യായം ൭.

---

### സ്വീകരണം.

വീരളത്തു ഭവനത്തിൽനിന്നു് അമ്മുക്കുട്ടിഅമ്മയോടുകൂടി പരിവാരസമേതം പടത്തലവൻ കായങ്കുളത്തെ വസതിയിലേക്കു പുറപ്പെട്ടു. വീരവിക്രമൻഉണ്ണിത്താൻ, കാലസ്ഥിതിക്കനുരൂപമായ ഭടജനവസ്ത്രങ്ങൾ ധരിച്ചു ത്രിവിക്രമൻഉണ്ണിത്താന്റെ വലത്തുവശത്തു്, അശ്വാരൂഢനായി യാത്രചെയ്തു. ഉദ്ദേശം നാലഞ്ചു നാഴിക നേരത്തെ മന്ദമായ സവാരി കഴിഞ്ഞപ്പോൾ ആ സംഘം, പടത്തലവന്റെ ഭവനത്തിൽ ചെന്നെത്തി. നവദമ്പതികളുടെ ആഗമനത്തെക്കുറിച്ചു, ഭടനായകന്റെ അനുയായികളിൽ ഒരാൾ മുൻകൂട്ടി അറിവുകൊടുത്തതനുസരിച്ചു്, അദ്ദേഹത്തിന്റെ ഗൃഹത്തിലെ സ്ത്രീജനങ്ങൾ കുഞ്ഞമ്മയെ, ഉഭയകുടുംബങ്ങളുടേയും നിലയ്ക്കും അന്തസ്സിനും സമുചിതമായ വിധത്തിൽ സ്വീകരിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. മേനാവിൽനിന്നു താഴെ ഇറങ്ങിയ ഉടൻതന്നെ, ഒരു ചേടിയുടെ സഹായത്തോടുകൂടി "അരത്തംഉഴിയുക" എന്ന ക്രിയ നടത്തി, അഷ്ടമംഗല്യവും വിളക്കുമായി, ഗൃഹനായകന്റെ മൂത്ത സഹോദരിയായ

മാണിക്കക്കുഞ്ഞമ്മ അമ്മുക്കുട്ടിയെ നാലുകെട്ടിനകത്തേക്കു് ആനയിച്ചു. മൂത്ത കുഞ്ഞമ്മയുടെ പുത്രികളായ ഉണ്ണിമായും മീനുവുംകൂടി "അമ്മായി"യുടെ യോഗക്ഷേമങ്ങൾ അന്വേഷിക്കുവാൻ ഔൽസുക്യത്തോടെ ഉദ്യമിച്ചുകഴിഞ്ഞു. മാർഗ്ഗമദ്ധ്യേ നേരിട്ട ആപത്തിനേയും, അതിൽനിന്നു വിസ്മയനീയമായി ലഭിച്ച മോചനത്തേയുംകുറിച്ചു് "നാത്തൂന്റെ" മുഖത്തുനിന്നു കേട്ടറിഞ്ഞ മാത്രയിൽ മാണിക്കക്കുഞ്ഞമ്മ "അയ്യോ! എന്റെ കുഞ്ഞേ!" എന്നു് ഒന്നു വിളിച്ചു; എങ്കിലും അടുത്ത നിമേഷത്തിൽ ശാന്തി അവലംബിച്ചു് ഇങ്ങനെ പറഞ്ഞു:—"ഈ കുടുംബത്തിന്റെ നേരു! തെക്കേപുറത്തു് ഇരിക്കുന്ന വല്യമ്മ ചില്ലറക്കാരിയോ? അവരുതന്നെ വന്നു പൊക്കിയെടുത്തു."

അമ്മുക്കുട്ടി:—ഈശ്വരാനുകൂലംതന്നെ. വീരളത്തെ ആ ഉണ്ണിത്താന്റെ സാമർത്ഥ്യം! ഉടപ്രന്നവൻ ആ ആളെ കൂടെ നിർബ്ബന്ധിച്ചു കൂട്ടിക്കൊണ്ടുവന്നിട്ടുണ്ടു്.

മാണിക്ക:—നമ്മുടെ ഭഗവതി അയാളെ തള്ളിഅയച്ചു രക്ഷിച്ചതുതന്നെ അതിനെന്തു സംശയം! ഇതിനേക്കാൾ വലിയ കാര്യങ്ങൾ അവർ സാധിച്ചുതന്നിട്ടുണ്ടു്. വിളിച്ചാൽ വിളിപ്പുറത്തുണ്ടു്. ഇന്നു നല്ലദിവസം. വെള്ളിയാഴ്ച. ഒരു അരുനാഴിപ്പായസവും തെരളിയുംകഴിച്ചേക്കാം.

മാണിക്കക്കുഞ്ഞമ്മയ്ക്കു പരദേവതയിലുള്ള അപരിമിതമായ ഭക്തിയും വിശ്വാസവും കണ്ടു് അമ്മുക്കുട്ടിഅമ്മ മന്ദസ്മിതപൂർവ്വം പറഞ്ഞു.—"സംശയമില്ല. ഭഗവതിയുടെ ശക്തികൊണ്ടുതന്നെ. ഞങ്ങൾക്കും ഇതുപോലെ ഒരു ഭഗവതി ഉണ്ടു്."

മാണിക്ക:—ഇങ്ങനെ പറഞ്ഞുനിന്നാൽ പോരാ. പല്ലുതേയ്ക്കുകയോവല്ലതുംവേണ്ടേ? പൊടിയരിക്കഞ്ഞിയും അസ്ത്രവും ഒക്കെ കാലമായിട്ടുണ്ടു്. യാത്രകൊണ്ടു് എല്ലാവക്കും നല്ല ക്ഷീണം കാണും.

അമ്മു:—ധൃതിയൊന്നുമില്ല. പടിപ്പുരച്ചാവടിയിലേക്കു കൊടുത്തയച്ചിട്ടു മതി.

മാണിക്ക:—അയാൾക്കു കൊട്ടാരത്തിൽ പോകാൻ ധൃതിയായിരിക്കും. തിരുമനസ്സിലേക്കു കാണാതിരിക്കാൻ വയ്യ. രണ്ടുനേരവും പട്ടക്കാരൻവന്ന് അന്വേഷിച്ചുകൊണ്ടിരിക്കയാണ്. പോരെങ്കിൽ ഇപ്പോൾ പടയും കൂടാൻ പോകുന്നു.

ഈദൃശങ്ങളായ കുശലോക്തികളും സ്ത്രീസഹജങ്ങളായ സ്വകീയ പ്രശംസാഭാഷണങ്ങളും ഒട്ടു നിലച്ചതോടുകൂടി, ആഗതരുടെ പ്രാതലിനു വേണ്ട ചടങ്ങുകൾ ആരംഭിച്ചു. ഗൃഹനായകനും മാന്യാതിഥിതിയും പടിപ്പുരച്ചാവടിയിലും, പടത്തലവന്റെ അനുചരന്മാർ ഊട്ടുപുരയിലും, അമ്മുക്കുട്ടിഅമ്മ അടുക്കളക്കെട്ടിന്റെ അകത്തെ മുറിയിലും അവസ്ഥാനുരൂപമായി ഇരുന്നു കഞ്ഞികുഴിച്ചു. മാണിക്കക്കുഞ്ഞമ്മതന്നെ അമ്മുക്കുട്ടിയുടെ അരികിൽ ഇരുന്നു കഞ്ഞിയും, അസ്ത്രം, കാളൻ, അവിൽ നനച്ചതു്, പപ്പടം, ഉപ്പേരി മുതലായ വിഭവങ്ങളും ആവശ്യത്തിൽ കവിഞ്ഞു വിളമ്പി, കഴിക്കുവാൻ ആ യുവതിയെ നിർബ്ബന്ധിച്ചു. അന്തരിച്ചുപോയ സ്വമാതാവിനേയും, പ്രായത്താൽ മികച്ചവരായ ഗൃഹനാഥയ്ക്കു തന്നോടുള്ള നിസ്സീമമായ വാത്സല്യത്തിന്റെ കൊടികളായി, അമ്മുക്കുട്ടി പ്രസ്തുത പരിചരണാദികളെ വ്യാഖ്യാനിച്ചു. പടത്തലവന്റെ മൂത്ത മരുമകളാണ് ഉണ്ണിമാക്കുഞ്ഞമ്മ. അവൾക്കു "അമ്മായി"യുടെ പ്രായംതന്നെ. ശരീരപുഷ്ടിയിലും അംഗസൌഷ്ഠവത്തിലും സൌന്ദര്യവിലാസത്തിലും അമ്മുക്കുട്ടിയോടു സദൃശയാണ്. "മീനു" എന്ന ഓമനപ്പേരിനാൽ അറിയപ്പെടുന്ന മീനാക്ഷിക്കുഞ്ഞമ്മ, സ്വസോദരിയെക്കാൾ പ്രായത്തിൽ രണ്ടു വയസ്സിനു് ഇളപ്പം ആണെങ്കിലും, ആകാരകാന്തിയിലും, വളർച്ചയിലും അവൾ ഉണ്ണി

മായോടു കിടന്നിൽക്കുന്നുണ്ടു്. ഈ സോദരികൾ അമ്മുക്കുട്ടിയുടെ സമീപത്തു വിഭവങ്ങൾ പകൎന്നു കൊണ്ടുവന്നു, മാതാവിനെ സഹായിക്കുകയായിരുന്നു

കഞ്ഞികഴിച്ചു് അല്പനേരം വിശ്രമിച്ചശേഷം ത്രിവിക്രമൻഉണ്ണിത്താൻ വീരവിക്രമനോടൊന്നിച്ചു കായങ്കുളം രാജമന്ദിരത്തിലേക്കു പുറപ്പെട്ടു. അന്നേദിവസം രാവിലെ പടത്തലവന്മാരുമായി രാജാവു് ഒരു ഡർബാർ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി യാത്രയ്ക്കുമൻപു് അറിവു കിട്ടിയതിനാൽ സൈനികവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് അശ്വാരോഹണം ചെയ്താണു് അവർ കൊട്ടാരത്തിലേക്കു തിരിച്ചതു്. വീരവിക്രമൻഉണ്ണിത്താനു, പടത്തലവൻധരിച്ചിരുന്നതുപോലെയുള്ള വിശിഷ്ടമായ കഞ്ചുകവും അരച്ചട്ടയും തലക്കെട്ടും അദ്ദേഹം നൽകി; തന്റെ അംഗരക്ഷകനെന്ന നിലയിൽ കൊട്ടാരത്തിൽ കൊണ്ടുചെന്നു രാജസന്നിധിയിൽ, അയാളെ പ്രവേശിപ്പിക്കാമെന്നു പടത്തലവൻ നേരത്തെതന്നെ വീരവിക്രമനു വാഗ്ദാനംചെയ്തു.

കായംകുളം രാജാവു് രാജകീയ ചിഹ്നങ്ങളായ കിന്നരിവച്ച നീലകഞ്ചുകവും, കാല്പുറകളും, സുവൎണ്ണരേഖാങ്കിതമായ മുക്താഫലങ്ങളാൽ പരിശോഭിതമായ ഉഷ്ണീഷവും ധരിച്ചു് ആസ്ഥാനമണ്ഡപത്തിലെ വിശിഷ്ട സിംഹാസനത്തിൽ ഉപവിഷ്ടനായിക്കഴിഞ്ഞു. രാജാവിന്റെ അംഗരക്ഷകന്മാരായ പത്തു ഭടന്മാർ വാൾ ഊരി ഉയൎത്തിപ്പിടിച്ചുകൊണ്ടു, സിംഹാസനവേദിയുടെ ഇരുവശങ്ങളിലായി നിൽക്കുന്നു. മന്ത്രിമാർ പടത്തലവന്മാർ ആദിയായ ഉദ്യോഗസ്ഥന്മാർ സിംഹാസനവേദിയുടെ താഴെയായി കൈകെട്ടി വായ്പൊത്തി നിരന്നു നിലകൊള്ളുന്നു. ആ സന്ദൎഭത്തിൽ ത്രിവിക്രമൻഉണ്ണിത്താൻ വീരവിക്രമനാൽ അനുഗതനായി ആസ്ഥാനമണ്ഡപത്തിൽ പ്രവേശിച്ചു ഭക്തിപുരസ്സരം രാജാവിനെ മൂന്നുരു താണു തൊഴുതു; പടത്തല

വൻ ആചരിച്ച രീതിയിൽതന്നെ അംഗരക്ഷകനും രാജ വന്ദനം ചെയ്തു. അപ്പോൾ രാജാവു് വലിയ പടത്തലവ നോടായിട്ടു് ഇങ്ങനെ കല്പിച്ചു:—"ഉണ്ണിത്താൻ വളരെ താമസിച്ചുകളഞ്ഞു; എങ്കിലും ഇന്നു് ഇവിടെ വന്നെത്തി യതു നന്നായി."

വലിയ ഉണ്ണിത്താൻ കൈകെട്ടി വായ് പൊത്തിനിന്നു കൊണ്ടു് അറിയിച്ചു:—"അടിയൻ പഴമനസ്സിൽ നിനച്ച തിൽ അധികം കാലം വൈകിപ്പോയി. അതു് അടി യൻെറ വീഴ്ചയല്ല. അത്രയ്ക്കു കാര്യങ്ങൾ ഉണ്ടായിരുന്നു!"

രാജാ:—ഉണ്ണിത്താനു് ഇങ്ങോട്ടേക്കുള്ള യാത്രയിൽ അല്പം ചില വൈഷമ്യങ്ങൾ നേരിട്ടുവെന്നു നാം അറിഞ്ഞു.

വലിയ ഉണ്ണി:—അടിയൻ! എങ്കിലും അന്നം തരുന്ന തമ്പുരാൻെറ അനുഗ്രഹം ഉള്ളതുകൊണ്ടു പട്ടകാലം പെ ട്ടെന്നു നീങ്ങി.

രാജാ:—അക്കഥയും നാം അറിഞ്ഞിരിക്കുന്നു. കൂടെ വന്നിരിക്കുന്ന കൊച്ചൻ ഏതു്?

വലിയ ഉണ്ണി:—അടിയൻ, ആചന്ദ്രതാരം കടപ്പെട്ടി രിക്കുന്ന ആ കൊച്ചൻ തന്നെ ഇതു്. ഈ ഉണ്ണിത്താൻ അടിയൻെറ കുടുംബത്തിൻെറ സുകൃതം കാത്തു രക്ഷിച്ച വീരൻ—വീരവിക്രമൻ.

രാജാ:—ഇയാളോ ഉണ്ണിത്താൻെറ ഭാര്യയെ വെള്ള ത്തിൽ നിന്നു് എടുത്തതു്! മിടുക്കൻ! എന്താ പേരു?— വീര—വിക്രമനെന്നോ? ഉണ്ണിത്താനുമാണോ?

വലിയ ഉണ്ണി:—അടിയൻ! 'വീരളത്തു് ഉണ്ണിത്താൻ'.

രാജാ:—കൊള്ളാം സന്തോഷം. വീരളത്തുകാർ പണ്ടു പണ്ടേ വീരന്മാർ തന്നെ. നമുക്കുവേണ്ടി അക്കുടുംബക്കാർ വളരെച്ചോര ചൊരിഞ്ഞിട്ടുണ്ടു്. ആകട്ടെ, കൊച്ചുഉണ്ണി ത്താൻ ഇതുവരെ നമ്മേ വന്നുകാണാഞ്ഞതു നന്നായില്ല.

വീരവിക്ര:—തിരുവുള്ളക്കേട്ട് ഉണ്ടാകരുതേ. ചെറുപ്പത്തിൽതന്നെ അടിയന്നു കൊട്ടക്കൽ കാരണവസ്ഥാനത്തു കൈക്കററപ്പാടു ചെയ്യേണ്ടിവന്നു. അതുകൊണ്ടു ഇതുവരെ മുഖംകാണിക്കവാൻ യോഗം ഉണ്ടായില്ല.

രാജാ:—തരക്കേടില്ല. ഇപ്പോൾവന്നുവല്ലൊ. നമ്മുടെ ഉണ്ണിത്താന് ഉതവി ചെയ്ത കൊച്ചു് ഉണ്ണിത്താനു നാം എന്താണു ചെയ്യേണ്ടതു്?

വീരവിക്ര:—അടിയൻെറ വൈഭവംകൊണ്ടു് ഒന്നും കൈക്കററപ്പാടു ചെയ്തിട്ടില്ല. ദൈവാധീനം നിമിത്തം സാധിച്ചു.

രാജാ:—വലിയ പടത്തലവൻ വീരവിക്രമനെ ഇന്നു നമ്മുടെ മുമ്പാകെ കൂട്ടിക്കൊണ്ടു വരുവാൻ തോന്നിയതും ദൈവാധീനം.

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ തെക്കുംകൂറിലേയും ചെമ്പകശ്ശേരിയിലേയും രാജപ്രതിനിധികൾ മുഖം കാണിക്കവാൻ കാത്തുനിൽക്കുന്നതായി ഒരു ഹരിക്കാരൻ വന്നു് തിരുമനസ്സുണർത്തിച്ചു. അപ്പോൾ രാജാവു് ഇങ്ങനെ കല്പിച്ചു:—"അവർ വന്നുകൊള്ളട്ടെ. അവക്കറിയിക്കുവാനുള്ളതു നിങ്ങളുടെ എല്ലാവരുടെയും മുമ്പാകെ വച്ചു കേൾക്കാനാണല്ലൊ ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്നതും."

ഹരിക്കാരൻ രാജസന്നിധി വിട്ടു പുറത്തേക്കുപോയി; ഏതാനും നിമേഷം കഴിഞ്ഞപ്പോൾ രാജപ്രതിനിധികൾ അവിടെ ആഗതരായി രാജാവിനേ വന്ദിച്ചു.

"നിങ്ങൾ എല്ലാവരും അവിടെ ഇരിക്കാം" എന്നിങ്ങനെ രാജാവു കല്പിച്ചതനുസരിച്ചു്, അവിടത്തേ വന്ദിച്ചുകൊണ്ടു, സ്ഥാനപതികൾ ആദിയായി അവിടെ കൂടിയ ഉദ്യോഗസ്ഥന്മാർ, വിരിച്ചൊരുക്കപ്പെട്ടിരുന്ന പുൽപ്പായകളിൽ രണ്ടു പംക്തിയായി ഇരുന്നു. അനന്തരം കായംകുളത്തേ പ്രധാനസചിവനായ രാമവാര്യർ എഴുന്നേററു രാജാ

വിനേയും സദസ്യരേയും വണങ്ങി, ഇങ്ങനെ അറിയിച്ചു:- "നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻെറ കല്പന പ്രകാരം അറിയിക്കുന്ന അവസ്ഥയാവിതു്. കായംകുളം രാജകോയ്മയോടു പുരാതനകാലം മുതൽ വേഴ്ചയിൽ ഇരിക്കുന്ന തെക്കുംക്കൂർ രാജകോയ്മയും ചെമ്പകശ്ശേരി രാജകോയ്മയും, ഇന്നു് തിരുമുൻപാകെ പ്രതിപുരുഷന്മാരെ അയച്ചിരിക്കുന്നു. അവരുമായി ആലോചിച്ചു, പടക്കൂട്ടേണ്ടതിൻെറ ചട്ടവട്ടങ്ങൾ എന്തെല്ലാമെന്നു് ഉറയ്ക്കണം."

തെക്കുംക്കൂർപ്രതി:—തെക്കുംക്കൂറും കായംകുളവും, പൂവ്കാലംമുതൽ വേഴ്ചയിൽ ഇരിക്കുന്ന മുറയ്ക്കു, മേലും അങ്ങനെതന്നെ തിട്ടമായി ഇരിക്കുമെന്നു് ഉറപ്പായിരിക്കണമെന്നു്, അടിയങ്ങടെതമ്പുരാൻ കല്പിച്ചു് അയച്ചിരിക്കുന്നു. കല്പനപ്പടി രണ്ടായിരംപേരെ പടചേത്തു് കായംകുളം അതൃത്തിയിൽ കൊണ്ടു് ഇറക്കിക്കഴിഞ്ഞു. വേണാടുമായി അങ്കം വെട്ടുണ്ടായാൽ മൂവായിരംകൂടെ വരാൻ ഒരുങ്ങി നിൽക്കുന്നുമുണ്ടു്. അത്ഥമോ ആളോ എന്തു വേണമെങ്കിലും ഇതിലും കൂടുതൽ അയപ്പാനും തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു് തിരുവുളമായിരിക്കുന്നു.

രാജാവു്:—കുറുപ്പേ! നമുക്കു സന്തോഷമായി. വിവരം തിരുമനസ്സറിയിക്കൂ. തെക്കുംക്കൂറിൽ നാം പൂണ്ണമായി അവലംബിച്ചിരിക്കുന്നു. പടവെട്ടിൻെറ സമയം അടുക്കുമ്പോൾ നാം അറിയിക്കാം. അപ്പോൾ തല്ക്കാലം മൂവായിരംകൂടെ വരട്ടെ. ശേഷം കാൎയ്യങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം.

തെക്കുംക്കൂർ പ്രതി:—കല്പന.

ചെമ്പകശ്ശേരി പ്രതി:—തെക്കുംക്കൂറിനോളം, ദേശവഴികളും മാടമ്പിമാരും ഇല്ലെങ്കിലും മൂവായിരം ചേന്ന പട ഒരുക്കി നിത്തിയിട്ടുണ്ടു്. കല്പന കിട്ടിയാലുടൻ ഇവ കായംകുളത്തെത്തും. പടയാഗരത്തിലേക്കു വേണ്ടതൈതരും

പുഞ്ചയരിയും ആവശ്യത്തിൻെറ അവസ്ഥപോലെ ഇവിടെ എത്തിച്ചുകൊള്ളാമെന്നും കല്പിച്ചിരിക്കുന്നു.

രാജാ:—ചെമ്പകശ്ശേരിയുടെ മഹാമനസ്കത നമുക്കു നല്ല അനുഭവമുള്ളതു്! അവിടെ ഒന്നിനും കുറയുകയില്ല. മഹാനുഭാവൻ! അവിടത്തേക്കു് എന്തിനാണു കുറവു്! മഹാലക്ഷ്മി പ്രസാദിച്ചിരിക്കുന്ന ദേശമല്ലേ! ഇവിടെ നിന്നു് ആളയക്കുമ്പോഠം ഓരോ ദേശവഴിയിലേയും പടകളുക വന്നുകൊള്ളട്ടെ പുഞ്ചയരിയും കുറുക്കുകൊളനും കുട്ടനാട്ടെ പടയ്ക്കു കൂടിയേതീരു. ഏതായാലും അക്കാൎയ്യം തിരുമനസ്സിലെ അഭിമതംപോലെ നടക്കട്ടെ. വളരെ സന്തോഷം.

ചെമ്പക:—കല്പനപ്പടി തിരുമനസ്സറിയിക്കാം.

രാജാ:—നമ്മുടെ ബലം ഒന്നു പരീക്ഷിച്ചുനോക്കാം. ദേശിംഗനാട്ടുവച്ചു നമ്മുടെ ബാഹുബലം അനുഭവപ്പെട്ടിരിക്കും. എങ്കിലും വിജയലക്ഷ്മി ആ ഭാഗ്യഹീനനെ വിട്ടുപിരിഞ്ഞു. അതു നമ്മുടെ കുററവുമല്ല. നമ്മുടെ പട വേണാട്ടുമായി ഏററപ്പോഴൊക്കെ വിജയത്തോടുതന്നെ പിൻവാങ്ങി. ആ രാമയ്യർ ഒരസാദ്ധ്യ ബ്രാഹ്മണൻതന്നെ. ഏതായാലും നമ്മുടെ സർവ്വശക്തികളും ഉപയോഗിച്ചു ശ്രമിക്കാം.

രാമവാൎയ്യർ:—ഇത്ര പ്രബലന്മാരായ ബന്ധുരാജാക്കന്മാരും പ്രസിദ്ധിപെററ പടത്തലവന്മാരും ഉള്ള തിരുമനസ്സിലേക്കു് ഒന്നുകൊണ്ടും അധൈൎയ്യത്തിനു കാരണം അടിയൻ കാണുന്നില്ല.

"ആകട്ടെ, മുറപോലെ നടക്കട്ടെ. തെക്കുംകൂറിലും ചെമ്പകശ്ശേരിയിലും നിന്നു വന്ന പ്രതിപുരുഷന്മാരോടു നമുക്കുള്ള സന്തോഷം സൂചിപ്പിക്കാൻ എന്താ ചെയ്ക"—എന്നിങ്ങനെ കല്പിച്ചുകൊണ്ടു രാജാവു മന്ത്രിയുടെ മുഖത്തേക്കു് അൎത്ഥഗൎഭമായി ഒന്നു നോക്കി. ഉടൻതന്നെ രാമ

വാര്യരുടെ നിയോഗാനുസൃതം ഈ രണ്ടു പാവുമുണ്ടുകളും കസവിട്ട മേൽമുണ്ടുകളും മടക്കി വയ്ക്കപ്പെട്ടിട്ടുള്ള രണ്ടു വെള്ളിത്താലങ്ങൾ രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു. പ്രധാനമന്ത്രിയുടെ സഹോദരനും ആയുധശാലയുടെ മേലദ്ധ്യക്ഷനും പ്രസിദ്ധയോദ്ധാവുമായ കൃഷ്ണവാര്യർ വിശിഷ്ടങ്ങളായ രണ്ടു കായംകുളം വാളുകൾ, രാജാവിൻെറ തിരുമുൻപിൽ ഒരു പട്ടു വിരിച്ചു ഭക്തിപുരസ്സരം വച്ചിട്ടു മാറിനിന്നു രാജാവു പ്രസന്നമുഖനായി രാജപ്രതിനിധികൾ രണ്ടുപേരെയും സിംഹാസനവേദിക്കു സമീപത്തുവിളിച്ചു വസ്ത്രങ്ങളും, ആയുധവും അവക്കു സമ്മാനിച്ചു. പ്രസ്തുത യോദ്ധാക്കൾ രാജസമ്മാനത്തെ, വിനയസൂചകമായിഅങ്കവസ്ത്രത്തിൽ വാങ്ങിയശേഷം രാജാവിൻെറസന്നിധിയിൽ ശിരോനമനം ചെയ്തു വണങ്ങി, വിടവാങ്ങി പിറകോട്ടു നടന്നു് ആസ്ഥാനമണ്ഡപം വിട്ടു പുറത്തേക്കു പോയി.

അനന്തരം രാജാവു വലിയ ഉണ്ണിത്താനോടായിട്ടു് ഇങ്ങനെ കല്പിച്ചു:—"ഉണ്ണിത്താനേ! അതൃത്തിദേശങ്ങളിലെ നില എങ്ങനെ ഇരിക്കുന്നു?"

വലിയഉണ്ണി:—തിരുമേനീ! കിഴക്കൻവഴികളെല്ലാം അടിയൻ ഉറപ്പിച്ചുംവച്ചാണു പോന്നിരിക്കുന്നതു്. തെക്കൻ വഴികളിൽ നമ്മുടെ ഒരു പട മുൻകൂട്ടിപോയിപാളയംകെട്ടി കിടക്കണം. കായലോരത്തും വേണ്ടിവന്നാൽ കായലിൽതന്നെയും അവിടവിടെ താവളങ്ങൾ ഉറപ്പിച്ചു പടകിടത്തണം.

രാജാ:—ഏതു മാർഗ്ഗത്തിൽക്കൂടെയാണു ശത്രുക്കളുടെ വരവെന്നു നിശ്ചയിച്ചുകൂടാ. വിശ്രുതനായ മാർത്താണ്ഡവർമ്മതിരുമേനിയോടും അവിടത്തെ സേനാധിപനുംമന്ത്രിയുമായ രാമയ്യനോടും നമുക്കു വ്യക്തിപരമായി അളവററ ബഹുമാനമുണ്ടു്. പക്ഷെ കായങ്കുളംരാജകോയ്മയുടെ നിലയിൽ നാം അവരുടെ ശത്രുവുമാകുന്നു.

രാമവാ:—തിരുമനസ്സിലെ അഭിപ്രായം അവർ കേട്ടാലും ആദരിക്കും. എങ്കിലും നാം ചെയ്യേണ്ടതു ചെയ്യാതെ തരമില്ല.

രാജാ:—രാമവാര്യരുടേയും കൃഷ്ണവാര്യരുടേയും ആലോചനയും ത്രിവിക്രമൻ ഉണ്ണിത്താന്റെ പടവിചാരവും അച്യുതവാര്യർ തുടങ്ങിയ മററു പടത്തലവന്മാരുടെ ഒത്താശയും അകമ്പടിയും. അങ്ങനെ നടക്കട്ടെ.

രാമവാ:—അടിയനുംകൂടെ വാളെടുക്കണമെന്നൊരു മോഹം. കൃഷ്ണനോ നേരത്തെ തിരുമ്മി ഇണക്കിയിരിക്കയുമാണു്.

രാജാ:—അങ്ങനെ ആവട്ടെ. ഉണ്ണിത്താന്റെ സഹായത്തിനു നിങ്ങളും എത്തിക്കൊൾവിൻ!

വലിയഉണ്ണി:—അടിയന്റെ വലത്തും ഇടത്തും വശങ്ങളിൽ വലിയാശാനും ചെറിയാശാനും.

രാജാ:—പിറകിൽ നിൽക്കാനും ഒരാൾ വേണ്ടേ? അതിനു വീരളത്തേ കൊച്ചു് ഉണ്ണിത്താൻതന്നെ. ഇന്നുമുതൽ വീരവിക്രമനെ നമ്മുടെ പടയിലെ ഒരു രണ്ടാംപടത്തലവനായി നിശ്ചയിച്ചിരിക്കുന്നു. ഈയാൾ ഉണ്ണിത്താന്റെ വരുതിയിൽ നിൽക്കട്ടെ. മാസം പതിനഞ്ചു പൂവരാഹൻ ഉടമയും പററട്ടെ.

വീരവിക്രമൻ രാജാവിനെ തൊഴുതു് അറിയിച്ചു:— "തിരുമനസ്സിലെ തിരുവുളം. ഇത്ര ചുമതലയുള്ള ജോലി അടിയന്റെ പ്രായസ്ഥിതിക്കു വളരെ കൂടിയ ബഹുമതി തന്നെ. എങ്കിലും തിരുമനസ്സിലെ കൃപയാൽ അടിയൻ ശേഷിപോലെ കൈക്കുററപ്പാടു ചെയ്തുകൊള്ളാം."

ത്രിവിക്ര:—തിരുമേനിയുടെ അപാരമായ തിരുവുളം ഈ ചെറിയ ഉണ്ണിത്താനിൽ ഉണ്ടായിരിക്കുന്നതിനാൽ അടിയൻ ഭാഗ്യവാനായി.

രാജാവു്:—കൊച്ചു് ഉണ്ണിത്താന്റെ ജോലി കണ്ട തിന്നമേൽ മററു കാൎയ്യങ്ങരം നാം ആലോചിക്കാം. വീര ളത്തു് ഉണ്ണിത്താന്മാരിൽ ഒരാരം വീണ്ടും നമ്മുടെ സേവന ത്തിന്ന വന്നതു നമുക്കു് അഭിമാനകരംതന്നെ. നിങ്ങരം എല്ലാവരും എന്തു പറയുന്നു.

"കായങ്കുളം പടയ്ക്കു് അഭിമാനംതന്നെ. സംശയ മില്ല" എന്നു മന്ത്രിയും പടത്തലവന്മാരും ഏകകണ്ഠ ത്തിൽ അറിയിച്ചു.

അനന്തരം രാജാവു, വീരവിക്രമനോടുള്ള അപരിമി തമായ വാത്സല്യത്തിന്റെ സൂചനയായി വെള്ളിപ്പിടി യുള്ള ഒരു ഖഡ്ഗവും, ബലവത്തും മനോഹരവുമായ ഒരു പരിചയും അയാരംക്കു സമ്മാനിച്ചു.

---

## അദ്ധ്യായം ൮.

---

### എതിർശക്തികാം.

രണ്ടാം അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങരം നട ന്നതിന്റെ പിറേറന്നാരം സായാഹ്നത്തിൽ, പതിവു പോലെ തെക്കുംകൂർ രാജാവു രാജമന്ദിരമായ നീരാഴി ക്കൊട്ടാരത്തോടു് അനുബന്ധിച്ചുള്ള കളപ്പുരമാളികയിൽ വിശ്രമിക്കയായിരുന്നു. രാജാവിന്റെ പ്രത്യേക തിരുവു ളത്തിന്ന പാത്രീഭൂതരായ സേവന്മാൎക്കും മററും അദ്ദേഹ ത്തെ മുഖംകാണിക്കുന്നതിന്നും ദീൎഘസംഭാഷണങ്ങരം നട ത്തുന്നതിന്നും മററുമുള്ള അവസരവും സ്ഥാനവും അതു തന്നെയെന്നു പരക്കെ അറിവുള്ളതാണു്. വിരിച്ചൊരുക്കി സജ്ജീകരിക്കപ്പെട്ടിരുന്ന പല്യങ്കത്തിലെ ഖണ്ഡുചാവട്ട യിൽ, രാജ്യഭാരക്ലേശപീഡിതമായ ശിരസ്സിനെ ചേൎത്തു

വച്ചുകൊണ്ടു്, മനോഹരമായ വാപിയേയും, അതിൽ വളൎന്നു സോല്ലാസം വികസ്വരങ്ങളായി നിന്നശേഷം, അൎദ്ധമുകളീകൃതങ്ങളായിഭവിച്ചിരിക്കുന്ന ചെന്താമരപുഷ്പങ്ങളേയും നോക്കി ചിന്താവിഷ്ടനായി ശയിച്ച രാജാവിൻെറ സന്നിധിയിൽ, ഔപചാരികമായ യാതൊരു മുന്നറിവും നൽകാതെ ഒരു പുരുഷൻ വന്നെത്തി വണങ്ങിനിലയായി. അയാൾ മദ്ധ്യവയസ്കനാണു്; ഓജസ്സും സൌകുമാൎയ്യവും ഒത്തിണങ്ങിയ ശരീരം; ആൾ അതിദീൎഘനോ ഹ്രസ്വകായനോ അല്ല; പ്രാംശുകായൻ. നല്ല തങ്കവൎണ്ണം. നാട്ടുമൎയ്യാദയനുസരിച്ച കട്ടിയും കവണിയും ധരിച്ചിട്ടുണ്ടു്. മുണ്ഡിതശിരസ്സാണു്. എന്നാൽ വൈരാഗിയൊ സന്ന്യാസിയൊ അല്ലെന്നു രാജസദ്യോതകമായ വസ്ത്രമോടിതന്നെ വ്യക്തമാക്കുന്നുണ്ടു്. ഗളത്തിൽ അണിഞ്ഞിരിക്കുന്ന കൃഷ്ണവൎണ്ണമായ കണ്ഠസൂത്രത്തിൻെറഅഗ്രത്തു തൂക്കിയിട്ടിരിക്കുന്ന ചതുരാകൃതിയിലുള്ള മാൎഗ്ഗകവചം മേൽമുണ്ടിൻെറ മുകളിലത്തെ വിളുമ്പിനേയും നാഭിസ്ഥലത്തേയും സ്പർശിച്ചുകിടക്കുന്നതിൽനിന്നു് ആഗതൻ ക്രിസ്തുമതാവലംബിയെന്നു് തീരുമാനിക്കാം.

അഭ്യാഗതനെ കണ്ട മാത്രയിൽ രാജാവു ശയ്യയിൽനിന്നു് എഴുനേററിരുന്നു മന്ദസ്മിതപൂൎവം ഇങ്ങനെ പ്രശ്നം ചെയ്തു:—"ഇന്നെന്താ ഇത്ര വൈകിയതു്? നാം തരകനെ കാത്തിരുന്നു നന്നാ മുഷിഞ്ഞു."

തരകൻ:—അടിയൻ! വിടകൊള്ളാൻ അല്പം വൈകിപ്പോയി. കാരണം ഇല്ലാതെയുമല്ല.

രാജാ:—എന്താ പറയൂ! വിശേഷം വല്ലതുമുണ്ടോ?

തരകൻ:—ആകസ്ഥാനത്തെ ചാത്തസ്സദ്യയ്ക്കു് അടിയനുംകൂടി ഉണ്ടായിരുന്നു. വിടകൊണ്ടിട്ടുമുണ്ടായിരുന്നു.

രാജാ:—അതു നാം അറിഞ്ഞുവല്ലോ. തരകൻതന്നെയല്ലെ പറഞ്ഞതു്.

തരകൻ:—അടിയൻ! സദ്യ ഉണ്ടതുമുതൽ അടിയനു നല്ല സുഖമില്ലാതെ വന്നു. എന്തൊരു ഊണ്? സദ്യവട്ടം ഇതിലും മോടിയാക്കാൻ ആൎക്കും കഴിയുകയില്ല.

രാജാ:—അതു ശരിതന്നെ. സദ്യനടത്താൻ കൈമ്മൾക്കുള്ള വിരുതു് ഒന്നു വേറെതന്നെ.

തരകൻ:—അവിടെ എല്ലാററിനും വിരുതുതന്നെ. എന്തൊരാജ്ഞാശക്തി! എന്തൊരധികാരശക്തി!

രാജാ:—നമ്മുടെ ഒന്നാമത്തെ മാടമ്പിയല്ലെ! നമുക്കും അഭിമാനംതന്നെ. കൈമ്മളെ ഇതുവരെ ഇങ്ങോട്ടു കണ്ടില്ല. ചാത്തത്തിൻെറ ശ്രമംകൊണ്ടുള്ള ക്ഷീണം തീൎന്നിട്ടില്ലായിരിക്കാം.

തരകൻ:—പടക്കൂട്ടി അയച്ച വിവരം തിരുമനസ്സറിയിച്ചിട്ടുണ്ടല്ലോ.

രാജാ:—തരകനാണല്ലോ ആ വൎത്തമാനം ആദ്യമായി കൊണ്ടുവന്നതു്. കൈമ്മളുടെ ആളും ഇന്നു വന്നു.

തരകൻ:—ആ ചാത്തത്തിൻെറ ബഹളത്തിൽ രണ്ടു സന്ന്യാസിസ്വാമിമാരും വന്നുകൂടി.

രാജാ:—അവർ അവിടെനിന്നു പോന്നിട്ടില്ലായിരിക്കും.

തരകൻ:—അവർ ഇങ്ങോട്ടു പിറേറന്നു വെളുപ്പിനു പോരുന്നുവെന്നു കേട്ടു.

രാജാ:—ഇവിടെ എങ്ങും വന്നതായി കേട്ടില്ലല്ലോ.

തരകൻ:—കൊട്ടാരത്തിൽ വിടകൊണ്ടുവന്നില്ലെന്നേ ഉള്ളു. അവർ ഇവിടെ അടുത്തൊക്കെ ഉണ്ടായിരുന്നു.

രാജാ:—അക്കഥ നാം അറിഞ്ഞില്ല. എന്താ അവരെപ്പററി വിശേഷിച്ചു വല്ലതും പറയാനുണ്ടോ?

തരകൻ:—അവർ വലിയ ആളുകൾ തന്നെ. ഊണും ഒന്നും ഇല്ല. ആകസ്ഥാനത്തു സദ്യ പൊടിപൂരം നടക്കുമ്പോൾ കരിക്കും പഴവുമേ സ്വാമിമാർ കഴിച്ചൊള്ളു.

രാജാ:—ഇക്കൂട്ടത്തിൽ വലിയ ദിവ്യന്മാർ ഉണ്ടു്. തിരിച്ചറിവാൻ പെട്ടെന്നു സാധിക്കുകയില്ല.

തരകൻ:—സുഭദ്രാഹരണം ആടുന്നവരും കാണും. അടിയൻ അപവാദം വിടകൊള്ളുകയല്ല. ഓരോ ഉദ്ദേശമായിരിക്കും, ഓരോരുത്തക്കും അത്രേയൊള്ളൂ.

രാജാ:—തരകൻ പറഞ്ഞതു ശരിതന്നെ. ഇവിടെ എവിടെയെല്ലാം ഭിക്ഷകൊടുത്തു? അക്കാര്യ്യം വല്ലതും അറിഞ്ഞോ?

തരകൻ:—പുറത്തു് അധികം എങ്ങും പോയിട്ടില്ല. ഒന്നുരണ്ടു യജമാനന്മാർ ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോയി. എപ്പോൾ ഇവിടം വിട്ടുവെന്നും എങ്ങോട്ടുപോയെന്നും ആക്കും നിശ്ചയമില്ല.

രാജാ:—വലിയ മഹഷിംകളുടെ സ്ഥിതിഗതികൾ ഒന്നും നമുക്കു നിശ്ചയമില്ല. തരകൻ മറെറാരുവിശേഷവും അറിഞ്ഞില്ലേ?

തരകൻ:—അടിയൻ! ഒരുകൂട്ടം പട്ടുവ്യാപാരികൾ ഇറങ്ങിയിട്ടുണ്ടു്. മുഖംകാണിക്കുവാൻ വിടകൊണ്ടേയ്ക്കും.

രാജാ:—അവർ ഇവിടെവന്നു പട്ടുതരങ്ങൾ നമ്മേ കാണിച്ചു. ചരക്കു വളരെ മെച്ചം. ഈററക്കുഴലുകളിൽ ചുരുട്ടി അടച്ചിരുന്നു. വിലകേട്ടപ്പോൾ നാം പറഞ്ഞയച്ചു.

തരകൻ:—തിരുമേനി അല്പസാല്പമെങ്കിലും വാങ്ങേണ്ടതായിരുന്നു.

രാജാ:—അങ്ങനെയല്ല. ഈ രാജ്യം മുഴുവനും വിററാലും ആ പട്ടുകളുടെ വില കൊടുക്കുവാൻ കഴിവില്ലാതെ വരും. നാം വാങ്ങിയില്ലെങ്കിലും അപ്പൻ വേണ്ടുവോളം വാങ്ങിയിട്ടുണ്ടു്.

തരകൻ:—കൊച്ചുതിരുമേനിയുടെ അതിരുകവിഞ്ഞ ഔദായ്യംകൊണ്ടു് അവിടുന്നു ജനങ്ങളെ മയക്കിയിരിക്കുന്നു.

രാജാ:—അപ്പൻെറ കാലമാകുമ്പോൾ എടത്തിന് അധോഗതി, സംശയമില്ല. എന്തുചെയ്യേണ്ടു! സഹോദര നായിപ്പോയല്ലൊ. അയാളെകൊണ്ടു മനസ്സുമുട്ടി.

തരകൻ:—അക്കാര്യം നിനയ്ക്കുമ്പോൾ അടിയൻെറ പഴമനസ്സു വെന്തുനീറുന്നു. തിരുമേനി അവിടത്തേപ്പേരിൽ കല്പിച്ചു കരുമനകൊള്ളരുതെന്നാണു് അടിയൻെറ പ്രാത്ഥന. വരുന്നതെല്ലാം വന്നുകൊള്ളട്ടെ.

രാജാ:—നമ്മുടെ മാടമ്പിമാരിൽതന്നെ പലക്കും നമ്മോടു സുഖമില്ല. അവർ ഉള്ളാലെ അപ്പനേ അനുകൂലിക്കുന്നുവെന്നു നമുക്കു മനസ്സിലായിട്ടുണ്ടു്. ഇതിൻെറയൊക്കെ ഫലം എന്തായ്തീരുമെന്നു നമുക്കു വലിയ ശങ്ക ഇല്ലാതെയല്ല.

തരകൻ:—ഇതെല്ലാം ആലോചിക്കുമ്പോഴാണു് അടിയൻെറയും പഴമനസ്സു നീറുന്നതു്. കൊച്ചുതമ്പുരാൻ തിരുവിതാംകൂർ തമ്പുരാൻെറ ഒരു വലിയ ആശ്രിതനാണെന്നും ശ്രുതിയുണ്ടു്.

രാജാ:—മററുമാഗ്ഗങ്ങളിൽകൂടി ഈ വാത്ത നമ്മുടെ ചെവിയിലും എത്തിയിട്ടുണ്ടു്. തരകനോടു് ഇതുവരെ പറഞ്ഞിട്ടില്ലെന്നേ ഉള്ളു. മാത്താണ്ഡവമ്മ തിരുമേനിയുടെ സഹായത്തോടുകൂടി നമ്മെ സ്ഥാനഭ്രഷ്ടനാക്കി അപ്പനു നാടുവാഴാൻ മോഹമുണ്ടെന്നും ജനങ്ങളുടെ ഇടയിൽ ഒരു വത്തമാനമുണ്ടു്.

തരകൻ:—സുഖമില്ലാത്ത കാൎയ്യമായതുകൊണ്ടു് ഇതുവരെ ഇക്കാൎയ്യം തിരുമനസ്സറിയിച്ചില്ലെന്നേ ഉള്ളു. ഏതായാലും ഇനിയുള്ള കാലം കരുതലോടുകൂടി ഇരിക്കണം. കായംകുളത്തേക്കു് ഉതവിചെയ്യുന്നതുകൊണ്ടു മാത്താണ്ഡവമ്മതമ്പുരാനു വൈരാഗ്യം തോന്നും.

രാജാ:—എങ്കിലും ആ രാമയ്യൻ നമുക്കു് എതിരായി ഒന്നിനും ഒരുങ്ങുമെന്നു തോന്നുന്നില്ല. അയാൾ പോററി

യുടെ മഠത്തിൽ താമസത്തിന്ന പോകുംമുൻപ് കുറേക്കാലം ഇവിടെയും താമസിച്ചതാണല്ലൊ.

തരകൻ:—അതൊന്നും ആലോചിച്ചിരുന്നാൽ ആവുമെന്ന് അടിയന്ന തോന്നുന്നില്ല. ഇപ്പോൾ ആ സ്വാമി മാത്താണ്ഡവമ്മ തമ്പുരാന്റെ അന്നമാണല്ലൊ കഴിക്കുന്നതു്.

രാജാവു ദീഘനിശ്വാസത്തോടെ കല്പിച്ചു—"അതും വാസ്തവം തന്നെ. അപ്പന്റെപേരിൽ, നമ്മോടുള്ളതിൽ പതിന്മടങ്ങു വിശ്വാസവും ഭക്തിയും ജനങ്ങൾക്കുണ്ടു്."

തരകൻ:—എളയ തിരുമേനിയെ ശൊലോമൻ രാജാവിനെപ്പോലെ പലരും വാഴ്ത്തുന്നതു് അടിയന്റെ ചെവിക്കുതന്നെ കേട്ടിട്ടുണ്ടു്. അടിയൻ ഇന്നൊരു വത്തമാനം കേട്ടു. വളരെ അടക്കത്തിൽ കേട്ടതാണു്.

രാജാ:—തരകൻ കിട്ടാത്ത വത്തമാനമില്ല. എന്താ പറയൂ. മടിക്കേണ്ട.

തരകൻ:—അടിയൻ. വീട്ടുകാരി കിഴക്കേ മാളികയിൽ അമ്മച്ചിയെ മുഖം കാണിക്കാൻ ഇന്നു വിടകൊണ്ടിരുന്നു. വിശേഷപ്പെട്ട ആ പട്ടു് ഒന്നു കാണണമെന്നും അവൾക്കൊരു മോഹം. അവിടെ ചെന്നു; അമ്മച്ചി പട്ടു് എല്ലാം എടുത്തു് കൈയിൽ കൊടുത്തു. അക്കൂട്ടത്തിൽ അവിടത്തേയ്ക്കും എളയ തിരുമേനിക്കും ഒരു നേച്ചയുണ്ടെന്നും രാമേശ്വരത്തോ എങ്ങോ ഒക്കെ എഴുന്നള്ളാൻ ഉദ്ദേശമുണ്ടെന്നും പറഞ്ഞു.

രാജാ:—നമ്മോടു് അനുജ്ഞ വാങ്ങാൻ വരാതിരിക്കയില്ല. രണ്ടുപേരും ഒന്നിച്ചായിരിക്കും യാത്ര.

തരകൻ:—അതിന്ന സംശയമില്ല. എളയതമ്പുരാനെ പിരിഞ്ഞുണ്ടോ അമ്മച്ചി ഇരിക്കും.

രാജാ:—പൊയ്ക്കൊള്ളട്ടെ. പൊയ്ക്കൊള്ളട്ടെ. തരകൻ ആ പട്ടു കണ്ടില്ലല്ലൊ.

തരകൻ:—അടിയൻ.

രാജാ:—മാധവി അവളുടെ ജ്യേഷ്ഠത്തിക്കു് ഒരു പട്ടും ഒരു സാലപയും കൊണ്ടുവന്നുകൊടുത്തു. ആ ധിക്കാരം നമുക്കു രസമാവുമോ? അതുകൊണ്ടു് അതൊന്നും എടുക്കേണ്ടെന്നു വിലക്കി നാം ഇവിടെ വാങ്ങി വച്ചിട്ടുണ്ടു്. അവ ഇവിടെ വേണ്ടന്നേ ഉള്ളു. അങ്ങോട്ടു കൊടുത്തയച്ചേക്കാം.

തരകൻ:—കിഴക്കെ മാളികയിലേക്കോ? അതു പാടില്ലെന്നു് അടിയന്റെ പഴമനസ്സിൽ തോന്നുന്നു.

രാജാ:—വേണ്ട. എന്നാൽ അതു തരകൻ കൊണ്ടുപൊയ്ക്കൊള്ളു. നമുക്കു് ആവശ്യമില്ലാത്തതു് തരകൻ ഉപയോഗിക്കുന്നതിൽ വിഷമം തോന്നേണ്ട. കേട്ടോ?

തരകൻ നിർവ്വികാരനായി മൌനമുദ്ര പൂണ്ടുനിന്നു.

അപ്പോൾ രാജാവു തുടൎന്നു.—"വേണ്ട. വിഷണ്ണഭാവം വേണ്ട. തരകൻ ഇപ്പോൾ കൊണ്ടുപോകേണ്ട. നാം കല്ലറയ്ക്കലേക്കു് കൊടുത്തയച്ചേക്കാം. പെരുനാളിനുംമററും പള്ളിയിൽപോകുമ്പോൾ ഉപയോഗിക്കാൻ വളരെനന്നായിരിക്കും. കടവിയക്കും ഒന്നു കൊടുത്തേക്കാം."

തരകൻ:—ഇത്ര വിലപിടിച്ച പട്ടുംമററും ഇട്ടുനടക്കാൻ അടിയങ്ങൾക്കു് എന്തുയോഗ്യത ഇരിക്കുന്നു? തിരുമനസ്സിലെ തിരുവുളംകൊണ്ടു് അടിയങ്ങൾ നിലംപൊത്തി, കരിക്കാടിയും കുടിച്ചു് ഇങ്ങനെ കഴിക്കുന്നു.

രാജാ:—നമുക്കു തരകന്റെയുംമററും പേരിൽ ഉള്ള സന്തോഷം അത്രയ്ക്കുണ്ടു്. പട്ടു് ഉപയോഗിക്കുന്നതിൽ ഒരാക്ഷേപവുമില്ല. നമ്മുടെ ഇഷ്ടം.

തരകൻ:—എല്ലാം തിരുമനസ്സിലെ കൃപ. തിരുവുളം അടിയങ്ങളുടെ പേരിലുള്ളതുകൊണ്ടും കണ്ണുകടിക്കാർ എങ്കിലും അടിയങ്ങൾ അതൊന്നും സാരമാക്കിയിട്ടില്ല.

രാജാ:—തരകൻ പറയാതെ തന്നെ ഇതൊക്കെ നമുക്കു് അറിയാം. നാം തരകനേയും കടവിയേയും തരകൻെറ ജാതിക്കാരെയും കൊട്ടാരത്തിനു വടക്കും പടിഞ്ഞാറും തെക്കും കുടിപാൎപ്പിച്ചിരിക്കുന്നതു വൃഥായല്ല. നാം ഒരു കൂട്ടരെത്തന്നെ ഒന്നിനും പൂൎണ്ണമായി നമ്പുന്നില്ല. ഈ രാജധാനിയുടെ കിഴക്കേക്കോട്ടയ്ക്കു പുറത്തു നമ്മുടെ ലബ്ബയുടെആളുകളെ പാൎപ്പിച്ചിരിക്കുന്നതും ഒരുദ്ദേശവുമില്ലാതെയെന്നോ? നമുക്കു ഹിന്ദുക്കളും, ക്രിസ്ത്യരും, മുസൽമാന്മാരും ഒരുപോലെ ആവശ്യം. ഈ മൂന്നുക്കൂട്ടൎക്കുമുള്ള ഓരോരോദേവാലയം നമ്മുടെ കോട്ടയ്ക്കകത്തു കൊട്ടാരത്തിൻെറ മുമ്പിൽ തന്നെ കെട്ടിച്ച നമ്മുടെ പൂൎവ്വികൻ ബുദ്ധിഹീനനോ?

തരകൻ:—കല്പിച്ചതൊക്കയും എത്രയും പരമാൎത്ഥം!

എങ്കിലും നമുക്കു് ഒരു അന്തസ്താപമേ ഉള്ളു. കപ്പലകത്തു കള്ളനിരിക്കുന്നു. അതു ശുഭലക്ഷണമല്ല. പൂൎവ്വന്മാർ നേടിയ സുകൃതം ക്ഷയിച്ചുതുടങ്ങിയതിൻെറ ലക്ഷണമാണിതു്. എന്തു ചെയ്യാം!

തരകൻ:—തിരുമനസ്സുകൊണ്ടു് ഇങ്ങനെ സങ്കടപ്പെടാൻ കാൎയ്യമില്ല.

രാജാ:—തരകൻ അങ്ങനെ വിചാരിക്കേണ്ട. നമുക്കു കുണ്ഠിതം ഇല്ല. ചെറുപള്ളിഭഗവതി ഉണ്ടെങ്കിൽ നമ്മെ വഞ്ചിക്കുന്നവർ, ആരായാലും, നീണാൾ ഇരുന്നു് അനുഭവിക്കുകയില്ല.

തരകൻ:—തിരുമേനി ഇങ്ങനെയൊന്നും കരുമന കൊള്ളരുതേ! തെററു ചെയ്യുന്നവർ അതിൻെറ ഫലം അനുഭവിച്ചുകൊള്ളും.

രാജാ:—തിരുവിതാംകൂറുമായി കായങ്കുളം നേരിടുമ്പോൾ കായങ്കുളത്തിനു തോൽവിപററാതെ നാം സൂക്ഷിക്കണം കായങ്കുളം അടിപെട്ടാൽ തെക്കുംകൂറിനും ക്ഷീണം സംഭവിക്കും.

തരകൻ:—എളയ തിരുമേനിയുമായുള്ള ഇരിപ്പിനു മാർത്താണ്ഡവമ്മ തമ്പുരാൻ ഈ രാജ്യം പിടിക്കുവാൻ മോഹിക്കുമെന്നു തോന്നുന്നില്ല. ആ സ്ഥിതിക്കു് ആ തിരുമേനിയുമായി സഖ്യംചെയ്യുകയല്ലേ ഉത്തമമെന്നും അടിയന്നു് അഭിപ്രായം തോന്നുന്നു.

രാജാ:—കായങ്കുളവുമായി ചെയ്തിട്ടുള്ള ഉടമ്പടി ലംഘിക്കുന്നതു വിഹിതമാണോ?

തരകൻ:—യുദ്ധത്തിന്നിടയാകാതെ തിരുവിതാംകൂറും കായങ്കുളവുമായി സഖ്യത്തിൽ ഏപ്പെടാൻ വഴിയുണ്ടോ?

രാജാ:—അക്കാൎയ്യം ഇനിയും സാദ്ധ്യമാകുമെന്നു നമുക്കു് അഭിപ്രായമില്ല. ദേശിംഗനാട്ടു യുദ്ധത്തോടുകൂടി കായങ്കുളം തിരുവിതാംകൂറിന്റെ ബദ്ധശത്രുവെന്നു വെളിപ്പെട്ടുപോയി.

തരകൻ:—ഈ നിലയിൽ യുദ്ധമുണ്ടായാൽ പൎയ്യവസാനം എന്തായിരിക്കുമെന്നു് അടിയന്നു മനോവിചാരമായിരിക്കുന്നു.

രാജാ:—നമ്മുടെ കോട്ടകൊത്തളങ്ങൾ ഉറപ്പുള്ളവ തന്നെ. കുറെ പീരങ്കികളും ഉണ്ടു്. സ്ഥിരസൈന്യം കുറവെങ്കിലും, നമ്മുടെ വിശ്വസ്ഥന്മാരായ മാടമ്പിമാർ ഏതു നിമിഷത്തിലും പട വിളിച്ചുകൂട്ടുവാൻ കഴിവുള്ളവർ.

തരകൻ:—ഒരുകാൎയ്യം പകൽപോലെ വെളിവാണു്. മാർത്താണ്ഡവമ്മ തിരുമേനിയുടെ ശക്തി ദിവസംതോറും വർദ്ധിച്ചുവരുന്നു. യുദ്ധംകൂടാതെതന്നെ പല ചെറിയ രാജ്യങ്ങളും അവിടത്തേക്കു കീഴടങ്ങിക്കഴിഞ്ഞു.

"ഏതായാലും നമ്മുടെ മാടമ്പിമാർ ചിലർ കായങ്കുളത്തുപോയി വസ്തുതകൾ അറിഞ്ഞുവരട്ടെ. നാളെത്തന്നെ അവരെ അയച്ചേക്കാം. തരകൻ! നാം ഇന്നു പതിവുപോലെ സവാരി പോയില്ലല്ലോ."

എന്നു പറഞ്ഞുകൊണ്ടു രാജാവു സ്വസ്ഥാനത്തുനിന്നു എഴുന്നേററു. അപ്പോൾ തരകൻ ഇങ്ങനെ അറിയിച്ചു:— "ഇന്നു് അങ്ങാടിയിലെ ഠാണാപ്പുരയും ചുങ്കംകച്ചേരിയും മററും തൃക്കൺപാർക്കേണ്ട ദിവസമാണല്ലോ. അങ്ങോട്ടു് എഴുന്നെള്ളുമെന്നു കരുതി അടിയൻെറ ആളുകൾ ഉത്സാഹത്തിൽ നില്ക്കുകയാണു്."

രാജാ:—എന്നാൽ അങ്ങനെതന്നെ. തരകൻ മുൻകൂട്ടി പൊയ്ക്കൊള്ളു. നാം ഉടനെ അതുവഴി വരുന്നതായിരിക്കും. കൂടെ മാവേലിപ്പിള്ളയും പരശുവും ഉണ്ടായിരിക്കും.

തരകൻ രാജാവിനെ വണങ്ങി അവിടെനിന്നു മറഞ്ഞു. വാഗ്ദാനം ചെയ്തപ്രകാരം ചീനാംബരവും സാല്വയും സേവൻെറ ഭവനത്തിലേക്കു കൊടുത്തയച്ചശേഷം, രാജാവു് അംഗരക്ഷകനായ മാവേലിപ്പിള്ളയോടും, സ്വകാൎയ്യകാൎയ്യസ്ഥൻ പരശുപട്ടരോടുംകൂടി സായാഹ്നസവാരി എഴുന്നള്ളത്തു പുറപ്പെട്ടു.

---

## അദ്ധ്യായം ൯.

---

### ചിന്താഗ്രസ്തയായ അമ്മുക്കുട്ടി.

പടത്തലവൻെറ ഭവനത്തിൽ വാസം ആരംഭിച്ചശേഷം കഷ്ടിച്ചു് ഒരു വാരം പൂൎത്തിയാകുംമുൻപു്, അമ്മുക്കുട്ടിയിൽ വല്ലതായ ഒരു ഭാവഭേദം കാണപ്പെട്ടു. ആ യുവതി ക്രമേണ അപ്രസന്നയായും, സ്നാനം ഭക്ഷണം ആദിയായ നിത്യാവശ്യങ്ങളിൽപോലും ശ്രദ്ധാലുവല്ലാതെയും ഭവിച്ചു. ഗൃഹനായകൻെറ ഭഗിനിയും ഭാഗിനേയികളുമൊന്നിച്ചു ഹൃദ്യസല്ലാപത്തിൽ ഏൎപ്പെട്ടുകൊണ്ടി

രിക്കുവാൻ അതിയായ താല്പര്യം പ്രദർശിപ്പിച്ചു വന്ന അവൾ, സംഭാഷണത്തിൽ വിപ്രതിപത്തി പ്രകാശിപ്പിച്ചുതുടങ്ങി, സോദരപത്നിയുടെ സുഖസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു, സർവ്വശക്തികളും ഉപയോഗപ്പെടുത്തി ശ്രമിച്ചുകൊണ്ടിരുന്ന മാണിക്കക്കുഞ്ഞമ്മയും, അവരുടെ സന്താനങ്ങളും, അമ്മുവിന്റെ കുണ്ഠിതത്തിനുള്ള ഹേതു എന്തെന്നറിയാതെ അമ്പരന്നു. ത്രിവിക്രമൻഉണ്ണിത്താന്റെ ശയ്യാഗൃഹത്തിൽ, അമ്മുക്കുട്ടിഅമ്മ പ്രവേശിക്കുകതന്നെ ഉണ്ടായിട്ടില്ലെന്നുള്ളവസ്തുത, ലോകതന്ത്രവിശാരദയായ മാണിക്കക്കുഞ്ഞമ്മയുടെ ദീർഘാലോചനയ്ക്കു വിഷയീഭവിക്കാതിരുന്നിട്ടില്ല ഉണ്ണിമായയും മിന്നുവും പതിവായി നിദ്രചെയ്യുന്ന മുറിയിൽ, അവരുടെ മാതുലപത്നിയും ശയിച്ചുവന്നതു കേവലം നവോഢാസഹജമായ സങ്കോചംനിമിത്തമായിരിക്കാനേ ഇടയുള്ളുവെന്നു താൻ ചെയ്ത പരിഗണനം തെററിപ്പോയെന്നു വലിയകുഞ്ഞമ്മയ്ക്കു തോന്നിയെങ്കിൽ അതു ലേശവും അത്ഭുതമല്ല. പടത്തലവന്റെ ദർശനമോ അഭിമുഖസംഭാഷണമോ പോലും ഹൃദയശല്യമായി അമ്മുനിനച്ചുപോന്നുവെന്നു്, അവളുടെ ചേഷ്ടകളാൽ വ്യക്തമായി മനസ്സിലാക്കുവാൻ, ഗൃഹനായികയ്ക്കു സാധിച്ചു. സദാ ചിന്താമഗ്നയായും, ഏകയായിരിക്കുമ്പോഴൊക്കെയും ബാഷ്പകലുഷയായും കാണപ്പെട്ടുകൊണ്ടിരുന്ന പ്രസ്തുത യുവതി, പ്രേക്ഷകരായ സ്വജനങ്ങളുടെ അനർഗ്ഗളമായ അനുകമ്പയ്ക്കു പാത്രീഭവിച്ചു. ഇത്ര കഠിനമായ ഹൃത്താപത്തിന്റെ കാരണം അറിവാൻ ഭാഗിനേയികൾ ചെയ്ത ശ്രമം ആകെ വിഫലീഭവിച്ചതേയുള്ളു. നയകുശലയായ മാണിക്കക്കുഞ്ഞമ്മ പഠിച്ച വിദ്യകളൊക്കെ പ്രയോഗിച്ചു നോക്കിയിട്ടും, നാത്തൂന്റെ മനോവ്യഥയ്ക്കുള്ള അടിസ്ഥാനം എന്തെന്നറിവാൻ സാധിച്ചില്ല. ആസന്നഭാവിയിൽ ആരംഭിക്കുവാൻ ഇടയുള്ള യുദ്ധംസംബന്ധിച്ചു്, സൈന്യ

സജ്ജീകരണം ആദിയായ ഗൌരവതരങ്ങളായ വിഷങ്ങ ങ്ങളിൽ ആകണ്ഠം മുഴകി വ്യാപൃതനായിരിക്കുന്ന വലിയ പടത്തലവൻ, .സ്വവസതിയിൽ പാദസ്പശം ചെയ്യാതാ യിട്ടുതന്നെ ദിവസങ്ങഠം ഒട്ടധികം ആയിക്കഴിഞ്ഞു. ആപ്ത നായ കൊച്ചു് ഉണ്ണിത്താൻെറയും അവസ്ഥ ഇതുതന്നെ. അതിപ്രധാനവും ഗൌരവാവഹവുമായ ഈ മഹാനസ രഹസ്യം, പാളയത്തിലിരിക്കുന്ന കാരണവരുടെ കണ്ണുങ്ങ ളിൽ മന്ത്രിക്കുന്നതിനു സമുചിതനായ സന്ദേശവാഹകൻ സുലഭമല്ലായ്കയാലോ, അതു പുറത്തു വിടുന്നതു കായ്യഗൌ രവത്തിനു് അനുചിതമെന്നു നിനയ്ക്കുകയാലോ, മൂത്ത കുഞ്ഞമ്മ ശാന്തിഅവലംബിച്ചു, സാമദാനാദി അടവുകഠം പ്രയോഗിക്കുവാൻ ആലോചനയായി.

ഈ പതനത്തിൽ ഒരു ദിവസം ഉദ്ദേശം നാലുനാ ഴികപുലന്നസമയം ഒരാഠം വലിയ പടത്തലവൻെറ ഭവ നത്തിൽ ആഗതനായി. അയാഠം ദീഘകായനും ബലി ഷ്ഠനും മദ്ധ്യവയസ്കനുമാണു്. കഷണ്ടിയുടെ ആക്രമണം നിമിത്തം ശിരസ്സിൻെറ മുകഠംപ്പരപ്പു മിക്കവാറും രോമ ശൂന്യമായി ഭവിച്ചിരിക്കുന്നു. മുഖവുംശരീരവും മാംസളവും ഓജസമ്പൂണ്ണവുമായിരിക്കുന്നു. കൃഷ്ണവണ്ണമാണു്. ജൃംഭിച്ചു അഗ്രം അല്പം വളഞ്ഞു നില്ക്കുന്ന നാസികയോടുള്ള അതി പ്രതിപത്തിനിമിത്തമെന്നു ശങ്ക ജനിപ്പിക്കത്തക്കവിധം, ആഗതൻെറ കൃഷ്ണമിഴികഠം അതിനോടു ക്രമത്തിലധികം സമീപിച്ചുനില്ക്കുന്നുണ്ടു്. സൃഷ്ടിയിൽ പ്രകൃതി കൈയയച്ചു പ്രദശിപ്പിച്ചിരിക്കുന്ന ഈ വികൃതി അയാളുടെ മുഖത്തിനു അനല്പമായ ബീഭത്സത പ്രദാനംചെയ്യുന്നു, ദേശാചാരം അനുസരിച്ചു ശുഭ്രവണ്ണമായ കരയൻമുണ്ടും, അതിന്മീതെ അതേ നിറമുള്ള കച്ചത്തോത്തും ധരിച്ചിരിക്കുന്നു.

പ്രസ്തുത ഭവനത്തിൽ ദീഘകാലപരിചയമുള്ളമട്ടിൽ അയാഠം നേരെ നടന്നു നാലുകെട്ടിൻെറ കിഴക്കേ തിണ്ണ

യിൽകയറി വാതലിന്ന സമീപംനിന്നു് തന്റെ ആഗമന വൃത്താന്തത്തിന്റെ പഠികയായി ഒന്നുചുമച്ചു. ഏതാനും നിമേഷത്തിനകം മാണിക്കക്കുഞ്ഞമ്മ കിഴക്കേവാതലിനരികെ എത്തി ഇങ്ങനെ പ്രശ്നംചെയ്തു:—"ഇതാരു്? മാത്തുവോ? നീ ഇങ്ങോട്ടു വരാനുള്ള വഴിഒക്കെ മറന്നില്ലേടാ."

ഗൃഹനായകിയുടെ മുഖത്തുനിന്ന പുറപ്പെട്ട വാത്സല്യസമ്മിളിതമായ പരുഷോക്തികേട്ട മന്ദസ്മിതം തൂകി, ശിരസ്സിനെ അല്പമൊന്നു നമ്രമാക്കി, വലത്തുകരത്താൽ വദനത്തെ ആഛാദനം ചെയ്തുകൊണ്ടു് അഭ്യാഗതൻ ഇങ്ങനെ അറിയിച്ചു:-"എന്റെ കൊച്ചമ്മേ! മാത്തുവിന്റെ ചോറല്ലേ? ഈ ജന്മത്തു മറിച്ചുണ്ടോ വരുന്നു?"

മാണിക്ക:—അക്കാലമൊക്കെ കഴിഞ്ഞില്ലേടാ ഇപ്പഴിതാ നീ വല്യപട്ടം പിടിച്ച മുതൽപ്പേരു! നിന്നേ കണ്ടനാൾ മറന്നു.

മാത്തുപിള്ള:—എന്തുപറയുന്നു കൊച്ചമ്മേ! ഇക്കാലം അവിടെ അടിഞ്ഞുകിടന്നിട്ടും നില്ക്കക്കള്ളിയില്ല. അന്നം തന്നു പോററിയ കൊച്ചമ്മയുടെ അനുഗ്രഹം; വല്യയജമാനന്റെ ദയവു്; ഇതു രണ്ടും മാത്തുവിനു് ഒണ്ടു്. അതുകൊണ്ടു് ഇങ്ങനെ എങ്കിലും കെടക്കുന്നു.

മാണിക്ക:—നീ ഒന്നും മറന്നിട്ടില്ല. അതുകൊണ്ടു തന്നെ നിനക്കു് ഈ തിരുവുളം. ടാണാ മുതൽപ്പേരായില്ലേ? അതുവരെ എത്തിയല്ലോ.

മാത്തു:—ഗുരുത്തത്തിന്റെ ഗൊണമേ മാത്തുവിനൊള്ളു. ഈ നറഞ്ഞ തറവാട്ടിലെ വല്യഅടുക്കളയിൽശേവത്തിന കാലു് ഊന്നിയ അന്നുതൊട്ടു മാത്തുവിനു ഗൊണംതന്നെ. കൊച്ചമ്മയുടെ ചോറുതന്നെ ഈകാണുന്ന മാത്തു. അതിന ഒരു മറിമായം ഒണ്ടെന്നു മാത്തു ഇന്നും നിനച്ചിട്ടില്ല.

മാണിക്ക:—നീ ഗുരുത്വം ഉള്ളവൻ തന്നെടാ. അതല്ലേ ഇവിടത്തെ കാരണോക്കും നിന്നേ കാര്യം.

മാത്തു:—കാൎയ്യംതന്നെ. വലിയകാൎയ്യം. "മാത്തു"എന്നു വിളിക്കുന്നേടത്തു വലിയ എജമാനൻെറ നാക്കിൽക്കൂടെ തേന്തൂറിവരും. അതു മാത്തുവിൻെറ തിട്ടം. എങ്കിലും—

എന്നിപ്രകാരം പറഞ്ഞു മാത്തുപിള്ള അദ്ധോക്തിയിൽ വിരമിച്ചു കുണ്ഠഭാവം അഭിനയിച്ചു നിലകൊണ്ടു.

മാണിക്ക:—എങ്കിലും എന്താണെടാ! പറയാൻ തുടങ്ങിയതു മുഴുവൻ കേൾക്കട്ടെ. എൻെറ ഉടപ്രന്നവൻ നിനക്കു എന്തു ദോഷം ചെയ്തു? മടിക്കേണ്ട. എന്നോടു പറയത്തക്കതാണെങ്കിൽ പറ.

മാത്തു:—കൊച്ചമ്മയോടു് അറിയിക്കത്തക്ക കാൎയ്യം തന്നെ വല്യ എജമാനൻ മാത്തുവിൻെറ വയററത്തു് ഒന്നടിച്ചു. ഒരു നല്ല അടി. അതിൻെറ കേടു് ഇയ്യുടെ എങ്ങും തീരുന്ന മട്ടില്ല.

മാണിക്കക്കുഞ്ഞമ്മ മാത്തുപിള്ളയുടെ മുഖത്തു് അനുകമ്പാപുരസ്സരം നോക്കിക്കൊണ്ടു ചോദിച്ചു:—"വയിററിൽ അടിച്ചോ? അതെന്തു് എൻെറ മാത്തു! തെളിച്ചു പറ."

മാത്തു:—അക്കാൎയ്യം കൊച്ചമ്മയും അറിഞ്ഞുകാണും.

മാണിക്ക:—ഇതെന്തൊരു കൃത്തു്! ഞാനും അറിഞ്ഞു കാണുമെന്നോ? എൻെറ മീനുവിനാണെ ഞാനൊന്നും അറിഞ്ഞതില്ലേ! എന്തെന്നു പറ കേൾക്കട്ടെ.

മാത്തു:—മാത്തുവിനു മൊറയ്ക്കു കിട്ടേണ്ട രണ്ടാംമുറപ്പാട്ടം വീരളത്തെ കൊച്ചുണ്ണിത്താനു കൊടുപ്പിച്ചു. മാത്തു പടവിനെ ടാണാപ്പൊരയിലേക്കും തള്ളി.

മാണിക്ക:—എൻെറ മാത്തു! നിന്നാണെ ഞാൻ ഇതറിഞ്ഞില്ലേ! വീരളത്തെ കൊച്ചുണ്ണിത്താനു പടവിചാരം കല്പിച്ചു കൊടുത്തെന്നു മാത്രം കേട്ടു. നിന്നെ മോശപ്പെടുത്തീട്ടാണെന്നു ഞാൻ ഇപ്പഴേ കേട്ടൊള്ളു. അതു തമ്പുരാൻ കല്പിച്ചു കൊടുത്തതല്ലേ? ഉടപ്രന്നോൻ എന്തു പിഴച്ചു?

മാതു:-മാതുവിനോട്ട് ഇങ്ങനെ ഒരു കരുമനതോന്നാൻ എടയില്ല. എങ്കിലും അങ്ങനെ ഒരു ശ്രുതി: ശകലം കാര്യം അതിനകത്തുമൊണ്ടല്ലോ.

മാണിക്ക:—ആളുകൾക്കു പറയാൻ വകയായി. അത്രേയൊള്ളു. നിനക്ക് അതുകൊണ്ട് കുറവ് ഒന്നും വന്നില്ലല്ലോ. ടാണാ മുതൽപ്പേരു ചില്ലറ പട്ടമോ?

മാതു:—കൊച്ചമ്മേടെ നാക്കു നന്നായിരിക്കട്ടെ. അവിടെയും മാതുവിനു പകട പന്ത്രണ്ടുണ്ട്. മാതു കൊച്ചിലെ ഉണ്ട ചോറിന്റെ ഗൊണം. അത് എവിടെ കൊറയാൻ പോണു?

മാണിക്ക:—നീ മിടുക്കനാണെന്നു് എനിക്കറിയാം. കമന്നു വീണാൽ കാല്പണവുംകൊണ്ടേ നീ എഴുന്നേൾക്കൂ. എങ്കിലും ഒരു കാര്യം എപ്പഴും ഓക്കണം. ആരെയും ഫേമഭണ്ഡപ്പെടുത്തരുതേ! കാശു കിട്ടുന്നെങ്കിൽ വാങ്ങിച്ചോ. ഫേമഭണ്ഡം ചെയ്താൽ സന്തതിക്കു ദോഷം. അതു് ഓർമ്മവേണം.

മാതു:—ഫേമഭണ്ണപ്പെടുത്തീട്ടു മാതുന്നു് എന്തു കാര്യം? പൊന്നോ പൊടിയോ ഒള്ളവൻ തന്നേക്കട്ടെ. മാതു അവനു വേണ്ട ഗൊണമൊക്കെ ചെയ്യും.

മാണിക്ക:—ആകട്ടെ. ഇതുവരെ എന്തുണ്ടെടാ സമ്പാദ്യം? കണ്ടമോ വല്ലതും എഴുതിച്ചോ?

മാതു:—കൊച്ചമ്മേടെ ചോറല്ലേ! അതിനു ഗൊണമില്ലാതെ വരുമോ? പന്ത്രണ്ടുമുറിപ്പൊരയിടം, നൂറുപറവിത്തുപാട്ട കണ്ടവും. പിന്നെ പൊന്നും പൊടിയും ഉണ്ട് വണ്ടിസ്സാമാനങ്ങളും, അതുമൊക്കെ ആയി."

മാണിക്ക:—അതൊക്കെ മതിയെടാ. നിനക്കു ദോഷം വരികയില്ല.

മാതു:—മാതുവിനു് ഇതു കേട്ടാമതി.

മാണിക്കം—പിന്നെ എന്താണെടാ ഇങ്ങോട്ടു പോന്നതു? വിശേഷം വല്ലതും ഉണ്ടോ?

മാത്തു:—വലിയ എജമാനൻ പൊടക മുറിച്ചു കൊച്ചുകൊച്ചമ്മയെ കൊണ്ടുവന്നിരിക്കയല്ലേ? മാത്തുവും ഒന്ന് ഇവിടംവരെ വന്നു പോകേണ്ട മൊറ ഒണ്ടല്ലൊ. അങ്ങനെ നിനച്ചിരുന്നു. അപ്പഴ് ഒരു കാര്യവും വന്നു.

മാണിക്കം:—അങ്ങനെ പറ. എന്തെങ്കിലും തക്കതായിട്ടു കാര്യമില്ലാതെ ഈ പടക്കാലത്തു നീ ഇങ്ങോട്ടു പോരുമോ? ഉടപ്പന്നോൻ ഈ മതിൽക്കകത്തു കാലെടുത്തുവെച്ചിട്ടുതന്നെ ഇന്നെത്രദിവസമായി. എന്താ വിശേഷം പറ.

മാത്തു:—അതുകൊണ്ടുതന്നെ മാത്തുവിനേ അയച്ചതും.

മാണിക്കം:—ഇവിടത്തെ വിശേഷങ്ങറം അറിഞ്ഞു ചെന്നു പറയാൻ തന്നെ. അല്ലേ! ഇവിടെ ഒക്കെ വിശേഷംതന്നെ. നിന്നോടു വിട്ടുപറയാമല്ലൊ എൻെറ മാത്തു! ആ പെണ്ണ് ഇവിടെ വിന്നിട്ടു രണ്ടുനാളത്തേക്ക് ഒക്കെ കൊള്ളാമായിരുന്നു. പിന്നെ തുടങ്ങി കാറം കറപ്പും. പിന്നെ ഇതുവരെ കണ്ണീരുതോന്നിട്ടില്ല. കുളിയുമില്ല. കഞ്ഞികുടിയുമില്ല. എന്തൊരു കഷ്ടം! ഇവിടെ ആരും ഒന്നും പിഴച്ചതല്ലേ! എന്താണോ! എന്തോ. ആക്കറിയാം. നിന്നേ ഒന്നു കണ്ടുപിടിച്ചുവരുത്തി പറഞ്ഞയക്കണമെന്ന് ഇന്നലെയും വിചാരിച്ചതേ ഉള്ളു.

മാത്തു:—ഇവിടെ കരച്ചിലുംപിഴിച്ചിലും ഒക്കെയെന്നു വല്യ എജമാനൻ എങ്ങനെയോ അറിഞ്ഞുകാണും. അതല്ല്യോ കൊട്ടാരത്തിനു തൊട്ടുതന്നെ വീടെല്ലാം ശട്ടമാക്കീരിക്കുന്നതു്. വല്യഎജമാനൻ കൂടെയാണെങ്കിൽ ഈ മട്ടൊക്കെ മാറാതെ എവെടെ പോന്നു?

മാണിക്കം:—ഈ ആലോചന എനിക്കു വളരെ ബോധിച്ചു. അങ്ങനെ നടക്കട്ടെ.

മാത്തു:—പിറന്ന കൊച്ച്—ഒന്നുമില്ല. സാരമില്ല.

മാണിക്ക—നീ എന്താ വിഴുങ്ങിക്കളഞ്ഞതു്. മനസ്സിലായി. വലിയഎജമാനനും കൊച്ചുകൊച്ചമ്മയുംഒന്നിച്ചു താമസമായാൽ കൊച്ചുണ്ണിത്താൻ പിന്നെ ഇവിടെ താമസിക്കുന്നതു ശരിയെന്നോ? അതല്ലേ?

മാത്തു:—മാത്തു ഒന്നും പറയുന്നില്ല.

മാണിക്ക:—അതെന്തെടാ. നിനക്കു കൊച്ചുണ്ണിത്താനോടു പിണക്കമെന്നു എനിക്കു മനസ്സിലായല്ലോ.

മാത്തു:—മാത്തുവിനു് ഒരു പിണക്കവുമില്ലേ. ഞാൻ അങ്ങേരോടു മിണ്ടീട്ടേ ഇല്ല ഇതുവരെ.

മാണിക്ക:—ഉണ്ണിത്താൻ നല്ല കുടുംബക്കാരൻ ഇഷ്ടമുള്ളെടത്തു താമസിക്കട്ടെ. കൊച്ചനുമല്ലേ?

മാത്തു:—താമസിക്കട്ടെ അതിനെന്താ. വല്യ എജമാനൻ ദത്തു് എടുത്തിരിക്കുന്നു എന്നു ശ്രുതി.

മാണിക്ക:—ആണുങ്ങളേയും ദത്തു് എടുക്കുമോ മാത്തു! വേണമെങ്കിൽ എടുത്തുകൊള്ളട്ടെ. ഉടപ്രന്നോൻ എന്തു പറഞ്ഞയച്ചു?

മാത്തു:—ഇന്നു സന്ധ്യയ്ക്കു മുൻപു കൊച്ചുകൊച്ചമ്മയേ മേനാവിൽ കയററി, കൊച്ചമ്മയും മേനാവിൽ പുതിയ വീട്ടിൽ വരണമെന്നു്, ആൾക്കാർ നേരത്തേ ഇവിടെ എത്തുമെന്നും ഉത്തരവായി.

മാണിക്ക:—വളരെ സന്തോഷം. ഈ നിറഞ്ഞ കുടുംബത്തിൽ പെണ്ണുങ്ങളുടെ കണ്ണീരുവീഴാതെ കഴിയട്ടെ.

എന്നിപ്രകാരം സംഭാഷണം അല്പനേരംക്കൂടി തുടന്നു. അനന്തരം കഞ്ഞികുടികഴിഞ്ഞു മാത്തുപിള്ള മാണിക്കക്കുഞ്ഞമ്മയോടുയാത്രപറഞ്ഞു വലിയ ഉണ്ണിത്താൻെറ സന്നിധിയിലേക്കു പുറപ്പെട്ടു.

കിട്ടിയ വത്തമാനവുംകൊണ്ടു പ്രസന്നമുഖയായി ഗൃഹനായിക അമ്മുക്കുട്ടിഅമ്മയുടെ സമീപത്തേക്കു താര

യോടേ നടന്നുചെന്നു് ഇങ്ങനെ പറഞ്ഞു:“—“എന്റെ കുഞ്ഞേ! അമ്മൂ! അമ്മിണിയെ കാണാതിരിക്കുന്നതു കൊണ്ടു് ഇവിടത്തെ കാരണോൎക്കു വലിയ മനോവിചാരമായിരിക്കുന്നുപോലും. അമ്മിണിയേപ്പററി അന്വേഷിക്കാനും ആൾ വന്നിരുന്നു. അയാൾ ഇപ്പോൾ പോയതേ ഉള്ളൂ. ഇവിടെ അരിവെപ്പിനു നിന്നിരുന്ന കൊച്ചൻ ഇപ്പോൾ വലിയ ടാണാ മുതൽപ്പേരായിരിക്കുന്നു. സന്തോഷമായിരിക്കു. ഇന്നുവൈകുന്നേരം നമുക്കു ഒരുമിച്ചു പുതിയ വീട്ടിലേക്കു പോകാം. തമ്പുരാൻ തിരുമനസ്സിൽനിന്നു തന്നെ, നിങ്ങൾക്കു രണ്ടാൾക്കുംകൂടെ പാൎക്കാൻ കൊട്ടാരത്തിന്നു് അടുത്തു ഒരു വലിയവീടു് ഒഴിപ്പിച്ചു കൊടുത്തിരിക്കുന്നു. പടയോട്ടം കഴിയുന്നതുവരെ അവിടെ പാൎത്താൽ മതി. പിന്നെ ഇങ്ങോട്ടു പോരാം. പുതിയവീട്ടിൽ പാൎപ്പായാൽ അമ്മിണിയുടെ ഈ മട്ടൊക്കെ മാറുമെന്നു് എനിക്കു വിശ്വാസമുണ്ടു്.”

## അദ്ധ്യായം ൧൦.

### ഗൂഢസംഭാഷണം.

വലിയ പടത്തലവൻ അമ്മുക്കുട്ടി അമ്മയോടുകൂടി പുതിയ വസതിയിൽ വാസം ആരംഭിച്ചു നാൾതൊട്ടു വീരവിക്രമൻഉണ്ണിത്താൻ കൊട്ടാരത്തിന്നുസമീപം ഒരു ഗൃഹത്തിൽ പാൎപ്പു് ഉറപ്പിച്ചു. എങ്കിലും നിത്യവും ഒരു പ്രാവശ്യം ത്രിവിക്രമൻ ഉണ്ണിത്താനെ വാസസ്ഥലത്തു ചെന്നുകാണണമെന്നു് അദ്ദേഹം കൊച്ചുണ്ണിത്താനോടു പ്രത്യേകം ഏൎപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. തന്നിമിത്തം

ദിവസന്തോറും രാവിലെ ആ യുവാവു വലിയ പടത്തല വനെ സന്ദർശിച്ചുവന്നു; എന്നുമാത്രമല്ല, കൃത്യാന്തരബഹു ലതയാൽ അസ്വാസ്ഥ്യചിത്തനും അസ്വാതന്ത്ര്യനുമായി ഭവി ച്ചിരുന്ന വലിയഉണ്ണിത്താൻെറ വസതിയിലെ ഭരണകാ ര്യങ്ങൾകൂടി കൊച്ചുണ്ണിത്താൻെറ മേലന്വേഷണത്തിൽ നടത്തേണ്ടതായും വന്നുകൂടി. ഇപ്രകാരം വീരവിക്രമൻ പുതിയ മഠത്തിൽ കൂടെക്കൂടെ പോകുവാനും അമ്മുക്കുട്ടി അമ്മയുമായി പല ഗൂഢങ്ങളിലും അഭിമുഖസംഭാഷണം നടത്തുവാനും നിർബ്ബന്ധിതനായിത്തീൎന്നു. വലിയ ഉണ്ണി ത്താൻെറ കുടുംബഗൃഹത്തിൽവച്ചു വീരവിക്രമന് അമ്മു വിൻെറ ദർശനം കേവലം അസുലഭമായിരുന്നു.

"പുതിയ മഠ"ത്തിൽ വാസം ആയതുമുതൽ ആ യുവ തിയുടെ അവസ്ഥയ്ക്കു തെല്ലൊരന്തരം വന്നിട്ടുള്ളതായി ത്രിവിക്രമൻ ഉണ്ണിത്താനുതന്നെ അചിരേണ ബോദ്ധ്യം വന്നു. അവൾ സാധാരണമായി പ്രസന്നയായും ഉത്സാഹ ചിത്തയായും കാണപ്പെട്ടു. എന്നാൽ വലിയ പടത്തല വൻ ആശിച്ചതുപോലെ സഹധൎമ്മചാരിണീധൎമ്മങ്ങൾക്കു അവൾ വിധേയയായി ഭവിച്ചിരുന്നില്ല.

ഭവനത്തിലെ പരിചാരകന്മാരുടേയും പരിചാരിക കളുടേയും മേൽ അമ്മുവിനു് അപരിമിതമായ അനുകമ്പ യുണ്ടായിരുന്നു. എന്നാൽ തെററുകണ്ടാൽ അവരെ ശാസി ക്കുന്നതിലും അവരുടെ പ്രവൃത്തികളെ നിയന്ത്രിച്ചു ക്രമ പ്പെടുത്തുന്നതിലും ഗൃഹനായിക പ്രത്യേകം ജാഗരൂകയാ യിരുന്നു. തന്നിമിത്തം ക്രമേണ ഗൃഹത്തിലെ ഭൃത്യവൎഗ്ഗം അമ്മുക്കുട്ടിയെ മാതൃവൽ പരിഗണിച്ചു് ആരാധിച്ചുവന്നതു ലേശവും അത്ഭുതമല്ല. വീരവിക്രമൻ ഉണ്ണിത്താനെ, ആ ഭവനത്തിലെ ഒരു പ്രധാനപ്പെട്ട അംഗമെന്ന നിലയിൽ എല്ലാവരും കരുതി സ്നേഹിച്ചും ബഹുമാനിച്ചും ആചരിച്ചു പോന്നു.

പുതിയ മഠത്തിലേക്കു പാർപ്പുമാററിയതിൻെറ ഏഴാം നാഠം രാവിലെ, കൊച്ചുണ്ണിത്താൻ പതിവുപോലെ ആ ഗൃഹത്തിൽ ചെന്നപ്പോഠം അമ്മു ചിന്താവിഷ്ടയായി നാലു കെട്ടിനകത്തു് ഒരു കട്ടിലിൽ ഇരിക്കയായിരുന്നു. വലിയ പടത്തലവൻ ആ സന്ദർഭത്തിൽ അവിടെ ഉണ്ടായിരുന്നില്ല. പടിപ്പുരച്ചാവടിയിൽ ഗൃഹനാഥനെ കാണായ്കയാൽ യുവാവു് നേരെ നാലുകെട്ടിൻെറ വാതലിനുസമീപം നടന്നെത്തി. പാദഘാതം ശ്രവിച്ചു, യുവതി തല ഉയർത്തി നോക്കിയപ്പോഠം, ആഗതൻ ആരെന്നു മനസ്സിലായി; തൽക്ഷണംതന്നെ സ്വസ്ഥാനത്തുനിന്നു് എഴുനേററു വാതലിനു സമീപം കതകിൻെറ പിന്നിലായി ശരീരത്തെ അർദ്ധാംശം മറച്ചുകൊണ്ടുനിന്നു മന്ദസ്മിതം തൂകി ഇങ്ങനെ പറഞ്ഞു:—“അദ്ദേഹം ഇവിടെ ഇല്ല. അതിരാവിലെ കൊട്ടാരത്തിൽനിന്നു് പട്ടക്കാരൻ വന്നിരുന്നു. ഉടനെ കൂടെപോയി. അകത്തുവന്നു് ആ കട്ടിലിൽ ഇരിക്കാമല്ലോ.”

വീര:—അതുവേണ്ട. ഇവിടെ നിന്നുകൊള്ളാം. വിശേഷം ഒന്നുമില്ലല്ലോ.

അമ്മു:—അല്പം ചില വിശേഷങ്ങഠം ഇല്ലാതില്ല. ഏറിയനാളായി മനസ്സിൽ അടക്കുകയായിരുന്നു.

വീര:—അതു് എന്താണോ?

അമ്മു:—കേഠക്കുമ്പോഠം ഒരു കഥപോലെതോന്നും. ഇതു് അവിടെ അറിയിക്കുവാൻ അവസരംനോക്കി ഇതുവരെ കഴിച്ചു.

വീര:—മനസ്സിനെ ഇത്രവളരെ വിഷമിപ്പിക്കുന്ന അക്കാര്യം എന്താണോ? പറയാമല്ലോ.

അമ്മു:—അവിടുന്നു് എൻെറ പ്രാണരക്ഷകനാണു്. ഈ നിലയിൽ എനിക്കു് അവിടത്തോടും അവിടത്തേക്കു് എന്നോടും ചില കടമകഠം ഉണ്ടു്. അതുകൊണ്ടു് എൻെറ

മനസ്സു തുറന്നുകാണിക്കുന്നതാണ്. വേലക്കാരികളും വേല ക്കാരന്മാരും ഒക്കെ കുളിക്കാനുംമററും പോയിരിക്കുന്നു. ഞാൻ പറയുവാൻ തുടങ്ങുന്ന കാര്യം മററാരും കേൾക്കു മെന്ന് ഇപ്പോൾ പേടിവേണ്ട. ഈ വിവരങ്ങൾ എങ്ങ നെയെങ്കിലും ഈ പത്തനത്തിൽ പുറത്തുപോയാൽ നമുക്കു രണ്ടാൾക്കും രക്ഷയില്ലാതാകും.

വീരവിക്രമൻ നെററി ചുളിച്ചുകൊണ്ടു പറഞ്ഞു:—"വളരെ ഗൌരവമുള്ള കാര്യമാണെന്നു ഞാൻ ഊഹി ക്കുന്നു. ഏതായാലും അന്യന്മാർ അറിയുമെന്നുള്ള ശങ്കക്ക് ഇപ്പോൾ അവകാശമില്ലല്ലോ. വേഗം പറയൂ."

അമ്മു:—ഞാൻ വലിയ പടത്തലവൻെറ ഭാര്യയാ ണെന്നായിരിക്കുമല്ലോ, അവിടുന്നുംമററും ധരിച്ചിരിക്കു ന്നതു്.

ഇത്രയും അമ്മുക്കുട്ടിഅമ്മയുടെ മുഖത്തുനിന്നു കേട്ട മാത്രയിൽ യുവാവു് ഒന്നു ഞെട്ടുങ്ങി; അയാൾ യുവതിയുടെ മുഖത്തു തൻെറ ദൃഷ്ടികളെ ഉറപ്പിച്ചു. അപ്പോൾ ആ മുഖത്തു്, സതീസഹജമായ സ്ഥൈര്യത്തിൻേറയും സ്വഭാ വഗാംഭീര്യത്തിൻേറയും കൊടികൾ പ്രകാശിക്കുന്നതായി വീരവിക്രമൻ കണ്ടറിഞ്ഞു. അയാൾ പറഞ്ഞു:—"അങ്ങ നെ മനസ്സിലാക്കാനല്ലെ ന്യായം ഉള്ളൂ."

അമ്മു മന്ദസ്മിതത്തോടെ പറഞ്ഞു:—"അതു ശരി തന്നെ. എന്നാൽ അവിടുന്ന് എന്നെ വിശ്വസിക്കണം. ഈ ഉണ്ണിത്താൻ എന്നെ സംബന്ധം ചെയ്തിട്ടില്ല. അദ്ദേ ഹം എൻെറ ഭർത്താവുമല്ല. ഞാൻ ഭാര്യയുമല്ല. പിന്നെ, അദ്ദേഹം പറഞ്ഞതും ഭാവിച്ചതുമൊക്കെ വെറും മിരട്ട്."

വീരവിക്രമൻ ആശ്ചര്യഭരിതനായി, സ്തബ്ധനായി നിലകൊണ്ടു. യുവതി തുടർന്നു:—"അവിടുത്തേക്കു് അതി ശയം തോന്നിയേക്കും! ഇതെല്ലാം ഈ പകൽപോലെ പരമാർത്ഥം! എൻെറ ഊരും പേരും കുടുംബവുമൊക്കെ

അദ്ദേഹത്തിൻെറ മൊഴിപോലെ നിജംതന്നെ. ഇളയടത്തു സ്വരൂപത്തിലെ തമ്പുരാൻെറ മകളാണ് ഈ നിർഭാഗ്യവതി. അവിടുന്നു കാലംചെയ്തു. ഇപ്പോൾ അവിടത്തെ മരുമകൾ തമ്പുരാട്ടി നാടുവാഴുന്നു. റാണിയും ഞാനും സമപ്രായക്കാർ. ഈ അമ്മുവിൻെറ അമ്മ, അച്ഛനുമുമ്പെ പരലോകത്തേക്കു പോയി. മററു് ഉടയവരാരുമില്ലെന്നു പറഞ്ഞതും വാസ്തവം. അമ്മയുടെ കാലം കഴിഞ്ഞതുമുതൽ കൊട്ടാരത്തിൽതന്നെ വളന്നു. കാലദോഷം എല്ലാവക്കും വരുമല്ലോ. എളയടത്തു സ്വരൂപം അയൽ രാജാക്കന്മാർ പലരും മോഹിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാനമാണു്. കായങ്കുളം കോയ്മക്കു എളയടത്തു സ്വരൂപത്തിൽ അധികാരം ചെലുത്തണമെന്നു് ഒരാശ. റാണി തിരുമനസ്സിലെ ഉററ ബന്ധുവും ചങ്ങാതിയുമായ ഈയുള്ളവളെ ഇങ്ങനെ കുടുക്കിലാക്കി കരാറുകൾ പറയാമെന്നു് ഉണ്ണിത്താൻ നിശ്ചയിച്ചു. കായങ്കുളം തമ്പുരാനോടു ആകാശംമുട്ടെ സ്ഥാനമാനവും പൊന്നും പണവും വാങ്ങാമെന്നുള്ള ദുർമ്മോഹവും ഈ കിഴവനുണ്ടു്."

അമ്മുക്കുട്ടിഅമ്മ സ്വവൃത്താന്തം ശ്രദ്ധമായി തന്നേ അറിയിക്കുവാൻ ആരംഭിച്ചതോടുകൂടി വീരവിക്രമൻെറ ഹൃദയത്തിൽ നാനാമുഖങ്ങളായ വികാരങ്ങളുടെ ബലവത്തായ സമ്മർദ്ദനം സംഭവിച്ചു; ഇക്കേട്ടതെല്ലാം കേവലം ഒരു സ്വപ്നവാണിപോലെ അയാൾക്കു തോന്നിപ്പോയി. ഒടുവിൽ സ്തോഭങ്ങളെ അടക്കിക്കൊണ്ടു് അയാൾ ഇങ്ങനെ ചോദിച്ചു:—"കൊട്ടാരത്തിൽനിന്നു് ഏതുവിധം ഇയാൾ ഇങ്ങോട്ടു കൊണ്ടുപോന്നു?"

അമ്മു.—അക്കഥയാണു് എല്ലാററിനേക്കാളും വിചിത്രം! അച്ഛൻതിരുമേനിയുടെ ഒരു ആശ്രിതനായിരുന്നു ഇയാൾ. പിന്നീടാണു് ഈ കായങ്കുളത്തു സേവിക്കാൻ വന്നതു്. ഇവിടെ ഒരു എളയ തമ്പുരാനുണ്ടത്രേ. അദ്ദേഹ

ത്തിന്ന പട്ടും പരിവട്ടവും ഇടാൻ ആഗ്രഹമുണ്ടെന്നും അതിന്ന് എന്നെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരാൻ രാജാവു കല്പിച്ചയച്ചിരിക്കയാണെന്നും റാണിയെ പറഞ്ഞു വിശ്വ സിപ്പിച്ചു. കായങ്കുളത്തിന്റെ സഹായത്തോടുകൂടി തിരു വിതാംകൂറിനെ തടുത്തുനിൎത്താൻ ഇതു നല്ല മാൎഗ്ഗമെന്നു റാണിയും നിശ്ചയിച്ചു. ഇതിൽ ചതി ഉണ്ടെന്നു് ഇവിടെ വന്നശേഷമല്ലേ മനസ്സിലായതു്!

വീര:—ചതിയൻ! ചതിയൻ! ഇയാഠം ഇങ്ങനെയോ തിന്ന ചോറിന്നു നന്ദികാണിച്ചതു്. എളയിടത്തു സ്വരൂ പത്തിലെ ആ തിരുമേനിയുടെ ഉപ്പുംചോറുമല്ലേ ഈ നീചൻ ആദ്യം കഴിച്ചതു്. ദ്രോഹി! മഹാ പാപി! ഇവി ടത്തെ തമ്പുരാൻ ഈ വസ്തുത ഒന്നും അറിഞ്ഞിട്ടില്ല. ഉണ്ണി ത്താന്റെ ഭാൎയ്യയെന്നുതന്നെ അവിടുന്നും ധരിച്ചിരിക്കുന്നു.

അമ്മുക്കുട്ടി കൎണ്ണരന്ധ്രങ്ങഠം കരാംഗുലികളാൽ ആ ച്ഛാദനംചെയ്തുകൊണ്ടു പറഞ്ഞു:—"ആ ശബ്ദം കേഠംക്കു ന്നതുതന്നെ സഹിക്കാൻ വയ്യേ! അയാളുടെ ഇളയ മകളെ ക്കാഠം പ്രായം എനിക്കു കുറയും. ദുഷ്ടൻ! പരമ ദുഷ്ടൻ! അയാഠംക്കു് ആ മോഹവുംഉണ്ടു്. പക്ഷേ അതു് ഇജ്ജന്മം സാദ്ധ്യമല്ല. അയാഠംക്കു് എന്നെ തൊടാൻപോലും ഇതു വരെ ധൈൎയ്യം ഉണ്ടായിട്ടില്ല. പ്രത്യേകം താമസിപ്പി ച്ചാൽ ആ ഇംഗിതം എളുപ്പം സാധിക്കാമെന്നു കരുതിയി രിക്കും. എങ്കിലും അയാളുടേതിലും മെച്ചമുള്ള ചോര യാണു് എനിക്കുള്ളതെന്നു് അയാഠം ഓൎമ്മിച്ചിരിക്കയില്ല.

വീര:—ഏതാനും നിമേഷം മുൻപുവരെ, ഞാൻ വലിയപടത്തലവനെ എന്റെ അച്ഛനേയോ അമ്മാവ നേയോപോലെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെ യ്തിരുന്നു. എന്നാൽ എന്റെ വൈരത്തിന്നും നിന്ദയ്ക്കും അയാഠം പാത്രമാണെന്നു ഇപ്പോഠം നിശ്ചയംവന്നു. ഈ നീചനായ ദുൎമ്മോഹിയോടു് ഏതുവിധമാണു വൈരനി

യ്യാതനം ചെയ്യേണ്ടതെന്നുള്ള ആലോചനയെ ഇപ്പോൾ ഉള്ളു. ഇക്കാൎയ്യത്തെക്കുറിച്ചു വല്ല ഊഹവും നേരത്തെ കിട്ടിയിരുന്നുവെങ്കിൽ, ഈ വഞ്ചകൻ വീരളത്തു കുടുംബം വിട്ടു ഒരിക്കലും പുറത്തുപോകുവാൻ ഇടവരുകയില്ലായിരുന്നു.

വീരവിക്രമന്റെ മുഖവും നേത്രങ്ങളും ശോണവൎണ്ണം പൂണ്ടു. ഉണ്ണിത്താന്റെ നേൎക്കു ദുസ്സഹമായ കോപവും വൈരാഗ്യവും, അമ്മുക്കുട്ടിയുടെ പേരിൽ അപരിമിതമായ ആൎദ്രതയും അനുകമ്പയും അയാൾക്കു ഉണ്ടായി. നാനാപ്രകാരത്തിലുള്ള ചിന്തകൾക്കും വികാരങ്ങൾക്കും അധീനനായി ആ യുവാവു നിശ്ചേഷ്ടനായി നില്ക്കവെ, യുവതി ഇങ്ങനെ പറഞ്ഞു:—“ഉണ്ണിത്താന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ചു വഴിയിൽവച്ചുതന്നെ സംശയംതോന്നി. എങ്കിലും മരണത്തിൽനിന്നു തിരിച്ചുവന്ന ആ ബഹളത്തിൽ മറ്റൊരു ബഹളംകൂടെ ഉണ്ടാക്കുന്നതു കുറവെന്നും വിചാരിച്ചു.”

വീര:—ആകട്ടെ. ഇനി എന്താ ഉദ്ദേശം!

അമ്മു മൃദുസ്മേരവദനയായി പറഞ്ഞു:—“ഈ ചോദ്യം എന്നെ വല്ലാതെ കുഴക്കുന്നു. ഉണ്ണിത്താന്റെ തടവുകാരിയായ കുറവു മാത്രമേ ഇപ്പോൾ സംഭവിച്ചിട്ടുള്ളു.

വീര:—അതു മററാരും അറിഞ്ഞിട്ടും ഇല്ല.

അമ്മു:—ഇവിടെ നിന്നു് എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതി. അതിനു മററു തുണയില്ല. ജീവനെ രക്ഷിച്ച അവിടത്തെ തന്നെ ശരണപ്പെടുന്നു. പരപുരുഷന്മാർ എന്നെ തൊട്ടിട്ടുപോലുമില്ല. നഗ്നരൂപത്തിൽ വെള്ളത്തിൽ നിന്നു രക്ഷിച്ച അവിടത്തെയല്ലാതെ അന്യനെ ഞാനും തൊട്ടിട്ടില്ല.

ഇത്രയും പറഞ്ഞു നിൎത്തിയതു ഗൽഗദസമന്വിതമായിരുന്നു. അമ്മുക്കുട്ടിയുടെ മാറിടം തുടിച്ചു. നേത്രങ്ങളിൽനിന്നു കണ്ണുനീർ ധാരയായി ഒഴുകി. യുവതിയുടെ ദയനീ

യാവസ്ഥ അനുസ്മരിച്ച വീരവിക്രമനും വ്യാകുലചിത്തനായി. ധീരനായ ആ യുവാവിൻെറ കണ്ണുകളിൽ അശ്രുകണങ്ങൾ പൊടിച്ചു. മുഖം ശോണതരമായി. അയാൾ പുളകാവേശംപൂണ്ടു. അമ്മുക്കുട്ടിയോട് എന്തു സമാധാനം പറയേണ്ടുവെന്നു വീരവിക്രമൻ ഒരു നിമേഷനേരം ആലോചിച്ചു അനന്തരം ഇങ്ങനെ പറഞ്ഞു:—"കണ്ഠിതംവേണ്ട. ഞാൻ ഉണ്ടു്. സമാധാനമായിരിക്കു മൂന്നുനാലുകളിൽ നിവൃത്തി ഉണ്ടാക്കാം. അതിന്നിടയ്ക്കു് ഉണ്ണിത്താൻ ഇവിടെ വരാതെ തന്നെ ഞാൻ തടഞ്ഞുനിൎത്തിക്കൊള്ളാം.

അമ്മു:—എന്നേ കരുതി അവിടുന്നു് അപകടത്തിൽ ചാടരുതേ! ഉണ്ണിത്താനോടു നേരിടുന്നതു സൂക്ഷിച്ചുവേണം. അയാൾക്കു് എതിരായി ഒരു കൈയുയൎത്തുവാൻ ഇന്നു് കായംകുളത്തു് ആരുമില്ല.

വീര:—ഉണ്ണിത്താനും പുല്ലും എനിക്കു ഒന്നുപോലെ ഇനിഅത്രേയുള്ളു. ആ നീചൻ ഈ മഹാപാതകത്തിൻെറ ഫലം അനുഭവിക്കും. കണ്ടുകൊള്ളു.

ഈ ഘട്ടത്തിൽ ഒരാൾ പടിപ്പുരവാതിൽ കടന്നുവരുന്നതായി വീരവിക്രമൻ ഉണ്ണിത്താൻ കണ്ടു. ആഗതൻ റാണാമുതൽപ്പേർ മാതുപിള്ളയായിരുന്നു. വസ്തുതയറിഞ്ഞു് അമ്മുക്കുട്ടിഅമ്മ അകത്തേക്കു നീങ്ങി. കൊച്ചുണ്ണിത്താൻ പടിപ്പുരച്ചാവടിയിലേക്കു നടന്നുചെന്നു മാതുപിള്ളയോടു ചോദിച്ചു:—"എന്താ മാതുപിള്ളേ! വിശേഷം?"

മാതു:—വിശേഷിച്ചു് ഒന്നുമില്ല. വല്യ എജമാനൻ ഉത്തരവായിരിക്കുന്നു.

വീര:—എന്തു്?

മാതു:—എന്തിനെന്നു് അറിഞ്ഞുകൂടാ. ഉടനെ ചെല്ലണമെന്നു് ഉത്തരവായി:

വീര:—മാതുപിള്ള പൊയ്ക്കൊള്ളു. ഞാൻ ഉടനെ വന്നേക്കാം. താമസിക്കുന്നിടത്തു് ഒന്നു കയറണം:

“അതു മതി. ഞാൻ പോയേക്കാം.” എന്നിങ്ങനെ പറഞ്ഞു മാതുപിള്ള പുറത്തിറങ്ങിപ്പോയി. അനന്തരം വീരവിക്രമൻ വീണ്ടും നാലുകെട്ടിൽ ചെന്നു് അമ്മുക്കുട്ടി അമ്മയുമായി കുറേസമയംകൂടി സംഭാഷണം നടത്തിയിട്ടു പലവിധത്തിലുള്ള ചിന്തകളോടുകൂടി വലിയ ഉണ്ണിത്താൻെറ സമീപത്തേക്കു പുറപ്പെട്ടു.

---

## അദ്ധ്യായം ൰൩.

---

### മല്ലൻപിള്ളയുടെ നിഷ്ഠൂരകൃത്യം.

മല്ലൻപിള്ള എന്ന അപരനാമത്താൽ കായംകുളം രാജകോവിലകവക രേഖകളിൽ അറിയപ്പെട്ടുവരുന്ന മാതുപിള്ള യുവാവായ വീരവിക്രമൻ ഉണ്ണിത്താനു പൊടുന്നനവെ സിദ്ധിച്ച അഭ്യുദയത്തിൽ അസൂയാലുവായി ഭവിച്ചിരുന്നു. തനിക്കു ന്യായമായി ലഭിക്കേണ്ട ഉദ്യോഗക്കയററത്തിനു പ്രതിബന്ധമായി വന്നുകൂടിയ കൊച്ചുണ്ണിത്താനെ വലിയപടത്തലവനിൽ നിന്നും അകററി, രാജാവിനു് അപ്രീതി അങ്കുരിപ്പിക്കുവാനുള്ള ഉപായങ്ങളെക്കുറിച്ചു് അയാൾ ദീർഘാലോചന ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഏതു നീചമായ ഉദ്ദേശവും നിഷ്പ്രയാസം സാധിക്കുവാൻ ഉപയുക്തങ്ങളായ ദുർന്നയങ്ങളും ദുരുപായങ്ങളും കണ്ടുപിടിച്ചു പ്രായോഗികമാക്കുവാൻ മല്ലൻപിള്ളയ്ക്കുള്ള വൈഭവം പ്രസിദ്ധമാണു്. രാജ്യസേവനത്തിനു് അയാൾ ഗണപതിക്കു കുറിച്ച സമയം മുതൽ അദ്യാപി നിരന്തരമായി ചെയ്തിട്ടുള്ള ദുഷ്കൃത്യങ്ങളുടെ ഫലമായി, സാമാന്യം വിപുലമായ സമ്പത്തു് ആർജ്ജിച്ചു സൂക്ഷിക്കുവാൻ സാധിച്ചിട്ടുമുണ്ടു്. പണത്തിനു വേണ്ടി കുത്സിതകർമ്മങ്ങൾ ചെയ്വാൻ

അയാൾ സർവ്വദാ സന്നദ്ധനായിരുന്നു. കായംകുളത്തേ കാരാഗൃഹത്തിന്റെ ഭരണം കൈയേററതോടുകൂടി മല്ലൻപിള്ളയ്ക്കു ശുക്രദശയാരംഭിച്ചു. വലിയ ഉണ്ണിത്താന്റെ കുടുംബഗൃഹത്തിലും പുതിയ മഠത്തിലും, അയാൾ അടുത്തു നടത്തിയ സന്ദർശനങ്ങൾ, ഉണ്ണിത്താന്മാരെ തമ്മിൽ അകററുവാനുള്ള ഒരു നൂതനോപായം അയാൾക്കു സ്വാധീനമാക്കികൊടുക്കുവാൻ പര്യാപ്തമായിരുന്നു.

കഴിഞ്ഞ അദ്ധ്യായത്തിൽ, വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ പിറേറന്നാൾ രാവിലെ; വീരവിക്രമൻ ഉണ്ണിത്താൻ കായംകുളം കായലോരത്തുകൂടി സാവധാനത്തിൽ നടക്കുകയായിരുന്നു. ആ യുവാവിന്റെ മുഖം ചിന്താകുലമായും നേത്രങ്ങൾ-നിഷ്പ്രഭങ്ങളായും ഇരുന്നു. അയാൾ ഏതോ ദീർഘാലോചനയിൽ ലയിച്ചിരിക്കുന്നതായി പ്രേക്ഷകർക്കു നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും. ചിന്താമഗ്നനായ കൊച്ചുണ്ണിത്താൻ മെല്ലെ നടന്നു കയംകുളംവക ചുങ്കപ്പുരയ്ക്കു സമീപം എത്തി. ആ സന്ദർഭത്തിൽ ആ പുരയ്ക്കുള്ളിൽ നിന്നു പുറപ്പെട്ട ദീനസ്വരം അയാളുടെ ശ്രദ്ധയേ ആകർഷിച്ചു.

വീരവിക്രമൻ ധൃതിയിൽ ആ കെട്ടിടത്തിനകത്തേക്കു കടന്നു. അപ്പോൾ കണ്ട കാഴ്ചയുടെ ഭയങ്കരത നിമിത്തം അയാൾ ഒന്നു ഞെട്ടി ഒരടി പിന്നോക്കംവച്ചുപോയി. നിരയും പുരയും കൂടാരമച്ചുമായി പണിയിക്കപ്പെട്ടിരുന്ന കെട്ടിടത്തിന് ആകെ ഒരു മുറി മാത്രമേ ഉണ്ടായിരുന്നുള്ളു. മുറിക്ക് ഉദ്ദേശം ഏഴരക്കോൽ നീളവും മൂന്നുകോൽ വീതിയും ഉണ്ട്. നിരകൾ പഴക്കം കൊണ്ടും ശീതാതപങ്ങൾ ഏററും അവിടവിടെ വെൺപായൽ പിടിച്ചും ജീർണ്ണിച്ചും കാണപ്പെടുന്നു. തെങ്ങോല മേഞ്ഞ കൂരയാണ്. കായലിലേക്ക് അഭിമുഖമായ ഒരൊററ വാതൽ അല്ലാതെ മററു പ്രവേശനമാർഗ്ഗങ്ങളോ വാതായനങ്ങളോ ഉണ്ടായിരു

ന്നില്ല. പുരോഭാഗത്തു ഇരുകോൽവിസ്താരമുള്ള ഒരു തിണ്ണയുള്ളതു പൊടിയും ചവറും വ്യാപിച്ചു വൃത്തിഹീനമായിരിക്കുന്നു.

വാതലിൻെറ ലക്ഷ്യത്തിൽ നിന്നു് അല്പം തെക്കോട്ടു നീങ്ങി, തുലാത്തിൽ ഉറപ്പിച്ചിരിക്കുന്ന ബലവത്തായ ഒരു ഇരുമ്പുവളയത്തിൽ കാൽ രണ്ടുംകൂടി കയർകൊണ്ടുബന്ധിച്ചു്, ഒരു നിർഭാഗ്യവാനായ മനുഷ്യനെ തലകീഴായി തൂക്കിയിട്ടിരിക്കുന്നു! പ്രാണവേദനയോടുകൂടി പിടച്ചുകൊണ്ടു തൂങ്ങിക്കിടക്കുന്ന അയാളുടെ ഇരുകരങ്ങളും കൂട്ടിക്കെട്ടി കരപൃഷ്ഠങ്ങളും അംഗുലികളും എണ്ണയിൽ മുക്കിയ തിരിശ്ശീല ചുററി, ഗോളാകൃതിയിലുള്ള ഒരു പന്തക്കുഴകണക്കെ ഏതു നിമേഷവും കത്തിക്കുവാൻ തക്ക നിലയിൽ സജ്ജമാക്കി നിർത്തിയിരിക്കുന്നു! ശിരസ്സിനു നേരെ താഴെയായി തറയിൽ സാമാന്യം വിസ്താരമുള്ള ഒരു മൺചട്ടിയിൽ ഉമി, കാന്താരി, കടുകു, കരിന്തുമ്പ, വെളുത്തുള്ളി, കരിമ്പടത്തുണ്ടി ആദിയായ രൌദ്രധൂമസാധനങ്ങൾ ഇട്ടു ധൂമോദചാസം ആരംഭിച്ചിരിക്കുന്നു! കരചരണങ്ങൾ പാശത്താൽ ബന്ധിതനായ മററൊരു മനുഷ്യജീവി മുറിയുടെ വടക്കരുകുചേർന്നു് അർദ്ധപ്രാണനായി കിടന്നുരുളുന്നു. ഹിംസാപരമായ ഉർദ്ധമപ്രഭാവം സഹിച്ചുകൊണ്ടു്, കത്തിജ്വലിക്കുന്ന പന്തവുമായി ഘാതകക്രിയാമൂർത്തിയായ ഒരു ഭീമാകാരൻ, ഹിംസിതൻെറ കരാഗ്രങ്ങളിൽ തീകൊളുത്തുവാനുള്ള മേലധികാരിയുടെ കല്പന ലഭിക്കുവാൻ കാത്തുനിൽക്കുന്നു. രുധിരപാനാസക്തിയാൽ പുളയ്ക്കുന്ന നായാട്ടുനായ്ക്കളെപ്പോലെ മററു മൂന്നുകിങ്കരന്മാർ കയറുകളിൽ കുടുക്കിട്ടു കല്ലുകൾകെട്ടി ഉറപ്പിക്കുകയും വലിയ നെരുപ്പോടുകൾ കൂട്ടിയിണക്കി ഒരുക്കുകയും ചെയ്യുന്നു! നരഹിംസാകർമ്മത്തിൽ ബദ്ധകങ്കണരായി കൂത്താടുന്ന സഹകിങ്കരന്മാക്കു് അവസരോചിതങ്ങളായ ആജ്ഞകൾ നൽകിക്കൊണ്ടു വിജയസൂചകമായ

മന്ദഹാസത്തോടുകൂടി മല്ലൻപിള്ള വാതുക്കലേക്കു നീങ്ങി. ആ സന്ദർഭത്തിലാണു വീരവിക്രമൻഉണ്ണിത്താന്റെ ആഗമനത്തേക്കുറിച്ച് അയാൾ അറിഞ്ഞതു്. കപടവിനയാഭിനയത്തോടുകൂടി കൊച്ചുണ്ണിത്താനെ തൊഴുതുകൊണ്ടു് ഠാണാ മുതൽപ്പേർ അഭ്യാഗതന്നു് ഇങ്ങനെ സ്വാഗതം അരുളി:—"കൊച്ചെജമാനനും ഇക്കളി കാണാൻ വന്നല്ലോ. പിന്നെ വെറുതേ പടവിചാരം ചെയ്താൽ പോരാ. ഇതുമൊക്കെ ഒന്നു പഠിക്കണം."

വീര:—കൊള്ളാം. നല്ല പാഠംതന്നെ നേരം വെളുത്തുവരുമ്പോൾ നല്ല കാഴ്ച. അഴിച്ചുവിടണം സാധുക്കളേ.

മല്ലൻ:—കൊച്ചെജമാനന്നു് ഇങ്ങനെ ഒക്കെ ഉത്തരവാകാം ഇതു മാതുവിന്റെ വയററുപിഴപ്പു്.

വീര:—മാതു! നേരമ്പോക്കു പറഞ്ഞു നിൽക്കാതെ ആ സാധു ചാകുംമുൻപു് അഴിച്ചുവിടു്.

മല്ലൻ:—കൊച്ചേമാനൻ ഇന്നലെ ഒറക്കം കായലോരത്തോ ഒറക്കച്ചടവു നന്നാ ഒണ്ടെന്നു തോന്നുന്നു.

വീര:—അതൊക്കെ പിന്നീടു പറയാം. ആ നെരിപ്പോടു് ആദ്യം എടുത്തു മാററു്.

"കൊച്ചേമാൻ ഉത്തരവായാൽ മറിച്ചില്ല എന്നു പറഞ്ഞു മല്ലൻപിള്ള ധൂമകടാഹം തൽസ്ഥാനത്തുനിന്നു ദൂരെ മാററിവച്ചിട്ടു പറഞ്ഞു:—"അവിടുന്നു് ഇതിന്റെ ഉള്ളുകള്ളി ഒന്നും അറിഞ്ഞിട്ടേ ഇല്ല. ഈ കള്ളന്മാരേ അറിയുമോ?

വീര:—എന്റെ മാതു ഇവരെ അഴിച്ചുവിട്ടിട്ടു പറയാം. തലകീഴായി കിടക്കുന്നയാൾ ചത്തെന്നു തോന്നുന്നു. മറേറയാളേ നീറുകടിച്ചു പൊടിക്കുന്നതു കണ്ടില്ലേ!

മല്ലൻപിള്ള പൊട്ടിച്ചിരിച്ചുകൊണ്ടുപറഞ്ഞു: "കൊച്ചേമാന്നു് ഇക്കണ്ടതെല്ലാം ഒരു പുതുമ. ഈയുള്ളവക്കു് ഇതെല്ലാം നല്ലതഴക്കം. അഴിച്ചു വിട്ടവിനെടാപട്ടികളെ"

യജമാനൻെറ ഉത്തരവു കിട്ടിയ മാത്രയിൽ സിൽബന്ധികൾ ആ ഭാഗ്യഹീനരായ തടവുകാരെ ബന്ധവിമുക്തരാക്കി അനന്തരം വീരവിക്രമൻ വരാന്തയിലേക്ക് ഇറങ്ങിനിന്നുകൊണ്ടു പറഞ്ഞു:—"മാത്തുപിള്ളേ! ഇങ്ങോട്ടു വരൂ. അവരേ രണ്ടുപേരെയും ഇവിടെ കൊണ്ടുവരൂ. ഞാൻ ഒന്നു കാണട്ടെ."

മല്ലൻപിള്ള പുറത്തേക്ക് ഇറങ്ങി. ശേവുകക്കാർ തടവുകാരെ വരാന്തയിലേക്കു തള്ളിക്കൊണ്ടുവന്നു. അവൎക്കു നാലഞ്ചു് അടി നടക്കുവാൻപോലും അപ്പോൾ ശക്തി ഉണ്ടായിരുന്നില്ല. ആൎത്തിയോടേ ശൃഖലവായു ഏറ്റുകൊണ്ടു അവർ ആ മലിമസമായ പുറന്തിണ്ണയിൽകിടന്നു. അവരുടെ ഉടലുകൾ മെലിഞ്ഞും, നേത്രങ്ങളും ഗണ്ഡസ്ഥലങ്ങളും കുഴിഞ്ഞവയായും, ധരിച്ചിരുന്ന വസ്ത്രങ്ങൾ മുഷിഞ്ഞും കീറിപ്പറിഞ്ഞു വികൃതമായും, കേശവും മീശയും വളൎന്നും, തൈലസമ്പൎക്കമില്ലായ്കയാൽ ചെമ്പിച്ചും, ജടപിടിച്ചും ഇരുന്നു. ഉണ്ണിത്താൻ സാനുകമ്പം അവരേ നോക്കിക്കൊണ്ടു മല്ലൻപിള്ളയോടു ചോദിച്ചു:—"ഈ സാധുക്കൾ ആരു? ഇത്ര കരുണയില്ലാതെ പെരുമാറാൻ ഇവർ എന്തു കുററം ചെയ്തു."

മല്ലൻ:—അതോ. അതു പറയാം. ഇവരു ചില്ലറപ്പുള്ളികളോ? ദേശിങ്ങനാട്ടേ പടയ്ക്കു നമ്മുടെ തമ്പുരാനോടു കിണിവച്ച കള്ളന്മാരേ! പെരയകള്ളന്മാരു്.

വീര:—ഇവരെന്തുചെയ്തു?

മല്ലൻ:—തമ്പുരാൻെറ കൈനെലയിൽ രാവുനോക്കി കടന്ന കള്ളന്മാരേ. പിടിച്ചപിടിയാലെ ഈ മാത്തു പിടിച്ചു. അഞ്ചുപേരുണ്ടു്. ഇങ്ങുകൊണ്ടു് വല്യ നെലവറയിലു് അടച്ചു. കൊല്ലാൻ വരട്ടെന്നു തമ്പുരാനും കല്പിച്ചു. ഇവരെ പിടിച്ചതും കൊണ്ടന്നതും ചെവിക്കുചെവി അറിഞ്ഞിട്ടേ ഇല്ല.

വീര:—ഇവരെ എന്തു ചെയ്വാൻ പോകുന്നു.

മല്ലൻ:—തലവെട്ടാൻ കല്പനയായിട്ടില്ല. ഇവരു ഉള്ളു കള്ളികൾ അറിഞ്ഞുവരാൻ ബഹുമിടുക്കർ. തമ്പുരാനും തിരുവുള്ളമൊണ്ടു്. ഇവരു നമ്മുടെ വശം നിക്കുമെന്നു പൊന്നും വെളക്കുംവച്ചു് ആണയിട്ടാൽ ശേവുകത്തിലെടുക്കും. ഇവരോ പടിച്ചമിടുക്കരുതന്നെ. തലപോയാലും സമ്മതിക്കുന്ന മട്ടില്ല. ഇന്നു് ഒന്നൂടെ നോക്കാൻ കൊണ്ടെടന്നു. സമ്മതമില്ലെങ്കിൽ ഉപ്പുവെള്ളം വയറുനിറച്ചു കുടിച്ചു ചാവിൻ പട്ടികളെ.

ഇങ്ങനെ പറഞ്ഞു ക്ഷീണരായ തടവുകാരെ പുറങ്കാലാൽ തട്ടുവാൻ മല്ലൻപിള്ള പാദം ഉയർത്തുന്നതു കണ്ടു കുപിതനായി ഭവിച്ച വീരവിക്രമൻ, ഒരു നിമേഷത്തിനകം തന്റെ അസിലതയെ ഉറയിൽ നിന്നു് ഊരിഎടുത്തു മൂഢനായ കാരാഗൃഹാധിപനെ അയാളുടെ നീചകൃത്യോദ്യമത്തിൽ നിവർത്തിപ്പിക്കുവാൻ ഓങ്ങിയടുത്തതും, അയാൾ പൊക്കിയപാദം പിന്നോക്കം വലിച്ചു മാറിനിന്നതും ഒന്നായിക്കഴിഞ്ഞു. തന്റെ കഠിനമായ ഈർഷ്യയ്ക്കു നേരത്തേതന്നെ പാത്രീഭവിച്ചിരുന്ന ആ യുവാവിൽ നിന്നു് അപ്രതീക്ഷിതമായി പുറപ്പെട്ട ശാസനത്താൽ സംഭവിച്ച അഭിമാനക്ഷയത്തെ സംയമനംചെയ്തുകൊണ്ടു മല്ലൻപിള്ള മന്ദസ്മേരവദനനായി പറഞ്ഞു:—"കൊച്ചെജമാനൻ ചെയ്തതു പടയിലെ മൊറ. ഞാൻ അതു സമ്മതിച്ചു. അങ്ങേ കരുതി ഈ വരത്തപ്പട്ടികളെ ഇനിയും ഇന്നു് ഒന്നും ചെയ്യുന്നില്ല. ഠാണാപ്പുരയിലെ വല്യ നെലവറയിലേക്കു കൊണ്ടുപോകിനെടാ."

എന്നിപ്രകാരം വിവർണ്ണമുഖനായ അയാൾ ശേവുകക്കാരോടു് ആജ്ഞാപിച്ചു. കാരാഗൃഹപാലകന്മാർ ആ തടവുകാരെ കൈയാമംവച്ചു, പുറപ്പെടുവാൻ സന്നദ്ധരായി നിന്നു. അപ്പോൾ തടവുകാരിൽ ഒരാൾ ഉണ്ണിത്താ

ന്നോടായിട്ടു് ഇങ്ങനെ പറഞ്ഞു:—ഇന്നു ഞങ്ങളുടെ ജീവൻ രക്ഷിച്ച അങ്ങത്തെ ഊരും പേരും അറിവില്ല. എങ്കിലും ഈ ഉപകാരം ഞങ്ങൾ ഒരിക്കലും മറക്കുകയില്ല."

മറേറ തടവുകാരൻ:—നാളത്തെ അവസ്ഥ ഇന്നു നിശ്ചയിക്കാവതല്ല. എങ്കിലും ഇന്നത്തേക്കു് ഉതവിചെയ്ത അങ്ങത്തെ ഞങ്ങൾ ദൈവത്തേപ്പോലെ നിനയ്ക്കുന്നു.

മല്ലൻ:—ഈ എജമാൻ വന്നുകൂടിയതു നിങ്ങടെ നല്ല കാലം. അല്ലെങ്കിൽ—

വീര:—മാത്തുപിള്ളേ! ഞാൻ പറയുന്നതുകേൾക്കണം. ഇവർ ആരെല്ലാമെന്നു് എനിക്കു് അറിഞ്ഞുകൂടാ. കായംകുളത്തെ തടവുപുള്ളികളെന്നതിൽ കവിഞ്ഞു് ഇവരുടെ കുടുംബസ്ഥിതിയോ നിലയോ തനിക്കും നിശ്ചയമില്ല. ഏതായാലും ഇവർ തടവുകാരാണെന്നു് ഓർമ്മിക്കണം. ഈ നിലയിൽ ഇവരെ എന്തു ഭേദദണ്ഡങ്ങൾ അനുഭവിപ്പിക്കുവാനും പ്രയാസമില്ല. എങ്കിലും ഒന്നു് ഓർമ്മിക്കണം നമ്മൾ എല്ലാം പടയാളികൾ തന്നെ. എങ്കിലും മനുഷ്യരാണു്. മനുഷ്യത്വം വിട്ടു പെരുമാറരുതു്. കുററക്കാരാണെങ്കിൽ തമ്പുരാൻെറകല്പനപോലെശിക്ഷിച്ചുകൊള്ളാം. ഇത്തരം പ്രവൃത്തി ഇനിമേൽ ചെയ്യരുതു്.

മല്ലൻ:—എനിക്കും ഇങ്ങനെ ഒന്നും ചെയ്യാൻ ഇഷ്ടമുണ്ടായിട്ടല്ല. കല്പനയാണു്.

വീര:—അങ്ങനെയെങ്കിൽ വലിയ കഷ്ടംതന്നെ.

മല്ലൻ:—തമ്പുരാൻെറ ഉപ്പും ചോറും തിന്നുകിടക്കുന്ന എനിക്കു് അതു പറഞ്ഞുകൂടാ.

വീര:—ഞാൻ കായംകുളത്തെ പടവിചാരം മതിയാക്കിയേക്കാം. എങ്കിലും ഇതു സഹിച്ചുകൂടാ.

മല്ലൻ:—കൊച്ചേമാൻ ഇപ്പറയുന്നതു ഞാനും ഈ ശേവുകക്കാരുമേ കേട്ടിട്ടുള്ളു. മററാരും കേൾക്കെ പറയരുതേ.

വീര:—കേട്ടാൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കുവാനും ഒരുക്കം. ഇവിടത്തെ സ്ഥിതി ഇത്ര മോശമെന്നു അറിഞ്ഞില്ല.

മല്ലൻ—കൊച്ചേമാനു ചെറുപ്പം. വല്യേമാൻ അറിഞ്ഞാലും ഇതു രസമാകുമോ? കണ്ടുതന്നെ അറിയണം.

വീര:—നീതികേട്ടിൽ ആരുടെയും രസവും രസക്കേടും ഞാൻ ഗണിക്കുന്നില്ല. തനിക്കു ഞാൻ മുന്നറിവു തന്നിരിക്കുന്നു. ഈ തടവുകാർക്കോ ഇവരുടെ കൂട്ടുകാർക്കോ തലനാരിനുപോലും കേടുവരുത്തിയാൽ താനും കുടുംബവും ഉത്തരം പറയേണ്ടിവരും. അതിനു് ഈ വീരവിക്രമൻ ഉണ്ണിത്താൻ മതി. ഓർമ്മിച്ചുകൊള്ളൂ.

മല്ലൻ:—പറഞ്ഞുപറഞ്ഞു കൊച്ചേമാൻ കായംകുളം തമ്പുരാനേക്കാൾ മീതെയോ?

"അതു് അനുഭവംകൊണ്ടു് അറിയും." എന്നിങ്ങനെ കോപാവേശവും സ്ഥൈര്യവും പൂണ്ടു് ഉജ്ജ്വലിച്ചു് ഇയങ്ങുന്ന നേത്രങ്ങളോടുകൂടി കുത്സിതനായ മല്ലൻപിള്ളയേ ഉററുനോക്കിപ്പറഞ്ഞിട്ടു വീരവിക്രമൻ ഉണ്ണിത്താൻ യാത്രയായി. വൈരനിര്യാതനത്തിനു് ഉപയുക്തമായ മറെറാരു പന്ഥാവുകൂടി കണ്ടു പിടിച്ചുവെന്നുള്ള കൃതാർത്ഥതയോടുകൂടി, ശേവുകക്കാരാലും തടവുപുള്ളികളാലും അനുഗതനായിട്ടു മല്ലൻപിള്ളയും ചുങ്കസ്ഥലംവിട്ടു നിർഗ്ഗമിച്ചു.

---

# അദ്ധ്യായം ൰൨.

---

### പാളയത്തിനരികെ വന്ന കോടാങ്കി.

ചുങ്കപ്പുരയിൽ മല്ലൻപിള്ളയും അനുചരന്മാരുംകൂടി തടവുകാരെ മൃഗീയമായി ഹേമദണ്ഡങ്ങൾ ഏൽപ്പിച്ചു കൊണ്ടിരുന്ന സന്ദർഭത്തിൽ, കായങ്കുളത്തെ പ്രധാന സേനാഗാരത്തിൽ കോടാങ്കി പ്രവേശിച്ചു സുപ്രസിദ്ധമായ കുലവൃത്തി ആചരിക്കുകയായിരുന്നു. പരദേവതയുടെയും സാമുദ്രിക ചിഹ്നങ്ങളുടെയും അവലംബത്തോടുകൂടി, ഭടജനങ്ങൾക്കു ഭാവിഫലങ്ങൾ പ്രവചിച്ചുകൊടുത്തു, വസ്ത്രങ്ങളും നാണ്യങ്ങളുമായി സാമാന്യം ഒരു നല്ല സമ്പത്ത് ആർജ്ജിക്കുവാൻ പ്രസ്തുത പ്രഭാതത്തിൽ ആ ഭിക്ഷുവിനു സാധിച്ചതിനാൽ പ്രസന്നചിത്തനായ അയാൾ, അടുത്തു നടത്തേണ്ട മറ്റൊരു പ്രസ്ഥാനത്തെക്കുറിച്ച് ആലോചനാനിമഗ്നനായി ഭാണ്ഡവുംപേറി നിൽക്കവെ, അതിനുള്ള സന്ദർഭം സമാഗതമായി. എന്തുകൊണ്ടെന്നാൽ, അയതകങ്കണാലംകൃതരായ രണ്ടു നിർഭാഗ്യവാന്മാരെയും കൊണ്ടു ഠാണാപ്പുരയിലേക്കുള്ള മദ്ധ്യമാർഗ്ഗം, കാരാഗൃഹനാഥനും കിങ്കരവർഗ്ഗവും അവിടെ വന്നെത്തി. മല്ലൻപിള്ളയെ കണ്ട നിമേഷത്തിൽ ഉടുക്കു കിടുക്കി, മുരളിയിലൊരു പല്ലവി പാടി, "ബാക്കിയം പിറന്ന യശമാൻ ബാക്കിയം പിറന്ന യശമാൻ! അരശരുടെ കൃപയിനാൽ മകാലച്ച്മി വിളയാട്ടമിരുക്കുറ ബാക്കിയവാൻ" എന്ന് അനുപല്ലവിഗീതം ചെയ്തു് അടത്തുകൂടി, താണു തൊഴുതു നിലയായി. അനേക ദിവസങ്ങളായിട്ടാൽ ആലോചിച്ചുറച്ചു വച്ചിരിക്കുന്ന പദ്ധതിയുടെ പ്രായോഗിക വശങ്ങളേയും സാദ്ധ്യാസാദ്ധ്യഭാഗങ്ങളേയും പററി സന്ദേഹനിവൃത്തി വരുത്തിത്തരുവാൻ സർവ്വഥാ യോഗ്യനായ ഒരു ദൈവ

ഭൂതനെ യാദൃച്ഛികമായി കണ്ടുകൂടിയതു ശുഭലക്ഷണമെന്നു വ്യാഖ്യാനിച്ചു സന്തുഷ്ടനായിച്ചമഞ്ഞ മല്ലൻപിള്ള, സഗൌരവം ശിരഃകമ്പനം ചെയ്തു് ഇങ്ങനെ കല്പിച്ചു:— "വഴിയിൽവച്ചോ ഭാഗ്യംപറയുന്നതു്. അതുവേണ്ട. ഞങ്ങളുടെകൂടെ വരണം കോടാങ്കീ!"

"ആമാം: മകാലച്മി! ചുടലമാടാ! ചുടലപത്രകാളീ! പഴനി ആണ്ടവനേ! പെരിയ അരശനടെ അതികാരം ചെയ്യുറ എശമാൻ കല്പനൈപ്പടി ഇന്ത ഏഴൈ വരുകിറേൻ." എന്നു പറഞ്ഞു കോടാങ്കി ആ ഭടസംഘത്തെ അനുഗമിച്ചുതുടങ്ങി. പിന്നീടു് ആരും ഒന്നുംതന്നെ സംസാരിച്ചില്ല. എത്രയും വേഗത്തിൽ ഠാണാവിൽ എത്തി, തടവുകാരെ നിലവറയിൽ ആക്കി വാതൽ പൂട്ടിയശേഷം, കോടാങ്കിയുമായി ഠാണാപ്പുരയുടെ പിൻഭാഗത്തുള്ള വരാന്തയിൽ മല്ലൻപിള്ള ആദിയായവർ കൂടി മെത്തപ്പാത്തട്ടിൽ ഇരുന്നു, ഉടലിനെ, ചുവരിലേക്കു ചാരിവച്ചിരുന്ന ചാരുപലകയിലേക്കു ചേർത്തു വിശ്രമിച്ചു, മെല്ലെ താംബൂലാദിചവർണം ആരംഭിച്ചിട്ടു ഠാണാധിപൻ പറഞ്ഞു:— "കോടാങ്കി അവിടെയിരിക്കു."

ആ ഉദ്യോഗസ്ഥന്റെ ആജ്ഞയെ സസന്തോഷം ആദരിച്ചു, വിനീതനായി അദ്ദേഹത്തെ പല പ്രാവശ്യം താണു തൊഴുതു, പൊക്കണം മുമ്പിൽ നിക്ഷേപിച്ചു, കോടാങ്കി തറയിൽ ഇരുന്നു. ഠാണാശേവുകക്കാർ നാലുപേരും അവിടവിടെയായി തൂണുകളെ അവലംബിച്ചുകൊണ്ടു നില ഉറപ്പിച്ചു.

മല്ലൻപിള്ള പറഞ്ഞു:—"കോടാങ്കീ! എനിക്കു് ഒരു സംഗതി അറിയാനൊണ്ടു്. കൊട്ടും പാട്ടും ഒന്നും ഇവിടെ പാടില്ല. ഠാണാക്കച്ചേരിയാണു്. വല്ലവരും അറിഞ്ഞാൽ പൊഴമൂളേണ്ടിവരും."

കോടാങ്കി, മേഘനിർഘോഷംപോലെ കണ്ഠാരുള്ളദമായ തന്റെ പ്രവചനസ്വനത്തെ കഴിയുന്നത്ര ലഘൂകരിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "എശമാനുടെ ഉത്തരവിൻപടി കോടാങ്കി യോശനൈ ശെയ്തുടലാം. എശമാനുടൈ തിരുമുകം കോടാങ്കി കണ്ണാലെ പാർത്തേൻ. ഇന്ത മുകം മകാലച്ച്മിവിളയാടിറ മുകം. എശമാൻ നെറകുടം. ബാക്കിയംപെറന്ത ആൺപിള്ളൈശിങ്കം. എൻറാലും ഏതാവതു് ഒരു കവലൈ ഇരുക്കു്. ഒരു കാര്യത്തിനൈ നിനൈന്തു് ഒരു യോശനൈ ഇരുക്കു്—സാധിക്കുമാ സാധിക്കമാട്ടാതോ എൻറു വിശാരമായിരുക്കു്. കവലൈ വേണ്ടാം കവലൈ വേണ്ടാം. അരശരുടൈ കൃപൈനാലെ ഗൊണമായി വന്തുടും. പെരിശാന ബാക്കിയം കെടൈക്കപ്പോകിറതു്."

മല്ലൻപിള്ളയുടെ നേത്രങ്ങൾ സന്തോഷാധിക്യത്താൽ ഉജ്ജ്വലങ്ങളായി. അയാൾ പറഞ്ഞു:—"എത്ര ദിവസത്തിനകം സാധിക്കുമെന്നു തിട്ടമായി പറയാമോ?"

കോടാങ്കി ജാതകന്റെ മുഖത്തു സൂക്ഷിച്ചുനോക്കി ഏതാനും നിമേഷങ്ങൾവരെ മൌനമായി ഇരുന്നശേഷം ഉടുക്കു് എടുത്തു് മൂന്നുരു കിടുക്കി, ഓടക്കുഴലൂത്തും നടത്തി. റാണാവളപ്പിനകത്തു വാദ്യഘോഷം വിരോധിക്കപ്പെട്ടിരിക്കുന്നതായി റാണാധിപൻ മുന്നറിവുനൽകിയിട്ടുള്ള വസ്തുത പ്രവചനപ്രഭാഷണത്തിന്റെ ലഹരിയാൽ അയാൾ വിസ്മരിച്ചുപോയി. എങ്കിലും താൻ ചെയ്ത കർമ്മത്തിന്റെ ഗർഹണീയതയെക്കുറിച്ചു്, അടുത്ത നിമേഷത്തിൽ ഓർമ്മ വന്നു് ആ ഭിക്ഷു വേപഥുഗാത്രനായി മുതൽപ്പേരെ തൊഴുതു് അറിയിച്ചു:—"പെരിയ യശമാങ്കൾ കോപപ്പെടക്കൂടാതു്. പെരിയ ഘനവാങ്കൾ കോപപ്പെട്ടാനാൽ ഇന്ത ഏഴൈ തുലഞ്ചുപോയിടും കോടാങ്കി."—

മല്ലൻ:—ഓഹോ! കൊഴലൂത്തും കൊട്ടും. സാരമില്ല. പോട്ടെ. പോട്ടെ. ഇനി അതൊന്നും എടുത്തു ഊതേണ്ട.

കൊട്ടുംവേണ്ട. ഓമ്മിച്ചുകൊണ്ടാൽ മതി. നമുക്കു സന്തോഷക്കുറവില്ല. പറയാനുള്ളതൊക്കെ മുറപോലെ പറയൂ.

കോടാങ്കി:—മഹാറാജ്, നീങ്കൾ ഘനവാങ്കൾ. മഹാപ്രബുക്കൾ. കോടാങ്കി ഏഴൈ.

മല്ലൻ:—അതിനെന്താ, അതൊക്കെ ഇവിടെ വേണ്ട വണ്ണം അറിഞ്ഞു ചെയ്യാം. രാവിലെ ഒന്നും കഴിച്ചില്ലായിരിക്കും. ആകട്ടെ ഇപ്പോൾ കഞ്ഞിയും അസ്ത്രവും ഒക്കെ തരാം.

കോടാങ്കി:—മഹാറാജ്'.

ഒരു ശേവുകക്കാരൻ:—ഈ കോടാങ്കികൾക്ക് ഉടുക്കു കൊട്ടും കൊഴലൂത്തും കൂടാതെ ഒന്നും പറയാൻ വയ്യ. അവരുടെ പേയും കലിയും വരാതെ അവരെക്കൊണ്ടു വല്ലതും പറയാൻ കൊള്ളാമോ?

മറെറാരു കിങ്കരൻ:—ഉടുക്കും കൊഴലും തൊടരുതെന്നു ഏമാൻ ഉത്തരവായപ്പത്തന്നെ എനിക്കിതു തോന്നി. കോടാങ്കി ഇരുന്നു പരുങ്ങുന്നതു കണ്ടില്ലേ?

മല്ലൻ:—ഫേയ്! അബദ്ധം. അവനു വിശപ്പുകാണും. നമുക്കു കഞ്ഞി കൊണ്ടുവരീൻ! പുള്ളിക്കാർക്കും കോടാങ്കിക്കും വേണം.

റാണാധിപന്റെ കല്പനയനുസരിച്ചു ശേവുകക്കാർ രാവിലത്തെ കഞ്ഞിസ്സദ്യയ്ക്കുള്ള ഏർപ്പാടുകൾ ചെയ്യാൻ ആരംഭിച്ചു. അതിനിടയ്ക്കു കോടാങ്കി ഇങ്ങനെ അറിയിച്ചു.—"കോടാങ്കിക്കു റൊംബം പേശറത്തുക്കു ഇരിക്ക്. ഇവളവു ലച്ചണം ഒത്തു് ഇണ്ണങ്കിന മൊകം ഇന്ത ഉലകത്തിലെ പാക്കവേ ഇല്ലൈ."

മല്ലൻപിള്ള പ്രസന്നനായി പറഞ്ഞു:—"ആകട്ടെ. കോടാങ്കി വേണ്ടുവോളം പറഞ്ഞുകൊള്ളൂ. കഞ്ഞികഴിച്ച് ഇവിടെ ഇരുന്നു പറയൂ. വേണമെങ്കിൽ ഇന്നു് ഇവിടെത്തന്നെ കൂടിക്കൊള്ളൂ. അതിനും വിരോധമില്ല. നല്ല

കെട്ടിടം. തമ്പുരാൻെറ വക. ആക്ക ചേതം! പ്രാതലും പകലത്തേതും അത്താഴവും ഒക്കെ ഇവിടെ തരുവിക്കാം. സുഖമായി കിടക്കാം."

"അപ്പടി കൃപൈ ശെയ്യുവാനാൽ നാൻ ഏഴരൈ വെള്ളപ്പൂക്ക ശൊടലയിലെ ചെൻറ വിബൂതി ശൂടി പേയും കലിയുംകൊണ്ടു് ഇങ്കെ ഏശമാനിടംവന്തു ഏപ്പേപ്പെട്ട ശെയ്തികളും ശൊല്ലിയിടലാം."

മല്ലൻ:—അങ്ങനെതന്നെ. കോടാങ്കി ഇന്നു നമ്മുടെ വിരുന്നുകാരൻ. അതുകൊണ്ടു് മററു് അനുഭവങ്ങൾ. കൊററുമെന്നു കരുതേണ്ട.

"എല്ലാം ഏശമാങ്കൾ കൃപൈ" എന്നു കോടാങ്കി തൽക്കാലത്തേക്കു് ഉപസംഹരിച്ചു.

മല്ലൻപിള്ളയുടെ നിശ്ചയമനുസരിച്ചു് അന്നേദിവസം കോടാങ്കി ഠാണാവിൽതന്നെ താമസിച്ചു. അന്നു പകൽ മുഴുവൻ ഠാണാ ശിപായിമാക്ക നേരമ്പോക്കിനു വേണ്ടുവോളം വകയുണ്ടായി. എന്തെന്നാൽ, കോടാങ്കിക്കു ക്ലിപ്ത സമയങ്ങളിൽ വേണ്ടവിധം ആഹാരം കൊടുക്കണമെന്നും വെളുക്കുവാൻ ഏഴരയുള്ളപ്പോൾ അയാളെ വിളിച്ചുണർത്തി ചുടുകാട്ടിൽ അയച്ചു തിരിച്ചു കൂട്ടിക്കൊണ്ടു സ്വഗൃഹത്തിൽ എത്തിക്കണമെന്നും സിൽബന്തികൾക്കു് ആജ്ഞ നൽകിയശേഷം, ഠാണാ നിലവറയുടെ താക്കോൽ ഒന്നാം ശിപായിയെ ഏല്പിച്ചിട്ടു, പതിവിൽ നേരത്തെതന്നെ ഠാണാധിപൻ അവിടംവിട്ടു പോയി. തന്നിമിത്തം യഥേഷ്ടം വിഹരിക്കുവാൻ ശിപായിമാക്കു് വേണ്ട സൌകര്യ്വം ലഭിച്ചു. അവർ കോടാങ്കിയോടു പല ലക്ഷണങ്ങളും ചോദ്യങ്ങളും ഉപചോദ്യങ്ങളും ചോദിച്ചും കളിയാക്കിയും അയാളെ പലവിധത്തിൽ ബദ്ധപ്പെടുത്തി. ഒരു ഉററ ചങ്ങാതിയുടെ നിലയിൽ ഭിക്ഷുവും അവരുടെ വിനോദങ്ങളിൽ സഹകരിച്ചു. തനിക്കു ചില അത്ഭുതവിദ്യകൾ വശമുണ്ടെന്നും

രാത്രിയിൽ അതെല്ലാം കാണിച്ചുകൊടുക്കാമെന്നും പറഞ്ഞതനുസരിച്ചു ശേവുകക്കാർ നേരത്തെ അത്താഴംകഴിച്ചു, കോടാങ്കിയേയും സുഖമായി ഊട്ടി റാണാപ്പുരയുടെ അകത്തെ കെട്ടിനുള്ളിൽ എത്തി, പുറത്തേക്കുള്ള വാതലുകൾ എല്ലാം ബന്ധിച്ചശേഷം, കത്തിജ്വലിക്കുന്ന മാടമ്പി വിളക്കിനു ചുററുമായി ഇരുന്നു. ഉടൻതന്നെ കോടാങ്കി തന്റെ മാറാപ്പ് എടുത്തു മുമ്പിൽവച്ച് അഴിച്ച് അതിൽനിന്നു, ചായം ഇട്ട ഒരുച്ചാൺ ദണ്ഡും സാമാന്യം വലിപ്പമുള്ള ഒരു പിച്ചളക്കിണ്ണവും എടുത്തു എല്ലാവരെയും കാണിച്ചു ബോദ്ധ്യപ്പെടുത്തിയശേഷം, പരദേവതകളുടെ നാമം ചൊല്ലി വണങ്ങി പാത്രം കമഴ്ത്തി-ദണ്ഡു അതിൻമീതെവച്ചു. അനന്തരം വീണ്ടും സഞ്ചിയിൽ കൈയിട്ട് ഒരു ഡപ്പി എടുത്തു തുറന്ന് അതിലെ ഭസ്മം, ദണ്ഡ് എടുത്ത് ഇളക്കി, ഒരു നുള്ള് ഇടത്തെ ഉള്ളങ്കൈയിൽ വച്ചു, ദണ്ഡുകൊണ്ടു നാലുപാടും വിതറി. പിന്നീടു മന്ദസ്വരത്തിലുള്ള ഒരു ഗാനത്തോടുകൂടി ദണ്ഡുകൊണ്ടു പാത്രത്തിന്മേൽ മൂന്നുപ്രാവശ്യം തട്ടി; പാത്രം നിവർത്തപ്പോൾ ധാരാളം ഏലക്കായും ഗ്രാമ്പൂവും ഇരിക്കുന്നതായി കാണപ്പെട്ടു. കോടാങ്കിതന്നെ അതിൽനിന്ന് ഓരോ ഗ്രാമ്പൂവും ഏലക്കായും എടുത്തു ചവ്വണം ചെയ്തശേഷം ശിപായിമാക്ക് ഓരോപിടി സുഗന്ധദ്രവ്യം വീതിച്ചുകൊടുത്തു. അവർ ആ സാധനങ്ങൾ ചവ്വണംചെയ്തു. കോടാങ്കിയുടെ വൈഭവത്തിൽ അത്ഭുതംപൂണ്ടു പരസ്പരം നോക്കി. കോടാങ്കി വീണ്ടും കിണ്ണം കമഴ്ത്തി മൂന്നുരു താഡിച്ചു. അതിന്റെശേഷം പാത്രം പൊക്കിയപ്പോൾ കാണപ്പെട്ടതു കുറേ കൽക്കണ്ടും മുന്തിരിങ്ങാപ്പഴവും പഞ്ചസാരയുമായിരുന്നു. അവയും റാണാശിപായിമാർ ആസ്വദിച്ചു തൃപ്തരായി. അടുത്ത പ്രയോഗത്തിന്റെ ഫലമായി പാത്രത്തിനടിയിൽനിന്ന് ഉണ്ണിയപ്പം, മുറുക്ക്, മോദകം മുതലായ

പലഹാരങ്ങൾ ലഭിച്ചു. കോടാങ്കി മുഖാന്തരം ഉണ്ടായ ആ ഭോജ്യസാധനങ്ങൾ ഭക്ഷിക്കുവാൻ ശേവുകക്കാർ വൈമനസ്യം .പ്രദർശിപ്പിച്ചുവെങ്കിലും, അവൻ കൈ കൊണ്ടു തൊട്ടതല്ലെന്നുള്ള വസ്തുത ഓർമ്മിച്ചു സകൌതുകം അവയെല്ലാം അനുഭവിക്കുകതന്നെ ചെയ്തു. പലഹാരങ്ങൾ വളരെ സ്വാദുള്ളവയെന്നു് അവർ ഐകകണ്ഠ്യേന അഭി പ്രായപ്പെട്ടതിനാൽപ്രോത്സാഹിതനായകോടാങ്കി വീണ്ടും കിണ്ണം കമഴ്ത്തി നിവർത്തപ്പോൾ ധൂമപാനത്തിനുള്ള ഒരു കുടുക്കയും കുഴലും, അരിഞ്ഞു പാകപ്പെടുത്തിയ കഞ്ചാവും പ്രത്യക്ഷമായി. കാണികൾ അത്ഭുതപരവശരായി. അതൊന്നു പ്രയോഗിക്കണമെന്നു് അവർക്കു മോഹം ഉദിച്ചു. ഒരാൾ കോടാങ്കിയുടെ അനുവാദത്തോടുകൂടി ചിലുമ്പി എടുത്തു സജ്ജീകരിച്ചു സേവതുടങ്ങി. ക്രമേണ അവർ എല്ലാവരും ധൂമപാനംചെയ്തു സംതൃപ്തി അടഞ്ഞു. ശിപായിമാരുടെ നേത്രങ്ങൾ ശോണവർണ്ണം പൂണ്ടു. തത്സമയം ഭിക്ഷു വീണ്ടും കമഴ്ത്തി ഇക്കുറി ദൃഷ്ടിഗോചരമായതു് ഉണങ്ങിയ വാഴയില ഭംഗിയായി നറുക്കി പൊതിഞ്ഞുകെട്ടിയിട്ടുള്ള ഏതാനും പൊതികളായിരുന്നു. കോടാങ്കി അവയിൽ ഒന്നിനെ കരദണ്ഡത്താൽ സമീപത്തേക്കു നീക്കി ഇട്ടു് എടുത്തു് അഴിച്ചു. അപ്പോൾ ഉണ്ടശ്ശർക്കരെ പോലെയുള്ള ഗോളാകൃതിയായ ലേഹ്യസാധനങ്ങളാണു കാണപ്പെട്ടതു്. ഐന്ദ്രജാലികൻ അതു വദനഗഹ്വരത്തിലാക്കി സാനന്ദം ആസ്വാദിക്കുന്നതു കണ്ടു ശേവുകക്കാരുടെ രസനേന്ദ്രിയങ്ങളിൽക്കൂടി ദീപനജലം സ്രവിച്ചു. നല്ലതാണെന്നും ഭക്ഷിച്ചുകൊള്ളാമെന്നും ആംഗ്യഭാഷയിൽ കോടാങ്കി അവരേ മനസ്സിലാക്കിയമാത്രയിൽ അവർ ഓരോ:പൊതി എടുത്തു് അഴിച്ചു ഭക്ഷിച്ചുതുടങ്ങി. വളരെ മധുരവും രുചിയുമുള്ള സാധനമാണതെന്നും കുറേക്കൂടി വരുത്തിക്കൊടുക്കണമെന്നും അവരിൽ ഒരുവൻ ഭിക്ഷുവി

നോട്ട് അഭ്യർത്ഥിച്ചതിനെ ഇതരന്മാരും പിൻതാങ്ങി. ഉടൻതന്നെ കോടാങ്കി കിണ്ണം എടുത്തു പൊക്കണത്തിൽ വച്ചു ചില പ്രയോഗങ്ങൾ ചെയ്തു വീണ്ടും പുറത്തെടുത്തു തറയിൽ കമഴ്ത്തി ഒരു വസ്ത്രമിട്ടുമൂടി. അതിന്മേൽ താഡനംതുടങ്ങി ആ സന്ദർഭത്തിൽ ദൃശ്യമായ കാഴ്ച സദസ്യരെ അത്ഭുതപരവശരാക്കിത്തീർത്തു. കിണ്ണവും വസ്ത്രവും ക്രമേണ ഉയർന്നുയർന്നു വന്നുകൊണ്ടിരുന്നു. കിണ്ണത്തേക്കാൾ വലിപ്പമുള്ള ഏതോ ചില സാധനങ്ങൾ അതിനടിയിൽ വന്നിരിക്കുന്നതായി എല്ലാവർക്കും ബോദ്ധ്യമായി. കോടാങ്കി വസ്ത്രവും കിണ്ണവും നീക്കം ചെയ്തപ്പോൾ, ഉദ്ദേശം ഒന്നര ഇടങ്ങഴി കോളുള്ള ചർമ്മഘടവും, നാഴികൊള്ളുന്ന ഒരു ചീനപ്പിഞ്ഞാണവും ഉണങ്ങിയ ഇലയിൽ, പൊതിച്ച നാളികേരഫലത്തോളം വലിപ്പമുള്ള ലേഹ്യഗോളവും ഇരിക്കുന്നതായി കണ്ടു, "ബലേഭേഷ്! ബലേഭേഷ്!" എന്നു ശിപായിമാർ പ്രമത്തതയാൽ അട്ടഹസിച്ചുപോയി. തോൽക്കുടത്തിൽ അടങ്ങിയിരിക്കുന്ന സാധനം എന്തെന്നും പിഞ്ഞാണത്തിന്റെ ഉപയോഗം എന്തെന്നും അവർ മനസ്സിലാക്കി. അവർ ഔപചാരികമായിപ്പോലും കോടാങ്കിയുടെ അനുമതി ചോദിക്കാതെ തോൽക്കുടം നീക്കിവച്ചു അതിനകത്തു് ഒതുങ്ങിയിരുന്ന ദ്രാവകം പിഞ്ഞാണത്തിൽ പകർന്നു മുറയ്ക്കു് ആസ്വദിച്ചു. മധുരമയമായ ലേഹ്യസാധനം മദ്യപാനത്തിനു് അനുഭോജ്യമായി അവർ ഉപയോഗപ്പെടുത്തി. ഭിക്ഷു ഏതാദൃശങ്ങളായ കാഴ്ചകൾകണ്ടു മന്ദസ്മേരവദനനായി സ്വസ്ഥാനത്തു നിശ്ചലനായിരുന്നു. അത്യാർത്തിയോടുകൂടി മദിരാസേവ നടത്തി സന്തുഷ്ടരായി ഭവിച്ച റാണാപാലന്മാർ അല്പനേരം ദീർഘാലോചയിൽ ലയിച്ചിരിക്കുന്നതായി കോടാങ്കി കണ്ടു.

"ഈ കോഴാംഗി മിഴക്കനെഴാ! മിഴമിഴഗൻ" എന്നു ഒരാൾ വളരെ വിഷമിച്ചു് ഉളറി.

"ഇപ്പം അഴൊന്നും പഴയാം നേഴമിഴെടാ. കന്ന് തന്നെ അഴയുന്നെഴാ! എന്നു മറെറാരുവൻ പുലമ്പി.

"കൊഴച്ചു കഴന്നു പോയെഴാ" എന്നു മൂന്നാമൻ മന്ത്രിച്ചു.

"പാ വിഴിക്കെഴാ! തല വഷ്ടം കഴങ്ങുന്നെഴാ" എന്നു ഒന്നാംശിപായി ആജ്ഞാപിച്ചു.

എന്നാൽ പായ് വിരിക്കുവാനോ, വിരിച്ചതിന്മേൽ കിടക്കുവാനോ ആരും ഉദ്യമിക്കുകയോ കാത്തിരിക്കുകയോ ചെയ്യേണ്ടിവന്നില്ല. അകത്തുചെല്ലത്തിയ സാധനങ്ങളുടെ തൈക്ഷ്ണ്യത്തിൻെറ ആധിക്യം നിമിത്തം ശിപായിമാർ നാലുപേരും അവരവരുടെ സ്ഥാനങ്ങളിൽ നിശ്ചേഷ്ടരായി വീണു. കോടാങ്കി കുറേനേരംകൂടി ചിന്താവിഷ്ടനായി ഇരുന്നു. അനന്തരം എഴുന്നേററു നാലുപേരുടെയും മുഖത്തു സൂക്ഷ്മമായി ഒരു പരിശോധന നടത്തി; എല്ലാവരും ബോധശൂന്യരായിരിക്കുന്നുവെന്നു അയാൾക്കു ബോദ്ധ്യമായി. പിന്നീടു സമയം കളയാതെ, അയാൾ തൻെറ വകസാധനങ്ങൾ ഭാണ്ഡത്തിലാക്കിക്കെട്ടി തോളിലാക്കിയ ശേഷം, ഒന്നാം ശിപായിയുടെ വസ്ത്രത്തിനിടയിൽ ചെരുകിസൂക്ഷിച്ചിരുന്ന താക്കോൽ കൈക്കലാക്കി ഒരു നിമേഷം അവിടെ നിന്നു് എന്തോ ആലോചിച്ചിട്ടു ഭാണ്ഡത്തിൽ കൈയിട്ടു ഒരു പന്തം എടുത്തു വിളക്കിൽ മുക്കി എണ്ണ പുരട്ടി കത്തിച്ചുകൊണ്ടു് അയാൾ നിലവറയേ ലക്ഷ്യമാക്കി നടന്നു; അടുത്തനിമേഷം, നിഷ്പ്രയാസമായി വാതൽ തുറന്നു് സാവധാനത്തിൽ അകത്തു കടന്നു.

അസാധാരണമായ ദീപപ്രകാശവും മററും കണ്ടു് അന്ധാളിച്ചു തടവുകാരിൽ ചിലർ വാതലിനു സമീപത്തേക്കു വരുന്നതുകണ്ടു കോടാങ്കി മന്ദസ്വരത്തിൽ അവരോടു പറഞ്ഞു:—പെരിയവാളേ! കവലൈ വേണ്ടാം.

ഉതവിശെയ്യ നാൻ വന്തിരിക്കുറേൻ. ആകെ പത്തു എശ മാങ്കൾ ഇരിക്കെ. കൂപ്പിട്ടങ്കോൾ ശീഘ്രം. പോകാലാം.

കോടാങ്കിയുടെ വേഷവും ഭാഷയും, അസമയത്തു് അപ്രതീക്ഷിതമായി കാരാഗൃഹത്തിലേക്കുള്ള അയാളുടെ ആഗമനവും കണ്ടു ഇതികർത്തവ്യതാമൂഢരായി തടവു കാർ പത്തുപേരും നിലകൊണ്ടു. അതുകണ്ടു് അസ്വ സ്ഥനായിച്ചമഞ്ഞ കോടാങ്കി വീണ്ടും പറഞ്ഞു.

എശമാങ്കൾ, ആണ്ടവനേ നിനത്തു് എൻക്കൂടൈ വാരുങ്കൾ. ശതി ഇല്ലെ ഉതവിശെയ്യ വന്തിരുക്കുറേൻ.

തടവുകാർ പരസ്പരം എന്തൊക്കെയോ മന്ത്രിച്ചു. അനന്തരം അവരിൽ പ്രമാണിയായ ഒരാൾ കോടാങ്കി യോടു ഇങ്ങനെ പറഞ്ഞു:—ഊരും പേരും അറഞ്ഞുകൂടാ. എങ്കിലും ഈ നരകത്തിൽ നിന്നു് ഈയുള്ളവരെ വീണ്ടു കൊള്ളാൻ വന്ന ഉടയതമ്പുരാൻ എന്നു കരുതുന്നു. മുമ്പിൽ നടക്കാം. പിറകെ ഉണ്ടു്.

കോടാങ്കി യാതൊന്നും മറുപടി പറയാതെ മുമ്പിൽ നടന്നു, നിലവറ വിട്ടു മുകളിലേക്കു കയറി. തടവുകാർ പത്തുപേരും അയാളെ അനുഗമിച്ചു. അനന്തരം ഒരു ക്രിത്രിമമാർഗ്ഗത്തിൽക്കൂടി അയാൾ അവരെ രാണാമതിൽ ക്കെട്ടിനു പുറമേ കൊണ്ടുവന്നു. ആ സന്ദർഭത്തിൽ, പന്തം പൊലിഞ്ഞുപോയെങ്കിലും, അശ്വാരൂഢരായ ചിലർ നില്ക്കുന്നതായും ഏതാനും അശ്വങ്ങളും ആയുധങ്ങളും സജ്ജീകരിക്കപ്പെട്ടിട്ടുള്ളതായും തടവുകാർ കണ്ടു. അവരോടു കോടാങ്കി മന്ദമായി ഇങ്ങനെ മന്ത്രിച്ചു:—"ഒടയവർ താൻ!"

അപ്പോൾ, അശ്വാരൂഢന്മാരിൽ ഒരാൾ മെല്ലെ പറഞ്ഞു:—അപകടം ഒന്നും ഉണ്ടാകയില്ല. നിങ്ങളുടെ കീറിപ്പറിഞ്ഞ മുണ്ടുകൾ പറിച്ചു കളയിൻ! ഓരോരുത്ത ർക്കും വേണ്ട അരച്ചട്ടയും കച്ചയും തലക്കെട്ടും ഓരോ

കുതിരപ്പുറത്തും ഭാണ്ഡമാക്കി കെട്ടിവച്ചിട്ടുണ്ടു്. വാളും പരിചയും ഓരോ കുന്തവും കുതിരകളുടെ അടുത്തുതന്നെ കാണാം. വേഗമാവട്ടെ.

മറെറ അശ്വഭടൻ പറഞ്ഞു:—കായങ്കുളം അതൃത്തിയിൽ യാതൊന്നും പേടിക്കേണ്ട. നിങ്ങളുടെ ചട്ടയും കച്ചയും വാളും ഒക്കെ കായങ്കുളം മുദ്ര ഉള്ളതു്. വല്ലവരും തടഞ്ഞാലും തമ്പുരാന്റെ ആൾക്കാരെന്നു പറയുവിൻ. ലക്ഷ്യം കാണുമ്പോൾ ബോദ്ധ്യവുമാകും. വള്ളംവഴി വേണ്ടെന്നുവച്ചതു് പലതും നിനച്ചാണു്. ക്രമമായി വേഗത്തിൽ വിട്ടാൽ നേരം വെളുക്കുംമുൻപു കൊല്ലംകോട്ടയിൽ എത്താം.

തടവുകാരിൽ പ്രമാണി:—ഞങ്ങളുടെ രക്ഷിതാവു എവിടെ?

കോടാങ്കി:—നാനും കൊഞ്ചം ശേലൈ കിലൈ എല്ലാം ശുററി തലയ്ക്കൽ. ശീഘ്രം. ശീഘ്രം.

അല്പസമയത്തിനുള്ളിൽ ആ ചെറിയ സംഘം അശ്വാരൂഢന്മാർ ഭയങ്കരമായ രജനിയുടെ യവനികയാൽ മറഞ്ഞു പ്രാണരക്ഷാർത്ഥം പ്രയാണം ചെയ്തു. പരസ്പരം യാതൊരക്ഷരവും സംസാരിച്ചു, സമയം പാഴാക്കിക്കളയാതെ അവർ ത്വരയോടേ യാത്ര ചെയ്തു, പ്രഭാതമായപ്പോഴേക്കു കൊല്ലംകോട്ടയിലുള്ള തിരുവിതാംകൂർ പാളയത്തിൽ ചെന്നെത്തി. ആ അവസരത്തിൽ, ബന്ധനവിമുക്തരായ ആ വീരപുരുഷന്മാർ, തലയ്ക്കൽ, പ്രാണരക്ഷകനായ കോടാങ്കിയേ കാണായ്കയാൽ ഉല്കണ്ഠിതനായി ഭവിച്ചു.

---

# അദ്ധ്യായം ൧൩.

---

### തീർത്ഥയാത്ര.

തെക്കുംകൂർ ഇളയരാജാവായ അപ്പൻ തമ്പുരാനും കെട്ടിലമ്മയായ മാധവിക്കുഞ്ഞമ്മയും രാമേശ്വരം മുതലായ പുണ്യക്ഷേത്രങ്ങളിൽ ദർശനം നടത്തുവാനായി യാത്ര പുറപ്പെടുന്നതിനുള്ള ഒരുക്കങ്ങൾ സമസ്തവും പൂർത്തിയായി. എളയരാജാവിന്റെ വിശ്വാസത്തിനും പ്രീതിക്കും പാത്രീഭൂതരായ രണ്ടുബ്രാഹ്മണരും അഞ്ചുനായന്മാരും രണ്ടുനായർസ്ത്രീകളും ഉൾപ്പെടെ ഒൻപതുപേർ രാജദമ്പതിമാരോടുകൂടി അനുയാത്രചെയ്യാൻ സന്നദ്ധരായിക്കഴിഞ്ഞു. യാത്രയ്ക്കുള്ള മുഹൂർത്തത്തിനു തലേന്നാൾ രാവിലെ നാടുവാഴുന്ന വലിയരാജാവിനെക്കണ്ടു വിടവാങ്ങുവാനായി അപ്പൻ തമ്പുരാൻ നീരാഴിക്കൊട്ടാരത്തിൽ എഴുന്നള്ളി മുഖം കാണിച്ചു. രാജാവു മാളികയുടെ രണ്ടാമത്തേ നിലയിലുള്ള വരാന്തയിൽ ഉലാത്തുകയായിരുന്നു. ആ സന്ദർഭത്തിൽ അഞ്ജലീബന്ധത്തോടും മ്ലാനമുഖനായും സവിധത്തിൽ എത്തിനിന്ന സോദരനോടു രാജാവു് ഇങ്ങനെ കുശലം ചെയ്തു:—"എന്താ! അപ്പൻ! നല്ലസുഖമില്ലെന്നുണ്ടോ? മുഖത്തു് ഒരു ക്ഷീണഭാവം കാണുന്നു."

അപ്പൻതമ്പു:—അവിടത്തേ അനുഗ്രഹത്താൽ സുഖക്കേടു് ഒന്നുമില്ല. ഒരുകാര്യം അറിയിക്കുവാനുണ്ടു്. രാജാവു മന്ദസ്മിതപൂർവ്വം കല്പിച്ചു:—"എന്താ! വിശേഷിച്ചു്!"

അപ്പൻ:—രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽ ദർശനം കഴിച്ചു വരണമെന്നു് ഒരു ആശയുണ്ടു്.

രാജാ:—അതു നന്നുതന്നെ. അതിനെന്താ നാം ചെയ്യേണ്ടതു്. എപ്പോഴാ മുഹൂർത്തം!

അപ്പൻ!—നാളെ അഞ്ചു നാഴിക പകലേ മുഹൂൎത്തമുണ്ടു്.

രാജാ:—ഇത്ര അടുത്തോ! ആകട്ടെ. തരക്കേടില്ല. എങ്ങനെയാ ഉദ്ദേശം? തനിച്ചോ?

അപ്പ:—മാധവിക്കുംകൂടെ വരണമെന്നാഗ്രഹമുണ്ടു്.

രാജാവു മന്ദസ്മേരവദനനായി കല്പിച്ചു:-"കൊള്ളാം! ഇത്ര ചെറുപ്പത്തിൽ തന്നെ ഇങ്ങനെ ഉള്ള ബുദ്ധി ആൎക്കും സാധാരണ തോന്നാറില്ല. നല്ലകാൎയ്യം വളരെ സന്തോഷം. കൂടെ എത്രയാൾ വേണം?"

അപ്പൻ:—അധികം പേരെ കൊണ്ടുപോകുന്നതു വലിയ ബദ്ധപ്പാടല്ലേ. അത്യാവശ്യം വേണ്ടതിനു കുറേ ആളുകൾ മതി.

രാജാ:—അങ്ങനെയാണു് അഭിപ്രായമെങ്കിൽ എട്ടോ പത്തോപേർ മതി. രണ്ടുപേർ സ്ത്രീകളായിരിക്കണം.

അപ്പൻ:—കല്പനപ്പോലെ ചെയ്യാം.

രാജാ:—വളരെ താമസിച്ചുകളയരുതു്. പടയും മററും നടക്കുന്നകാലം. വളരെ സൂക്ഷിച്ചു പെരുമാറിയില്ലെങ്കിൽ നിനച്ചിരിയാത്ത വൈഷമ്യങ്ങൾ ഉണ്ടായെന്നുവരാം, ആകട്ടെ ഇവിടെ തിരിച്ചു് എത്തും മുൻപു് ഇടയ്ക്കുവച്ചു തന്നെ ആൾ അയയ്ക്കണം. രാമേശ്വരത്തും മററും പോയി വരുന്നവരെയും പിതൃക്കളെയും ദേവന്മാരെയും ഉദ്ദേശിച്ചു കാലഹരപ്രീതിമുതലായ സൽക്കൎമ്മങ്ങളും ഊട്ടും മററും നടത്തുവാനുണ്ടു്. അതിനു് ഇടകിട്ടണം. ശുഭകൎമ്മങ്ങൾ കാലം കൂടുന്ന ദിവസമാണു് ഇവിടെ വന്നു ചേരേണ്ടതു്.

അപ്പൻ:—കല്പനപോലെ മുൻകൂട്ടി ആൾ അയക്കാം. തിരുവനന്തപുരത്തു താമസിച്ചുകൊണ്ടു് ആൾ അയക്കാം.

രാജാ:—മാൎത്താണ്ഡവൎമ്മതിരുമേനിക്കു തെക്കുംകൂറിനോടു് അത്ര സുഖമുണ്ടാകുമോ എന്നു് അറിഞ്ഞില്ല. കായങ്കുളത്തേക്കു നാം പട അയച്ചുപോയി.

അപ്പൻ:—കഴിഞ്ഞുപോയ കാൎയ്യത്തേക്കുറിച്ച് ആലോചിച്ച പശ്ചാത്തപിച്ചിട്ടു വലിയ പ്രയോജനം ഇല്ല. കായംകുളത്തിന യുദ്ധത്തിൽ വലിയ ഗുണം ഉണ്ടാകുവാൻ ഇടയുണ്ടെന്ന തോന്നുന്നില്ല. ലന്തക്കാർതന്നെ സ്ഥിരമായി അവിടെ കൂടെ നിൽക്കുവാൻ പ്രയാസം.

രാജാ:—വടക്കോട്ടുള്ള രാജാക്കന്മാർ ഒത്തൊരുമിക്കാൻ ആലോചന ഉണ്ടത്രേ.

അപ്പൻ:—അതുകൊണ്ടൊന്നും വലിയ പ്രയോജനം കായംകുളത്തേക്കു സിദ്ധിക്കുമെന്ന തോന്നുന്നില്ല. മാൎത്താണ്ഡവൎമ്മതിരുമേനിയുമായി ഒരു ഉടമ്പടി ചെയ്തു സഖ്യത്തിലിരുന്നാൽ വടക്കോട്ടുള്ള രാജ്യങ്ങൾക്കു ഈ നിലയിൽ കഴിച്ചുകൂട്ടാം. ശക്തനായ ആ തിരുമേനിയുടെ പ്രാഭവത്തെ സമ്മതിച്ചുകൊടുക്കുന്നതിൽ എന്തൊരു കുറവാണു് കായംകുളത്തേക്കും മററും വരുവാനുള്ളതു്.

രാജാ:—ഇതു് ആലോചിക്കേണ്ട കാൎയ്യംതന്നെ. നാം അറിയിച്ചാൽ കായംകുളം അവഗണിച്ചുകളഞ്ഞെങ്കിൽ അതൊരു കുറവാണ്ടതും.

അപ്പൻ:—എങ്കിൽ കായംകുളം ക്രമേണ സാഹസത്തിന്റെ ഭവിഷ്യത്തു മനസ്സിലാക്കിക്കൊള്ളും. തെക്കുംകൂറിനേക്കുറിച്ച മാൎത്താണ്ഡവൎമ്മമഹാരാജാവിന വല്ല അസുഖവും തോന്നിയിട്ടുണ്ടെങ്കിൽ, അവിടത്തെ പ്രീതി സമ്പാദിക്കുവാൻ ഇനിയും ഇവിടെ അവസരം ഇല്ലാതില്ല. ജ്യേഷ്ഠന്റെ കല്പനയുണ്ടെങ്കിൽ അവിടനുമായി സഖ്യം ചെയ്യാൻ വേണ്ട വ്യവസ്ഥകൾ ആലോചിക്കാം.

രാജാ:—ഈ വിഷയത്തേക്കുറിച്ച നമ്മുടെ മന്ത്രിമാരും മാടമ്പിമാരുമായി ആലോചിക്കാതെ ഇപ്പോൾ ഒന്നും തീൎച്ച പറയുവാൻ തരമില്ലല്ലോ. ഏതായാലും അപ്പൻ പോയി വരൂ.

ഇളയരാജാവു പിന്നീടു യാതൊന്നും ജ്യേഷ്ഠനോടു സംസാരിക്കാതെ വിടവാങ്ങിപ്പോന്നു. അടുത്തദിവസം വൈകുന്നേരം നിശ്ചിതമുഹൂർത്തത്തിൽ അദ്ദേഹം സ്വപ്രണയിനിയോടും അനുചരന്മാരോടുംകൂടി യാത്രതിരിച്ചു.

---

## അദ്ധ്യായം ൧൮

---

### വൈരനിര്യാതനം

പതിവിൽ നേരത്തേ ഠാണാപ്പുരയിൽ നിന്നു പുറപ്പെട്ട മല്ലൻപിള്ള നേരെ ത്രിവിക്രമൻ ഉണ്ണിത്താന്റെ വസതിയിലേക്കു നടന്നു. 'അയാൾ പടത്തലവന്റെ ഭവനത്തിൽ എത്തി, ഉണ്ണിത്താന്റെ സന്നിധിയിൽ പഞ്ചപുച്ഛമടക്കി നിന്നു യജമാനപ്രീതിമന്ത്രം ശരിക്കു് ഉരുക്കഴിച്ചു സിദ്ധിവരുത്തി പ്രയോഗിച്ചപ്പോൾ, അതിന്റെ ഫലം അനുഭവഗോചരമായതിനാൽ കുതൂഹലചിത്തനായി ഭവിച്ചു. വലിയ പടത്തലവനു തന്റെ പേരിൽ അപരിമിതമായ വാത്സല്യവും വിശ്വാസവും ഉണ്ടെന്നു ബോദ്ധ്യംവന്നതിനാൽ മല്ലൻ വേറൊരു ഒററമൂലികൂടി പ്രയോഗിച്ചു്, അദ്ദേഹവുമായുള്ള ബന്ധത്തെ പൂർവ്വാധികം ദൃഢീകരിപ്പിക്കുവാൻ തീർച്ചയാക്കി. വീരവിക്രമൻ ഉണ്ണിത്താന്റെ ജീവിതരീതിയിൽ അന്ധകാരമയമായ ഒരു വശമുണ്ടെന്നു തനിക്കു് അറിയാമെന്നും, വലിയ പടത്തലവൻ യജമാനന്റെ ആപ്തനെന്നുള്ള മിത്ഥ്യാഭാവത്തിൽ ആ യുവാവു് അതിനീചമായ ഒരു കർമ്മം നിത്യവും ആചരിച്ചു പഞ്ചമഹാപാപങ്ങളിൽ ഒന്നു ആർജ്ജിച്ചുവരുകയാണെന്നും, അതിനു താൻ ദൃക്സാക്ഷിയാണെന്നും,

അയാളുടെ കാമസമ്പൂൎത്തി ഇത്രത്തോളം കൊണ്ടുമാത്രം നിലപ്പിച്ചുകളയുവാനല്ല ഉദ്ദേശമെന്നും, ആയതു് ആസന്ന ഭാവിയിൽ തന്നെ ബോധ്യമാകുമെന്നുംമററുമുള്ള മല്ലൻപിള്ളയുടെ പ്രഭാഷണം വയോധികനായ ത്രിവിക്രമൻ ഉണ്ണിത്താൻ വിശ്വസിച്ചുവെങ്കിൽ, അതിനുവേണ്ടുവോളം ന്യായമുള്ളതാണല്ലൊ. തൻെറ ഉദ്ദേശസാദ്ധ്യത്തെ ലാക്കാക്കി ഏതാദൃശമായ ഒരു സ്ഥിവാരം ഇട്ടുറപ്പിച്ചശേഷം ആ നരകാധിപവീരൻ കൊട്ടാരത്തിൽ ചെന്നു രാജാവിനെ മുഖം കാണിച്ചു് ഒരു സങ്കടം ഉണൎത്തിച്ചു. പ്രതാപശാലിയായ വലിയപടത്തലവൻെറ നവോഢയുടെ യുവസ്നേഹിതനെനുകായങ്കുളത്തെങ്ങും, ഇതിനകം ദുൎയ്യശസ്സുസമ്പാദിച്ചു സംഭരിച്ചിട്ടുള്ള കൊച്ചുണ്ണിത്താനേക്കൊണ്ടു പൊറുതിമുട്ടിയെന്നും, ആ അവിവേകിയായ യുവാവിൻെറ ദുരധികാരപ്രമത്തത റാണാപ്പുരവരെ എത്തിക്കഴിഞ്ഞിരിക്കുന്നുവെന്നും, പടയുള്ള ഇക്കാലത്തു ശത്രുരാജ്യക്കാൎക്കു് ഒററുകൊടുക്കുവാനുള്ള ഉദ്യമം അയാൾക്കു് ഉള്ളതായി അനുമാനിക്കുവാൻ ന്യായമുണ്ടെന്നും, ഉപ്പുംചോറും കല്പിച്ചുകൊടുത്തു പോററുന്ന തമ്പുരാൻെറ പേരിൽ ഭക്തിയില്ലാത്ത അയാൾ തെക്കേത്തടവു പുള്ളികളെ വിലങ്ങുവെട്ടിവിടാൻ തന്നോടു നിൎബന്ധിച്ചുവെന്നും, മററുമായിരുന്നു തിരുമുമ്പിൽ ഉണൎത്തിച്ച സങ്കടത്തിൻെറ സംക്ഷേപം. ഇപ്രകാരം കൊച്ചുണ്ണിത്താനെലക്ഷ്യീകരിച്ചു ഉരുക്കേറിയ രണ്ടു വശീകരണക്കരുക്കൾ സമുചിതങ്ങളായ രണ്ടുസ്ഥാനങ്ങളിലായി നിക്ഷേപിച്ചശേഷം നയകോവിദനായ ആ ശൂദ്രൻ തൻെറ പാൎപ്പിടത്തിൽ ചെന്നു് സ്നാനാശനാദികൾ നിൎവ്വഹിച്ചു നിദ്രാദേവിയെ യഥാവിധി ആരാധിച്ചു സംതൃപ്തനായി.

പ്രഭാതം ആയപ്പോൾ മുതൽ മല്ലൻപിള്ള കോടാങ്കിയുടെ ആഗമനം പ്രതീക്ഷിച്ചു ഗൃഹാധിപൻെറ സ്ഥാനമായ അറപ്പുര പൂമുഖത്തു വെററിലപ്പെട്ടിയും വച്ചു് ഇരി

പ്പായി. നേരം മൂന്നു നാലു നാഴിക പുലരുംവരെ അതേ ഇരിപ്പിൽ, വിവിധങ്ങളായ മനോവ്യാപാരങ്ങൾക്ക് അധീനനായി അയാൾ ഇരുന്നു; അനന്തരം അക്ഷമനായി എഴുന്നേററു, തലക്കെട്ടും കെട്ടി മേൽമുണ്ടും ചാത്തി, കോൺകച്ചയും വലിച്ചുകോത്തു, ബന്ധിച്ചു, കഠാരിയും എളിയിൽ ചെരുകി, വാളുംധരിച്ച് ഉഗ്രഭാവത്തോടെ ഠാണാപ്പുരയെ ലക്ഷ്യമാക്കി, ധൃതിയിൽ നടകൊണ്ടു.

മല്ലൻപിള്ള ഠാണാപ്പടിക്കൽ എത്തിയപ്പോൾ വാതൽ തുറന്നിട്ടില്ലെന്നു കണ്ടു പിൻഭാഗത്തു ചെന്നു പരിശോധിച്ചു. അവിടെയുള്ള വാതൽ തുറന്നുകിടന്നിരുന്നു. അതു വഴി അയാൾ അകത്തു പ്രവേശിച്ചു. അപ്പോൾ കണ്ട കാഴ്ച അാ ഉഗ്രനേ ഹതചിത്തവൃത്തിയാക്കിത്തീത്തു. നാലുകെട്ടിൻെറ വലിയ തളത്തിൽ ശേവുകക്കാർ ബോധരഹിതരായി കിടക്കുന്നു! തലേന്നാൾ കോടാങ്കി സമ്മാനിച്ച മദ്യത്തിൻെറയും കഞ്ചാവുലേഹ്യത്തിൻെറയും പലഹാരങ്ങളുടെയും മററും അവശിഷ്ടങ്ങൾ അവിടവിടെ തൂകിയും ചിതറിയും കിടക്കുന്നു. മദനകാമേശ്വരിയുടെ മധുരസം ആസ്വദിക്കുവാൻ വന്നുകൂടിയ പിപീലികാദിപ്രാണികൾ ഇലക്കഷണങ്ങളിലും തറയിലും നിന്ന് ഇനിയും വിട്ടുമാറിയിരുന്നില്ല. ഠാണാധിപൻ, സ്വസ്ഥാനത്തു നിശ്ചലനായി അല്പനേരം നിന്നുപോയി. അതിനിടയ്ക്കു് ഏതോ അതിപ്രധാനമായ ഒരു ചിന്തയുടെ വ്യാപാരത്താൽ അയാൾ വലിയ നിലവറയുടെ മുഖദ്വാരത്തേക്കു തിരിഞ്ഞു നടന്നു. നിലവറവാതൽ തുറന്നുതന്നെ കിടക്കുന്നു. "ചതിച്ചു" എന്നു് അലറിക്കൊണ്ടു് മുതൽപ്പേർ നിലവറയിലേക്കു ചാടി! ചില ആഹ്വാനരവങ്ങൾ മുഴക്കിക്കൊണ്ടു് ആ തമോമജ്ജരത്തിൽ കുറേ നേരം തുള്ളിച്ചാടി പരിശോധനനടത്തി. "ചതിച്ചേ! ചതിച്ചു! കൊച്ചുണ്ണി,ഞാൻ പററിച്ചുപണി, കള്ളും മരുന്നും കൊടുത്തു് ഈ കഴുവേറികളേയും മയക്കി!

പുള്ളികളേയും തുറന്നുവിട്ടു!" എന്ന് അട്ടഹാസിച്ചുകൊണ്ടു പുറത്തുചാടി. മദ്യത്തിൻെറയും അവീൻേറയും ലഹരിയും! അവയിൽ കലത്തിയിരുന്ന വിഷത്തിൻെറ കാഠിന്യവും നിമിത്തം വിഗതപ്രാണരായി തീന്നിരുന്ന ശേവുകക്കാരേ ഓരോരുത്തനേയും അയാൾ, പരമാത്ഥം അറിയാതെ പുറങ്കാലാൽ കോരി അങ്കണത്തിലേക്ക് എറിഞ്ഞു. ആ നിർഭാഗ്യവാന്മാരുടെ ഉടലുകൾ നിശ്ചേഷ്ടങ്ങളായി നിലംപതിച്ചു. ഈ സന്ദർഭത്തിൽ അവിടെ യാദൃച്ഛികമായി വന്നുകയറിയ ഒരു ഉപസേനാപതിയെ വസ്തുതകൾ ധരിപ്പിച്ച് അയാളുടെ റാണിയിലുള്ള പടയാളികളെ റാണായുടെ പുറമേ കാവലിടുവിച്ചുംവച്ച് മല്ലൻപിള്ള കൊട്ടാരത്തിലേക്കു ശീഘ്രഗതിയിൽ നടകൊണ്ടു.

കായംകുളംരാജാവു നിത്യകർമ്മാനുഷ്ഠാനങ്ങൾ കഴിഞ്ഞു് അമൃതേത്തു കഴിക്കുവാൻ പുറപ്പെടുന്നതിന് ആരംഭിക്കുകയായിരുന്നു. ആ സന്ദർഭത്തിലാണു മല്ലൻപിള്ള തിരുമുമ്പിൽ ആഗതനായതു് അതികഠിനമായ മനഃക്ഷോഭത്താൽ അയാളുടെ മുഖം വിവണ്ണമായും ബാഷ്പധാരനിമിത്തം നേത്രങ്ങൾ അരുണവണ്ണം പൂണ്ടും ഇരുന്നു. അയാൾ രാജസന്നിധിയിൽ ദണ്ഡനമസ്കാരംചെയ്തു കിടന്നു രോദനം തുടങ്ങി. അത്ഭുതപൂർവമായ ഈ പെരുമാററം കണ്ടു, ഹേതു എന്തെന്നറിയാതെ അവിടുന്നു സംഭ്രമവിവശനായി:—
"എടാ! മാതു! എഴുനേൽക്കു്. നിനക്കു് എന്തുപററി! എഴുനേൽക്കു. നിന്നേ വേദനപ്പെടുത്തിയവൻ ആരു? അവൻ ആരായാലും നാം അവനോടു പകരം ചോദിക്കുന്നുണ്ടു്." എന്നു് രാജാവു സാന്ത്വനം കല്പിച്ചു.

മല്ലൻപിള്ള മെല്ലെ എഴുനേററു അഞ്ജലിബന്ധത്തോടേ നിന്നു് അറിയിച്ചു. അയാളുടെ ദേഹം, ലഘുവായ വിദ്യുത്പ്രവാഹം ഏററാലെന്നമട്ടിൽ വിറച്ചുകൊണ്ടിരുന്നു:—"അടിയനേ-കെ-ടുത്തി. അന്നംതരുന്ന തമ്പുരാനേയും-വകവച്ചില്ല-ആ ദ്രോഹി."

രാജാ:—ആരെടാ! അവൻ ആരു ? കാൎയ്യംപറ.

മല്ലൻ:—ആ കൊച്ചുണ്ണിത്താൻ. അടിയൻഇന്നലെ വിടകൊണ്ടു് ഉണൎത്തിച്ചില്ലേ. അതിൻപടിയൊക്കെ നടന്നു. അടിയൻെറ ഠാണാശേവകന്മാരെ നാലുപേരെയും കൊലപ്പെടുത്തി പുള്ളികളേയും കൊണ്ടുപോയി.

അത്യാശ്ചൎയ്യം രോഷവിദ്വേഷങ്ങളും ഒന്നുപോലെ രാജാവിനെ ആവേശിച്ചു. അഞ്ചാറുനിമിഷംവരെ അവിടുന്നു നിശ്ചലനായി നിന്നശേഷം ഇങ്ങനെ കല്പിച്ചു:—"അത്രയ്ക്കധികാരം മുഴുത്തുപോയോ?അവനുഭ്രാന്തുണ്ടോ? ഇതെന്തൊരു സാഹസം!പുള്ളികൾ എത്രപേർപോയി?"

മല്ലൻ:—ദേശിംഗനാട്ടുവച്ചു പിടിച്ചവർ ആകെ കടന്നു.

രാജാ:—ആകട്ടെ. നീ പൊയ്ക്കോ. ശേവുകക്കാൎക്കു പകരം ആളുവച്ചു നടത്തു. മരിച്ചുവരുടെ കുടുംബങ്ങളിലേക്കു മാസംപത്തുരാശിചെലവെഴുതി കൊടുപ്പിച്ചേക്കാം.

മല്ലൻ:—വേറൊരു സങ്കടംകൂടെ ഉണൎത്തിക്കുന്നു. ആ ഉണ്ണിത്താൻ ഇനി അടിയൻെറ നേരെ ആയിരിക്കും—

രാജാ:—ആകട്ടെ. നാം നോക്കിക്കൊള്ളാം. ഇതൊന്നും വലിയ ഉണ്ണിത്താനെ ധരിപ്പിക്കേണ്ട. പൊയ്ക്കോ

മല്ലൻപിള്ള വിടവാങ്ങി രാജസന്നിധിയിൽ നിന്നു മറഞ്ഞു. പലപ്രകാരത്തിലുള്ള മനോവ്യാപാരങ്ങളോടുകൂടി അയാൾ ഠാണാപ്പുരയിലേക്കു തിരിച്ചു.

അന്നു സായാഹ്നത്തിൽ ഉണ്ണിത്താന്മാർ രണ്ടുപേരും കൂടി രാജകല്പനയനുസരിച്ചു കൊട്ടാരത്തിൽ എത്തി രാജാവിനെ മുഖം കാണിച്ചു. ആ സന്ദർഭത്തിൽ രാജാവു" ഇങ്ങനെ അരുളിചെയ്തു:—"നാം വീരവിക്രമനെ ഗൌരവമേറിയ ഒരു കാൎയ്യത്തിനു ചുമതലപ്പെടുത്തുന്നു. കൊല്ലത്തും തിരുവനന്തപുരത്തും ചെന്നു എതൃകക്ഷിയുടെ ശക്തിയും സന്നാഹവും ഏതു നിലയിൽ ഇരിക്കുന്നുവെന്നു ശ്രദ്ധ

മായി അറിഞ്ഞുവരണം ഈ വസ്തുതയറിയേണ്ടതു നമുക്കു് എത്രയും അത്യാവശ്യം."

ത്രിവിക്ര:—തിരുമനസ്സുകൊണ്ടു കല്പിച്ചു നിശ്ചയിച്ച ആൾ ഈ ജോലിക്കു് എത്രയും വിരുതൻ. അടിയന്റെ പഴമനസ്സിലും ഇതു വളരെക്കാലമായി തോന്നിയിട്ടുള്ളതു്, അവസരംപോലെ തിരുമനസ്സുണർത്തിക്കാൻ പാർത്തിരിക്കയായിരുന്നു.

രാജാ:—സമയം വളരെ അതിക്രമിച്ചിരിക്കുന്നു. നാളെ പുലച്ചയ്ക്കു മുൻപു പുറപ്പെട്ടുകൊള്ളണം.

വീര:—അടിയൻ! കല്പനപ്പടി നടന്നുകൊള്ളാം.

രാജാ:—ആ മാത്തു വകയ്ക്കുകൊള്ളരുതാത്ത കഴുത. അവനെ റാണാമുതൽപ്പേരാക്കിയതേ പിശക്! ശത്രുപക്ഷത്തിലെ ചാരന്മാർ രാത്രിയിൽ റാണാവിൽ കടന്നു ശേവുകക്കാരെ, വിഷംചേർത്തു കള്ളുംമററും കൊടുത്തു കൊന്നിട്ടു ചാലപ്പുള്ളികളെയുംകൊണ്ടു കടന്നുകളഞ്ഞു.

ത്രിവിക്രമൻ ഉണ്ണിത്താനും വീരവിക്രമനും പ്രസ്തുതവാർത്താശ്രവണത്താലത്ഭുതപരവശരായി. വലിയ ഉണ്ണിത്താൻ പറഞ്ഞു:—"അടിയങ്ങൾ ഇക്കാര്യം ഇതുവരെ കേട്ടില്ല. ഏതായാലും വലിയ കുറച്ചിലായിപ്പോയി."

വീര:—അടിയൻ ഈ അവമതിക്കു പകരം വീട്ടിയേക്കാം.

രാജാ:—വീരവിക്രമനു് അതിനുള്ള കെല്പുണ്ടെന്നു നമുക്കു് ബോദ്ധ്യമുണ്ടു്. തൽക്കാലം അവൻതന്നെ റാണാമുതൽപ്പേരായിരിക്കട്ടെ. പത്തു പടയാളികളെ കാവൽ ഇട്ടേക്കണം.

വലിയഉണ്ണി:—അടിയൻ.

"എന്നാൽ ചെല്ലുവിൻ!" എന്നു രാജാവു് അനുജ്ഞ നൽകിയതനുസരിച്ചു് അവർ തിരുമുമ്പിൽനിന്നു പുറത്തേക്കു് ഇറങ്ങി. അനന്തരം ത്രിവിക്രമൻ ഉണ്ണിത്താൻ

പറഞ്ഞു:—"ഞാൻ ഇപ്പോൾതന്നെ തെക്കേഅതൃത്തിയിലുള്ള പാളയം നോക്കാൻ പോകുന്നു. കേട്ടിടത്തോളം കൊണ്ടു വലിയ പേടിയാകുന്നു. അവിടെ ചെന്നു പ്രത്യേകം ചട്ടംകെട്ടുകൾ ചെയ്യണം. അനുജൻ ഇന്നു ഇവിടെ താമസിക്കു. പുതിയ വീട്ടിൽതന്നെ രാത്രിയിൽ താമസിക്കണം. ഞാൻ വെളുപ്പിനു തിരിച്ചു വരും. എന്നിട്ടു കൊല്ലത്തേക്കു പുറപ്പെട്ടാൽ മതി."

വീര:—കൊല്ലത്തേക്കു പുറപ്പെടും മുൻപു വീട്ടിലേക്കു കൂടി ഒന്നു പോകണമെന്നു് ആശ.

ത്രിവിക്ര:—അതിനെന്താ! നാളെ വീട്ടിലേക്കു പോയിട്ടു് അവിടെ നിന്നു കൊല്ലത്തേക്കു തിരിച്ചുകൊള്ളു. ഞാൻ നേരംവെളുക്കുമ്പോൾ പുതിയ വീട്ടിലുണ്ടു്.

എന്നിപ്രകാരം പറഞ്ഞു് ഉണ്ണിത്താൻ യാത്രയായി. രാജാവിൻെറ അപ്രതീക്ഷിതമായ നിശ്ചയവും, ഉണ്ണിത്താൻെറ പാളയപരിശോധനാപ്രസ്ഥാനവും തൻെറ ഉദ്ദേശസാദ്ധ്യത്തിനു് എത്രയും അനുകൂലമായിരിക്കുന്നുവെന്നുകണ്ടു് വീരവിക്രമൻ സന്തുഷ്ടനായി വസതിയിലേക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അയാൾ ഇങ്ങനെ മനോരാജ്യവ്യാപാരം നടത്തി:—ഈ ഉണ്ണിത്താനേ വിട്ടുപിരിയാൻ ആലോചിച്ചു തുടങ്ങിയപ്പോൾ അതിനുള്ള മാർഗ്ഗവും മുമ്പിൽ വന്നിരിക്കുന്നു. ഏതായാലും ഈ കായംകുളത്തേ സേവനം ഇനി വേണ്ട. ഇവിടെ നീതി നടക്കുന്നില്ല. തമ്പുരാൻെറ അറിവില്ലാതെയോ മാത്തുപിള്ള തടവുപുള്ളികളെ വേട്ടയാടിയതു്. ഇത്തരം എന്തെല്ലാം തോന്ന്യാസങ്ങൾ നടത്തുന്നു! ഉണ്ണിത്താൻെറ ഇന്നത്തേ യാത്രയും അമ്മുക്കുട്ടിയുടെ ഉദ്ദേശത്തിനു് അനുകൂലം. അമ്മുക്കുട്ടി എന്നോടൊന്നിച്ചു് നാടുവിട്ടുവെന്നു് ഉണ്ണിത്താനു സംശയംതോന്നിയാൽ അയാൾ അടങ്ങുകയില്ല. ഉണ്ണിത്താൻെറ അഭീഷ്ടം സാധിച്ചു കൊടുക്കാൻ രാജാവു് ഒരുക്കമെന്നു്

എനിക്കു് അറിയാം. ആകട്ടെ. അങ്ങനെ വല്ലതും ആലോചിച്ചാൽ അതിനും വഴി കണ്ടുകൊള്ളാം."

ഇത്യാദി ആലോചനകളോടുകൂടി വീരവിക്രമൻ വസതിയിൽ എത്തി, അമ്മയുടെ പേക്കു് ഒരു കുറി എഴുതി കൊടുത്തു ഭൃത്യനെ വീരളത്തേയ്ക്കയച്ചു. അനന്തരം സന്ധ്യയോടുകൂടി പുതിയ വീട്ടിൽ ചെന്നുചേൻറു. അപ്പോഠം അമ്മുക്കുട്ടിഅമ്മ വീരവിക്രമൻെറ ആഗമനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഭവനത്തിലേ ഭൃത്യവൎഗ്ഗം ഗൃഹകൃത്യങ്ങളിൽ വ്യാപൃതരായിരുന്നതിനാൽ, ആത്മമിത്രമായ യുവാവുമായി സൈ്വരസംഭാഷണം നടത്തുവാൻ ആ യുവതിക്കു സാധിച്ചു. അമ്മുക്കുട്ടി പറഞ്ഞു:—"ഏതുവിധവും ഇന്നിവിടെനിന്നു കടക്കണം. ഈയവസരം പാഴാക്കിക്കളയരുതേ!"

വീര:—ഞാൻ പറയുന്ന രീതിയിൽ പുറപ്പെടാൻ ധൈൎയ്യമുണ്ടോ?

അമ്മു:—വേണമെങ്കിൽ കഠാരിയും വാളും എടുക്കാനും ഒരുക്കംതന്നെ. പോന്നപ്പോഠം നല്ല ഒരു കഠാരികൂടെ കൊണ്ടുവന്നിട്ടുണ്ടു്. അതു് ഉപയോഗിക്കേണ്ടിവന്നില്ല. അല്പം നയക്കുറവു് ആകുമെന്നും കരുതി.

വീരവിക്രമൻ ഇങ്ങനെ പറഞ്ഞു: "ഏതായാലും യാത്രക്കു് ഒരുങ്ങിക്കൊള്ളുക. കായംകുളംപട മുഴുക്കെ ത്രിവിക്രമൻ ഉണ്ണിത്താൻെറ വരുതിയിലെന്നു് ഓൎത്തുകൊള്ളണം."

അമ്മു:—വേലക്കാൎക്കുപോലും സംശയമുണ്ടാകരുതു്.

വീര:—ഇന്നു രാത്രി കോട്ടയ്ക്കകത്തുവച്ചു പട ഒരുക്കമുണ്ടു്. തപ്പും കൊട്ടും പരിചകളിയും ഒക്കെ കാണും. വേണമെങ്കിൽ നേരത്തേ ഊണുകഴിച്ചു പോയി കണ്ടു, വേഗം തിരിച്ചുവരാൻ അവരെ പറഞ്ഞയയ്ക്കുക.

അമ്മു:—ആ വഷളൻ മാത്തുപിള്ള ഇവിടെ എങ്ങാനും കയറി വരുമോ എന്തോ?

വീര:—ആ ശങ്ക വേണ്ട. കുറേദിവസത്തേക്ക അവ ൻെറ അഹമ്മതി കുറയാൻ വേണ്ടതു കിട്ടിക്കഴിഞ്ഞു.

അമ്മു:—അതെന്തു്?

വീര:—അതൊക്കെ സാവകാശമായി പറയാം. വേഗം ഒരുങ്ങിക്കൊള്ളൂ.

അമ്മു:—ഉൗണുകഴിക്കേണ്ടേ. ഉൗട്ടുപുരയിലേക്ക പോകാം.

വീര:—ഞാൻനേരത്തേ അത്താഴംകഴിച്ചു. ഇപ്പോൾ തീരെ വിശപ്പില്ല. പോയി വല്ലതും കഴിച്ചു ഒരുങ്ങിക്കൊള്ളൂ. ഞാൻ പടിപ്പുരച്ചാവടിയിൽ ഇരിക്കാം.

"അങ്ങനെതന്നെ" എന്നുപറഞ്ഞു് അമ്മുക്കുട്ടി അട്ടക്കളെക്കെട്ടിലേക്കും വീരവിക്രമൻ ഉണ്ണിത്താൻ പടിപ്പുരച്ചാവടിയിലേക്കും തിരിച്ചു

---

## അദ്ധ്യായം ൧൫.

### ഉഗ്രശപഥം.

കൊല്ലം പാളയത്തിൽ ചെന്നെത്തിയ തടവുകാർ പത്തുപേരും, ആപൽശങ്കയില്ലാത്ത ആ സജ്ജനസങ്കേതത്തിൽ ഒരു ദിവസം താമസിച്ചു ഹൃദ്യങ്ങളായ ഭക്ഷണപാനീയാദികൾകഴിച്ചു വിശ്രമിച്ചു; എന്തുകൊണ്ടെന്നാൽ കായംകുളത്തെ കാരാഗാരത്തിൽ അകപ്പെട്ട കാലംമുതൽ മോചനംവരെ അവക്ക ദിവസന്തോറും ഒരു നേരത്തിൽ കൂടുതലായി ആഹാരം നൽകപ്പെട്ടിരുന്നില്ല. ആ ഒരൊററ നേരം ലഭിച്ചുവന്ന ഭക്ഷണംപോലും കേവലം അരോചകമായിരുന്നു. സ്നാനം, തൈലലേപനം, ക്ഷൌരം എന്നിത്യാദികൾ അനുവദിക്കപ്പെട്ടിരുന്നില്ല. രാജാവിൽ പ്രവേ

ശിച്ച കാലത്തു് അവർ ധരിച്ചിരുന്ന വസ്ത്രങ്ങൾതന്നെ ആ നരകക്കൂപത്തിൽ അടയ്ക്കപ്പെട്ടിരുന്ന കാലമത്രയും ധരിക്കുവാൻ ആ നിർഭാഗ്യവാന്മാർ നിർബ്ബന്ധിതരായിത്തീൎന്നു. നീഹാരാവശ്യങ്ങൾക്കുതന്നെയും അവരെ സാധാരണമായി നിലവറവിട്ടു പുറത്തയക്കുക പതിവില്ലായിരുന്നു. ഭയാനകങ്ങളായ ദേഹദണ്ഡനങ്ങൾക്കു് അവർ വിധേയരാക്കപ്പെടണമെന്നു റാണായ്ക്കൊ കിങ്കരന്മാൎക്കൊ ആകസ്മികമായി ഉദിക്കാറുള്ള അഭിനിവേശത്തിന്റെ ഗുരുലഘുത്വമനുസരിച്ചും, കാരാഗൃഹപാലകന്മാരുടെ സൌകൎയ്യം പുരസ്കരിച്ചും, മാത്രമാണു ദുൎഗ്ഗന്ധപൂരിതമായ പ്രസ്തുത പഞ്ജരംവിട്ടു വല്ലപ്പോഴെങ്കിലും അവർ പുറമേ ആനയിക്കപ്പെട്ടുവന്നതു്. ദുസ്സഹങ്ങളായുള്ള നാനാമുഖങ്ങളായ ദേഹദണ്ഡങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുള്ള ഘട്ടങ്ങളിലൊക്കെയും, അപൂൎവ്വലഭ്യമായ ശുദ്ധവായുവും സൂൎയ്യരശ്മിയും അവൎക്കു് അപരിമിതമായ ആശ്വാസം നൽകുന്നതായി തോന്നിയിട്ടുള്ളതാണു്.

ഏതാദൃശമായ ദീർഘകാലബന്ധനംനിമിത്തം ഓജസ്സു് അററുമെലിഞ്ഞു്, വിളറി വെളുത്തു ക്ഷീണഗാത്രന്മാരായിഭവിച്ചിട്ടുള്ള പ്രസ്തുത വീരപുരുഷന്മാരുടെ അവസ്ഥ, ചിരകാലം രോഗശയ്യയെ അവലംബിച്ചു് ഇഹപരലോകങ്ങളുടെ ഇടയിൽകിടന്നു പരമസങ്കടം ഭുജിച്ചു്, ആശകൾ നശിച്ചു്, അർദ്ധപ്രാണരായി ജീവിച്ചുവന്ന ബീഭത്സരോഗികളുടെ നിലയേക്കാൾ തുലോം ഭയാനകവും അനുകമ്പാജനകവുമായിരുന്നു. ചിരപരിചിതന്മാൎക്കു മാത്രമല്ല, ജ്ഞാതിജനങ്ങൾക്കുപോലും അവരെക്കണ്ടതിൽ, വ്യക്തിവിവേചനം സാദ്ധ്യമല്ലാതെ ഭവിച്ചു.

ദൈവഗത്യാ മോചനംപ്രാപിച്ച ഈ യുദ്ധവീരന്മാർ, ആ സന്ദൎഭത്തിൽ, കാൎയ്യവശാൽ കൊല്ലം പാളയത്തിൽ സന്നിഹിതനായ രാമയ്യന്റെ സന്നിധിയിൽ എത്തി;

വസ്തുത മനസ്സിലായതോടുകൂടി അവരുടെ പേരിൽ എത്ര കണ്ടു് അനുഭാവം അങ്കുരിച്ചു, അതിൻെറ അനേകഗുണം അമർഷം കായങ്കുളം രാജാവിനോടു് ആ മന്ത്രിപ്രവരനു തോന്നിയതു ലേശവും അത്ഭുതമല്ലല്ലോ.

തടവു ചാടിവന്ന ആ പത്തുപേരുടെ തലവനായ മല്ലൻനായനാരെ നോക്കി രാമയ്യൻ ഇങ്ങനെ ചോദിച്ചു: "നായനാരും കൂട്ടരും മരിച്ചുപോയെന്നല്ലേ ഞങ്ങൾ നിനച്ചതു്? എങ്ങനെ ഈ അമളി പററി?"

മല്ലൻനായനാർ:—ഒൻപതു ശേവുകരും ഞാനുംകൂടെ ഉള്ളുകള്ളികൾക്ക തുൽപ്പുനിനച്ചു കായങ്കുളംപാളയത്തിൽ കടന്നുചെന്നു കേറിയതു നേരെ അരചൻെറ കൈനെലയിൽ.

രാമയ്യൻ:—വേഷം മാററാതെയോ?

നായനാർ:—കായങ്കുളംവാളും അവിടത്തെ പടയുടെ കൈക്കെട്ടും കൊണ്ടാണു പോയതു്.

രാമയ്യൻ:—വളരെ ദുരിതം അനുഭവിച്ചു? ഇല്ലേ?

നായനാർ:—നരകംതന്നെ. ഇനി എങ്ങും ഇതിലും പെരുത്ത നരകം കാണുമെന്നു തോന്നുണതില്ല.

രാമയ്യൻ:—ആകട്ടെ. എങ്ങനെ തെററി ഒഴിഞ്ഞു?

നായനാർ:—ഇങ്ങോട്ടുപോന്നന്നു പകൽ ഞങ്ങളെ കായലോരത്തു് ഒരു പൊരയിക്കൊണ്ടു കെട്ടിത്തൂക്കിയും നീറുംകൊല കൊടഞ്ഞും, ഉമിത്തീ പൊകവച്ചും പെടാപാടെല്ലാം പെടുത്തി സാമീ! അപ്പം ഒരു അപ്പി വന്നൂട്ടു. ഒരു ആൺപിള്ള ശിങ്കം. റാണാപ്പിള്ളയേ തീട്ടി വാൾ ഊരി വെട്ടുവാനും ഓങ്ങി. അന്നു രാത്രി ഒരു കോടാങ്കി വന്നു വാതൽതുറന്നു പൊറത്തു് ആക്കി കുതിരമേൽകേററി വിട്ടു. കച്ചയും മുണ്ടും വാളും ഒക്കെത്തന്നു.

രാമയ്യൻ!—അതു് ആരായിരിക്കും?

നായനാർ:—കായലോരത്തുവന്ന ആ പിള്ള ഒരു പടത്തലവൻ എന്നുപറഞ്ഞു ഒരു സ്ഥാനമാനി - ഉണ്ണി— അതെ ഉണ്ണിത്താൻ!

രാമയ്യൻ:—ഉണ്ണിത്താന്മാർ രണ്ടുപേരാണ് അവിടെ ഉള്ളതു്. കൊച്ചുണ്ണിത്താൻആയിരിക്കണം. അയാൾ ഇത്ര നല്ലവനെന്നു കരുതിയില്ല. നമ്മുടെ ആളുകളും അവിടെ ഒക്കെ കാണും.

നായനാർ:—ആരായാലും ഒതവിശെഷ്ഠവർ ഒടയ തമ്പുരാൻ തന്നെ. അതു തിട്ടം.

രാമയ്യൻ മന്ദസ്മേരവദനനായി പറഞ്ഞു:—"നായനാരേ! ഇനി കുറേക്കാലം വീട്ടിൽപോയി താമസിക്കൂ. ക്ഷീണം ഒന്നു മാറട്ടെ. ഈ കൂടെയുള്ളവരും അവരവരുടെ വീടുകളിലേക്കു പൊയ്ക്കൊള്ളട്ടെ.

നായനാ:—പൊന്നു സാമീ! അങ്ങനെ ഒന്നും ഉത്തരവാകരുതേ! പാളയത്തിലെ ചോറും കറിയും ഒക്കെ മതി. ഒരു ശപാസമുള്ള കാലം ഇനി പിന്തിരിയുകയോ? വീടും കായങ്കുളത്തേക്കു്. ഇവരെല്ലാം ഒരുങ്ങിത്തന്നെ.

രാമയ്യൻ:—നായനാരുടെ ഉടലേ ക്ഷീണിച്ചിട്ടുള്ളു. മനസ്സു പഴയപടിതന്നെ.

നായനാർ:—എന്റെ തമ്പുരാന്റെ ഉപ്പും ചോറും മൂന്നു നേരം ചെല്ലുമ്പോ ഒടലൊക്കെ പഴയപടി ആയിക്കോളും സാമീ! പരാന്നമല്ലേ. ആ നരകത്തിൽ തിന്നതു് ഓരോ നേരമെങ്കിലും, പരാന്നംപ്രാണസങ്കടം.

രാമയ്യൻ:—ഞാൻ വൃഥാ ചോദിച്ചെന്നേ ഉള്ളൂ. നായനാക്കു കണ്ടിതംവേണ്ട. എങ്ങനെയാ ഇഷ്ടം എന്നാൽ അങ്ങനെ ഏൎപ്പാടു ചെയ്തുതരാം.

നായനാർ:—സാമീ! പ്രത്യേകിച്ചൊന്നും നായനാക്കു് ഏൎപ്പാടാക്കാനില്ല. ആ രാജ്യം പിടിച്ചതിനുമേലെ ഇവ

മല്ലൻനായനാർ ഇനി കുളിയും കുറിയും. തിലകത്തിനു് ഒരു സാധനത്തിൽ കണ്ണുവച്ചിട്ടാണു പോന്നിരിക്കുന്നതു്.

രാമയ്യൻ:—അതിൽ കണ്ണുവച്ചപ്പോഴാണല്ലോ പിടി കൂടിയതു്. അതു് അത്ര എളുപ്പമോ? സൂക്ഷിച്ചു വേണം! ഞാനും ഒന്നു് ഉറച്ചുകഴിഞ്ഞു. നായനാരേ! നിങ്ങൾക്കു പററിയ അവമതി നമ്മൾക്കു പൊതുവിൽപററിയ കെട്ട മതിയെന്നു കരുതുന്നു! ഇതുവഴി പററിയപങ്കം കഴുകിക്കളയാൻ പുതുവെള്ളം വേണം. അരിനൊരു കുളം തീൎത്തേ മതിയാകൂ. അതുതീൎത്തു് അതിലിറങ്ങികുളിച്ചതിനുമേലേ, ഇനി ഈ രാമയ്യനു നിത്യകൎമ്മവും ഊണും ഉള്ളൂ. ഈ ബ്രഹ്മസാക്ഷാതാണെ ഇതു സത്യം.

ഇങ്ങനെ, പൂണൂൽ കൈയിൽ എടുത്തുപിടിച്ചു് രാജഭക്തനായ മന്ത്രിശിരോമണി ഉഗ്രമായ ഒരു ശപഥം ചെയ്തു. അടുത്ത നിമേഷത്തിൽ, വീരശ്ശൂരപ്രതാപശാലിയായ മല്ലൻനായനാർ പറഞ്ഞു:—"ഞാൻ പറഞ്ഞതിനു വരവണ്ണം നീക്കമില്ല, സകലമാനപേരും കേൾക്കണം. സാമി കുളിക്കുന്ന അക്കുളത്തിൽ ഇറങ്ങി മുങ്ങി, കൂടലരുടെ പുതുനെണംകൊണ്ടു തിലകംതൊട്ടതിനുമേലെ ഈ മല്ലനു് ഇനി നാമജപവും ഊണുംഒള്ളേ! തെക്കേതിൽ ഇരിക്കും കൊട്ടംകാളിഅമ്മയാണെ സത്യം. സത്യം. സത്യം."

കേട്ടു നിന്നിരുന്ന പടയാളികൾ അസ്വാസ്ഥചിത്തനായ മന്ത്രിപ്രവരന്റെയും ക്ഷീണഗാത്രനായ പടത്തലവന്റെയും ഉഗ്രപ്രതിജ്ഞകൾ ശ്രവിച്ചു ഞെട്ടിപ്പോയി. ഇനി ഏതായാലും കായങ്കുളം പിടിക്കുവാൻ കാലവിളംബം വേണ്ടിവരുകയില്ലെന്നു് അവർ മന്ദസ്വരത്തിൽ പരസ്പരം മന്ത്രിച്ചു. രാമയ്യന്റേയും നായനാരുടേയും മുഖത്തു് ആത്മാഭിമാനത്തിന്റേയും പൌരുഷത്തിന്റേയും നിസ്തുല രാജഭക്തിയുടേയും ദീപ്തങ്ങളായ പതാകകൾ പതറി; രണ്ടു പേരും അവരവരുടെ ഖഡ്ഗങ്ങൾ കൈയിലെടുത്തുകൊണ്ടു

എഴുന്നോറു രാമയ്യൻ പറഞ്ഞു;—"ചെമ്പകശ്ശേരിയിൽ അങ്കംകൂടാതെ കാൎയ്യംനേടാം. എങ്കിലും ഒരു ആയിരം നായർ അങ്ങോട്ടുപോകട്ടെ. തലയ്ക്കൽ ആശാൻതിരിക്കു. ഞാനും ഇടയ്ക്കു വന്നെത്തും അതുകഴിഞ്ഞു കാൎയ്യങ്ങളും! അങ്ങോട്ടുപോയിരുന്നവരെ ഇതുവരെ കണ്ടതുമില്ല."

---

## അദ്ധ്യായം ൧൩.

---

### രത്നവ്യാപാരികൾ.

പടത്തലവന്റെ ഔദ്യോഗികവസ്ത്രങ്ങളും സമുചിതങ്ങളായ ആയുധങ്ങളും ധരിച്ചു് അശ്വാരൂഢനായിട്ടാണു് രവിക്രമൻ ഉണ്ണിത്താൻ പുതിയ വീട്ടിൽ നിന്നു പുറപ്പെട്ടതു്. ഉണ്ണിത്താന്റെ പിന്നിലായി, ആ യുവവീരന്റെ ഘടീതടത്തിൽ ബന്ധിച്ചിരുന്ന കോൺകച്ചയിൽ ബലമായി പിടിയുറപ്പിച്ചുകൊണ്ടു, വൃദ്ധനും തേജസ്വിയുമായ ഒരു യതി, അശ്വത്തിൽ ആസനമുറപ്പിച്ചിരുന്നു. ജടാമകുടത്തെയും ശ്മശ്രുപാളിയെയും ആകമാനം ആവരണംചെയ്തും, ഭ്രൂപ്രദേശത്തേയും നേത്രങ്ങളേയും നാസികാവക്ത്രങ്ങളേയും മാത്രം അനാച്ഛാദനം ചെയ്തും, കാഷായവൎണ്ണാങ്കിതമായ ഒരു ഉഷ്ണീഷം പ്രസ്തുത ത്യാഗിവൎയ്യന്റെ ശിരസ്സിന്നു് അലങ്കാരമായി ഭവിച്ചു. ആയതവും കണങ്കാലോളം നീണ്ടു കിടക്കുന്നതുമായ കാഷായകഞ്ചുകം, അദ്ദേഹം ധരിച്ചിരുന്നു. നാസികയുടെയും ഓഷ്ഠപ്രദേശത്തിന്റെയും ഇടയിലായി രജതതന്തുക്കൾപോലെ മനോഹരമായ നരച്ച മീശയുടെ അംശങ്ങൾ ജൃംഭിച്ചുനിൽക്കുന്നതായി കാണാം. മുഖവും കരചരണാദികളും ഭസ്മലേപനത്താൽ വൈവൎണ്യം പൂണ്ടിരിക്കുന്നു. കാഴ്ചയിൽ വൃദ്ധ

നാണെങ്കിലും, മുഖത്തിൻെറ ഓജസ്സിന്നു ലേശവും ഹാനി സംഭവിച്ചിട്ടില്ലാത്തതിനാൽ, ആയത്തു പരിശുദ്ധമായ ബ്ര ഹ്മചര്യത്തിൻെറയും ആഷപ്രഭാവത്തിൻെറയും ചിഹ്നമെ ന്ന് അനുമാനിക്കുന്നതിൽ ആക്ഷേപത്തിന്നു അവകാശ മുണ്ടെന്നു തോന്നുന്നില്ല.

ആ രജനി അന്ധകാരമയമായിരുന്നുവെങ്കിലും യാതൊ രുവിധമായ മാഗ്ഗക്ലേശവുംകൂടാതെ അശ്വവും അശ്വാ രൂഢവും സുഗമമായി കായങ്കുളംകോട്ടയുടെ പൂവപ്രാതാര ത്തിന്നു സമീപം ചെന്നെത്തി; ആ ഘട്ടത്തിൽ, പ്രതീക്ഷ യിൽ കവിഞ്ഞു കൂട്ടതലായ ഒരു ഭടസംഘം അവിടെ കൂടി നിന്നു ചില വാഗ്വാദങ്ങൾ നടത്തുന്നതായും ആയുധങ്ങൾ ഇളക്കുന്നതായും വീരവിക്രമൻ കണ്ടറിഞ്ഞു. പ്രാകാരത്തി ൻെറ താഴത്തെ പ്രവേശനദ്വാരത്തിലുള്ള വിളക്ക് ഉജ്ജ്വ ലമായി പ്രകാശിച്ചുകൊണ്ടുനിന്നു. പടയാളികൾ ആ ദീപത്തിന്നു പുറമേ ഏതാനും പന്തക്കുഴകൾ ഉയത്തിപ്പി ടിച്ചിട്ടുണ്ടായിരുന്നു. വസ്തുതയറിയാതെ ഉണ്ണിത്താൻ ഒന്നു പരുങ്ങി. "എന്താ! വിശേഷം!" എന്നു യതി പടത്തല വൻെറ കണ്ണരന്ധ്രത്തിൽ മന്ദമായി ചോദ്യംചെയ്തു. "ഒന്നും സാരമില്ല. ഞാനല്ലേ? ഈ വേഷത്തിൽ!" എന്ന് അതേ സ്വരത്തിൽ യുവാവിൻെറ മറുപടിയും കേൾക്കാറായി.

"ഇതാ വരുന്നു! നമ്മുടെ കൊച്ചു യജമാനൻ! ഇനി എല്ലാം നിവൃത്തിഉണ്ട്" എന്നു ഭടന്മാരിൽ ഒരുവൻ വിളി ളിച്ചുപറയുന്നതു കൊച്ചുണ്ണിത്താനും സന്യാസിയും വ്യക്ത മായി കേട്ടു. അടുത്ത ഏതാനും നിമേഷങ്ങൾക്ക് ഉള്ളി ലായി, പന്തക്കുഴകളും ഉയത്തിപ്പിടിച്ചുകൊണ്ട്, ഭടന്മാ രിൽ ഏതാനുംപേർ, അശ്വാരൂഢനായ പടത്തലവനോ ടുള്ള ആദരം സൂചിപ്പിക്കുവാൻ അശ്വത്തെ സമീപിച്ചു കഴിഞ്ഞു.

ഉണ്ണിത്താൻചോദിച്ചു:—"ഇവിടെ എന്താ ഒരു കശപിശ! കാൎയ്യം പറയിൻ!"

ഭടന്മാരിൽ ഒരുവൻ പറഞ്ഞു: "യജമാനനേ! അതിനു ഒരു കാൎയ്യം ഉണ്ടായി. ഒരുക്കൂട്ടം ഗോസായികളോ തുപ്പായികളോ! ആകെ പത്തുപേരൊണ്ടു. പഞ്ച മുട്ടന്മാരു്! വൈരക്കല്ലും മറവും കൊണ്ടുനടന്നു വില്ക്കുന്നവർപോലും!"

വീരവിക്രമ:—അവർ എന്തുചെയ്തു?

ഭടൻ:—അവരു ഇതിലെവന്നു; പോകാൻതുടങ്ങിയപ്പോൾ കാവൽനിൽക്കുന്നവർ തടഞ്ഞു. അവരു ഇടറി: കശപിശയായി. പടയാളികളും കൂടി.

വീര:—അവർ എവിടെ?

ഭടൻ:—അവരല്ലേ ആ കുതിരകളുടെ പുറത്തു് ഇരിക്കുന്നു. കുന്തവും വാളും എല്ലാം ഒണ്ടു്.

വീര:—അവർ വയററുപിഴപ്പിനുവേണ്ടി ദൂരദേശത്തുനിന്നും വന്നവർ. വാളും കുന്തവും കുതിരയും ഒക്കെ അവരുടെയും മുതലുകളുടേയും രക്ഷയ്ക്കു് ആവശ്യംതന്നെ. കുടിയിടയിൽ നടക്കുമ്പോൾ ഈ വകയൊന്നും കണ്ടില്ല. ഇപ്പോൾ ഇവിടംവിട്ടു പോകുകയായിരിക്കും.

ഭടൻ:—ഞങ്ങൾ യജമാനന്മാരെ ആരെയും കാണാഞ്ഞു് ഇവരെ എന്തുചെയ്യണമെന്നു് പരുങ്ങി. യജമാനൻ വന്നതു ഭാഗ്യം. ഇവരെ ഇങ്ങോട്ടു കൊണ്ടുവരന്നേക്കട്ടെയോ?

വീര:—അതു നന്നുതന്നെ. എൻെറകൂടെ കുതിരപ്പുറത്തിരിക്കുന്നതു തമ്പുരാൻെറ തനതു് ആൾ. ഒരു വലിയ സ്വാമിയാർ. ഇവിടത്തെ ഇന്നു രാത്രിതന്നെ ഇളയിടത്തു കോവിലകത്തു് എത്തിക്കണമെന്നു കല്പന. അവരെ ഇങ്ങു കൊണ്ടുവരുവിൻ! ഞാൻ ചോദിക്കാം. പടയാളികളുടെ ഇടയിൽ വന്നാൽ സ്വാമിയാർതിരുവടിക്കു അസുഖമായേക്കും.

ഭടന്മാരിൽ ചിലർകൂടി അശ്വാരൂഢരായ പത്തു പേരെ രണ്ടാംപടത്തലവൻെറ മുമ്പിൽ ആനയിച്ചു. അവർ പട്ടാണിസമ്പ്രദായത്തിലുള്ള തലക്കെട്ടും കഞ്ചുകവും പണ്ടങ്ങളും ധരിച്ചിരുന്നു. അവരിൽ ഒൻപതു പേർ ഉത്തരഭാരതീയരാണെന്ന് അവരുടെ വേഷംതന്നെ പ്രഖ്യാപനംചെയ്തു. പത്താമൻ ദ്വിഭാഷിയാണ്. അയാൾക്കു മലയാളം സംസാരിക്കുവാൻ കഴിവുള്ളതായി അയാളുടെ വാക്കുകളിൽ നിന്നുതന്നെ വ്യക്തമായി. രണ്ടാം പടത്തലവൻ ദ്വിഭാഷിയോടു പറഞ്ഞു:—"നിങ്ങൾ ആയുധങ്ങൾ ധരിച്ചു കുതിരപ്പുറത്തു കയറി പടയാളികളുടെ ഇടയിൽ വന്നതു ശരിയായില്ല."

ദ്വിഭാഷി:—എശമാൻ! പടയുള്ള കാലമെന്നു ഞമ്മ ആൾക്കു തെരിഞ്ഞില്ല. ഞമ്മ വെറും കൽമുതലാളികൾ! കൽമുതലാളികൾ. വൈരക്കല്ലു ദിനസ്സുകൾ റൊംബം ഇരിക്കും.

വീര:—അതൊക്കെ വാസ്തവംതന്നെ. ഏതായാലും ഈ സമയത്തു ഞാൻ വന്നതു നിങ്ങളുടെ ഭാഗ്യം!

ദ്വിഭാ:—ഞമ്മ വെറും കൽമുതലാളികൾ. കച്ചകപടം. കച്ചപടം. ഇവിടത്തിൽ പെരിയ അരശരും രാശാങ്കത്തിലെ അരശാട്ടികളും, മാടമ്പിയശമാങ്കളും ജാസ്തിയായി ഞമ്മ ചരക്കു വേണ്ടിക്കൊണ്ടാർ.

വീര:—കൊള്ളാം. ഇനി എങ്ങോട്ടാ!

ദ്വിഭാ:—ഞമ്മ എളയടം കോവിലകം, കൊല്ലം വടയാററു കോവിലകം ഇപ്പടി പോകുന്നു.

വീര:—ശരി. വരുവിൻ! എൻെറകൂടെ. ഞാൻ നിങ്ങളെ ആപത്തൊന്നും കൂടാതെ അതൃത്തി കടത്തിവിടാം. കൂടെ വരുവിൻ!

അനന്തരം പടത്തലവൻ ഭടന്മാരോടായിട്ട് ഇങ്ങനെ പറഞ്ഞു:—"ഈ സാധുക്കൾ അവരുടെ വഴി പൊയ്ക്കോ

ള്ളട്ടെ. ഇവർ ഇനി ഇവിടെ എങ്ങും നിന്നു താമസിക്കാതെ ഞാൻതന്നെ നമ്മുടെ അതൃത്തികടത്തിവിട്ടേക്കാം. കോട്ടവാതിലുകളും, മററും ഭദ്രമായി കാത്തുകൊള്ളണം. വലിയ യജമാനൻ രാവിലെ റോന്തുചുററാൻവരും."

വീരവിക്രമൻ മെല്ലെ തൻെറ അശ്വത്തെ ഇളക്കി. രത്നവ്യാപാരികൾ സമാധാനചിത്തരായി ഉണ്ണിത്താനെ അനുഗമിച്ചു. കുറേദൂരം അവർ മൌനമുദ്രപൂണ്ടു യാത്ര ചെയ്തു. ക്രമേണ അന്ധകാരപടലം നീങ്ങി; ചന്ദ്രൻ ഉദിച്ചു; മനോഹരമായ ചന്ദ്രിക ദിക്കെങ്ങും വ്യാപിച്ചു. കായങ്കുളം അതൃത്തിയും ഇതിനകം അവർ കടന്നുകഴിഞ്ഞിരിക്കുന്നു. മാർഗ്ഗമദ്ധ്യേ, വിജനമായ ഒരു മൈതാനത്തു്, അവർ എല്ലാവരും അശ്വങ്ങളിൽനിന്നു് അവരോഹണംചെയ്തു് അല്പനേരം വിശ്രമിച്ചു.

നാനാപ്രകാരത്തിലുള്ള ചിന്തകൾക്കു് വിധേയനായി വീരവിക്രമൻഉണ്ണിത്താൻ സന്ന്യാസിയോടൊന്നിച്ചു് വെണ്മണലിൽ ഇരിക്കുകയായിരുന്നു. രത്നവ്യാപാരികൾ അധികം അകലെയല്ലാതെ മറെറാരു സ്ഥാനത്തു വൃത്താകൃതിയിൽ ഇരുന്നു, പരസ്പരം മന്ദമായി സംസാരിച്ചു; ആ സന്ദർഭത്തിൽ യതി ചോദിച്ചു:—"ഇനി എന്താണു ഭാവം? ആ കോട്ടവാതുക്കലെ ബഹളംകണ്ടു ഞാൻ അന്യഥാ ശങ്കിച്ചു."

വീര:—ഹേയ്. അങ്ങനെ ഒന്നും വരുകയില്ല. ഞാൻ നല്ല ആലോചനയോടെയാണു പടച്ചട്ടയും മററും ഇട്ടു പോന്നതു്. അല്ലെങ്കിൽ പടയാളികൾ പലരും എന്നെ തിരിച്ചറിഞ്ഞില്ലെന്നു വരും. നാം എന്താണു ചെയ്യേണ്ടതെന്നു ഞാൻ ഉറച്ചുകഴിഞ്ഞു.

യതി:—എങ്ങനെ?

വീര:—അതു് അവിടത്തെ നിശ്ചയംപോലെ. അതറിഞ്ഞതിനുമേൽ പറയാം.

യതി:—എല്ലാം അവിടത്തെ ഇഷ്ടംപോലെ.

വീരവിക്രമൻ മന്ദഹാസസമന്വിതം പറഞ്ഞു:— "ഇനി എന്താ വേണ്ടതു്? വീട്ടിലേക്കു് എത്തിച്ചേയ്യട്ടെയോ? അതോ കോവിലകത്തേക്കോ?"

യതി:—ഏതായാലും അതു രണ്ടും ഇപ്പോൾ വേണ്ട. നമുക്കു തിരുവനന്തപുരത്തേക്കു പോകാം. ശ്രീപത്മനാഭൻെറ വിലാസഭൂമി. ആ ആശ്രിതവത്സലൻെറ തിരുമുമ്പിൽ സങ്കടങ്ങൾ ഉണർത്തിക്കാം.

വീര:—നല്ല ആലോചന! സമ്മതിക്കുന്നു. ഏതായാലും ഇനി കായങ്കുളത്തു് ഇല്ലെന്നു തീർമാനിച്ചുകഴിഞ്ഞു. നീതിയില്ലാത്ത രാജ്യത്തു സേവനം നമുക്കുവേണ്ട. വലിയ പടത്തലവൻ കാണിച്ച തീവെട്ടിക്കൊള്ള കണ്ടില്ലേ? രാജാവു് ഇപ്പോൾ ചാരവൃത്തിക്കു നിയോഗിച്ചതുതന്നെ സൂത്രത്തിൽ അകററി ദ്രോഹിക്കാനല്ലേ എന്നും ശങ്കയുണ്ടു്. ആ മല്ലൻപിള്ള—മാത്തു—അയാളുടെ ദുർമന്ത്രം പററിയിരിക്കും. ത്രിവിക്രമൻഉണ്ണിത്താൻ തിരിച്ചുവരുമ്പോൾ കാലുഷ്യംപ തിന്മടങ്ങാകും. വീരളം കണ്ടുകെട്ടിച്ചുകളയുകയില്ലേ എന്നും പേടിയുണ്ടു്.

യതി:—എനിക്കുവേണ്ടിയാണല്ലോ ഈ സങ്കടങ്ങൾ ഒക്കെ അനുഭവിക്കുന്നതു്! വീരളത്തെ സ്വത്തുക്കൾ രാജാവു കണ്ടുകെട്ടിയാൽ പോകട്ടെ. എൻെറ ദേശവഴികൾ മുഴുവനും ഉണ്ടു്.

വീര:—രാജാവു വിചാരിച്ചാൽ വീരളം മുടിച്ചുകളയുവാൻ എളുപ്പമെന്നു തോന്നുന്നില്ല. ഞങ്ങൾ കുടിയാന്മാരല്ല. രാജഭോഗം കൊടുക്കുന്നവരുമല്ല. പണ്ടു ഞങ്ങളുടെ ദേശവഴിയുടെ ഭരണം ഞങ്ങൾക്കുതന്നെയായിരുന്നു. അമ്മാവന്മാരായിട്ടു കായങ്കുളം പടയിൽ വിചാരം തുടങ്ങി, അതിനു് അനുഭവവസ്തുക്കൾ തന്നിട്ടുമുണ്ടു്. ഏറെക്കുറെ

യാൽ ആ വസ്തുക്കൾ തിരിച്ചു് എടുക്കുമായിരിക്കും. സാരമില്ല. തിരുവനന്തപുരത്തേക്കു തന്നെ പോകാം.

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ രത്നവ്യാപാരികളിലൊരാൾ വീരവിക്രമന്റെ സവിധത്തിൽവന്നു്, ആ യുവാവിന്റെ ഹസ്തതലം സ്വകരത്തിൽ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു:—“കൂട്ടരെ! ഞങ്ങൾക്കു ചെയ്തുതന്ന ഉപകാരം ഒരിക്കലും മറക്കുന്നതല്ല. ഞങ്ങൾ എന്തൊരു പ്രത്യുപകാരമാണു ചെയ്യേണ്ടതു്?

വിദേശിയെന്നു് അതേനിമിഷംവരെ ഉദ്ദേശിക്കപ്പെട്ടിരുന്ന അന്യന്റെ മുഖത്തുനിന്നു ശുദ്ധമലയാളവാണി ഗളിക്കുന്നതു കേട്ടു് യതിയും വീരവിക്രമൻഉണ്ണിത്താനും വിസ്മയംകലൎന്നു് ആഗതന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. അപ്പോൾ അയാൾ വീണ്ടും പറഞ്ഞു:—“ഈ വേഷക്കാരൻ നിങ്ങളുടെ ഭാഷ സംസാരിക്കുന്നതു് അത്ഭുതമായിരിക്കും. അത്ഭുതം വേണ്ട, ഞാനും മലയാളിതന്നെ. വലിയൊരു മാടമ്പി! നിങ്ങളും മാടമ്പി. രഹസ്യംഒക്കെ ഞാൻ അറിഞ്ഞിരിക്കുന്നു. എന്നോടു് ഇനി ഒന്നും മറയ്ക്കേണ്ട. ഞാൻ ബന്ധുവാണു്—ഞങ്ങൾ ബന്ധുക്കളാണെന്നു് ഉറപ്പായിരിക്കണം. ഞങ്ങളുടെ മാനവും, ഒരു പക്ഷെ, ജീവനും കൂടെ നിങ്ങൾ രക്ഷിച്ചിരിക്കുന്നു”

വീര:—എനിക്കു് ഒന്നും രൂപമാകുന്നില്ല. ഞാൻ നിങ്ങൾക്കു് എന്തു പ്രത്യേക സഹായംചെയ്തു? ഒന്നും ചെയ്തിട്ടില്ല. എന്റെ കടമ ചെയ്തു. നിങ്ങളെ സുഖമായി അതൃത്തികടത്തി വിട്ടു. നിങ്ങൾ വാസ്തവത്തിൽ ആരെല്ലാം?

“കൊച്ചുണ്ണിത്താനേ! അതൊക്കെ വഴിയേ മനസ്സിലാക്കിത്തരാം. ഇനി ഏതായാലും കായങ്കുളത്തു വേണ്ടെന്നു നേരത്തെ ഉറച്ചതാണല്ലോ. തിരുവനന്തപുരത്തേക്കു പോരൂ. സ്വാമിയാരു തനതാളെന്നും അറിഞ്ഞിരിക്കുന്നു. സങ്കോചം ഒന്നും തോന്നേണ്ടാ. വേണ്ട ശട്ടംകെട്ടുകൾ

എല്ലാം ചെയ്യുതരാം. ഉണ്ണിത്താൻ ആ രാമയ്യന്റെ പററിയ കൂട്ടുകാരൻ! അമ്മാ—അല്ല—തിരുമേനിക്കും സന്തോഷമായിരിക്കും.

എന്നിങ്ങനെ പറഞ്ഞു് ആ വിദേശവേഷധാരി ഉണ്ണിത്താന്റെ ഹസ്തത്തിൽ ലഘുവായി ഒന്നു് അമർത്തി; യുവാവു സ്തബ്ധചിത്തനായി ഒരു നിമേഷം അതേ നിലയിൽ ഇരുന്നു; യതികളും ഇതികർത്തവ്യതാമൌഢ്യംഭവിച്ചു.

---

## അദ്ധ്യായം ൧൭.

---

### ചെമ്പകശ്ശേരിയിലേക്കുള്ള സന്ദേശം.

ചെമ്പകശ്ശേരിരാജാവു പതിവുപോലെ നിത്യകർമ്മാനുഷ്ഠാനങ്ങളും അമൃത്തും കഴിച്ചു വിശ്രമിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ ചതുരംഗവിഹാരത്തിനു വേണ്ട സജ്ജീകരണങ്ങൾ, രാജാവിന്റെ അന്തേവാസിയായ ഒരു ബ്രാഹ്മണൻ ചെയ്തുകൊണ്ടിരുന്നു. അപ്പോൾ തിരുവിതാംകൂറിൽനിന്നു് ഒരു രാജദൂതൻ അതിപ്രധാനമായ ഒരു സന്ദേശം വഹിച്ചുകൊണ്ടു മുഖംകാണിക്കുവാൻ കാത്തു നിൽക്കുന്നതായി ഒരു ഹരിക്കാരൻ വന്നു് രാജാവിനോടു് അറിയിച്ചു.

"തിരുവിതാംകോട്ടുനിന്നോ? ക്ഷ! ഇങ്ങോട്ടു കടത്തിവിടാം" എന്നു ആ ബ്രഹ്മക്ഷത്രിയശിഖാമണി കല്പനയായി.

കല്പനയനുസരിച്ചു് ഏതാനും നിമേഷത്തിനകം ഒരു ബ്രാഹ്മണൻ രാജസന്നിധിയിൽ ആനയിക്കപ്പെട്ടു. ആ രാജദൂതൻ തേജസ്വിയായ ഒരു മലയാളബ്രാഹ്മണനായിരുന്നു. ഓജസ്സും ഊർജ്ജസ്വലതയും ഒന്നിച്ചിണങ്ങിയമുഖം; മാംസളവും ബലിഷ്ഠവുമായ ശരീരം; ദീർഘകായൻ; ശുഭ്ര

വൎണ്ണമായ യജ്ഞോപവീതവും ലോലിമയേറിയ കോട്ടാറൻപാവുമുണ്ടു്. അതിന്മീതെ വിളമ്പിൽകസവും കറുത്ത കരയും കുറിയുമുള്ള കോടിനേര്യതും ധരിച്ചിരിക്കുന്നു; വസ്ത്രത്തിൽ ചെരുകി വച്ചിരിക്കുന്ന നാവിയത്തിൻെറ സ്വൎണ്ണക്കുമിഴം പിടിപുറത്തു കാണ്മാനുണ്ടു്. അംഗുലികളിൽ എട്ടിലും സ്വൎണ്ണമോതിരങ്ങൾ ധരിച്ചിരിക്കുന്നു. ഘടീതടത്തെ വലയംചെയ്തിരിക്കുന്ന സുവൎണ്ണനിൎമ്മിതമായ അരഞ്ഞാണം, അതിൽ അവിടവിടെയായി കോൎത്തിട്ടിരിക്കുന്ന സ്വൎണ്ണ ഏലസ്സുകളും വസ്ത്രങ്ങളുടെ ഇടയിൽക്കൂടി തെളുതെളെ മിനുങ്ങി, ജ്യോതിൎവീചികളെ നാലുപാടും പ്രസരിപ്പിക്കുന്നു. നേര്യതിൻെറ വിളമ്പിനെ അലങ്കരിച്ചിരിക്കുന്ന സ്വൎണ്ണക്കസവിൻെറ വൎണ്ണംതന്നെ നിറം. പ്രായം മുപ്പത്തഞ്ചിൽ ഒട്ടും കവിയുകയില്ല. ആയതവും കൃഷ്ണവൎണ്ണവുമായ പൂൎവശിഖ കെട്ടിയൊതുക്കി, ചേതോഹരമായുള്ള രോമനിൎമ്മിതമായ ഉഷ്ണീഷംകണക്കെ, ശിരസ്സിനെ ആകമാനം ആവരണം ചെയ്യുമാറു്, പിന്നോക്കം തള്ളിയിരിക്കുന്നു; ബന്ധവൈശിഷ്ട്യത്താൽ സാമാന്യം അണ്ഡാകൃതി അവലംബിച്ചിരിക്കുന്ന ശിഖാഗ്രം, ഉഷ്ണീഷത്തിൻെറ മകുടമണിപോലെ ശിരസ്സിന്നു് അലങ്കാരമായി പ്രശോഭിക്കുന്നു.

രാജസന്നിധിയിൽ ഹാജരായി, മാമൂലനുസരിച്ചുള്ള വന്ദനക്രിയ നടത്തി, വിനീതനും സരസകോമളനുമായി നിലകൊണ്ട ദൂതനെ ആപാദചൂഡം കണ്ണോടിച്ചു് ഒന്നു സൂക്ഷിച്ചു നോക്കിയശേഷം, പ്രസന്നവദനനായി രാജാവു് ഇങ്ങനെ കല്പിച്ചു ചോദിച്ചു:—“ക്ഷ! നമ്പൂരിയോ? വളരെ സന്തോഷമായി കേട്ടോ! യാത്രഒക്കെ സുഖായിരുന്നില്ലേ?”

ദൂതൻ:—സ്വജനംതന്നെ! ഓതിക്കോനും സുഖായി വന്നെത്തി.

രാജാ:—ക്ഷായി! ഓതിക്കോനോ! വളരെവളരെ സന്തോഷം. കളിയും ഉൗക്കും ആയിട്ടില്ലെന്നുണ്ടോ? എന്നാൽ വേഗം നടക്കട്ടെ. ഉൗണുകഴിഞ്ഞു, ഇശ്ശി സംസാരിക്കാം.

ദൂതൻ:—തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സു കൊണ്ടു, കല്പിച്ച് ഏല്പിച്ചയച്ച ഒരു തിരുവെഴുത്തുണ്ടു്. അതു് ഇവിടെ തൃക്കൈയിൽ എത്തിച്ചിട്ടു, മററു കാര്യ ങ്ങൾ; എന്നു നിനച്ചുപോയി.

രാജാ:—തരക്കേടില്ല. ഇങ്ങട്ടു തന്നേക്കൂ—അല്ല—കളി ആയിട്ടില്ലല്ലോ. അതാ അവിടെ ആ ചതുരംഗപീഠത്തിൽ വയ്ക്കാം. വേഗം കളിയും ഉൗക്കും കഴിയട്ടെ ഉൗണു കൊട്ടാരം മഠപ്പള്ളിയിൽതന്നെ. ശ്രീകൃഷ്ണഭഗവാൻെറയും മഹാലക്ഷ്മിയുടെയും അനുഗ്രഹംകൊണ്ടു്, ഇവിടെ ഒന്നിനും കുറവും അസ്വാധീനവുമില്ല; കേട്ടോ! മറുപടി വേണ്ട കാര്യമെങ്കിൽ, ഉൗണുകഴിഞ്ഞു മടങ്ങുമ്പോഴേക്ക് എഴുതി വച്ചേക്കാം

ഉടൻതന്നെ ഒരു ബ്രാഹ്മണൻ ഓതിക്കോൻനമ്പൂതിരിയെ കൂട്ടികൊണ്ടു രാജസന്നിധിയിൽനിന്നു പുറത്തേയ്ക്കു പോയി അനന്തരം തിരുവെഴുത്തു വെള്ളം തളിച്ചു ശുദ്ധിവരുത്തി, ചതുരംഗക്കാര്യക്കാരൻ ബ്രാഹ്മണൻ രാജഹസ്തങ്ങളിൽ സമർപ്പിച്ചു. ആ സന്ദേശപത്രം നീലക്കടലാസുകൂട്ടിൽ അടച്ചു ഭംഗിയിയായി മുദ്രവച്ചിരുന്നു. മുദ്രയും കൂട്ടും പരിശോധനനടത്തി തൃപ്തനായിട്ടു രാജാവു മേൽവിലാസം ഇങ്ങനെ വായിച്ചു:—“മഹാമഹിമശ്രീ ചെമ്പകശ്ശേരിരാജാവു തിരുമനസ്സിലെ തൃക്കൈയിലേക്കു്.”

അദ്ദേഹം ഒരു മന്ദഹാസത്തോടുകൂടി കൂടുപൊളിച്ചു. അതിനുള്ളിൽ അടക്കം ചെയ്യപ്പെട്ടിരുന്നതു് ഒരു ഓലനറുക്കായിരുന്നു. അതു കൌതുകപുരസ്സരം കൈയിലെടുത്തു് അവിടുന്നു വായന ആരംഭിച്ചു:—ശ്രീചെമ്പകശ്ശേരി

രാജ്യം വാണരുളും രാജാ ദേവനാരായണന്റെ തിരുമനസ്സറിയേണ്ടും അവസ്ഥ എന്തെന്നാൽ, അവിടത്തെ ബ്രഹ്മസ്വമായ ചെമ്പകശ്ശേരികോയ്മയ്ക്ക് എതിരായി നാമോ നമ്മുടെ തിരുവിതാംകോട്ടുകോയ്മയോ പ്രജകളോ ആരും തന്നെ കരുമന കൊണ്ടിട്ടില്ലാത്തപടിക്കു, ചെമ്പകശ്ശേരിയിൽ നിന്നും ഇയ്യിടെ നമ്മുടെ എതിരാളിയായ കായംകുളംരാജാവിനു നെല്ലും പൊന്നും പടയുംകൊണ്ട് ഒത്താശ ചെയ്തിരിക്കുന്ന അവസ്ഥ നമുക്ക് അറിവായിരിക്കുന്ന ചെയ്തിക്ക്, അവിടുന്നു ഉത്തരവാദം ചെയ്കയും പടയെ തിരിയെ വിളിക്കയും ചെയ്തുകൊള്ളുകയും വേണം. മേലിൽ നമ്മുടെ രാജകോയ്മയും ആയി സഖ്യത്തിൽ ഇരിക്കുമെന്നുള്ള അടയാളമായി നമ്മുടെ കുലദൈവതമായ ശ്രീപത്മനാഭസ്വാമിയുടെ ക്ഷേത്രത്തിൽ ആയിരംരാശി കാണിക്കവെയ്ക്കയും, ഒരു കൊമ്പനാനയെ നടയ്ക്ക് ഇരുത്തുകയും ചെയ്തുകൊള്ളുകയും വേണം.

നമ്മുടെ രാജ്യം ശ്രീപത്മനാഭനുള്ളതാണ്. അവിടത്തെ ആളായി നാം ഇനി പിടിച്ചടക്കുന്ന നാടുകളും അവിടെ അർപ്പണം ചെയ്യും. ബ്രാഹ്മണരാജകോയ്മയായ ചെമ്പകശ്ശേരി ബ്രഹ്മസ്വമാകയാൽ അവിടത്തെ അസഹ്യപ്പെടുത്തി ബ്രഹ്മസ്വരാജ്യം അടക്കണമെന്ന് ഇവിടെ മോഹമില്ലാത്തപടിയാൽ ഈ കുറി കൊടുത്തയയ്ക്കുന്നു. അവിടെ ഈ കരാറിനു വഴിപ്പെടാൻ ഭാവമില്ലാത്ത പടിയെന്നു കണ്ടാൽ പത്മനാഭന്റെ കൊടി അവിടെ എത്തും. നമ്മുടെ ക്ഷമയേയും അഭിമതത്തേയും ഭേദിക്കരുതെന്ന് ആശം. ഇതിൽ നമ്മുടെ തുല്യംചാർത്തലും രാജമുദ്രയും വച്ചിരിക്കുന്നു. ശ്രീവീരമാർത്താണ്ഡവർമ്മ.

ഇച്ചെയ്തിക്കു കുറി എഴുതിയ പകടശാല രായസം കണക്കും തമ്പി ചെമ്പകരാമൻ കേശവൻ.

വായന പൂർത്തിയായതോടുകൂടി രാജാവു് ഒന്നു ശിരഃകമ്പനം ചെയ്തു; അല്പനേരം ഗാഢാലോചനയിൽ ലീനനായിരുന്ന ശേഷം, അവിടുന്നു് ഇപ്രകാരം ആത്മഗതം ചെയ്തു:—"മാർത്താണ്ഡവർമ്മമഹാരാജാവു ഭാർഗ്ഗവരാമനെപ്പോലെ മഹാപരാക്രമശാലി! നമുക്കു് അക്കാര്യ്യം നല്ല ബോദ്ധ്യമുണ്ടു്. എങ്കിലും എന്താ ചെയ്ക! അയൽസ്നേഹം കൊണ്ടു കായംകുളത്തേക്കു് ഒത്താശ ചെയ്തു. അതു നമ്മുടെ ലോഹ്യം! അവിടുന്നു പത്മനാഭദാസൻ! നാം ശ്രീകൃഷ്ണദാസൻ! രണ്ടുപേരും ആരാധിക്കുന്ന മൂർത്തി ഒന്നുതന്നെ. എങ്കിലും ശ്രീപത്മനാഭൻ മൂലമൂർത്തിയെന്നു് ഒരു മെച്ചം ഉണ്ടു്. അതുപോലെ അവിടത്തെ മേന്മയും വകവച്ചു കൊടുക്കുന്നതിൽ ആക്ഷേപമില്ല. പരമാർത്ഥം ആലോചിച്ചാൽ നമുക്കു രാജ്യമെന്തിനു്? നാം ബ്രാഹ്മണനല്ലേ? എവിടെ ഇരുന്നാലെന്തു്! ലൌകികഭോഗങ്ങൾ അനുഭവിച്ചു ഭഗവൽധ്യാനവും നടത്തി കാലം കഴിക്കണം, അതുതന്നെ ഭഗവാനും പ്രിയം! സംശയമില്ല. അതാ ശംഖനാദവും മണിയും കേൾക്കുന്നു. ഉച്ചപ്പൂജസമയം. ഭഗവാനേ! ഗോപാലകൃഷ്ണാ! അവിടത്തെ ഹിതം അങ്ങനെയെങ്കിൽ അങ്ങനെ നടക്കട്ടെ! ഓതിക്കോൻ വരട്ടെ ഒരു ഭാഗ്യപരീക്ഷകൂടെ നടത്തിയേക്കാം. ഓതിക്കോൻ രാജപ്രതിനിധിയല്ലേ? പോരെങ്കിൽ ഓതിക്കോൻ നമ്പൂരിയും. നാം ആയാളുമായി ചതുരംഗം വയ്ക്കുന്നതിൽ എന്താ കുറവു? ചതുരംഗമത്സരത്തിൽ അയാൾ ജയിക്കുന്നുവെങ്കിൽ രാജ്യം തിരുവിതാംകൂറിലേക്കു്. നമുക്കു് അനുഭവവും അടുത്തൂണും മതി. നാം ജയിച്ചാൽ തുല്യനില. ഏതായാലും പിഴമൂളുന്നതു നമ്മുടെ ബ്രഹ്മസ്വത്തിനും രാജസ്വത്തിനും ചേർന്നതല്ല. മന്ത്രിക്കും സേനാപതിക്കുംമററും ഈ ആലോചന ഹിതമല്ലാതെ വരാം. അവർ വേണമെങ്കിൽ ബലാബലം നോക്കിക്കൊള്ളട്ടെ. മാർത്താണ്ഡവർമ്മരാജാവിന്റെ

ഗ്രഹദോഷങ്ങൾ നീങ്ങി വ്യാഴൻ ഉച്ചസ്ഥനായിരിക്കുന്നു. വിജയം അവിടെയ്ക്കു തന്നെ. ഈ വസ്തുത ഓതിക്കോൻ മാത്രം അറിഞ്ഞാൽ മതി. വിസ്താരത്തിനു കുറിയും അയച്ചേക്കാം."

ഓതിക്കോൻ ഊണുകഴിഞ്ഞു മടങ്ങി വന്നപ്പോൾ രാജാവു ചതുരംഗം വയ്ക്കുവാൻ സന്നദ്ധനായിരിക്കുന്നതു കണ്ടു. രാജപ്രതിനിധിയോടായിട്ട് രാജാവ് ഇങ്ങനെ ചോദിച്ചു:—എന്താ! ഓതിക്കോൻ? ഊണുസുഖായല്ലൊ.

ഓതിക്കോൻ:—ശ്രീകൃഷ്ണഭഗവാന്റെ കൃപയാൽ മഹാലക്ഷ്മിപ്രസാദിച്ചിരിക്കുന്ന ഇവിടെ ഒന്നിനും കുറവില്ലല്ലോ. കാളനും പുഞ്ചയരിച്ചോറും! എന്തൊരു സ്വാദ്!

രാജാ:—എന്നാൽ ഇനി അല്പം വിശ്രമിക്കയല്ലേ? നമുക്കു ഇശ്ശി ചതുരംഗത്തിന് ഒരു ഭ്രമം. ഇന്നു നമ്പൂരാരാരും വന്നുചേർന്നിട്ടില്ല. ഓതിക്കോനു ചതുരംഗം വശമൊ?

ഓതി:—രാജാക്കന്മാരുടെ വിനോദമല്ലേ? എങ്കിലും സാമീപ്യംകൊണ്ടു് ഇശ്ശി വശായിട്ടുണ്ടു്.

രാജാ:—എന്നാൽ ഇരിക്കാം. ഒരു കൈ നോക്കാം.

രാജകല്പനയെ ശിരസാവഹിച്ച് ഓതിക്കോൻ ചതുരംഗക്കളത്തിനരികെ, രാജാവിനു് അഭിമുഖമായി സ്ഥാനം ഉറപ്പിച്ചു. ഉടൻ തന്നെ പരിചാരകന്മാർ എല്ലാവരും ചതുരംഗശാലവിട്ടു പുറത്തേക്കു പോയി. ആ മുറിയിൽ രണ്ടുപേരും മാത്രമെന്നു കണ്ട ഉടൻ രാജാവു കല്പിച്ചു:— "കേട്ടോ! ഓതിക്കോൻ! വാതും പറഞ്ഞേക്കാം. അടിയറ നാം വച്ചാൽ ഈ ചെമ്പകശ്ശേരി രാജ്യം ഓതിക്കോന്റെ തമ്പുരാനു്. ഓതിക്കോൻ തോറ്റാൽ ഞങ്ങൾ തമ്മിൽ സമത്വം.

വിചിത്രമായ വാതുകേട്ടു ഓതിക്കോൻ വിസ്മയപൂർവം മന്ദസ്മിതം തൂകി രാജാവിന്റെ മുഖത്തു നോക്കി. രാജാവു് അപ്പോൾ വീണ്ടും കല്പിച്ചു:—"ഓതിക്കോൻ ആശ്ചര്യപ്പെ

ടേണ്ട! ഭഗവാൻ കൃഷ്ണനാണെ നാം വൃഥാ പറഞ്ഞതല്ലേ! പറഞ്ഞതുപോലെ പ്രവൎത്തിക്കാം. ഓതിക്കോൻ ഇപ്പോൾ തന്നെ; ഇച്ചെയ്തികൾ കുറിക്കൊടുത്തു് ആൾ അയച്ചുകൊള്ളു. മാൎത്താണ്ഡവൎമ്മ തിരുമനസ്സിനോടു് അങ്കംവെട്ടാൻ നമുക്കു മോഹമില്ല.”

രാജാവു ചെയ്ത പ്രതിജ്ഞകേട്ടു് ഓതിക്കോൻ അത്ഭുതപരവശനായെങ്കിലും, പ്രസന്നചിത്തനായി തന്റെ പരിചാരകന്മാരെ അവിടെ വരുത്തി, കൊല്ലത്തുതാമസിക്കുന്ന രാമയ്യന്റെ പേൎക്കു കുറി എഴുതിക്കൊടുത്തു യാത്രയാക്കി അതിന്റെ ശേഷം ചതുരംഗായോധനം ആരംഭിച്ചു.

രാജാവിനു ചതുരംഗവിഹാരത്തിൽ അനന്യസാധാരണമായ വൈദഗ്ദ്ധ്യം ഉണ്ടെന്നു് ഓതിക്കോന്നു് ഏതാനും നിമേഷങ്ങൾക്കുള്ളിൽ ബോദ്ധ്യം വന്നു. ഓതിക്കോനും രാജകീയവിനോദത്തിൽ പരിപാകമായ സംസ്കാരം സിദ്ധിച്ച ആളാണെന്നു രാജാവും ഉത്തരക്ഷണത്തിൽ മനസ്സിലാക്കിക്കഴിഞ്ഞു. ഇപ്രകാരം ഉഭയകക്ഷികൾക്കും എതൃകക്ഷിയുടെ വൈഭവത്തിൽ മതിപ്പും ബഹുമാനവും ആദ്യം തന്നെ അങ്കുരിച്ചതിനാൽ കളിക്കുള്ള ഔത്സുക്യം, അവർ ഇരുവൎക്കും വൎദ്ധമാനമായിഭവിച്ചു. ഉന്മേഷചിത്തവൃത്തികളായി, കാലദേശാദ്യവസ്ഥകളെ നിശ്ശേഷം വിസ്മരിച്ചു് അവരായോധനം തുടൎന്നു. കാലാൾ തിരുന്തി ഉഭയപക്ഷങ്ങളിൽ നിന്നും മന്ത്രികളെ ഉറപ്പിച്ചു. കുതിരകളെഇറക്കി, പാദാതികൾക്കു ബലം നല്കി. കരുക്കൾ പിന്നെയും മുമ്പോട്ടു നീക്കി ഗജവീരന്മാരെയും രഥങ്ങളേയും ചലിപ്പിച്ചു. ദേവരെ മന്ത്രിസന്നിധാനത്തിലേക്കു് ആനയിച്ചു. ഉഭയകക്ഷികളുടെയും കരുക്കൾക്കു സ്വൈരമായ ഗതാഗതത്തിനു പ്രതിബന്ധം സംഭവിക്കത്തക്ക നില ആസന്നമായി. നാഴികകൾഒട്ടധികം അതിക്രമിച്ചതു് അവർ ഇരുവരും അറിഞ്ഞതേയില്ല.

ഏതാദൃശമായി, അന്യാദൃശവൈഭവത്തോടുകൂടി അവർ പൊരുതു. ഈ നേരത്തു രാജാവിനു പതിവുള്ള പൊടിയരിക്കഞ്ഞിഅമൃത്തു് അന്നു് ഉണ്ടായില്ല. ക്ഷുൽപിപാസാദി ചിന്തകൾ ആ മത്സരികളെ നിശ്ശേഷം വിട്ടുപിരിഞ്ഞിരുന്നു. സന്ധ്യാവന്ദനത്തിനു സമയമായെന്നു് ഒരു ബ്രാഹ്മണൻ വന്നു് അറിയിച്ചപ്പോൾ മാത്രമാണു നേരം അതിക്രമിച്ച വസ്തുത രാജാവിനു് ഓർമ്മയുണ്ടായതു്.

"ഇനി ഏതായാലും സന്ധ്യാവന്ദനവും സ്വാമിദർശനവും കഴിഞ്ഞു്" എന്നു രാജാവു് നിവർന്നു നോക്കിക്കൊണ്ടു ഓതിക്കോനോടു കല്പിച്ചു. "അത്താഴം അമൃത്തും" എന്നു മാത്രം ഓതിക്കോൻ മറുപടി പറഞ്ഞു് എഴുന്നേററു. അനന്തരം ചതുരംഗക്കളം അതേനിലയിൽ ഒരു വലിയ വാപ്പു കൊണ്ടു മൂടിയിടുവാൻ കല്പന കൊടുത്തു വിശ്വസ്തനായ ഒരു വൃദ്ധബ്രാഹ്മണനെ കാവലാക്കിയ ശേഷം രാജാവും എഴുന്നേററു; രാജാവിന്റെ ചതുരംഗക്കാര്യക്കാരനായ നമ്പൂരിയാലനുഗതനായി, ഓതിക്കോൻ സന്ധ്യാവന്ദനത്തിനായി വലിയ കുളപ്പുരയിലേക്കു യാത്രയായി. ചിന്താവിഷ്ടനായ രാജാവും അകത്തെ കുളപ്പുരയിലേക്കു എഴുന്നള്ളി.

നേരം രണ്ടരനാഴിക രാവായി. അപ്പോഴേക്കു രാജാവും ഓതിക്കോനും സന്ധ്യാവന്ദനാദികൾ നിർവഹിച്ചശേഷം ചതുരംഗശാലയിൽ എത്തി ആസനസ്ഥരായി; രണ്ടുപേരും ഏതാനും നിമേഷംവരെ കൌതുകപുരസ്സരം കളത്തേയും കരുക്കളേയും നോക്കിക്കൊണ്ടിരിക്കുന്നു. അതിനിടയ്ക്കു് ഓതിക്കോൻ ആൾവെട്ടി കുതിരയെ ഇളക്കി കളി ആരംഭിക്കുന്നതുകണ്ടു രാജാവു വിസ്മയപരവശനായി. അടുത്ത നിമേഷത്തിൽ അവിടുത്തെ മുഖം മ്ലാനമായി. സർവനാഡികളും സ്തംഭിച്ചതുപോലെ ആ സാത്വികൻ അല്പനേരം നിശ്ചലനായിരുന്നു. അതേ സന്ദർഭത്തിൽ പ്രതി

പക്ഷിയുടെ മുഖം പ്രഭാതരവിപോലെ പ്രസന്നമായി ഭവിച്ചു. അപ്പോൾ രാജാവു കല്പിച്ചു:—"ഓതിക്കോൻ ജയിച്ചിരിക്കുന്നു. ഇനി എല്ലാം ഭഗവാൻെറ ഇഷ്ടംപോലെ നടക്കട്ടെ!"

അനന്തരം രാജാവു സ്വസ്ഥാനത്തുനിന്നു് എഴുനേററു. ഓതിക്കോൻ വേപഥുഗാത്രനായി ധൃതിയിൽ എഴുനേററു നിലയായി. അപ്പോൾ രാജാവു വീണ്ടും കല്പിച്ചു:—"ശങ്കിക്കുവാൻ ഒന്നുമില്ല. നമുക്കു മുഷിച്ചിലൊ കണ്ടിതമൊ ഇല്ല. വേഗം നമ്പൂരി തിരുവനന്തപുരത്തേക്കുപോയി വിവരം അറിയിക്കൂ? ഇനി ഇങ്ങട്ടു വരേണ്ട താമസമേ ഉള്ളൂ."

ഓതി:—തിരുമനസ്സുകൊണ്ടു് വിശേഷാൽ എന്തു കല്പിക്കുന്നു?

രാജാ:—വിശേഷിച്ചു് ഒന്നുമില്ല. ഇനി ആൾ വരുമ്പോൾ നാംകൂടെ അങ്ങട്ടുപുറപ്പെട്ടേക്കാം. അവിടെവന്നു തമ്മിൽ കാണാം. അതുതന്നെ ഭംഗി. നമ്മുടെ ജനങ്ങളെ സൂക്ഷിച്ചുകൊള്ളണമെന്നു പ്രത്യേകം അറിയിക്കുക. ശ്രീകൃഷ്ണൻതുണയുണ്ടും. അവിടന്നുതന്നെ എല്ലാററിനുംസാക്ഷി!

ഓതിക്കോൻ രാജാവിനെ വന്ദിച്ചു ഹർഷാശ്രുക്കളോടുകൂടി വിടവാങ്ങി യാത്രയായി. രാജാവു നിശ്ചലമാനസനായി ശയ്യാഗൃഹത്തിലേക്കു തിരിച്ചു.

അടുത്ത പ്രഭാതത്തിൽ അദ്ദേഹം പതിവുപോലെ ഉണൎന്നു ദിനകൃത്യങ്ങളിൽ പ്രവേശിച്ചു. സ്നാനാദികളും അമൃത്തും കഴിഞ്ഞശേഷം സേവൻ.നംപൂരിയുമൊന്നിച്ചു ചതുരംഗംവയ്ക്കുവാൻ ആരംഭിച്ചപ്പോൾ അടിയന്തിരമായ ഒരു കാൎയ്യം തിരുമനസ്സറിയിക്കുവാൻ പ്രധാന സേനാധിപനായ മാത്തൂർവലിയപണിക്കർ വന്നുനിൽക്കുന്നതായി ഒരു ബ്രാഹ്മണപരിചാരകൻ അറിയിച്ചു. ഉടൻതന്നെ "പണിക്കർ വരട്ടെ" എന്നു് അവിടുന്നു കല്പിച്ചു.

പ്രധാന സേനാനായകൻ രാജസന്നിധിയിൽ പ്രവേശിച്ചു മാമൂലനുസരിച്ചു രാജാവിനെ മൂന്നുരു താണുതൊഴുതു കൈകെട്ടി വായ് പൊത്തി നിലകൊണ്ടു. പണിക്കരുടെ മുഖം മ്ലാനമായും നേത്രങ്ങൾ ബാഷ്പകലുഷങ്ങളായും കാണപ്പെട്ടു. അഭൂതപൂർവ്വമായ ഈ അവസ്ഥാന്തരം കണ്ടു് അന്യഥാ ശങ്കിച്ചുകൊണ്ടു രാജാവു കല്പിച്ചു ചോദിച്ചു: "എന്താ! പണിക്കരേ, ഇത്ര സങ്കടം! എന്താ! പറയൂ! പറയൂ!"

മാത്തൂർ:—അന്നാം കല്പിച്ചുതന്ന തിരുമേനീ! അടിയൻ എങ്ങനെ തിരുമനസ്സുണർത്തിക്കേണ്ടു? എങ്ങനെ ഉണർത്തിക്കാതിരിക്കുന്നു! സങ്കടം പൊറുപ്പാൻ മേലേ! പൊന്നു തമ്പുരാനേ!

രാജാവു പരിഭ്രാന്തചിത്തനായി ചോദിച്ചു:-"എന്താ? ഇത്ര ദുസ്സഹമായ ദുഃഖം! എന്താ വസ്തുത!"

മാത്തൂർ:—പൊന്നു തമ്പുരാനേ! രാമയ്യനും പടയും തോട്ടപ്പള്ളിവരെ എത്തിക്കഴിഞ്ഞു. വലിയതോക്കുംചെറുതോക്കും, വാളും കുന്തവും വലിയ ബഹളം, ആയിരംപേർ മുന്നണിയിൽ ഒണ്ടു്

രാജാവു ദീർഘമായി ഒന്നു നിശ്വസിച്ചു. അല്പനേരം അവിടുന്നു ചിന്താകുലനായിരുന്നു. അനന്തരം അവിടുന്നു് ഇങ്ങനെ കല്പിച്ചു:—"എന്നിട്ടു നിങ്ങൾ എന്തുചെയ്തു?"

മാത്തൂർ.—അടിയങ്ങൾ ഒരുതരത്തിൽ അവരെ മുമ്പോട്ടു വിടാതെ തടഞ്ഞു നിർത്തിയിരിക്കുന്നു. ഇവിടെ തോക്കിന്നു തോക്കെടുക്കാൻ ഇല്ലല്ലോ. വിൽക്കാരെ മുന്നണിയിൽ വിട്ടിരിക്കുന്നു.

രാജാ:—പീരങ്കിയുടേയും തോക്കിന്റേയും മുമ്പിൽ വില്ലും അമ്പുംകൊണ്ടു് എന്തു ഫലം?

മാത്തൂർ:—അമ്പിൻമുനയിൽ ഒരു മരുന്നു പൂശിവിടാൻ ചട്ടമാക്കി. അമ്പു് ഉടലിൽ ഏററാൽപിന്നെ ഏററവൻ വീഴാതെ നിവൃത്തിയില്ല.

രാജാ:—അഹോ! പാപം! പാപം! യുദ്ധത്തിൽ ചതിയോ? പാടില്ല. പാടില്ല. പണിക്കരേ! വേഗം പോയി വിലക്കൂ! ധൎമ്മഭ്രംശം! ധൎമ്മഭ്രംശം! പാടില്ല. പാടില്ല.

മാത്തൂർ:—ഈ പ്രയോഗം ചെയ്യാഞ്ഞാൽ നില ഇല്ലാതെവരും. പിന്നെ ആയുധംവയ്ക്കുകതന്നെ മാനം.

രാജാ:—കുറുപ്പും, കൈമ്മളുംമേറവും എവിടെ?

മാത്തൂർ:—അവരു കൂത്താട്ടുപ്പുള്ളിലും കരുമാടിയിലുമായി ഓടി നടക്കുന്നു. കരുമാടിയിൽ വേമ്പരമ്പും മുളയും ഈറലും കൊണ്ടു് ഒരു കോട്ടയും തീൎക്കുന്നുണ്ടു്.

രാജാവു മ്ലാനമുഖനായി കല്പിച്ചു:—"എന്തിനു്?"

മാത്തൂർ:—സന്ധ്യവരെ എതിരാളികളെ തോട്ടപ്പള്ളിൽ വല്ലവിധേനയും നിൎത്താം. പിന്നെ കരുമാടിപ്പരമ്പുകോട്ടയുടെ അകത്തും പുറത്തുമായി അടിയങ്ങൾ നീങ്ങിക്കൊള്ളാം. പരമ്പിൽ ചേറുവാരി പൂശാൻ വട്ടംകെട്ടീട്ടുണ്ടു്. രാത്രിയിൽ ദൂരെനിന്നു നോക്കിയാൽ വലിയ കോട്ടപോലെ തോന്നും. സൂൎയ്യോദയമായാൽ പിന്നത്തെ കഥ ഭഗവാനേ അറിഞ്ഞുകൂടു. അടിയന്റെ പൊന്നുതിരുമേനിയെ ചൊല്ലി ഉള്ളു നീറുന്നു.

രാജാ:—പണിക്കരേ! നമ്മെ ചിന്തിച്ചു് ഇനിമേൽ ഖേദം വേണ്ട. ഭഗവാൻ ശ്രീകൃഷ്ണൻ ഉണ്ടു്. അവിടത്തെ അനുഗ്രഹം കൊണ്ടു നമുക്കു യാതൊന്നിനും കുറവു വരുകയില്ല. നിങ്ങൾ പടവിചാരക്കാരും കാൎയ്യക്കാരന്മാരും മന്ത്രിമാരും മുറപോലെ ചെയ്തുകൊള്ളുവിൻ! വരുന്നതൊക്കെ വന്നുകൊള്ളട്ടെ. ഭഗവാന്റെ ഇച്ഛപോലെ നടക്കും. അതു തടുക്കുവാൻ നാം ആളല്ല. പൊയ്ക്കൊള്ളു.

മാത്തൂർ:—അടിയൻ ഒന്നു് ഉണൎത്തിക്കുന്നു! ഇനു സാവകാശമുണ്ടു്. കൊടമാളൂൎക്കു എഴുന്നള്ളുകയാണു വേണ്ടതു്. കൊച്ചുതമ്പുരാക്കന്മാരെയും അമ്മതമ്പുരാക്കന്മാരെയും ശ്രീപണ്ടാരപ്പുരയിലെ പൊന്നുംമുതലുംഒക്കെയെടൻ

എഴുന്നള്ളിക്കണം. പുളിംകുന്നിലേക്കും ആരംവിട്ടു കല്പന കൊടുക്കണം.

രാജാ:—ഒന്നിനും ധൃതിക്രൂട്ടേണ്ട പണിക്കരെ! രാമയ്യൻ ഇവിടെ വരുവാനാണു കൃഷ്ണൻെറ ഇഷ്ടം എങ്കിൽ വന്നുകൊള്ളട്ടെ എങ്ങോട്ടാണു് ഉടൻ പോകേണ്ടതെന്നു് അപ്പോഠം നിശ്ചയിക്കാം. പണിക്കർ പൊയ്ക്കൊള്ളൂ

മാത്തൂർപണിക്കർ രാജാവിനെ തൊഴുതു വിടവാങ്ങിപ്പോയി. പടവന്നിരിക്കുന്ന വൃത്താന്തം കേട്ടു സസംഭ്രമം സേവൻ നമ്പൂരി അറിയിച്ചു. "ഇനി കളിക്കു സുഖമെവിടെ? ഇല്ലാവരെ ഒന്നു പോയിവരാം. അന്തർജ്ജനവും കിടാങ്ങളും പേടിച്ചു കിടുങ്ങിയിരിക്കും."

രാജാ:—നമ്പൂരിക്കിത്ര സമാധാനമില്ലേ. പടവന്നാൽ നിങ്ങളെ ആരെയും ഒന്നും ചെയ്കയില്ല. രാമയ്യൻ ബ്രഹ്മസ്വത്തിനും ദേവനും കെടുമതി ചെയ്കയില്ല. അതിനു് അയാഠംക്കു കല്പനയും ഇല്ല

"എങ്കിലും ഒന്നു പോയി വന്നേക്കാം."

എന്നിങ്ങനെ പറഞ്ഞു സേവൻ രാജസന്നിധി വിട്ടു് ഇറങ്ങി. ചെമ്പകശ്ശേരി ഇളയമ്മറ രാജാവായിരുന്ന കാലം മുതൽ തൻെറ വിശ്വസ്തസേവനും സഹചാരിയും സ്വകാര്യസചിവനും ആയി ഇതുപര്യന്തം ജീവിച്ചു ധനധാന്യാദിയും പ്രതാപവും വേണ്ടുവോളം ആർജ്ജിച്ചു കുട്ടനാട്ടിലെ ഒരു ബാലകുബേരനായി ഭവിച്ചിരിക്കുന്ന നമ്പൂരിക്കു പെട്ടന്നനവെ സംഭവിച്ച റികല്പവും ജളതവും അനുസ്മരിച്ചു രാജാവു മനുഷ്യസ്വഭാവത്തിൻെറ സ്വാർത്ഥവും സങ്കുചിതവുമായ ചില ഗഹനവശങ്ങളെക്കുറിച്ചു ഗാഢാലോചന നടത്തി ചിന്താലീനനായിരുന്നു. നേരം ഈവിധം കുറേ അതിക്രമിച്ചു. അപ്പോഴേക്കു ഗ്രാമക്കാരായ ബ്രാഹ്മണർ, പടവന്ന വസ്തുതയറിഞ്ഞു ഭയാക്രാന്തരായി രാജാവിനെ മുഖം കാണിക്കുവാൻ വന്നുതുടങ്ങി. ആ ക്രൂട്ട

ത്തിൽ രാജാവിനേപ്പോലെ പ്രസന്നചിത്തരും പ്രശാന്തഗംഭീരരുമായ ഏതാനുംപേരുണ്ടായിരുന്നു. അവർ രാജാവിൻെറ സവിധത്തിൽതന്നെ യുദ്ധത്തിൻെറ പരിണാമം വരെ കഴിച്ചുകൂട്ടാമെന്നു് അഭിലഷിച്ചതിനെ അവിടുന്നു് അനുകൂലിച്ചു. ഭീതിയോ മനശ്ചാഞ്ചല്യമോ ഉള്ളവരൊക്കെ ക്ഷേത്രസങ്കേതത്തിൽ "സകുടുംബം അധിവസിച്ചുകൊള്ളുവാനും ആർദ്രചിത്തനായ അദ്ദേഹം കല്പനകൊടുത്തു."

രാജാവിൻെറ ധൈര്യവും പ്രശാന്തതയും പരിതസ്ഥിതികളാൽ അഭേദ്യമായിരുന്നു. സദ്യയും ചതുരംഗവും വിനോദങ്ങളും കൊട്ടാരത്തിൽ പതിവുപോലെ നടന്നുകൊണ്ടിരുന്നു. പിറേറന്നാൾ മുത്താഴം അമൃത്തു കഴിഞ്ഞു ചെമ്പകശ്ശേരിരാജാവു് ചതുരംഗവിഹാരത്തിൽ ഏപ്പെട്ടിരിക്കവേ, ഒരു പരിചാരകൻ സംഭ്രമവിവശനായി ഓടിക്കിതച്ചു വന്നു, അനൌപചാരികമായി ചതുരംഗശാലയിൽ പ്രവേശിച്ചു് ഇങ്ങനെ അറിയിച്ചു:—"പൊന്നുതമ്പുരാനേ! പട ഇങ്ങുവന്നുകഴിഞ്ഞു. രാമയ്യൻസാമിയും പടത്തലവന്മാരും ഇതാ ഇങ്ങോട്ടു വരുന്നു!"

രാജാ:—കരുമാടിയിൽ എന്തു വിശേഷം ഉണ്ടായി?

പരിചാര:—നേരം വെളുപ്പാകുംവരെ കോട്ടയെന്നു കരുതി അടുക്കാൻ മടിച്ചുനിന്നു. പീരങ്കികൾ ഉറപ്പിക്കാൻ താവളങ്ങൾ നോക്കി നേരം വെളുത്തപ്പോൾ പരമ്പുമറയുടെ പിറകിൽ നിന്നു ചെമ്പകശ്ശേരിക്കൊടി, ഒരു മുളങ്കാലൂരി ആരോ പൊക്കിപ്പിടിച്ചു. അതു കണ്ടു് അവരുടെ പട ആർപ്പുവിളിച്ചു തള്ളിക്കേറി; മറയും തകർത്തു. നമ്മുടെ പടയിൽ പലരും ചത്തു. ശേഷിച്ചവരൊക്കെ വാളും വില്ലും രാമയ്യൻസാമിയുടെ മുമ്പിൽ വച്ചു തൊഴുതു. ഇതാ സാമിയും മററും വന്നു കഴിഞ്ഞു.

ഇങ്ങനെ അറിയിച്ചു ഭൃത്യൻ പിൻവാങ്ങി. അപ്പോൾ തിരുവിതാംകൂറിലെ ഒരു സേനാപതിയാലനുഗതനായ

രാമയ്യൻ ചതുരംഗശാലയിൽ പ്രവേശിച്ചു രാജാവിനെ വന്ദിച്ചു. അനന്തരം അവിടെ കൂടിയിരുന്ന നമ്പൂരിമാരോടായിട്ടു മന്ത്രിപുംഗവൻ ഇങ്ങനെ പറഞ്ഞു:—"തിരുമനസ്സിലെ കല്പനയോടുകൂടി നിങ്ങൾക്കു ക്ഷേത്രത്തിലേക്കു പോകാം. ഞങ്ങൾക്ക് അല്പം ചില കാര്യങ്ങൾ രഹസ്യമായി സംസാരിക്കുവാനുണ്ടു്."

ഉടൻതന്നെ രാജാവ് ഇങ്ങനെ കല്പിച്ചു:—നമ്പൂരാർ ക്ഷേത്രസങ്കേതത്തിലേക്ക് പൊയ്ക്കൊള്ളാം. അവിടെ വൈഷമ്യം ഒന്നും ഉണ്ടാവില്ല."

രാമയ്യൻ മന്ദസ്മിതപൂർവം പറഞ്ഞു:—"വൈഷമ്യത്തിനു ഇവിടെ ആവശ്യമേ ഇല്ലല്ലോ. ആരുടെയും മുതലുകൾക്കോ ഒരു തലനാരിനെങ്കിലുമോ, ഹാനിവരുമെന്നു ശങ്കിക്കേണ്ട

നമ്പൂരിമാർ വിഷണ്ണഭാവത്തോടേ മന്ത്രശാല വിട്ടു ക്ഷേത്രവളപ്പിലേക്കുപോയി. അനന്തരംരാജാവു സ്വസ്ഥാനത്തു നിന്ന് എഴുനേററു് ഇങ്ങനെ കല്പിച്ചു:—"ഇനി എന്താ വേണ്ടതു്. വസ്തുതയൊക്കെ ഓതിക്കോൻെറ കുറികൊണ്ടു് അറിഞ്ഞില്ലേ."

രാമയ്യൻ:—എല്ലാം അറിഞ്ഞു. മേൽ വേണ്ടകാര്യങ്ങൾ അവിടത്തേ ഹിതംപോലെ.

രാജാ:—അതൊന്നും ഇവിടെ വച്ചു തീച്ചയാക്കുന്നതു ഭംഗിയല്ലല്ലോ. മഹാരാജാവു തിരുമനസ്സിലെ സന്നിധിയിലേക്കു തന്നെ പുറപ്പെടാം.

രാമയ്യൻ:— അങ്ങനെയാവാം. തിരുമനസ്സിലെ പള്ളിബോട്ടും ഞങ്ങളുടെ ആൾക്കാരും കടവിൽ തയ്യാറായിട്ടുണ്ടു്. കൂടെ അകമ്പടിക്കു വള്ളങ്ങളും ആൾക്കാരും ചട്ടമാക്കിക്കഴിഞ്ഞു.

രാജാ:—എന്നാൽ നമുക്കു് സ്വാമിദശനം കഴിച്ചു പുറപ്പെട്ടേക്കാം.

രാമയ്യൻ:—എന്നാൽ പുറപ്പെടാമല്ലൊ.

എന്നിപ്രകാരം രാമയ്യൻ പറഞ്ഞു നിൎത്തിയതോടു കൂടി രാജാവു് പുതിയ വസ്ത്രങ്ങൾ ധരിച്ചു യാത്രയ്ക്കു് ഒരുങ്ങി. അകമ്പടി സേവിക്കാൻ തിരുവിതാംകോട്ടു് പടയുടെ ഒരു ചെറിയ വിഭാഗവും സന്നദ്ധമായി.

---

## അദ്ധ്യായം ൧൮.

---

### പടയോട്ടം.

ചെമ്പകശ്ശേരിരാജ്യം തിരുവിതാംകോട്ടെയ്ക്കു് അധീനമായിത്തീൎന്നതിൻെറ മൂന്നാംനാൾ രാത്രിയിൽ തിരുവിതാംകോട്ടേപട പടലവിഭാഗങ്ങളായി കായൽമാൎഗ്ഗമായും കരവഴിയായും, കായംകുളത്തെ ആക്രമിച്ചു. അതൃത്തിദേശങ്ങളിൽ പലസ്ഥാനങ്ങളിലും ഭയങ്കരമായ പോർ നടന്നു. ഉഭയപക്ഷങ്ങളിലെയും സൈന്യങ്ങളിൽ അസംഖ്യം പടയാളികൾ ചത്തൊടുങ്ങി. വേണാട്ടുസൈന്യം കായംകുളംപടയുടെ അണി മുറിച്ചു, രാജ്യത്തിനുള്ളിൽ പ്രവേശിച്ചു, രാജസങ്കേതമായ എരുവയിൽകോട്ടയെ ലക്ഷ്യമാക്കി പ്രയാണംചെയ്തു കായംകുളംസേനകളേ ചാതുൎയ്യത്തോടെ അനുധാവനം ചെയ്തു. അശ്വാരൂഢനായി യുദ്ധരംഗത്തിൽ എത്തി, നിസ്തുലപ്രാഗത്ഭ്യത്തോടുകൂടി പ്രതിപക്ഷികളോടു പോരാടിയ കായംകുളം രാജാവിൻെറ ഗളപ്രദേശത്തു തിരുവിതാംകോട്ടുവക അശ്വസൈന്യത്തിൽ ഉൾപെട്ട ഒരു ഭടൻെറ അസിലത മിന്നൽപിണർ പോലെ പതിക്കുന്നതും, രക്തധാരയാൽ ശോണകഞ്ചുകിയായ രാജാവിനേയും വഹിച്ചുകൊണ്ടു്, ഉചിതജ്ഞനായ അശ്വരാജൻ തൻെറ സ്വാമിയെ കാത്തുകൊള്ളുവാൻ

കോട്ടയിലേക്കു വായുവേഗത്തോടുകൂടി പ്രയാണം ചെയ്യുന്നതും, ദൃഢവ്രതനായ എതിരാളി, സമവേഗത്തിൽ തന്റെ അശ്വത്തെ പിന്നാലെ ചോദനംചെയ്യിച്ച് അരചനെ അനുധാവനംചെയ്യുന്നതും, ഇരുഭാഗങ്ങളിലെയും യുദ്ധവീരന്മാർ പലരുംകണ്ടറിഞ്ഞു. പ്രാകാരത്തിനുള്ളിൽ ചെന്നെത്തുംമുൻപുതന്നെ, പ്രതിയോഗിയുടെ ഖഡ്ഗപ്രയോഗവൈഭവത്താൽ രാജാവും അശ്വവും ഗളച്ഛേദംസംഭവിച്ചു നിലംപതിക്കുന്ന ഭയാനകവും ബീഭത്സവുമായ രംഗം ആവിർഭവിച്ചു.

അരചൻ വീരസ്വർഗ്ഗം പ്രാപിച്ചതിനാൽ ലേശവും അസ്വാസ്ഥ്യം പടനിരയിലുണ്ടാകാതെ സേനാപതികൾ വേണ്ട കരുതലുകൾ ചെയ്തതിനാലും, അപ്രതീക്ഷിതമായി ഇളയരാജാവു രാജചിഹ്നങ്ങൾധരിച്ച്, അശ്വാരൂഢനായി പടയുടെ മുന്നണിയിൽ എത്തിയതിനാലും കായംകുളം പട പൂർവ്വാധികം ശൌര്യവും പരാക്രമവും കൈക്കൊണ്ടു, പോർ തുടങ്ങി. യുദ്ധത്തിന്റെ പ്രധാനരംഗം കോട്ടയുടെ പുരോഭാഗത്തു കേന്ദ്രീഭവിച്ചുവെങ്കിലും, തത്സമയംതന്നെ, കായംകുളംരാജകുടുംബത്തിന്റെ അധിവാസസ്ഥലങ്ങളായ മററക്കര, പനമ്പള്ളി, കൃഷ്ണപുരം എന്നീ കൊട്ടാരങ്ങളെയും തിരുവിതാംകൂർപടയുടെ ഓരോ വിഭാഗങ്ങൾ നിപുണമായി ആക്രമിച്ചു. രാമയ്യൻ, മല്ലൻനായിനാർ, കാളി അരത്തൻപിള്ള മുതലായ പ്രസിദ്ധയോദ്ധാക്കൾ ഏതുവിധത്തിലും കോട്ട കൈവശപ്പെടുത്തുവാനുള്ള ഉഗ്ര ശ്രമത്തിൽ സേനകളെ പ്രോത്സാഹിപ്പിച്ചും ഒത്താശകൾ നൽകിയും കൊണ്ടു നിന്നു. ത്രിവിക്രമൻഉണ്ണിത്താൻ രാമവാര്യർ, കൃഷ്ണവാര്യർ, അച്യുതവാര്യർ ആദിയായ പടത്തലവന്മാർ കായംകുളംപടയെ അന്യൂനമായ ചാതുര്യത്തോടേ നയിച്ചു. വീരവിക്രമൻ ഉണ്ണിത്താന്റെ അസാന്നിദ്ധ്യത്തിൽ കായം

കുളംപടയ്ക്കു പൊതുവിൽ അപരിമിതമായ ആശാഭംഗവും നൈരാശ്യവുമുണ്ടായിരുന്നു.

കോട്ടയുടെ ആക്രമണം പത്തുപതിനൊന്നു ദിവസത്തോളം നീണ്ടുനിന്നു. തിരുവിതാംകൂർസൈന്യം പ്രാകാരത്തിൻെറ പ്രവേശദ്വാരങ്ങളേ സമഗ്രമായി നിരോധിച്ചു നിന്നതിനാൽ, കോട്ടയ്ക്കകത്തു് കൊട്ടാരം ഭണ്ഡാരം ആദിയായ സ്ഥാപനങ്ങളേ സംരക്ഷിച്ചും, പ്രതിപക്ഷികളെ സധൈര്യം രോധിച്ചുംനിന്ന പടയ്ക്കു, വേണ്ട ആഹാരാദിസംഭാരങ്ങൾ പുറമേ നിന്നു് എത്തിച്ചു കൊടുക്കുവാൻ കായംകുളം സേനാധിപന്മാക്കു കഴിവില്ലാതെ ചമഞ്ഞു. രാജധാനിയുടെ പരിസരപ്രദേശങ്ങളിലും യുദ്ധം നടന്നുകൊണ്ടിരുന്നു. കായലോരവും കായംകുളത്തേക്കുള്ള ഇതര മാൎഗ്ഗങ്ങളും, തിരുവിതാംകൂർ സേനാവിഭാഗങ്ങൾ കൌശലത്തോടെ കാത്തുനിന്നതിനാൽ, ശത്രുവിൻെറ സഹായാൎത്ഥം, ഇതരദേശങ്ങളിൽ നിന്നു വിശേഷാൽ പടയും, ആയുധസാമഗ്രികളും, കൊണ്ടുവരപ്പെടുവാനും നിർവ്വാഹമില്ലാതെ ഭവിച്ചു. യമകിങ്കരന്മാരെപ്പോലെ ഭീമാകാരന്മാരും, 'വിദേശവസ്ത്രധാരികളുമായ ഒരു കൂട്ടം അശ്വഭടന്മാർ യുദ്ധരംഗങ്ങളിൽ ആകമാനം ചുററിയോടിച്ചു തിരുവിതാംകൂർ പടയുടെ പക്ഷം നിന്നു്, അത്ഭുതവിക്രമപരാക്രമത്തോടുകൂടി ശത്രുസേനകളെ വെട്ടിഅരിഞ്ഞും, വെടിവച്ചു വീഴ്ത്തിയും കുന്തത്താൽ കുത്തിമറിച്ചും, ഭുജബലം പ്രദശിപ്പിച്ചുകൊണ്ടിരുന്നു. ആ അശ്വഭടസംഘത്തിൽ ഇരുപതു് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ ഉത്തരഭാരതീയരും യൂറോപ്യന്മാരും ഉൾപ്പെട്ടിരുന്നു. ഗോവിന്ദദാസും, ചെമ്പൻതാടിയും മീശയും ഉള്ള യുവാവായ ഒരു ധ്വരയുമായിരുന്നു, ആ ചെറുസൈന്യത്തിൻെറ നേതാക്കൾ.

കായംകുളംകോട്ടയ്ക്കകത്തു് അകപ്പെട്ടിരുന്ന പടയും ജനങ്ങളും ആഹാരക്കുറവും കായക്ലേശവും പ്രാണഭീതിയും നിമിത്തം ജീവച്ഛവങ്ങളായി ദിനരാത്രങ്ങൾ നയിച്ചു. ഇങ്ങനെ ഇരിക്കെ ഒരു പ്രഭാതത്തിൽ കോട്ടയുടെ അസ്ഥിവാരം ഇളകിമറിഞ്ഞു, മേഘനിർഘോഷരവംപോലെ ഭീകരമായ ഒരു ധ്വനിയോടുകൂടി നിലംപതിച്ചു. തിരുവിതാംകൂർപടയുടെ തുരങ്കപ്രയോഗത്തിലുള്ള വൈദഗ്ദ്ധ്യം, പ്രതിപക്ഷികൾക്കു പൊടുന്നനെ ബോദ്ധ്യപ്പെട്ടു. ഭഞ്ജനംചെയ്യപ്പെട്ടപ്രാകാരത്തിൽക്കൂടി തിരുവിതാംകൂർപട ജയഘോഷംപുറപ്പെടുവിച്ചു കോട്ടയ്ക്കകത്തേക്കു കടന്നു. ആ സന്ദർഭത്തിൽ കായങ്കുളം സേനകൾ വൈരാഗ്യഭരിതരായി അവസാനശ്രമം നടത്തി; സർവ്വശക്തികളും ഉൾക്കൊണ്ടു് അവർ നടത്തിയ ആ തീവ്രയത്നത്തിന്റെ ഫലമായി, നിരവധി കബന്ധങ്ങളാൽ രണാങ്കണം ആവരണം ചെയ്യപ്പെട്ടു. കൈയ്യറ്റും, കാൽമുറിഞ്ഞും, തലമറിഞ്ഞും, മാറുപിളന്നും, ചോരയിലാണ്ടും, ഭൂമിയിൽവീണുരുണ്ടും, പ്രാണഗതി മുട്ടിപ്പിടച്ചും, ദീനസ്വരംകൊണ്ടും, വികൃതരൂപികളായിച്ചമഞ്ഞു് എരിപൊരികൊള്ളുന്ന അനേകായിരം നിർഭാഗ്യവാന്മാരുടെ അന്തിമയാത്രാശ്രമം, കായങ്കുളംകോട്ടയുടെ ക്ഷുഭിതയായ രാജ്യലക്ഷ്മി നടത്തുവാൻ ആരംഭിച്ച അന്ത്യനിർഗ്ഗമനത്തിനുള്ള അകമ്പടിസേവനമായി പരിണമിച്ചു. ആ രാജലക്ഷ്മിയോടൊന്നിച്ചുതന്നെ കായങ്കുളംരാജാവും കുടുംബത്തിൽ ശേഷിച്ച ഏകരാജസ്ത്രീയും പ്രച്ഛന്നരായി ദേശാന്തരഗമനം നടത്തിയെന്നുള്ള ഒരു ശ്രുതി ഇതിനകം രാജധാനിയിൽ പരന്നു. ജീവനോടെ ശേഷിച്ച പടയാളികളും പടത്തലവന്മാരും ആയുധം വച്ചു കീഴടങ്ങി.

ത്രിവിക്രമൻഉണ്ണിത്താൻരണാങ്കണത്തിൽവച്ചുതന്നെ വീരസ്വർഗ്ഗംപ്രാപിച്ചു. ക്ഷുദ്രഹൃദയനായ മല്ലൻപിള്ളയു

ടെ വ്യാമോഹങ്ങൾക്കും, ജുഗുപ്സാവഹങ്ങളായ കർമ്മങ്ങൾക്കും, യുദ്ധക്കളത്തിൽവച്ചുതന്നെ ശാശ്വതമായ അവസാനം സംഭവിച്ചു; യജമാനനായ ഉണ്ണിത്താന്റെ പാർശ്വത്തിൽതന്നെ കർമ്മചതുരനായ അയാൾ ഭൂസമ്പർക്കം ഏറ്റു കിടന്നു നിരന്തരവിശ്രമം അനുഭവിക്കുന്നു.

പടനിലച്ചശേഷം രാമയ്യൻ സ്വന്തകൈനിലയിൽ എത്തി, കായംകുളംരാജ്യത്തു സമാധാനപരിപാലനം സംബന്ധിച്ചും മററും, താൽക്കാലികമായി ചെയ്യപ്പെടേണ്ട വ്യവസ്ഥകളെക്കുറിച്ചു സേനാപതികളുമായി കൂടിയാലോചന നടത്തുകയായിരുന്നു. ആ സന്ദർഭത്തിൽ ഒരു ഭടൻ വന്നു് ഇങ്ങനെ അറിയിച്ചു:—"കോട്ടയ്ക്കകത്തു കൊളത്തിൽ വെള്ളംകണ്ടു. മൊലനീർവെള്ളം വന്നുകഴിഞ്ഞു."

രാമയ്യൻ:—നീ പോയി, ഞാൻ ഇപ്പോൾവരുമെന്നു് അവിടെ നില്ക്കുന്ന പടത്തലവനോടു പറയു.

ഭടൻ പോയശേഷം ആ സേനാധിപനായ മന്ത്രിവര്യൻ മല്ലൻനായനാരെ വിളിച്ചു്, തന്നെപ്പോലെ ദൃഢവ്രതനായ ആ യോദ്ധാവിന്റെ ഇരുകരങ്ങളും സ്വകരങ്ങളാൽ ഗ്രഹിച്ചുകൊണ്ടുപറഞ്ഞു:—"നായനാരെ! കുളിക്കാൻ ഒരുങ്ങിക്കൊള്ളു. കുളത്തിൽ പുതുവെള്ളം വന്നു നിറഞ്ഞിരിക്കുന്നു."

മല്ലൻ:—എന്നാൽ സ്വാമിതന്നെ ആദ്യം ദീക്ഷകളഞ്ഞു കുളി കഴിച്ചാട്ടെ. പിറകേ ഞാനും ഒണ്ടു്.

രാമയ്യൻ:—ഉപവാസംകൊണ്ടു നമുക്കു രണ്ടാൾക്കും ക്ഷീണം നന്നാ ഉണ്ടു്. കാര്യഗൌരവംനിമിത്തം അതു് ഇതുവരെ തോന്നിയേ ഇല്ല.

മല്ലൻ:—പൊന്നുതമ്പുരാന്റെ കാര്യമല്ലേ? പത്മനാഭൻ അവിടത്തെവിളിപ്പുറത്തൊണ്ടു്. അനന്തന്റെമേത്തു കിടക്കുന്ന ആമൂപ്പീന്നിന്റെ കൃപകൊണ്ടു, മേലിലും ഇതിനേക്കാൾ വലിയ കാര്യങ്ങൾ സാധിക്കും. സംശയമില്ല.

ഈ സന്ദർഭത്തിൽ ഗോവിന്ദദാസും സഹചരനായ ധരയുംകൂടി അവിടെ വന്നുചേൎന്നു. അഭ്യാഗതരായ ആ വീരപുരുഷന്മാരോടു രാമയ്യൻ ഇങ്ങനെപറഞ്ഞു:—"രണ്ടു പേരുടേയും പോക്കളത്തിലുള്ള ഉശിരും തന്റേടവും ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. നിങ്ങളുടെ പ്രച്ഛന്നവേഷം കൈവെടിയുവാൻ ഇനി കാലമായിരിക്കുന്നു ഗോവിന്ദദാസരേ! നിങ്ങൾ അത്ഭുതപ്പെടുകയായിരിക്കും. നിങ്ങൾ പല കൃത്രിമരൂപങ്ങളും വേഷങ്ങളും സ്വീകരിച്ചു നമ്മുടെ പൊന്നുതമ്പുരാനെ സേവിച്ചു; പടയേ സഹായിച്ചു; ഇത്ര വിരുതനായ നിങ്ങൾ ഇന്നാരെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ടാണ് ഇതുവരെ കഴിച്ചതു്; നിങ്ങൾ ഈവിധം കഴിച്ചുകൂട്ടിയതിനും തക്കതായ കാരണമുണ്ടെന്നും എനിക്കറിയാം. നിങ്ങളേക്കാൾ ചാരതന്ത്രം ഏറിയ മറ്റൊരാൾ പൊന്നുതമ്പുരാനുണ്ടു്. അതു മറ്റാരുമല്ല; നമ്മുടെ എളയ തിരുമനസ്സുകൊണ്ടുതന്നെ. ഗോവിന്ദദാസ്സ വിനീതനായി രാമയ്യനെവണങ്ങി. അപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു: "അതുകൊണ്ടു മാതുപിള്ളേ! നിങ്ങളേ ഈ ദേശത്തെകാൎയ്യക്കാരനായി നിയമിച്ചു നീട്ടുതരാൻ തിരുമനസ്സുകൊണ്ടു കല്പനയായിട്ടുണ്ടു്. നിങ്ങളുടെ അമ്മാവന്റെ കുട്ടികൾ ചെറുപ്പക്കാർ രണ്ടുപേരുണ്ടല്ലോ, നമ്മുടെ മല്ലൻനായനാരെയുംമററും വിടുവിക്കാൻ നിങ്ങൾക്കു് ഒത്താശചെയ്തവർ; അവരെ നിങ്ങളുടെ കീഴ് വരുതിയിൽ കായങ്കുളം വടക്കും തെക്കും ഉപദേശവഴികളിലെ കാൎയ്യക്കാരന്മാരായും പതിക്കുവാൻകല്പനവന്നിട്ടുണ്ടു്. ശരിയായസമാധാനം ഇവിടെ സ്ഥാപിക്കുന്നതുവരെ നമ്മുടെ ഒരു പടകൂടെ ഇവിടെ പാളയംകെട്ടികിടക്കും. മറേറപ്പോൾട്ടുകൾ പിന്നാലെ ചെയ്യാം. ഗോവിന്ദദാസു വിസ്മയാവിഷ്ടനായും പുളകാഞ്ചിതശരീരനായും പറഞ്ഞു:—"എല്ലാം പൊന്നുതമ്പുരാന്റെ തിരുവുള്ളം സ്വാമിയുടെ കൃപ."

ഏതാദൃശഭാഷണങ്ങൾ ശ്രവിച്ച് ആശ്ചയ്യപരതന്ത്രനായി നിലകൊള്ളുന്ന ധാരയെ നോക്കി മന്ത്രി ഇങ്ങനെ പറഞ്ഞു:—"കൊച്ചുണ്ണിത്താനും ചാരതന്ത്രത്തിൽ ഒട്ടും പിറകിലല്ല. ഈ വേഷത്തിൽ ആക്കും ഒരു സംശയവും തോന്നിയിട്ടില്ല. ഈ നാടുവിട്ടു, തിരുവിതാംകോട്ടു ചേൎന്ന ശേഷം വീട്ടിലെ കഥ മാത്രം ഒന്നും അറിഞ്ഞിരിക്കയില്ല.

ധാര:—സ്വാമി! ആ വക അന്വേഷിക്കാൻ തീരെ എട കിട്ടിയില്ല.

രാമയ്യൻ:—ഞാൻ പറയാം. കേട്ടുകൊള്ളു. വലിയ ഉണ്ണിത്താനും, കായങ്കുളംരാജാവുംകൂടി ആലോചിച്ചു വീരളംവക സ്വത്തുക്കൾ കണ്ടുകെട്ടാനും, മററു അതിക്രമിങ്ങൾ ചെയ്യാനും തീരുമാനിച്ചു. ഈ വൎത്തമാനം നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു ചാരന്മാർ മുഖേന അറിഞ്ഞു—ഈ ഗോവിന്ദദാസു മുഖാന്തരംതന്നെ കൊച്ചുണ്ണിത്താൻെറ അമ്മയെയും സഹോദരിമാരെയും കിടാങ്ങളെയുംഒക്കെ, ചെമ്പകശ്ശേരിയിലേക്കു മാററിപ്പാൎപ്പിച്ചിരിക്കുന്നു. ഇവിടെയുള്ളതിൽ ഉപരിയായ സ്ഥാനമാനങ്ങളും വസ്തുവകകളും അവിടെ തരുവിക്കാൻ കല്പനയായിട്ടുണ്ടു്. ഉണ്ണിത്താനെ ചെമ്പകശ്ശേരിയിലെ വലിയ കാൎയ്യക്കാരായും നിയമിച്ചു നീട്ടു തുല്യംചാൎത്തി അയച്ചിരുന്നു. ഈ യുദ്ധം നിലച്ചിട്ടു് ഈ വസ്തുത അറിയിച്ചാൽ മതിയെന്നായിരുന്നു കല്പന. ശ്രീവീരമാൎത്താണ്ഡവൎമ്മ മഹാരാജാവിൻെറ ആശ്രിതവാത്സല്യം ലോകപ്രസിദ്ധമാണു്. ധാരവേഷധാരിയായ വീരവിക്രമൻഉണ്ണിത്താൻ രാമയ്യനെതൊഴുതു് ഇങ്ങനെ പറഞ്ഞു:—"പൊന്നുതമ്പുരാൻ നീണാൾ വാഴട്ടെ."

ഇതുകൊണ്ടുതന്നെയായില്ല. ഇനി ഒരു ഭാരംകൂടി നിൎവഹിക്കാൻ തിരുമനസ്സുകൊണ്ടു് എന്നോടു ആജ്ഞാ

പിച്ചിട്ടുണ്ടു്. തെക്കംക്കൂർഎളയ രാജാവും മററം തിരിച്ചെഴുന്നള്ളുംമുമ്പു് ഒരു വാരത്തിനകം എളയിടത്തുസ്വരൂപംവരെ നമുക്കു ഒരുമിച്ചു യാത്രചെയ്യാം. ആ വയസ്സൻ സന്യാസി അവിടെ ഉണ്ടല്ലൊ. ഒരു മംഗളകർമ്മം സന്യാസിയേയും നിങ്ങളെയും ഉൾപ്പെടുത്തി നടത്തിക്കാനുണ്ടു്.

എന്നിങ്ങനെ പറഞ്ഞു രാമയ്യൻ അർത്ഥഗർഭമായി ധാരയുടെ മുഖത്തു ഒന്നുനോക്കി മന്ദസ്മിതംതൂകി.

അനന്തരം ഈ സംഭാഷണഗതി ആദ്യന്തം ശ്രദ്ധാപൂർവ്വം ശ്രവിച്ചു, വിസ്മയവിമൂഢനായിത്തീർന്ന മല്ലൻനായനാരോടായിട്ടു രാമയ്യൻ ഇങ്ങനെ തുടൎന്നു:—"എന്താടാ നായിനാരേ! നമ്മുടെ ഭാഗത്തേക്കു കിട്ടിയ കൂട്ടുകാർ പൊല്ലാത്തവീരന്മാർ തന്നെ! അതിനുണ്ടോ സന്ദേഹം."

മല്ലൻ:—കുട്ടികളെങ്കിലും പൊല്ലാത്ത ആസ്സാമികൾ തന്നെ സാമീ! ഇനി കുളിക്കാൻ പോകാം സാമീ! വാളൊക്കെ കഴുകി വൃത്തിയാക്കണം. പണ്ടേ ഉന്നിയ ആളിൻെറ നെണം ഒണങ്ങിയതു ഒക്കെ ചേത്തു തിലകം ഒരുക്കി വയ്ക്കാൻ ചെറുക്കനോടു ശട്ടംകെട്ടീട്ടുമൊണ്ടു്.

"എനിക്കാണു വലിയ വൈരാഗ്യബുദ്ധിയെന്നു് ആളുകൾ പറയുന്നതു കേട്ടിട്ടുണ്ടു്. എന്നാൽ മല്ലൻനായനാരുടെ ചാണക്യതന്ത്രമാണേ ഭയങ്കരം!"

എന്നിങ്ങനെ പറഞ്ഞ രാമയ്യരുടെ വിശ്രുതമായ "വാപീനിർമ്മാണവും സ്നാനവും" യുദ്ധപരിണാമകർമ്മം നിർവ്വഹിക്കുവാൻ,-രുധിരപങ്കിലിതമായ ഖഡ്ഗവുംകരമുഷ്ടിയിലേന്തി, രാമയ്യനും മല്ലൻനായനാരും പുറപ്പെട്ടു

---

## അദ്ധ്യായം ൧൯.

---

### ഹോമശാലയിലെ ഭൂകമ്പം.

കായംകുളംയുദ്ധം പൎയ്യവസാനിച്ചതിന്റെ തലേനാൾ സംഭവിച്ച സംഗതികളാണു് ഈ അദ്ധ്യായത്തിന്റെ പ്രധാനവിഷയം.

യുദ്ധം ആരംഭിക്കുന്നതിനു് ഉദ്ദേശം ആറുമാസം മുൻപു ദിവ്യനായ ഒരു മഹാരാഷ്ട്ര യതി കായംകുളംരാജധാനിയിൽ, എവിടെ നിന്നോ വന്നുകൂടി. അദ്ദേഹം ഭവാനീഭക്തനാണെന്നു, ശക്തിപൂജാതല്പരരായ രാജാവിനും രാജകുടുംബത്തിലെ മററംഗങ്ങൾക്കും അറിയുവാൻ ഇടയായതു നിമിത്തം സന്ന്യാസിക്കു നിഷ്പ്രയാസം കൊട്ടാരത്തിൽ പ്രവേശം ലഭിച്ചു. ഉഗ്രനായ ഒരു ശാക്തേയനെന്നു മാത്രമല്ല, പ്രാണായാമവൈഭവത്താൽ പലേ അത്ഭുതകൎമ്മങ്ങളും ചെയ്വാൻകൂടി അദ്ദേഹം വിദഗ്ദ്ധനാണെന്നു രാജാവു് ആദിയായവൎക്കു് അചിരേണ ബോദ്ധ്യം വന്നു. വായുസ്തംഭം, ജലസ്തംഭം, അഗ്നിസ്തംഭം, കൂടുവിട്ടുകൂടുമാററം, മൎമ്മവിദ്യ, വെട്ടു്, തട, കഠാരി, ഖഡ്ഗം മുതലായ ആയുധങ്ങൾകൊണ്ടുള്ള അസാധാരണയുദ്ധമുറകൾ എന്നിത്യാദി വിസ്മയജനകങ്ങളായ വിജ്ഞാനപ്രദൎശനങ്ങൾ നടത്തി രാജകുടുംബത്തിലുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും അയസ്സിനെ കാന്തസൂചി എന്നപോലെ ബലാൽ സ്വപക്ഷത്തേക്കു് ആകൎഷിച്ചു ശിഷ്യഗണത്തിൽ ചേൎത്തു, രാജഗൃഹപരിധിക്കുള്ളിൽ സൎവ്വപ്രതാപിയായി ജീവിക്കുവാൻ ആ യതിശ്രേഷ്ഠനു സാധിച്ചു. തിരുവിതാംകൂറുമായി സമരം ആസന്നമെന്നു നിൎണ്ണയിച്ചതോടുകൂടി, നാടുവാഴിയേയും, ഇളമുറക്കാരേയും, തമ്പുരാട്ടിമാരെപ്പോലും തനിക്കു

വശമുള്ള അസുലഭവിദ്യകൾ ഗൂഢമായി വശമാക്കുന്നതിൽ യതിവൎയ്യൻ കുതൂഹലചിത്തരായിരുന്നതുപോലെ, അവ അത്യുത്തമനായ ഗുരുവിന്റെ സന്നിധിയിൽനിന്നു് ഗൂഢമായി അഭ്യസിക്കുന്ന വിഷയത്തിൽ രാജകീയശിഷ്യഗണവും അപരിമിതമായ ഔത്സുക്യം പ്രദൎശിപ്പിച്ചുപോന്നു. ഏതാദൃശങ്ങളായ പ്രവൎത്തനങ്ങൾക്കു പുറമേ വിശാജി റാവു് എന്ന അഭിധാനത്താൽ അറിയപ്പെടുന്ന ആ മഹാരാഷ്ട്രബ്രാഹ്മണസന്യാസിയുടെ മേൽനോട്ടത്തിൽ കൃഷ്ണപുരത്തു കൊട്ടാരത്തിലെ ഗൂഢമായ ഒരു മുറിയിൽവച്ചു, നിത്യവും ശത്രുസംഹാരഹോമം എന്നൊരു ഉഗ്രകൎമ്മം അനുഷ്ഠിക്കുവാൻ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. പോരിൽ എതൃകക്ഷിക്കു നാനാമുഖങ്ങളായ നാശങ്ങളും പരാജയവും സംഭവിക്കുവാൻ പ്രസ്തുതഹോമം പൎയ്യാപ്തമായിരിക്കുമെന്നുള്ള ഗുരുവിന്റെ വിധി ശിരസാവഹിച്ചു. കായംകുളംരാജാവു നിത്യവും രാത്രിയിൽ രണ്ടാംയാമം മുതൽ മൂന്നാംയാമത്തിന്റെ അന്ത്യംവരെ, വിവിധങ്ങളായ ഭക്ഷ്യസാധനങ്ങളും, ജീവികളെപ്പോലും ആഹുതിയിൽ അൎപ്പിച്ചു ഹോമകൎമ്മം നടത്തിവന്നു. താമസരൂപത്തിലുള്ള ശക്തി പൂജാസൎവ്വവിധ ചടങ്ങുകളോടുകൂടി യഥാകാലങ്ങളിൽ ആചരിക്കുകയെന്നുള്ളതും രാജാവിന്റെ നിത്യജീവിതക്രമത്തിൽ ഉൾപ്പെട്ടിരുന്നു. വിശാജിറാവുവിന്റെ ഉപദേശത്തിലും, ആഭിമുഖ്യത്തിലും, രാജാവിന്റെയും ഇളയമുറ സഹോദരന്റെയും വാത്സല്യഭാജനമായ അഹല്യത്തമ്പുരാട്ടിയെന്നു വിശ്രുതയായ ഇളയസഹോദരിയുടെ പരിചരണസഹകരങ്ങളോടുകൂടിയും, നിൎവ്വിഘ്നം സാധിക്കപ്പെട്ടുപോന്ന ഈദൃശ്യങ്ങളായ നിശാകൎമ്മങ്ങൾക്കു, പടക്കളത്തിൽവച്ചു രാജാവു വീരസ്വൎഗ്ഗം പ്രാപിച്ചതോടുകൂടി അറുതിവരുമെന്നു് അരമനരഹസ്യങ്ങളുമായി അടുത്തിട

പെട്ട പഴക്കമുള്ള ചില സേവപ്രമാണികൾക്ക് ഉണ്ടായ പ്രതീക്ഷ, അസ്ഥാനത്തായിരുന്നുവെന്ന് അനന്തരചൎയ്യാഗതിയാൽ വ്യക്തമായി ഭവിച്ചു. രാജാവിനു യുദ്ധമദ്ധ്യേ മൃത്യുസംഭവിച്ച ദിവസം രാത്രി വിശപജിറാവുവിന്റെ സാന്നിദ്ധ്യം കൃഷ്ണപുരം ഹോമശാലയിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇളയരാജാവു രാജ്യഭാരംഏറ്റതിന്റെ പിറേറ ദിവസം ഗുരു, ശിഷ്യന്റെ സവിധത്തിലെത്തി ഇങ്ങനെ അരുളിച്ചെയ്തു:—"സോദരന്റെ മരണംകൊണ്ടു വലിയ ആപത്തുനീങ്ങിയിരിക്കുന്നു. ഇക്കാലം ഹോമകൎമ്മം മുടങ്ങിപ്പോയിരിക്കും."

രാജാ:—ആ ശൂലം ആയിരുന്നുവല്ലൊ. അശുദ്ധി നീങ്ങിയിട്ട് വീണ്ടും തുടങ്ങാമെന്നു കരുതിയിരുന്നു. അവിടത്തെ പെട്ടെന്നു കാണാനില്ലാതെയുമായി.

വിശപജിറാവു അലക്ഷ്യമായി ചിരിച്ചുകൊണ്ടു പറഞ്ഞു:—"നിങ്ങൾ രാജാക്കന്മാർ! ഞങ്ങൾ സാധുക്കൾ! ഞങ്ങളുടെ മനോഗതി നിങ്ങൾ എങ്ങനെ അറിയും? വലിയരാജാവു പടക്കളത്തിൽവച്ചു അന്തരിച്ച ദിവസം മുതൽ അൎദ്ധരാത്രിക്കു നാം ശ്മശാനത്തിൽ ഒരു ഉഗ്രകൎമ്മം നടത്തുകയായിരുന്നു. ഗ്രഹപ്പിഴകൾ ഒക്കെ നീങ്ങി. ആ ശൂലം തീരുംവരെ നാംതന്നെ ഹോമം നടത്താം. അശുദ്ധിയുള്ള നിങ്ങളാരും ഹോമപ്പുരയുടെ സമീപംപോലും വരരുത്. ഹോമധൂമംപോലും ഏല്ക്കാൻ ഇടയാകരുത്. അശുദ്ധി നീങ്ങിയാലുടൻ അങ്ങും, കൊച്ചുതമ്പുരാട്ടിയും കൂടി ഹോമശാലയിൽവന്നു കൎമ്മം തുടരണം.

രാജാ:—അങ്ങനെതന്നെയാവട്ടെ. അവിടത്തെ കൃപയാൽ ഞങ്ങൾ അനുഗ്രഹീതർ.

വിശ:—ആ ശൂലം തീരുന്നദിവസം രാത്രിയിൽ ഹോമത്തിന്റെ ചുമതല നിങ്ങളെ രണ്ടുപേരെയും ഏല്പി

ച്ചിട്ട നാം ശ്മശാനകർമ്മപരിപൂർത്തിയ്ക്കായിപ്പോകും അന്ന തിരിച്ച വരുകയില്ല. നാം ഇച്ഛിക്കുന്നതുപോലെ പരിചരണത്തിനും മററുമായി, ഈ കൊട്ടാരത്തിലെ ശേവുകക്കാരിൽ ചിലരെക്കൂടെ നമ്മോടൊന്നിച്ച് അയക്കേണ്ടിവരും.

"സ്വാമീ! എല്ലാം അവിടത്തെ അഭിമതംപോലെ ചെയ്യാം" എന്ന രാജാവു കല്പിച്ചു.

യുദ്ധത്തിൽ അന്തരിച്ചുപോയ വലിയരാജാവിൻെറ പുണ്യാഹം കഴിഞ്ഞ ദിവസം നേരത്തേ തന്നെ, ഹോമത്തിന്ന വേണ്ട സജ്ജീകരണങ്ങൾ ചെയ്തശേഷം വിശ്വജിദാവു, കൊട്ടാരത്തിൽ സാധാരണമായി, തൻെറ പൂജാകാലങ്ങളിൽ തവണനിന്ന പോന്ന രണ്ടുശേവുകക്കാരെയും കൊണ്ടു ശ്മശാനത്തിലേക്ക യാത്രതിരിച്ചു.

രാത്രിയിൽ ആദ്യയാമത്തിൻെറ അന്തിമഘട്ടത്തിൽ തന്നെ, സർവാഭരണവിഭൂഷിതയും വിശിഷ്ടവസ്ത്രലേപനതിലകാദികളാൽ നൈസ്സൎഗ്ഗികസൌന്ദൎയ്യവിലാസത്തിന്നും അതീതമായ ലാവണ്യദീപ്തിയാൽ പരിവേഷ്ടിതയുമായ അഹല്യത്തമ്പുരാട്ടി രാജാവിനാൽ അനുഗതയായി ഹോമശാലയിൽ പ്രവേശിച്ചു. യഥാവിധി പൂജയുടെ ചടങ്ങുകൾ ആരംഭിച്ചശേഷം സജ്ജീകൃതമായിരുന്ന ഹോമകുണ്ഡത്തിൽ അഗ്നി ജ്വലിപ്പിച്ചു, ശത്രുസംഹാരമഹായാഗം ദീക്ഷിക്കുവാൻ രാജാവു ഉദ്യമിച്ചു.

അന്നത്തേ ചടങ്ങുകളും സംഭാരങ്ങളും പതിവിൽ കവിഞ്ഞുവയായിരുന്നു. ഏഴുതിരികൾ വീതം കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നശോഭായമാനങ്ങളായ അഞ്ചു വലിയ വെള്ളി വിളക്കുകൾ നിരത്തി, അവയിൽ നടുനായകദീപത്തിൻെറ പാദപ്രദേശം, അരിപ്പൊടി, കരിപ്പൊടി, മഞ്ഞപ്പൊടി, വാകപ്പൊടി, അരത്തപ്പൊടി എന്നീ പഞ്ചവൎണ്ണധൂളീസാധനങ്ങളാൽ രൂപീകൃതമായ സുദൎശനചക്ര

രൂപത്താലും പാർശ്വാദിപപാദങ്ങൾ നാനാവർണ്ണാങ്കിതമായ പത്മാകൃതിയാലും പരിവേഷ്ടിതമാക്കപ്പെട്ടിരുന്നു. ഗണപതി സ്ഥാനത്തു കുത്തിക്കൊണ്ടിരിക്കുന്ന കോമളമായ ചെറിയ സ്വർണ്ണവിളക്കിന്നു സമീപം ഫലപൂപാദികൾ ഒരു ചെറിയ തൂശൻവാഴയിലയിൽ ക്രമപ്പെടുത്തി വച്ചിരിക്കുന്നു. അർച്ചനയ്ക്കു യോഗ്യമാക്കപ്പെട്ടിട്ടുള്ള ചെമ്പരത്തി, ചെത്തി ആദിയായ ശോണപുഷ്പങ്ങൾ വലുതായ ഒരു വെള്ളിത്താലത്തിൽ, പൂജകന്റെ ആസനമായ ആവണിപ്പലകയ്ക്കും നായകദീപത്തിന്നും ഇടയ്ക്കായി വച്ചിട്ടുണ്ടു്. രജതനിർമ്മിതങ്ങളായ പൂജാപാത്രങ്ങളും ധൂപവാഹികളും, യഥാസ്ഥാനങ്ങളിൽ സജ്ജീകരിച്ചിരിക്കുന്നു.

ഷഡ്കോണാകാരമായ ഹോമകുണ്ഡത്തിന്നു കോണോടുകോൺ ആകെ ഇരുപത്തൊന്നടി പരിധിയും വിസ്താരത്തിന്നനുരൂപമായ ആഴവും ഉള്ളതാണു്. പ്രസ്തുത ഹോമതടത്തിൽ, സ്തംഭനമന്ത്രം ഷോഡശമാവർത്തിച്ചു സീസപലകത്തിൽ ലേഖനം ചെയ്തു, സാദ്ധ്യനാമവും ചേർത്തു നിക്ഷിപ്തമാക്കി, അതിന്മീതെ ഒരംഗുലം ഘനത്തിൽ മണ്ണിട്ടു ശുദ്ധിവരുത്തി, ദീപപുഷ്പാദികളാൽ ആരാധിച്ചു്, ഉച്ചാടനമന്ത്രം യഥാവിധി ഉരുക്കഴിച്ചു, സാദ്ധ്യം നിരുപിച്ചു, കാഞ്ഞിരപ്പലകകൊണ്ടു ചമച്ച പ്രതിമ ശുദ്ധി ചെയ്തു മന്ത്രജപസംയുതം സ്ഥാപിച്ചു്, അതിന്നുപരി ഒരു മുഴം മണ്ണിട്ടു പൊക്കി കാഞ്ഞിരപ്പലക പാകി, ആരു കൊണ്ടു അടക്കം ചെയ്തു, ഒരു ചാൺഘനത്തിൽ മണ്ണിട്ടു മൂടി വിരചിതമായതത്രെ, ഈ ഷഡ്കോണചക്രമെന്നു വിശ്വജിറാവുസ്വാമിയാർ യാത്രയാകും മുൻപു രാജാവിനോടു് ഉണർത്തിച്ചിട്ടുമുണ്ടു്. കോണങ്ങളിൽ മന്ത്രം എഴുതി മീതേ ദർഭവിരിച്ചു. മേലരികൊണ്ടു കുണ്ഡം ചമച്ചു, പന്തം കൊളുത്തി വീതിഹോത്രനേ ജ്വലിപ്പിച്ചു, രാജാവു കർമ്മവിധികൾ ആചരിച്ചുകൊണ്ടിരിക്കവെ ഘൃതം തിലരസം

ആദിയായ തൈലസാധനങ്ങൾ, മേലരിതുടങ്ങിയഇന്ധന വിഭവങ്ങൾ, വിവിധദന്തങ്ങൾ, നാനാമൃഗചർമ്മങ്ങൾ, ഉണ്ടശക്കര, കൊട്ടത്തേങ്ങ, ചവററരി, പാൽപ്പായസം, കരിമ്പായസം, പൂപം, മലർ എന്നിത്യാദി ഭോജ്യങ്ങൾ എന്നിങ്ങനെ നാനാപ്രകാരങ്ങളായ ഹോമദ്രവ്യങ്ങൾ, യഥാവസരം, അഹല്യത്തമ്പുരാട്ടി ഹോതാവിൻെറ സവിധത്തിൽ എത്തിച്ചുകൊടുത്തുകൊണ്ടു, കാത്തുനിൽക്കുകയായിരുന്നു. രക്തവർണ്ണമുള്ള അംശുകത്താൽ ആച്ഛാദിതമായ പീഠത്തിൽ വയ്ക്കപ്പെട്ടിരുന്ന ചണ്ഡദീപ്തമായ മഹാഖഡ്ഗത്തിൻെറ സാന്നിദ്ധ്യം ധൂമാവൃതമായ വസ്തുതരംഗത്തിൻെറ ഭയാനകതയെ വർദ്ധമാനമാക്കിത്തീർത്തു. ഞൊറിവും വാലുമിട്ടു തററുടുത്തു്, ഏകാംബരനായി ആവണിപീഠത്തിൽ, പത്മാസനസ്ഥനായി, ഭ്രൂമദ്ധ്യത്തെ ശോണതിലകത്താൽ ആച്ഛാദിതമാക്കി, ശത്രുസംഹാരസാദ്ധ്യത്തിൽ ഏകാഗ്രചിത്തനായി, രാജാവു് ഇരിക്കുമ്പോൾ, ഹോമകുണ്ഡവും ഹോമശാലയും, സജ്ജീകൃതങ്ങളായിരുന്ന സാധനസാമഗ്രികൾ സഹിതം ഭയങ്കരമായി ഒന്നു ചലിച്ചും, പ്രചണ്ഡധ്വനിയും ആരവവും പുറപ്പെടുവിച്ചു്, അഗ്നികുണ്ഡവും, ഹോമശാലയിൽ പലഭാഗങ്ങളും ഭേദിച്ചു, ഉഭയപാർശ്വങ്ങളിലെ ഭിത്തികളെപ്പോലും കീഴ്മേൽ മറിച്ചു വീഴ്ത്തികൊണ്ടു, ചില ലോഹസാധനങ്ങളും ധാതുദ്രവ്യങ്ങളും മണ്ണും ചരലും പാറക്കഷണങ്ങളും ഭൂഗർഭത്തിൽ നിന്നു ഉയർക്കോടെ വമനംചെയ്തും, ആ നശീകരണസാധനങ്ങൾ ഹോമപ്പുരയുടെ കലാവിലാസവിലസിതമായ വിതാനമച്ചുപലകകളെയും തുലാങ്ങളെയും കഴികളെയും തട്ടിത്തകർത്തു ശിഥിലീകൃതമാക്കി സ്ഥാനഭ്രംശം ഭവിപ്പിച്ചും ഒരു നിമേഷനേരംകൊണ്ടു കഴിഞ്ഞു. അതോടുകൂടി ഉത്ഭവിച്ച അഗ്നിജ്വാലയും ദുർഗ്ഗന്ധപരിപൂരിതവും, സ്നിഗ്ദ്ധവുമായ ധൂമപരിവേഷവും, ധൂളീപടലവും, മേഘ

നിർഘോഷസന്നിഭവും അനുസ്യൂതവുമായ രൂക്ഷരവവും ഭൂചലനവും, ഏററം അനുഭവിച്ചും, രാജാവും തമ്പുരാട്ടിയും അപ്രതീക്ഷിതവും അഭൂതപൂർവ്വവുമായ ഈ സംഭവത്താൽ സംഭ്രാന്തചിത്തരായി, പരുക്കേററു, പ്രജ്ഞനശിച്ചു നിലം പതിച്ചു. കൊട്ടാരത്തിനകമേ,ഹോമപ്പുരയിൽനിന്നു ശ്രവണഗോചരമായി ഭവിച്ച പ്രചണ്ഡഗജ്ജനത്താൽ, പരിഭ്രാന്തരായി ഓടിക്കിതച്ചുവന്ന അന്തേവാസികൾ ഭീകരമായ കാഴ്ച കണ്ടു, വിദ്യുത്പാതമേററ തരുക്കൾപോലെ നിലകൊണ്ടു. ദീപങ്ങൾ അണഞ്ഞിരുന്നു. വെടിമരുന്നിൻെറ ഗന്ധത്തോടു കൂടിയ ദുഷിച്ച ധൂമം സവ്വത്ര വ്യാപിച്ചിരുന്നു. ഈ നിലയിൽ കൂടുതൽ അന്വേഷണങ്ങൾ ചെയ്യാൻ നിവ്വാഹമില്ലാതെ പന്തക്കുഴകൾ കത്തിച്ചുകൊണ്ടു ചിലർ ഓടി എത്തി. ജീവാപായമോ അംഗവൈകല്യമോ സംഭവിക്കാതെ, അല്പം ചില പരുക്കുകൾ മാത്രം പററിയ രാജാവും തമ്പുരാട്ടിയും, ബോധക്ഷയം നീങ്ങി ഹോമപ്പുരയിൽ നിന്നു് എഴുന്നേൽക്കുന്നതായി ഭൃത്യജനങ്ങൾ കണ്ടു. ഹോമപ്പുരയിലെ തറ, ആസകലം മൂന്നു നാലടി കീഴോട്ടു കുഴിഞ്ഞും, തട്ടു തകൎന്നും, അകത്തെ ഭിത്തികൾ മറിഞ്ഞും, സവ്വത്രരൂപഭേദം സംഭവിച്ചും ഇരിക്കുന്നതായി കാണപ്പെട്ടു.

രാജാവു ഭൃത്യവഗ്ഗത്തോടു് ഇങ്ങനെ കല്പിച്ചു:—"ഒന്നും സാരമില്ല. നമ്മുടെ പൂജയ്ക്കു ശക്തിയുണ്ടെന്നു നമുക്കു തന്നെ കാണിച്ചു തന്നു. ഈ സ്ഥിതിക്കു നമുക്കു അധൈയ്യത്തിനു കാരണമില്ല. എല്ലാം ശുഭമായിവരും. നിങ്ങൾ ആ പന്തക്കുഴയിൽ ഒന്നു് ഇവിടെ നിത്തിയിട്ടു കിഴക്കെ കോട്ടവാതല്ക്കൽ പോയി നിൽക്കണം. ഗോപുരത്തിൽ നിന്നു് ഒററമണി അടിക്കുന്നതു കേൾക്കുമ്പോൾ ഇവിടെ വരണം. വലിയ അത്ഭുതാനുഭവം കാണിച്ചുതരാം."

ആ പരിചാരകന്മാർ പന്തക്കുഴകളിൽ ഒന്നു് അവിടെ തറയിൽ ഉൗന്നി നിർത്തിയിട്ടു, വിസ്മയാവേശിതരായി കിഴക്കേ ഗോപുരത്തിന്നു സമീപത്തേക്കു പോയി. അവർ അകലെ ആയെന്നു കണ്ടപ്പോൾ രാജാവു അഹല്യത്തമ്പുരാട്ടിയോടു ഇങ്ങനെ മന്ത്രിച്ചു:—"ഇനി കായംകുളത്തിന്നു വേണ്ടിയുള്ള പാഴ്വേല നിർത്താം. ഈ രാജ്യംതന്നെ നമുക്കു വേണ്ട."

അഹല്യത്തമ്പുരാട്ടി:—ഉടപ്പിറന്നവൻ എന്തു പറയുന്നു. എന്താണു് ഈ പതനത്തിൽ ചെയ്യു.

രാജാവു്:—ദീർഘാലോചന ഒന്നും ആവശ്യം ഇല്ല. അഹല്യയ്ക്കു് ഒരു കഠാരിയും ഒരു ചുരുട്ടൻ വാളും; നമുക്കു ഒരു ഒരു കഠാരിയും ഒരു ചുരുട്ടൻവാളും, വാൾപരിചയും. പൊന്നോ, വൈരമോ, വേണ്ടുവോളമെടുത്തു് ഒരു ഭാണ്ഡം കെട്ടിക്കൊള്ളൂ. ഈ നാഴിക പോകുംമുൻപിവിടംവിടണം.

"ഈ വിളക്കുകളിൽ ഒന്നു കത്തിച്ചുകൊണ്ടു ഞാൻ വലിയ അറയിലേക്കു് പോയി വരാം. ഉടപ്പിറന്നവൻ ഒരുങ്ങിക്കൊള്ളൂ."

ഇങ്ങനെ പറഞ്ഞു തമ്പുരാട്ടി വിളക്കുകത്തിച്ചുപിടിച്ചുകൊണ്ടു് അകത്തേക്കു പോയി; രാജാവും ചില്ലറ ഒരുക്കങ്ങൾ ചെയ്തു യാത്രയ്ക്കു സന്നദ്ധനായി. കാൽ നാഴികയ്ക്കുള്ളിൽ അഹല്യത്തമ്പുരാട്ടി സാമാന്യം വലിയ ഒരു മാറാപ്പുമായിതിരിച്ചുവന്നു. ഉടൻതന്നെ സഹോദരൻ മുമ്പിലും സഹോദരി പിന്നിലുമായി പടിഞ്ഞാറോട്ടിറങ്ങി നടന്നു; വിളവു പഴക്കാറായി കിടക്കുന്ന കായംകുളം(കായൽ) നിലങ്ങൾ അതിക്രമിച്ചു, കടലോരത്തുചെന്നെത്തി. അനന്തരം രണ്ടുപേരുംകൂടി അല്പനേരം മന്ദസ്വരത്തിൽ സംസാരിച്ചശേഷം, കായൽനിലത്തിനും കടലിനും ഇടയ്ക്കുള്ള മണൽത്തിട്ടയിൽ പലഭാഗങ്ങളിലായി ഒട്ടധികം മടകൾ മുറിച്ചുവെച്ചു; സമുദ്രജലം തിരമാലകളായി ആ മടകളിൽക്കൂടി

സ്വച്ഛന്ദം നിലങ്ങളിലേക്കു പ്രവഹിച്ചതിക്രമിച്ചു. അതിനിടയ്ക്കു രാജാവും തമ്പുരാട്ടിയുംകൂടി ദാശന്മാരുടെ ഗൃഹങ്ങളിരിക്കുന്ന പ്രദേശത്തുചെന്ന്, ഒരു ദാശപ്രമാണിയെ വിളിച്ച് ഉണർത്തി; കാൽനാഴികയ്ക്കകം ഒരു ഓടം സമുദ്രയാനത്തിനു സന്നദ്ധമായി. ആ സോദരീസോദരന്മാർ ഓടത്തിൽ കയറി. അനന്തരം രാജാവു പൂർവ്വാഭിമുഖമായ്നിന്ന് നിലങ്ങളിലേക്കു നോക്കി തമ്പുരാട്ടിയോടായിട്ട് ഇങ്ങനെ കല്പിച്ചു:—"നാം ഉദ്ദേശിച്ച സ്ഥലത്തു ചെന്നെത്തുംമുൻപ്, ഈ നിലമെല്ലാം കടലുണ്ടു കായലാകും."

"നല്ലതിന്മണ്ണും ഉപ്പു കൂട്ടട്ടെ. പുഞ്ചയരിക്കുപകരം ഉപ്പുവെള്ളം" എന്നു തമ്പുരാട്ടിയും പ്രത്യുത്തരം നൽകി. ഓടം പായ്കൾ നിവർത്തു ഉത്തരദിക്കിനെ ലക്ഷ്യമാക്കി പ്രയാണം ചെയ്തു.

---

## അദ്ധ്യായം ൨൦.

---

### ശ്മശാനത്തിൽ കണ്ട ചിത.

ഗോപുരത്തിൽ നിന്ന് ഏകകാലത്തുണ്ടായനാദം കേൾക്കുമ്പോൾ അത്ഭുതപൂർവ്വമായ പൂജാസമാപനം കണ്ടു തൊഴുവാൻ കിഴക്കേകോട്ടവാതുക്കൽ കാത്തിരുന്ന രാജഭൃത്യന്മാർ അടുത്തു നടന്ന ഭീതിജനകവും അത്യാശ്ചര്യപ്രദവുമായ സംഭവത്തെക്കുറിച്ചു ചിന്തിച്ചും, പരസ്പരം അഭിപ്രായപ്രകടനം നടത്തിയും നാഴികകൾ വിനാഴികപോലെ തള്ളിനീക്കി കൃഷ്ണപുരം ക്ഷേത്രത്തിൽ ഏഴരവെളുപ്പിനു പതിവുള്ള പള്ളിഉണർത്തു സംബന്ധിച്ച ശംഖനാദവും നാഗസ്വരവും കേട്ടപ്പോൾ മാത്രമേ നേരം പ്രഭാതമായെന്നു അവർക്ക് അറിവാൻ കഴിവുണ്ടായുള്ളു. രാജാവു കല്പിച്ചതു

പോലെ മണിനാദം കേട്ടില്ലെന്നു വരുകിലും ഇനി കാല താമസംകൂടാതെ ഹോമപ്പുരയിൽ പോയി വൃത്താന്തമറി യേണ്ടതു് അത്യാവശ്യമെന്നു് അവർ ആലോചിച്ചുറച്ചു; പന്തക്കുഴകളും ആയി, രാജാവിനെ കുളപ്പുരയിലേക്കു് ആനയിക്കുവാനുള്ള സന്നാഹങ്ങളോടുകൂടി അവർ ഹോമ പ്പുരയിലേക്കു ചെന്നു. അപ്പോഠം അവിടെ നഷ്ടശിഷ്ടസം യുക്തമായ ശൂന്യതയല്ലാതെ രാജാവിനെയും തമ്പുരാട്ടി യേയും കണ്ടില്ല. തന്നിമിത്തം അത്ഭുതപരവശരും ഭീരുക്ക ളുമായിഭവിച്ച അവർ പന്തക്കുഴകഠം പിടിച്ചു കൊട്ടാര ത്തിലെ മുറികഠംതോറും പരിശോധനനടത്തി; പള്ളിയറ കഠം വിജനങ്ങളായിരുന്നു. വലിയഅറ മുതലായ ഭണ്ഡാര മുറികഠം പൂട്ടിയ നിലയിൽ തന്നെ കാണപ്പെട്ടു. രാജാവി നേയും അഹല്യതമ്പുരാട്ടിയേയും എങ്ങും കാണാനില്ലാ യിരുന്നു. അപ്രതീക്ഷിതമായ ഈ അനുഭവത്താൽ ആധി പിടിച്ച ഭൃത്യവർഗ്ഗം, മന്ത്രിമാക്കും പടത്തലവന്മാക്കും വിവ രത്തിനു് അറിവു കൊടുക്കുവാൻ നിശ്ചയിച്ചുറച്ചു. അവ രിൽ ഏതാനുംപേർ കൊട്ടാരംബന്തവസ്സിലേക്കും ചിലർ പാളയത്തിലേക്കും, മററുചിലർ വിശപജിറാവുസ്വാമി യാരെ ആരാഞ്ഞു, പ്രാന്തങ്ങളിലുള്ള ശ്മശാനദേശത്തേക്കും പുറപ്പെട്ടു.

സന്യാസിയേയും അദ്ദേഹത്തെ അനുഗമിച്ചവരായ രണ്ടുശേവുകക്കാരേയും തേടിപ്പുറപ്പെട്ട രണ്ടാളുകഠം,നേരം രണ്ടുനാഴിക പുലൎന്നപ്പോഴേക്കു് ചുടുകാട്ടിൽ എത്തിക്കഴി ഞ്ഞു. പടയിൽ മരണം പ്രാപിക്കുന്ന ആളുകളുടെ ജഡ ങ്ങഠം നിത്യവും അവിടെ കൊണ്ടുചെന്നു സംസ്കരിക്കുക സാധാരണമായിരുന്നു. ഈ പ്രവൃത്തിക്കു കായംകുളം രാജ കോയ്മയിൽ നിന്നു പ്രത്യേകം നിയുക്തരായ പണ്ടാരങ്ങഠം ശ്മശാനത്തിനുസമീപം കുടിൽകെട്ടി പാക്കുന്നുണ്ടു്. കൊട്ടാ രത്തിൽനിന്നു പുറപ്പെട്ടുവന്ന ശേവുകക്കാർ, ആ പണ്ടാര

ങ്ങളിൽ ചിലരേക്കണ്ടു സ്വാമിയാരെയും മററും കുറിച്ചുള്ള വസ്തുതകൾ ചോദിച്ചു. രാജഭൃത്യന്മാക്കു തൃപ്തിജനകമായ സമാധാനംനൽകുവാനുപയുക്തമായ അറിവുകൾ യാതൊന്നും ശ്മശാനപാലകന്മാക്കു ലഭിച്ചിരുന്നില്ല. അവരിൽഒരുവൻ പറഞ്ഞു:—"അങ്ങത്തെ! സന്ന്യാസിസ്വാമിയെന്ന ഒരാളെ ഇവിടെ വച്ചെങ്ങുമേ കണ്ടിട്ടുപോലുമില്ല. ഇന്നലെരാത്രി ഇവിടെങ്ങും വെട്ടമോ വെളിച്ചമോ കണ്ടിട്ടുമില്ല. കൊട്ടാരത്തിലേ ശേവക്കാരു യജമാനന്മാരെയും കണ്ടിട്ടില്ല. ഇതാണു സത്യം."

അപ്പോൾ മറെറാരു പണ്ടാരം പറഞ്ഞു:—"ഞാൻ ഒരെടത്തു്, ഇന്നു പരാന്നു് വെളുത്തപ്പം ഒരു കാച്ചകണ്ടു. ഇവിടുന്നു് ഒരു കാനാഴിക്കൂടെ കെഴക്കു്. ഒരു ചെതക്കൂട്ടി കത്തിച്ച ചാമ്പലും കൊള്ളിയും കരിയും ചുള്ളിയും; കാട്ടുംകുററിയും എലയും ഒക്കെത്തന്നെ. അതിനടുത്തു് ഒന്നു രണ്ടു കാവിമുണ്ടും, രണ്ടു വെള്ളക്കരയൻ മുണ്ടും ചൊമന്ന ഉറുമാലും കെടക്കുന്നു."

ഇത്രയും കേട്ടപ്പോൾ രാജഭൃത്യന്മാർ പരസ്പരംനോക്കി. കാവിവസ്ത്രങ്ങൾ സന്ന്യാസി ധരിച്ചിരുന്നവയും, ചുവന്ന ഉറുമാലും വെള്ളക്കരയൻ മുണ്ടുകളും കൊട്ടാരം ശേവുകക്കാരുടെ വകയുമെന്നു് അവർ എല്ലാവരും അഭിപ്രായപ്പെട്ടു രാജാവിനും രാജകുമാരിക്കും സംഭവിച്ചതുപോലെ വിശ്വജിസ്വാമിയാക്കും അനുചരക്കും പൂജാമദ്ധ്യേ ഭയങ്കരമായ വിപത്തു നേരിട്ടിരിക്കാമെന്നു് അവർ തീച്ച്യാക്കി. തലേനാൾ രാത്രിയിൽ കൃഷ്ണപുരം കൊട്ടാരത്തിൽ നടന്ന സംഭവങ്ങളുടെ ഭീകരസ്വഭാവം അവരുടെ സ്മൃതിപഥത്തിൽ സജീവമായി ചിത്രീകരിച്ചു നത്തനംചെയ്തുകൊണ്ടിരുന്നതിനാൽ, ശ്മശാനത്തിലെ ഭൂതാവേശരംഗം ചെന്നു കാണുവാൻകൂടി അവക്കു ധൈയ്യമുണ്ടായില്ല. അവരിൽ ഒരാൾ പറഞ്ഞു: "ഏതായാലും ഇതൊക്കെ ഓക്കുംതോറും പേടി

യാകുന്നു. സ്വാമിയാരു കൊണ്ടുവന്ന, ആ പവാനിക്കാളി കൊടുങ്കാളിതന്നെ. വച്ചാചരിച്ച തമ്പുരാനേയും തമ്പുരാട്ടിയേയും തിന്നു; കൊട്ടാരത്തിലെ ഹോമപ്പുരയുംതകൎത്തു; പിന്നെയും വെശപ്പടങ്ങാഞ്ഞു് ചുടുകാട്ടിൽ വച്ചു, ഹോമന്നുകൊണ്ടുവന്ന സ്വാമിയാരെയും പാവപ്പെട്ട ശേവക്കാരെയും ഒന്നിച്ചു ചുട്ടും തിന്നു."

മറെറാരു ശേവുക്കാരൻ:—ആ ഹോമം എന്തൊരു അഭിശാരകൎമ്മമെന്നറിയാമോ? പററിയാൽ പററി അല്ലെങ്കിൽ ചെയ്യുന്നവൻെറ തല തട്ടും. കൊലംകൂടെ മുടിക്കും.

അന്യൻ:—നമുക്കു് ഇവിടെ നിന്നു് ഇതൊന്നും പറഞ്ഞിട്ടു കാൎയ്യമില്ല. വേഗംപോയി വിവരം അച്ചുതവാരരു് അങ്ങത്തോടു പറയാം.

"അതു ശരിതന്നെ" എന്നുപറഞ്ഞു രാജകിങ്കരന്മാർ കൈനിലയിലിരിക്കുന്ന മന്ത്രിയുടെ സന്നിധിയിലേക്കു തിരിച്ചു.

---

## അദ്ധ്യായം ൨൮.

---

### പടയാളികളുടെ വൃത്താന്തം.

കായങ്കുളംയുദ്ധം അവസാനിച്ച ദിവസം സന്ധ്യയായപ്പോൾ, തെക്കുംകൂർകാരനായ ഒരു പടയാളി വൎത്തമാനം അറിയിക്കുവാനായി പ്രധാന മന്ത്രിയായ ശക്കുണ്ണിമേനവൻെറ സന്നിധിയിൽ ഹാജർ കൊടുത്തു. തെക്കുംകൂർ രാജകോയ്മക്കു് ലേശവും സന്തോഷപ്രദമല്ലാത്തുള്ള കായങ്കുളം യുദ്ധപരിണാമവൃത്താന്തം കേട്ടു മന്ത്രിപ്രധാനൻ ദീൎഘനിശ്വാസംചെയ്തുപോയി. തെക്കുംകൂറിലെ മാടമ്പിമാർ ചേൎത്തയച്ച, വൻപടയിൽ ജീവനോടെ ശേഷി

ച്ചവർ ഒരുന്തറിൽ താഴെയേ ഉള്ളുവെന്നും അവർതന്നെ ജീവനവേണ്ടി ആയുധംവച്ച കീഴടങ്ങേണ്ടിവന്നു എന്നും കൂടി കേട്ടമാത്രയിൽ അദ്ദേഹം വിവർണ്ണമുഖനായിച്ചമഞ്ഞു ഭടന്റെ മുഖത്തുനിന്നു പുറപ്പെട്ട മററു ചില വർത്തമാനങ്ങളും, സർവോപരി ഗൌരവാവഹവും പ്രക്ഷോഭജനകവുമാണെന്നു ബോദ്ധ്യംവന്ന മന്ത്രി, അവനേയുംകൊണ്ടു രാജസന്നിധിയിൽ എത്തി മുഖംകാണിച്ചു. യുദ്ധവൃത്താന്തം അറിയുവാനുള്ള ഉൽക്കണ്ഠയോടുകൂടി അക്ഷമനായി മാളികമുകളിൽ ഉലാത്തിക്കൊണ്ടു നടന്ന രാജാവു മേനവനോട്, ഇങ്ങനെ കല്പിച്ചു ചോദ്യംചെയ്തു:—"എന്താ! മേനവൻ! വർത്തമാനം വല്ലതും കിട്ടിയോ?"

ശക്കശ്ലേമേനവൻ:—അടിയൻ! തന്നതാൾ ഒരുവൻ വിടകൊണ്ടു വന്നിട്ടുണ്ട്. കേട്ടുകേൾവികൾ തീരെ സുഖമല്ലാതിരിക്കുന്നു

രാജാ:—എന്താ! കായങ്കുളം പിടിച്ചുകഴിഞ്ഞോ?

ശക്കശ്ലേ:—കല്പിച്ച്—അത്രമാത്രമല്ല. കേട്ടതു മുഴവൻ അടിയൻ വിടകൊണ്ട് തിരുമനസ്സറിയിക്കാൻ മടിയുണ്ട്. ആ പടയാളിയെക്കൂടെ വിടകൊണ്ടു കൂട്ടിക്കൊണ്ടു വന്നിട്ടുണ്ട്.

രാജാ:—എന്നാൽ അവൻ വരട്ടെ.

രാജാവിന്റെ ഇംഗിതമനുസരിച്ച് ആ ഭടൻ തിരുമുൻപിൽ ആനയിക്കപ്പെട്ടു. രാജാവ് അവന്റെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു ചോദിച്ചു:—"നീ നേരേ കായകുളത്തുനിന്നു വരുകയാണോ?"

ഭടൻ:—അടിയൻ! അടിയൻ പടനിലച്ചു ഉടനെ ഒരുവിധത്തിൽ തെററി ഒഴിഞ്ഞു് കുറുക്കുവഴികേറി ഇവിടെ വിടകൊണ്ട് എത്തി.

രാജാ:—മിടുക്കൻ! സ്വമേധ വന്നവനോ നമ്മുടെ പടത്തലവന്മാർ ആരെങ്കിലും അയച്ചതോ?

ഭടൻ:—അടിയൻ പയിങ്ങോട്ടു് ഇല്ലത്തു യജമാനന്റെ വരുതിയിൽനിന്നു് ഉത്തരവിൻപടി വിടകൊണ്ടു.

രാജാ:—ശരി. കൈമ്മൾ—കൊച്ചുകൈമ്മൾ എന്തു പറഞ്ഞയച്ചു?

ഭടൻ:—കായങ്കുളം തകൎന്നു; അവിടത്തെ തമ്പുരാക്കന്മാരും വീരസ്വൎഗ്ഗം പൂകി. പടയും ഒക്കെ ഒടുങ്ങി. ഇവിടെനിന്നു കല്പിച്ചയച്ച പടയിൽ ജീവനുള്ളവർ നൂറുപേർ കണ്ടേക്കും. ആയുധംവച്ചു തടവുകാരരായി നിൽക്കുന്നു. ഏതായാലും അവമതിയോടെ തിരിച്ചു ഇല്ലെന്നും വിടകൊണ്ടുപറഞ്ഞു.

രാജാ:—ഉദ്ദേശം എത്ര പടയാളികൾ മരിക്കാതെയുണ്ടു്?

ഭടൻ:—എല്ലാംകൂടെ നാനൂറോ അഞ്ഞൂറോ കാണും. ഇത്ര വലിയൊരു പട പണ്ടെങ്ങും ഉണ്ടായിട്ടേ ഇല്ലത്രേ.

രാജാവു വിസ്മയഭരിതനായി കല്പിച്ചു:—"മാൎത്താണ്ഡവൎമ്മ തിരുമേനി മഹാ വൈഭവശാലി! പരമഭാഗ്യവാൻ!"

ശക്കശ്ലേ:—അതിനു സംശയം ഇല്ല.

രാജാ:—എടാ നിന്റെ പേരു് എന്തു്? എവിടെയുള്ളവൻ?

ഭടൻ:—അടിയന്റെ പേരു "ചേന്നൻ" എന്നു്. ചെറവംമുട്ടത്തു കുപ്പപ്പാട്ടു്.

രാജാവു മന്ദസ്മിതംതൂകിക്കൊണ്ടു പറഞ്ഞു:-"ചേന്നൻ ഇത്തവണ രക്ഷപ്പെട്ടു. നീയു് ഭാഗ്യവാൻ. നിന്റെ വാളും കച്ചയും, കെട്ടും ഒക്കെ എവിടെയെടാ?"

ചേന്നൻ:—അതെല്ലാം വലിച്ചു കാട്ടിലെറിഞ്ഞു; ഈ പഴന്തുണി അടിത്തോലുംചുററി, പോന്നതുകൊണ്ടു, വേണാട്ടെ പടയാളികൾ പിടികൂടാതെ തെററി ഒഴിഞ്ഞു.

രാജാ:—സാധാരണ പടയ്ക്കുപോകുന്നവർ ഭാണ്ഡം നിറച്ചു പൊന്നും വെള്ളിയുംകൊണ്ടേ തിരിച്ചുവരാറുള്ളു. ആകട്ടെ നിനക്കു നാം എന്തെങ്കിലും തരുവിക്കാം.

രാജാവിന്റെ മുഖത്തുനിന്നും പുറപ്പെട്ട വാഗ്ദാനം ശ്രവിച്ചു ചേന്നന്റെ മുഖം പ്രസന്നമായി; നേത്രങ്ങൾ പ്രകാശിച്ചു; അയാൾ ഇങ്ങനെ അറിയിച്ചു. "കൊച്ചുകിടാത്തന്മാരും കൊച്ചു കിടാത്തികളും ഒക്കെ അടിയനെ ചൊല്ലി വരക്കണ്ണും തോത്തു് വിടകൊണ്ടു് ഇരിക്കുന്നു. പൊന്നുതമ്പുരാനേ! കരിക്കാടിക്കു മററു വഴിയൊന്നുമില്ലേ!"

രാജാ:—ആകട്ടെ. ഇവനു് ഇന്നുതന്നെ നമ്മുടെ ഭണ്ഡാരത്തിൽനിന്നു നൂറെറാന്നു രാശിയും, ആയുധശാലയിൽനിന്നു് ഒരു നല്ല വാളും പരിചയും കോൺക്കച്ചയും തലക്കെട്ടും കച്ചയും കൊടുപ്പിക്കണം, മേനവൻ! കൂടാതെ ഇവന്റെ കുടുംബത്തിലേക്കു മാസം മൂന്നു രാശി അട്ടത്തുണം പതിച്ചേക്കണം.

ശക്കുളു:—അടിയൻ! കല്പനപ്പടി കൈക്കുറെറപ്പാടു ചെയ്യാം.

രാജാ:—നല്ല വാത്തയല്ല കൊണ്ടുവന്നതെങ്കിലും ഇവൻ മഹാ ദരിദ്രൻ! ആകട്ടെ. ചേന്നാ! നിന്റെ എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് എവിടെയെന്നു വല്ലകേൾവിയും കേട്ടോ?

ചേന്നൻ:—അവിടുന്നു മാത്താണ്ഡവമ്മ പൊന്നുതമ്പുരാന്റെ സന്നിധായിൽ ഒണ്ടെന്നാ ശ്രുതി-കല്പിച്ചു്-അടിയൻ—

രാജാ:—നീ എന്താ പരുങ്ങുന്നതു്? പറയാനുള്ളതൊക്കെ പറയാം. വിരോധമില്ല.

ചേന്നൻ:—കൊച്ചു തിരുമനസ്സിനെപ്പോലെ ഒരു വെളുത്ത ആൾ—സായ്പു പോലിലിക്കുന്നു—മട്ടിത്തൊപ്പിയും കാലൊറയും ചട്ടയും ഒക്കെ ഇട്ടു, കുതിരപ്പുറത്തു, വാളും തൂക്കി, കുന്തവുംവച്ചു്; തോക്കുംപിടിച്ചു് ഓടിക്കുന്നതു അടിയങ്ങൾ പലരും കണ്ടു.

രാജാ:—എവിടെ?

ചേന്നൻ:—പടയുടെ എടയിൽ പലടവും—ഒരുക്രൂട്ടം തലക്കെട്ടുകാരു—ഗോസായികളോ തുപ്പായികളോ-സായ്യു മാരോ—കറത്ത താടിയും—ചെമ്പൻതാടിയും—ആകെ പത്തിരുപതുപേരുണ്ടു്. അവരുടെക്രൂടെ, വെടിവച്ചും, വെട്ടിഅരിഞ്ഞും, കുത്തിമറിച്ചും, നരുൻരെ പടയാളികളെ കാലന്തുരിലേക്കു കൊന്നുവിടുന്നു—

രാജാവു വിദ്യുത്പ്രവാഹം ഏററ പന്നഗത്തെപ്പോലെ ഒന്നു പുളഞ്ഞു, നിശ്ചേഷ്ടനായി ഏതാനും നിമേഷം ഇരുന്നു; അനന്തരം മന്ത്രിയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. അല്പനേരം, അദ്ദേഹം സ്വസ്ഥനായിരുന്നശേഷം, ഇങ്ങനെ പ്രശ്നംചെയ്തു:—"ഏതു പക്ഷത്തിൽ?"

ചേന്നൻ:—ഏതു വശമെന്നൊന്നും പടക്കളത്തിൽ വച്ചു് അടിയങ്ങൾക്കു രൂപമില്ല്യ, പൊന്നു തമ്പുരാനേ! തോളോടുതോളും, കൈയോടുകൈയുമായി പൊരുമ്പോ, ആരു ഏതു വശമെന്നു് അടിയങ്ങൾക്കു് എങ്ങനെ തിട്ടമാകും, ഒടയതമ്പുരാനേ!

ശക്കുണ്ണി:—ലന്തക്കാരു സായ്യന്മാരും, കുറെ പഠാണികളും, ഗോസായികളും ഇരുവശത്തും തുണയ്ക്കു നിന്നിരുന്നുവെന്നു, വേറെവിധവും അടിയൻ അറിഞ്ഞതാണു്.

രാജാ:—ഏതായാലും അപ്പൻ ഇതുവരെ തിരിച്ചു വരാതിരുന്നതു ഭംഗിയായില്ല. അപ്പൻെറ നടപടികളെക്കുറിച്ചു നമുക്കു ബലമായ സംശയങ്ങൾ ഉണ്ടു്. ഏതായാലും ചേന്നാ! നീ ഈ വത്തമാനം പുറത്തു് ആരോടും പറയേണ്ട. ഇവനെ വേഗം അയക്കൂ മേനവൻ.

രാജകല്പനയനുസരിച്ചു മന്ത്രി ചേന്നനു യഥാവിധി സമ്മാനങ്ങൾ നൽകി യാത്രയാക്കി. അതിൻെറശേഷം വീണ്ടും മേനവൻ തിരുമുമ്പിൽ എത്തി നിലയായി. അപ്പോൾ രാജാവുകല്പിച്ചു: "അപ്പൻ തൻേറടമായ നാൾ

തൊട്ടു് നമുക്കു് എതിരു്. അപ്പനെക്കുറിച്ചുള്ള ശ്രുതികൾ ശരിതന്നെ. നമ്മെ സ്ഥാനഭ്രഷ്ടനാക്കി രാജ്യം നേരത്തെ സ്വാധീനമാക്കാനുള്ള ഉത്സാഹമാണു്; സംശയമില്ല. നമ്മെക്കുറിച്ചു പല അപവാദങ്ങളും അയാൾ ഇതിനകം മാർത്താണ്ഡവർമ്മ തിരുമേനിയെ ഗ്രഹിപ്പിച്ചിരിക്കും. കായങ്കുളത്തെ രക്തം തോന്നിട്ടില്ലാത്ത വാൾ തെക്കുംകൂറിലേക്കും പായിക്കണമെന്നുണ്ടായിരിക്കും അപ്പന്റെ മോഹം.

ശക്കശ്ശു:—തിരുമനസ്സുകൊണ്ടു് ഈവിധമൊന്നും കരുമനകൊള്ളരുതെന്നാണു് അടിയൻ വിടകൊണ്ടു് ഉണർത്തിക്കുന്നതു്.

രാജാ:—അങ്ങനെയൊന്നുമല്ല മേനവൻ! നമുക്കു വേണ്ട തെളിവുകൾ കിട്ടിയിട്ടുണ്ടു്. അടുത്ത കാലങ്ങളിലായി ആരെല്ലാം ഇവിടെ വന്നുംപോയുമിരിക്കുന്നു! അവരെല്ലാം അപ്പന്റെ ചങ്ങാതിമാർ. നമുക്കു് എതിരായി ഗൂഢാലോചനനടത്താൻ! ആകട്ടെ നാം ഒന്നു കണ്ടിട്ടുണ്ടു്. അപ്പൻ ഇപ്പോൾ കൊല്ലത്തോ തിരുവനന്തപുരത്തോ കാണും. അമ്മതമ്പുരാനാലസ്യമാണെന്നുകാണിച്ചു് മാർത്താണ്ഡവർമ്മ മഹാരാജാവിന്റെപേർക്കു് നമ്മുടെ ഒരു കുറി എഴുതിക്കൊണ്ടുവരട്ടെ. നാളെരാവിലെ അതുംകൊണ്ടു നാലാൾ പോകട്ടെ.

ശക്കശ്ശു:—അടിയൻ.

രാജാ:—പാളയത്തിനകത്തു കക്ഷിതിരിഞ്ഞു, പട തുടങ്ങിയാൽ, ലക്ഷ്മി അവിടെനിന്നു് ഓടിഒളിക്കും. പൂർവ്വന്മാർ ഈ തെക്കുംകൂറിലേക്കു ആർജ്ജിച്ചുവച്ച യശസ്സും പുണ്യവും ക്ഷയിച്ചുതുടങ്ങി. ഏതായാലും ഇനി കരുതലോടെ ഇരിക്കണം. താമസിയാതെ തെക്കുംകൂറിലേക്കു രാമയ്യനും പടയും വരും. കോട്ട കൊത്തളങ്ങൾ ഉറപ്പിച്ചുകൊള്ളണം. പീരങ്കികളും മരുന്നും, വാളും ഒക്കെ പുതുക്കിക്കൊള്ളണം. ചെട്ടികൾക്കു് എല്ലാ ദേശവഴി

കളിലേയും മാടമ്പിമാൎക്കു കുറി അയക്കണം. ഏതു നിമിഷവും അതിൎത്തികൾതോറും പടക്കൂട്ടാൻ ഒരുക്കമായിരിക്കണം. നമ്മുടെ കോട്ടയ്ക്കകത്തും കൊട്ടാരത്തിന്നു ചുററും വലിയൊരു പട കാവൽ കിടക്കണം. വിശ്വസ്തന്മാരായ പടത്തലവന്മാരെ വേണം കോട്ടയിൽ ചുമതലപ്പെടുത്താൻ. മേനവൻ എല്ലാം ചുററിനടന്നു പരിശോധിക്കണം ചെയ്തികൾക്കു തളിക്കോട്ടയിലേക്കും കുറികൊടുത്തയക്കണം. രാജാംഗത്തിലെ സ്ത്രീകളേയും കിടാങ്ങളേയും, വേണ്ട മുതലുകളും പേറി പള്ളിവാസപുരിയിലേക്കു നാളെത്തന്നെ എഴുന്നള്ളിക്കണം. അവരുടെ തുണയ്ക്കു ബ്രാഹ്മണരേയും അച്ചിമാരേയുംകൂടെ കൊണ്ടുപോയിക്കൊള്ളണം. മേനവന്റെ തനതു ആളുകളെ അകമ്പടിയായി ഏൎപ്പാടു ചെയ്തു് അയക്കണം. പള്ളിവാസപുരിയിലുള്ള നമ്മുടെ ക്ഷേത്രവും കോവിലകവും കാത്തുകൊള്ളുവാൻ നേൎയ്യൻ പടത്തലവനേയും ആൾക്കാരേയും ചുമതലയേല്പിച്ചു, നമ്മുടെ ഉടവാളും മുദ്രമോതിരവും ആയിരം രാശിയും തലവനെ ഏല്പിച്ചുകൊള്ളണം.

ശക്രസ്സു:—കല്പനപ്പടി എല്ലാം കൈക്കുററപ്പാടുചെയ്യാം; എങ്കിലും ഇത്ര തിടുക്കത്തിൽ പട വരുമെന്നു പേടിക്കാൻ എന്തു് അവകാശം?

രാജാ:—കാണാൻ പോകുന്ന പൂരം കണ്ടറിയാമല്ലോ. ഏതായാലും സന്നാഹങ്ങൾക്കു കുറവു വരുത്തേണ്ട; വേണ്ട മുൻകരുതലുകൾ ഒക്കെ ചെയ്തിരിക്കണം. പിന്നീടു വരുന്നതു വരട്ടെ.

എന്നിപ്രകാരം, രാജാവും മന്ത്രിയുമായുള്ള സംഭാഷണത്തിന്റെ ഗതി ഗൌരവതരങ്ങളായ വിവിധവശങ്ങളിലേക്കും പ്രവഹിച്ചു; പ്രസ്തുത ചിന്താപ്രവാഹഗതി രാജാവിന്റെ മനസ്സീമകളെ ചൂഷണംചെയ്തു. കുടിലാകൃതി

കൈക്കൊണ്ട അന്തർവാഹിനികളായ പലേകുല്യകളെയും ഉൽപ്പാദിപ്പിച്ചു, പ്രചണ്ഡവും ദാരുണവുമായ ഭവിഷ്യത്തുകൾക്കു ഹേതുവായ് ഭവിച്ചു.

---

## അദ്ധ്യായം ൨൨.

---

### പുടവകൊട.

തീർത്ഥാടനം കഴിഞ്ഞു തെക്കംകൂർ ഇളയരാജാവും നേത്യാരമ്മയും അനുയായികളും തിരുവനന്തപുരത്തു തിരിച്ചെത്തി മാർത്താണ്ഡവർമ്മമഹാരാജാവിനെ മുഖംകാണിച്ചു. അനന്തരം ചില പ്രത്യേക കാരണങ്ങളാൽ തൽക്കാലം, അപ്പൻതമ്പുരാൻ തെക്കംകൂറിലേക്കു തിരിച്ചുപോകേണ്ടെന്നു തീരുമാനിച്ചു. തന്നിമിത്തം ആ ദമ്പതികൾ തിരുവനന്തപുരത്തും മററുമായി കാലയാപനം ചെയ്തുവന്നു. അക്കാലത്തു നേത്യാരമ്മയ്ക്കു ഒരു വൃദ്ധയതിയുടെ പരിചയം സമ്പാദിക്കുവാൻ സന്ദർഭം ലഭിച്ചു. ക്രമേണ മാധവി അമ്മയ്ക്കും സന്യാസിക്കും തമ്മിലുണ്ടായ മൈത്രീബന്ധം അഭേദ്യമായി ഭവിച്ചു. അവർ കുറേക്കാലം തിരുവനന്തപുരം, പിന്നീടു വടയാററു കോവിലകത്തും, ഏതാനും മാസം റാന്നിയിൽ കൊട്ടാരത്തിലും താമസിച്ചു. പടനടന്നുകൊണ്ടിരുന്ന കാലമാകയാൽ മാധവിക്കുഞ്ഞമ്മയുടെ കൂടെ ഏതാനും ബ്രാഹ്മണരും, സ്ത്രീജനങ്ങളും അല്ലാതെ മററാരുംതന്നെ വസതിയിൽ ഉണ്ടായിരിക്കുക സാധാരണമല്ലായിരുന്നു. സർവ്വഥാ സമാരാദ്ധ്യനെന്നു പ്രേക്ഷകജനങ്ങൾക്കു പ്രഥമവീക്ഷണത്തിൽതന്നെ ബോദ്ധ്യം ജനിപ്പിക്കത്തക്ക സാത്വികലക്ഷണങ്ങളോടുകൂടിയ യതിശ്രേഷ്ഠനായിരുന്നു, അതിഥിശാലയിലെ ബഹുമാന്യസ്ഥാനം.

ഇതരാംഗങ്ങൾ അദ്ദേഹത്തിന്റെ ഹിതാനുവർത്തികളും ആജ്ഞാകാരികളും ആയിരുന്നതേയുള്ളു. സ്നാനം, ജപം, തപം, ശയനം ആദിയായി ഏകാന്തത്തിൽ നിർവ്വഹിക്കുന്ന ആവശ്യങ്ങൾക്കു വേണ്ടിവരുന്നതൊഴികെയുള്ള സമയം മുഴുവനും, ഉപയോഗപ്രദങ്ങളായ ലോകകാര്യങ്ങളും ആത്മീകവിഷയങ്ങളും പരാമർശിച്ചു സംഭാഷണം നടത്തി, അന്തേവാസികൾക്കു മാനസികവും ആത്മീകവുമായ സംസ്കാരം നൽകുന്നതിനു് അദ്ദേഹം ഉത്സുകനായി കാണപ്പെട്ടു. സത്വഗുണമൂർത്തീകരണമായ ആ യതിവര്യന്റെ തേജോദീപ്തമായ മുഖത്തു നിന്നു അനർഗ്ഗളമായി പുറപ്പെട്ടുകൊണ്ടിരുന്ന ലോകോക്തികളും സദുപദേശങ്ങളും കേൾക്കുന്നതിനും, ഇടയ്ക്കിടെ അദ്ദേഹത്തോടു പ്രശ്നംചെയ്തു സന്ദേഹനിവൃത്തി വരുത്തുന്നതിനും, ശിഷ്യർ അത്യധികം താൽപ്പര്യം പ്രദർശിപ്പിച്ചുപോന്നു. ഈ നിലയിൽ യതിയുടെ സാമീപ്യവും സംസർഗ്ഗവും ശിഷ്യഗണത്തിനു് എത്രത്തോളം ഹൃദ്യമായിത്തോന്നി, മാധവിക്കുഞ്ഞമ്മ ആദിയായ ശിഷ്യരുടെ സഹവാസം, അതിന്റെ ശതഗുണം അഭിലഷണീയമെന്നു യതിയ്ക്കും തോന്നാതിരുന്നില്ല.

കായംകുളംദേശം മാർത്താണ്ഡവർമ്മമഹാരാജാവു പിടിച്ചടക്കിയെന്നുള്ള വർത്തമാനം കിട്ടിയ അവസരത്തിൽ യതിവര്യനും മാധവിക്കുഞ്ഞമ്മയും തമ്മിൽ ഇപ്രകാരം ഒരു സംഭാഷണം നടന്നു.

മാധവി:—പട അവസാനിച്ചതുകൊണ്ടു് ഇനി ഞങ്ങൾക്കു പുറപ്പെടാൻ കല്പന കിട്ടും. അവിടുന്നുകൂടി ഞങ്ങളോടൊന്നിച്ചു തെക്കുംകൂറിലേക്കു എഴുന്നള്ളണം.

യതി മന്ദസ്മിതപുരസ്സരം പറഞ്ഞു:—കെട്ടിലമ്മയ്ക്കു് എന്നോടു് അളവററ സ്നേഹവും കരുണയും ഉണ്ടു്. അതു നല്ലബോദ്ധ്യംതന്നെ. ചങ്ങനാശേരി, കോട്ടയം മുതലായ ദേശങ്ങൾ കാണണമെന്നും മോഹമില്ലാതില്ല. എങ്കിലും

ഉടൻ നിങ്ങളോടൊന്നിച്ചുവരാൻ സൌകര്യമാകയില്ലെന്നു ശങ്കിക്കുന്നു."

മാധവി:—അവിടത്തേക്ക് എന്താണോ ഇത്ര വലിയ അസൌകര്യം എന്നറിയുവാൻ ആഗ്രഹമുണ്ട്.

യതി:—നമ്മുടെ ഭക്തനായ ആ പടത്തലവൻ അടുത്തുതന്നെ തിരിച്ചുവരും. വന്നാലുടൻ നാളെ ഇവിടം വിടും; പിന്നീട് എന്നു തിരിച്ചുവരുമെന്നും നിങ്ങൾക്ക് എന്നു കാണാൻ സൌകര്യപ്പെടുമെന്നും ഒന്നും ഇപ്പോൾ നിർണ്ണയിച്ചുകൂടാ

യതിയുടെ വാക്കുകൾ കേട്ടു നൈരാശ്യവും കുണ്ഠിതവും പൂണ്ട മാധവിക്കുഞ്ഞമ്മ പറഞ്ഞു:—"ഈ വാർത്ത ഹൃദയത്തിൽ മുള്ളുപോലെ തറച്ചു വേദനയുണ്ടാക്കുന്നു. അവിടത്തെ പിരിഞ്ഞിരിക്കുന്നതു തന്നെ സങ്കടമെന്നായിട്ടുണ്ട്. ആ സ്ഥിതിക്കു, വളരെനാൾ കാണാതിരിക്കുന്ന പക്ഷം ആ ദുഃഖം എങ്ങനെ പൊറുക്കും."

യതി:—സഹോദരീ! ഇങ്ങനെയൊന്നും ചിന്തിച്ചു ക്ലേശിക്കാനില്ല. ഈ ലോകംതന്നെ നശ്വരം. ഇവിടെ യാതൊന്നും സ്ഥിരമല്ല. എത്രഎത്ര മനോഹരങ്ങളായ പുഷ്പങ്ങൾ നാം കാണുന്നു. അവയുടെ പരിമളം നമുക്ക് എത്ര വലുതായ സുഖാനുഭൂതി നൽകുന്നു. എന്നാൽ അതു്, എത്രകാലത്തേക്ക്? ഏതാനുംനാഴിക നേരത്തേക്കുമാത്രം! അവയുടെ പരിമിതമായ ആയുഷ്കാലം അവസാനിക്കുന്നതോടുകൂടി മണംവിട്ടു നിറംപോയി, വാടിക്കരിഞ്ഞു നിലം പതിക്കുന്നതു, നാം നിത്യവും കണ്ടുവരുന്നതല്ലേ? നമുക്ക് എത്രയും പ്രിയപ്പെട്ട ആരെല്ലാം മരണംപ്രാപിക്കുന്നു! ഇങ്ങനെയുള്ള സംഭവങ്ങൾ ലോകത്തിൽ സാധാരണമാണ്. അതുകൊണ്ടു വേർപാടിൽ ഖേദിക്കാൻ ന്യായം ഇല്ല. അങ്ങനെ ചെയ്യുന്നതു ഈശ്വരന്റെ നിശ്ചയത്തിനു വിപരീതമാണ്; പ്രകൃതിവിരോധവുമാണ്. പ്രകൃ

തിയോടു യോജിച്ചു ജീവിക്കുകയാണു നാം ചെയ്യേണ്ടതു്. നശിക്കുന്നതു നശിക്കട്ടെ. വേർപിരിയുന്നവർ വേർപിരിയട്ടെ. മരിക്കുന്നവർ മരിച്ചുകൊള്ളട്ടെ. ഇങ്ങനെയുള്ള സംഭവങ്ങളാൽ നമ്മുടെ മനസ്സിന്നു് ഇളക്കം തട്ടരുതു്; ദുഃഖിക്കരുതു്; ക്ലേശിക്കരുതു്. നമുക്കു് ഓരോരുത്തൎക്കും മരണം ഉണ്ടു്. ലോകം ഒരു വലിയ വഴിയമ്പലമാണു്. മനുഷ്യർ ഓരോ ഗദധുക്കളിലായി വന്നുകൂടുന്ന വഴിപോക്കർ തന്നെ. ഓരോരുത്തനും അവനവന്നു പോകുവാനുള്ള സമയമാകുമ്പോൾ യാതൊരു മടിയും കുണ്ഠിതവുംകൂടാതെ വഴിയമ്പലംവിട്ടു, മററു വഴിപോക്കരേയും പിരിഞ്ഞു, പോകുകതന്നെ ചെയ്യുന്നു.

മാധവിക്കുഞ്ഞമ്മ ദീൎഘനിശ്വാസംചെയ്തു, കുറേ നേരം മൌനമുദ്രപൂണ്ടിരുന്നു. അനന്തരം ഇങ്ങനെ പറഞ്ഞു:—"അവിടുന്നു കല്പിച്ചതു പരമാൎത്ഥംതന്നെ. ആരും ആരെക്കുറിച്ചും ഒന്നിനേച്ചൊല്ലിയും ദുഃഖിക്കാനില്ല. എങ്കിലും ഈ തത്വം ഒന്നും സങ്കടംവരുമ്പോൾ മനുഷ്യൎക്കു തോന്നാറില്ല. അവിടത്തെപ്പോലുള്ള മഹാത്മാക്കൾക്കു് അങ്ങനെഒക്കെ കഴിച്ചുകൂട്ടാൻ സാധിക്കും."

ഈ സംഭാഷണം നടന്നതിന്റെ പിറേറന്നാൾ വിക്രമൻ ഉണ്ണിത്താനാൽ അനുഗതരായ അപ്പൻതമ്പുരാനും രാമയ്യനും യതിയുടെ വസതിയിൽ വന്നെത്തി. അന്നു വൈകുന്നേരംതന്നെ യതി അവിടെനിന്നു മറെറാരു ഭവനത്തിലേക്കു് ആനയിക്കപ്പെട്ടു. ആ സ്ഥലം അമ്മുക്കുട്ടിഅമ്മയുടെ ജന്മഗൃഹംതന്നെയായിരുന്നു. പിന്നീടു വൃദ്ധസന്യാസിയെ ആരും കണ്ടിട്ടില്ല.

അമ്മുക്കുട്ടിഅമ്മ സ്വഗൃഹത്തിൽ ചെന്നെത്തി ദീൎഘകാലവിയോഗത്തിനുശേഷം തന്നെക്കണ്ടു, സന്തോഷാശ്രുധാരയോടുകൂടി സമീപത്തുവന്നു് ഇതികൎത്തവ്യതാമൂഢരായി നില്ക്കുന്ന പരിചാരികകളോടും മററും കുശലാ

കതികൾചെയ്തു; പിന്നീട്ട് ഒരു കുറി എഴുതി ഒരു പരിചാരികയെ ഏല്പിച്ചിട്ട് ഇങ്ങനെപറഞ്ഞു: "നീ ഈ കുറി തെക്കേക്കൂർ അപ്പൻതമ്പുരാൻെറ കെട്ടിലമ്മയുടെ കൈയിൽ ഉടനേ എത്തിക്കണം. അവരു് ഇവിടത്തെ കോവിലകത്തു് താമസമുണ്ടെന്നു് അറിയാമല്ലോ. നമ്മുടെ മേനാവു് ആൾക്കാരുകൂടെ കൊണ്ടുവരും."

അവൾ കുറിവാങ്ങിക്കൊണ്ടു യാത്രയായി. അമ്മുക്കുട്ടിക്കുഞ്ഞമ്മയുടെ ആജ്ഞാനുസരണം ആൾക്കാർ മേനാവുമായി കോവിലകത്തേക്കു് ഏതാനും നിമേഷങ്ങൾക്കുള്ളിൽ പുറപ്പെട്ടുകഴിഞ്ഞു. അന്നേദിവസം ഭവനത്തിൽ പതിവിൽകൂടുതൽ ബ്രാഹ്മണപാചകന്മാർ സാമാന്യം വലിയ സദ്യയ്ക്കു വേണ്ട ഒരുക്കങ്ങൾ ധൃതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നതായും, കെട്ടിഒരുക്കപ്പെട്ടിരുന്ന നെട്ടുമ്പുരകളിൽ കരക്കാരും കുടിയാന്മാരുമായ ആളുകൾ അടിയന്തിരസംബന്ധമായ ഭിന്നരൂപങ്ങളിലുള്ള കൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതായും, ആ യുവതി കണ്ടു മന്ദസ്മിതംതൂകി. മംഗല്യവതികളായ ഏതാനും പ്രൌഢകൾ വിശേഷവസ്ത്രാഭരണാദികൾ ധരിച്ചു, എട്ടുകെട്ടിൻെറ അകത്തെക്കെട്ടിനകത്തുള്ള വിശാലമായ തളത്തിൽ ഏഴുതിരിനിലവിളക്കുകൾ, നിറപറകൾ, അഷ്ടമംഗല്യം മുതലായവ സജ്ജീകരിക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടിരുന്നു.

ഏതാദൃശങ്ങളായ ശ്രമങ്ങൾ ഗൃഹത്തിനുള്ളിലും പുറമേയും നടന്നുകൊണ്ടിരിക്കെ, രണ്ടു യുവതികളും രണ്ടു പ്രൌഢകളുമായ സ്ത്രീകൾ അമ്മുക്കുട്ടിഅമ്മയുടെ സമീപത്തുചെന്നു; അവരിൽ പ്രായംകൂടിയ സ്ത്രീ ഇങ്ങനെ പറഞ്ഞു:—"കുഞ്ഞമ്മ ഇങ്ങനെ നടന്നാൽപോരാ. കുളപ്പുരയിലേക്കു പോകാം. നേരം വൈകുന്നു."

അമ്മു:—കുളിക്കാമല്ലോ. പൊയ്ക്കളയാം.

സ്ത്രീ:—ഞങ്ങളും കൂടെ വരാം. വിസ്തരിച്ചൊള്ള കുളിക്കൊന്നും നേരമില്ല. ദേഹശുദ്ധിവരുത്തി പുടവമാറണം.

അമ്മു:—മാധവിക്കുഞ്ഞമ്മ ഇപ്പോൾ വന്നേക്കും.

സ്ത്രീ:—കുഞ്ഞമ്മ തമ്പുരാൻ എഴുന്നള്ളുമ്പോൾ കൂടെ വരുകയെ ഉള്ളു. നേരത്തെവന്നാൽ വേണ്ട ഉപചാരം പറഞ്ഞു് ഇരുത്താൻ പെണ്ണുങ്ങൾ ഒരുങ്ങിനിൽക്കുന്നുണ്ട്.

"അനുമതി. അവരൊക്കെ വലിയ ആളുകൾ" എന്നു പറഞ്ഞു അമ്മു ആ സ്ത്രീകളോടൊന്നിച്ചു കുളപ്പുരയിലേക്കു പോയി. അലക്കിവിഎടുത്ത വസ്ത്രങ്ങൾ, ഇഞ്ചച്ചതുൾ, വാകപ്പൊടി മുതലായ സാധനങ്ങൾ വഹിച്ചുകൊണ്ടു മററു ചില സ്ത്രീജനങ്ങൾ അവരുടെ പിന്നാലെ ധൃതിയിൽ കുളപ്പുരയെ ലക്ഷ്യമാക്കി നടന്നു.

സ്നാനാദികൾ നിർവ്വഹിച്ചു, കളഭം ആദിയായ സുഗന്ധസാധനങ്ങൾ പൂശി, തിലകംതൊട്ടു, വിശേഷ വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചു, ഗൃഹനായകി നാലുകെട്ടിനകത്തു വന്നപ്പോഴേക്കു മാധവിക്കുഞ്ഞമ്മ അവിടെ വന്നുചേർന്നിരുന്നു. അല്പനേരത്തേക്കു സ്ത്രീകൾ എല്ലാവരുംകൂടി കുഞ്ഞമ്മയുടെ സമീപത്തുനിന്നു കുശലപ്രസ്താവനകൾ ചെയ്തശേഷം, കാൎയ്യഗൌരവം നിനച്ചു് ഓരോരുത്തരായി അടിയന്തിരസംബന്ധമായി സ്ത്രീകൾ നിർവ്വഹിക്കേണ്ട ഓരോ ചടങ്ങുകൾക്കായി പിരിഞ്ഞു. ആ സ്ഥലത്തു ഗൃഹനായകിയും രാജപത്നിയുംമാത്രം ആയപ്പോൾ അമ്മുക്കുട്ടി അമ്മ മാധവിക്കുഞ്ഞമ്മയുടെ കരം സ്വകരത്തിൽ ഗ്രഹിച്ചുകൊണ്ടു് അല്പം സങ്കോചത്തോടെ മന്ദമായി ഇങ്ങനെ പറഞ്ഞു:—"നാം തമ്മിൽ കാണുവാനും എന്നോടുള്ള സ്നേഹവും വാത്സല്യവുംനിമിത്തം ഇന്നു് ഇവിടെ വരാനും സംഗതിയായി. ഇതു ജീവിതത്തിൽ എനിക്കു സിദ്ധിച്ച വലുതായ ഒരു സൌഭാഗ്യംതന്നെ. തിരുമനസ്സുകൊണ്ടും മററും എഴുന്നള്ളിയിട്ടുണ്ടോ?"

മാധവി:—അവർ എല്ലാവരും ഒരുമിച്ചു പോരാമെന്നു കല്പിച്ചിരിക്കുന്നു. ഞാൻ മാത്രം നേരത്തേ പോന്നു. അങ്ങനെയാണല്ലോ വേണ്ടതും.

അമ്മു:—എനിക്കു കുഞ്ഞമ്മയോടു ഒരു കാൎയ്യത്തിൽ മാപ്പു ചോദിക്കാനുണ്ടു്. ഞാൻ കുഞ്ഞമ്മയിൽ നിന്നു് ഒരു കാൎയ്യംമറച്ചുവച്ചിട്ടുണ്ടു്. അതെൻെറ മനഃപൂൎവ്വമല്ലതാനും.

മാധവി.—എൻെറസോദരീ! വസ്തുതയൊക്കെ ഞാൻ അറിഞ്ഞു. കഷ്ടിച്ചു് ഒരുനാഴിക മുൻപു്. ഞാൻ എൻെറ സോദരിയേ അഭിനന്ദിക്കുന്നു. ഇത്ര വൈഭവവും തൻേറടവും നമ്മുടെ സ്ത്രീകൾക്കു് ഉണ്ടാകാൻ പ്രയാസം. ഏതായാലും എല്ലാം മംഗളമായ നിലയിൽ എത്തിച്ചേൎന്നല്ലോ.

അമ്മുക്കുട്ടിഅമ്മ മന്ദസ്മിതത്തോടേ, വ്രീളാസങ്കോചാദികളാൽ ബദ്ധയായി പറഞ്ഞു:—"ഒന്നും എൻെറ വൈഭവമല്ല. അദ്ദേഹത്തിൻെറ അഭിമതംപോലെ ഞാൻ ചെയ്തു. ആ വിധത്തിലല്ലാതെ രക്ഷപ്പെടാൻ, അങ്ങനെയുള്ള ചുററുപാടുകളിൽ മറെറന്തുമാൎഗ്ഗം? ഇവിടെ വന്നശേഷം ആ വേഷം കളയാമായിരുന്നു. എങ്കിലും യുദ്ധം നിലയ്ക്കാതെ അങ്ങനെ ചെയ്യുന്നതു ശരിയോ?"

മാധവി:—സോദരി നല്ല ബുദ്ധിചാതുൎയ്യത്തോടും ധൈൎയ്യത്തോടുംപ്രവൎത്തിച്ചു. ഞങ്ങളെ ഒക്കെ വിസ്മയിപ്പിക്കുകയും ചെയ്തു. പക്ഷെ ഈ രഹസ്യം ചുരുക്കംചിലരേ അറിഞ്ഞിട്ടുള്ളു. സ്ത്രീകളിൽ ഞാൻമാത്രം.

അമ്മു:—ഇവിടെയും ആരും അറിഞ്ഞിട്ടില്ല. ഞാൻ ഇങ്ങോട്ടു പോന്നതു മൂടിയിട്ട മേനാവിലായിരുന്നല്ലോ. മേനാവു നേരെ മേനാവുപുരയിൽകൊണ്ടുവച്ചു. ആൾക്കാർ പുറത്തുപൊയ്ക്കൊള്ളാൻ ഞാൻ പറഞ്ഞു. അവർ വാതൽ ചാരി പുറത്തുപോയി. വേഷം ഒക്കെ അഴിച്ചു പുടവയും മററും മാറി ഉടുത്തു പുറത്തുവന്നപ്പോഴെ ഇവിടത്തേ വേലക്കാരികളും മററും എന്നേ കണ്ടുള്ളു:

"താടിയും മീശയുംഒക്കെ എന്തു ചെയ്തു?" എന്നു മാധവിക്കുഞ്ഞമ്മ ചിരിച്ചുകൊണ്ടു ചോദിച്ചു. "അവയൊക്കെ ഞാൻ ഭാണ്ഡമാക്കി അറയ്ക്കകത്തുവച്ചു പൂട്ടിയിരിക്കുന്നു" എന്നു അമ്മുക്കുട്ടിക്കുഞ്ഞമ്മ പുഞ്ചിരിത്തൂകിക്കൊണ്ടു മറുപടി നൽകി.

മാധവി:—ഉണ്ണിത്താൻ അദ്ദേഹം സോദരിക്കു എല്ലാപ്രകാരത്തിലും യോജിച്ച ആൾ തന്നെ. തിരുമേനിയും കല്പിച്ചു. രാമയ്യൻസ്വാമിയ്ക്കും എന്തൊരു താല്പര്യമെന്നു പറഞ്ഞറിയിക്കാൻ പ്രയാസം! മഹാരാജാവു തിരുമനസ്സുകൊണ്ടു വലിയ തിരുവുള്ളമായിരിക്കുന്നു! തിരുമനസ്സുകൊണ്ടു പരിവട്ടവും ഒരുജോടി മുട്ടകം, രണ്ടു ശരപ്പൊളിമാലയും, വലിയ ഹരിക്കാരൻവശം കല്പിച്ചു കൊടുത്തയച്ചിട്ടുണ്ടെന്നും ഞാൻ അറിഞ്ഞു. "നിങ്ങൾക്കു രണ്ടുപേൎക്കും, ഈ രണ്ടു കുടുംബങ്ങൾക്കും, ആശ്രിതവത്സലനായ അവിടത്തെ തിരുവുളംകൊണ്ടു മേലും ഉന്നതിയുണ്ടാകും."

അമ്മു:—എല്ലാം ഭഗവാന്റെ കൃപ. എന്റെ പ്രച്ഛന്നവേഷത്തിൽ പൊന്നുതമ്പുരാന്റെ തിരുമെയ് കാണാൻ ഭാഗ്യം ഉണ്ടായിട്ടുണ്ടു്. അന്നു് അവിടുന്നു് എന്നെ ഏതോ ഒരു സന്യാസിയെന്നുതന്നെ ധരിച്ചിരിക്കണം.

മാധവി:—വാസ്തവം ഒക്കെ അവിടുന്നും ക്രമേണ മനസ്സിലാക്കിയിട്ടുണ്ടു്. സംശയമില്ല. ഇവിടെ വലിയ ഒരുക്കങ്ങൾ ഒക്കെയാണെന്നു തോന്നുന്നു.

അമ്മു:—ഇവിടെ സദ്യ എല്ലാം കാലമായി. പത്തു ബ്രാഹ്മണർകൂടി എല്ലാ വിഭവങ്ങളും ഒരുക്കിക്കഴിഞ്ഞു. "ഊണു് കഴി—"

മാധവി:—അതിനെന്താ! എനിക്കു് ഊണു് ഇവിടെ തന്നെ. അവർ എല്ലാവരും കൊട്ടാരത്തിൽനിന്നു് ഊണു കഴിഞ്ഞു പുറപ്പെട്ടും.

അമ്മു:—ഇവിടെ വളരെ സ്ത്രീകളേയും പുരുഷന്മാരേയും ഒക്കെ കാണുന്നുണ്ടെങ്കിലും വീട്ടുകാരിയും വീട്ടുകാരനും, മണവാട്ടിയും ഒക്കെക്കൂടെ ഒരാൾതന്നെ.

മാധവി:—അതു സാരമില്ല. ഒന്നും വിചാരിക്കാനില്ല. നമുക്കു് ഒരുമിച്ചു് ഊണു കഴിക്കാം. സ്ത്രീകൾക്കു സദ്യക്കു സമയമായിരിക്കാം.

അമ്മു:—അതാ മാപ്പിള്ളി ശീനുവയ്യൻ വരുന്നു!

ശീനുവയ്യൻ ആ സന്ദർഭത്തിൽ അവിടെവന്നു് അകലെനിന്നു് ഉപചാരപൂർവം ഇങ്ങനെ അറിയിച്ചു:—"കരക്കാർ സ്ത്രീകൾക്കു് അകത്തും, പുരുഷന്മാർക്കു നെടുമ്പുരയിലും എലവയ്ക്കാമല്ലോ. കെട്ടിലമ്മക്കും കൊച്ചമ്മക്കും വടക്കെക്കെട്ടിനകത്തും."

മാധവി:—ഞങ്ങൾക്കു ധൃതിയൊന്നുമില്ല. മററുള്ളവരുടെ കാര്യങ്ങൾ മുറപോലെ ഭംഗിയായി നടത്തിക്കണം.

ശീനു:—അങ്ങനെയല്ല. കൊച്ചമ്മമാർക്കു എലവയ്ക്കാതെ കരക്കാർസ്ത്രീകൾ ഉണ്ണാൻ ഇരിക്കയില്ല.

അമ്മു:—എന്നാൽ ഞങ്ങൾ ഇതാ വരുന്നു. വേഗം പോയി എല്ലാം ശരിയാക്കണം.

ശീനുവയ്യർ മെല്ലെ നടന്നു വടക്കെക്കെട്ടിലേക്കുപോയി. അനന്തരം കെട്ടിലമ്മയും കുഞ്ഞമ്മയുംകൂടി "ഹസ്തേന ഹസ്തതലം ആത്തസുഖം" ഗ്രഹിച്ചു, ഭക്ഷണം കഴിക്കുവാൻ പുറപ്പെട്ടു.

* * * *

നേരം പത്തുനാഴിക രാവായി. കരക്കാരുടെ സദ്യയുടെ ചടങ്ങുകൾ നിലച്ചു. അതിഥികളായ സ്ത്രീപുരുഷന്മാർ ചതുർവിധവിഭവസംയുക്തമായ മെച്ചമേറിയ സദ്യ ഊണുകഴിഞ്ഞു, വിവാഹമുഹൂർത്തം പ്രതീക്ഷിച്ചുകൊണ്ടു, തിക്കും തിരക്കും കുറവുള്ള ഓരോ സ്ഥാനങ്ങളിലേക്കു് ഒതുങ്ങി വിശ്രമിക്കുവാൻ തുടങ്ങി. ആ സന്ദർഭത്തിൽ

വലിയ കെട്ടിനകത്തേ വിശാലമായ തളത്തിൽ പുടവകൊടയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യപ്പെട്ടിരുന്നു. കെട്ടിനകത്തു സവ്വത്ര വിചിത്രരേഖാലംകൃതങ്ങളായ കവളപ്പാറപ്പുൽപ്പാകൾ വിരിച്ച് ഒരുക്കിയിരുന്നു. വലിയ തളത്തിന്റെ മദ്ധ്യഭാഗത്തു പൂവ്വാഭിമുഖമായി നെൽപ്പറ, അരിപ്പറ, മലർപ്പറ, പഴപ്പറ, നിറപറ, എന്നിവയും കത്തിജ്വലിക്കുന്ന വെള്ളിവിളക്കുകൾ, കമ്പിവിളക്കുകൾ, ഏഴുതിരി നിലവിളക്കുകൾ മുതലായവയും, അഷ്ടഗന്ധം, സാമ്പ്രാണി ആദിയായ ധൂപസാധനങ്ങളും സജ്ജമാക്കപ്പെട്ടിരുന്നു. തളത്തിന്റെ കിഴക്കെ അഗ്രത്തിൽ, മാധവികുസുമഹാരങ്ങളാൽ സവിശേഷമായി ആച്ഛാദനം ചെയ്യപ്പെട്ട മേൽക്കൂരയും സ്ഥൂണങ്ങളും ഉള്ളതും സാമാന്യം വിസ്താരമേറിയതുമായ ഒരു മുല്ലപ്പന്തൽ പണിതിണക്കി, അതിന്റെ പുരോഭാഗവും ധൂപദീപാദികളാൽ അലങ്കരിച്ചിരിക്കുന്നു. തറയിൽ മനോഹരങ്ങളായ രത്നകമ്പളങ്ങൾ വിരിച്ചിട്ടുണ്ട്. പശ്ചിമഭാഗത്തു തെക്കും വടക്കും മദ്ധ്യത്തിലുമായി അഗ്രിമസ്ഥാനത്തു വെള്ളയും കരിമ്പടവും വിരിച്ച മൂന്നു ബഹുമാന്യാസനങ്ങൾ തയ്യാറാക്കിവച്ചിരിക്കുന്നു. ജാജ്വല്യമാനമായി തിളങ്ങിക്കൊണ്ടിരിക്കുന്നതും രജതമുഷ്ടിയോടുകൂടിയതുമായ ഒരു വലിയ ഖഡ്ഗവും വ്യാഘ്രചമ്മത്താലാവരണം ചെയ്യപ്പെട്ടിട്ടുള്ളതും വെള്ളിക്കുമിളകൾപതിച്ചിട്ടുള്ളതുമായ ഒരു പരിചയും നടുനായകദീപത്തിന്റെ മുമ്പിൽ ശോണാംബരത്താൽ ആച്ഛാദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു പീഠത്തിൻമീതെ വച്ചിട്ടുണ്ട്.

മുല്ലപ്പന്തലിനെ, പശ്ചിമഭാഗത്തേ പ്രേക്ഷകദൃഷ്ടിയിൽ നിന്നും തെല്ലൊന്നു മറയ്ക്കത്തക്കവിധം ചേതോഹരമായ ഒരു ചെറിയ വെളിയട, കിഴക്കും പടിഞ്ഞാറുമുള്ള ദീപപങ്ക്തികളുടെ ഇടയിൽ വച്ച് ആച്ഛാദനക്രിയ നിവ്വഹിച്ചിരിക്കുന്നു.

മുഹൂൎത്തത്തിനു കാൽനാഴികമുൻപു പന്തക്കുഴ, ചങ്ങലവിളക്ക്, ദീപയഷ്ടി, മുത്തുക്കുട, ആലവട്ടം, ചാമരം, വാളും പരിചയും ധരിച്ച കരനാഥന്മാർ ആദിയായ സന്നാഹങ്ങളോടും വാദ്യഘോഷസമന്വിതമായും, വലുതായ പുരുഷാരത്താൽ അനുഗതനായി മണവാളൻ വധൂഗൃഹത്തിന്റെ പടിപ്പുരയ്ക്കു സമീപം എത്തി; ആ സന്ദൎഭത്തിൽ മംഗല്യവതികളും സൎവ്വാഭരണവിഭൂഷിതകളും വിശിഷ്ടവസ്ത്രാലംകൃതകളുമായ ചില സ്ത്രീജനങ്ങൾ, ചങ്ങലവിളക്ക്, ചെപ്പ്, കണ്ണാടി, സ്വൎണ്ണം, ശുഭ്രവസ്ത്രം ആദിയായ ഒരുക്കങ്ങളോടുകൂടി വരന് അഷ്ടമംഗല്യസ്വാഗതം അരുളി മതിൽക്കെട്ടിനകത്തേക്ക് ആനയിച്ചു. സ്ത്രീകളുടെ കുരവയും പുരുഷന്മാരുടെ ആൎപ്പുവിളിയും തുടരെ കേട്ടു. മണവാളനും സംഘവും എട്ടുകെട്ടിന്റെ പുരോഭാഗത്തു വന്നെത്തിയ ഉടൻതന്നെ മുററത്തു് പാദുകത്തിനു സമീപം "ആചാരഫലാകം" വച്ചു് വെള്ളിക്കിണ്ടിയിൽ നിറച്ച പാൽകൊണ്ടു വരന്റെ പാദപ്രക്ഷാളനം എന്ന ക്രിയ, വധുവിന്റെ സഹോദരസ്ഥാനം സങ്കല്പിച്ചു് അടുത്ത ബന്ധുക്കളിൽ ഒരു പുരുഷൻ നിൎവ്വഹിച്ചു. അനന്തരം മണവാളൻ വലത്തുകാൽവച്ചു പാദുകത്തിൽ ചവുട്ടി കെട്ടിനകത്തു പ്രവേശിച്ചു. അപ്പൻ തമ്പുരാൻ, രാമയ്യൻ, മല്ലൻ നായിനാർ, കാളിഅരത്തൻപിള്ള ആദിയായ മാന്യാതിഥികളും പരിവട്ടവും മററു സമ്മാനങ്ങളും മഹാരാജസന്നിധിയിൽ നിന്നു കൊണ്ടുവന്നിട്ടുള്ള വലിയ ഹരിക്കാരനും ചുരുക്കം ചില സ്ഥാനികളും കെട്ടിനകത്തു കടന്നു്, എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരുന്നു. സ്ത്രീജനങ്ങൾ കിഴക്കെകെട്ടിലും പുരുഷന്മാർ പടിഞ്ഞാറേകെട്ടിലുമായി ഈ വിധം ഇരുന്നു കഴിഞ്ഞപ്പോൾ, മുഹൂൎത്തം സമീപിച്ചുവെന്നു നാഴികവട്ടകയുടെ നിലകണ്ടു ജോത്സ്യൻ അറിയിച്ചു. പിന്നീടു ഏതാനുംനിമിഷങ്ങൾക്കിടയിൽ, വിശേഷ

വസ്ത്രഭൂഷാദ്യലംകൃതയായ അമ്മുക്കുട്ടിക്കുഞ്ഞമ്മ മംഗല്യവതികളായ സ്ത്രീജനങ്ങളാൽ അനുഗതയായി അഷ്ടമംഗല്യാദി വഹിച്ച പ്രൌഢകളുടെ അകമ്പടിയോടും യോഷാമണികളുടെ ആശീർവ്വാദസൂചകമായ കുരവാരവത്തോടും കൂടി അറപ്പുരയ്ക്കുള്ളിൽ നിന്നു മെല്ലെ നടന്നുവന്നു മുല്ലപ്പന്തലിനു മൂന്നു പ്രദിക്ഷണം ചെയ്തു് ആ വിശിഷ്ടമായ വിവാഹവേദിയിൽ വലത്തുപാദം ഊന്നി പ്രവേശിച്ചു, വെള്ളയും കരിമ്പടവും വിരിച്ചു് ഒരുക്കപ്പെട്ടിരുന്ന പലകയിൽ ഉപവിഷ്ടയായി. തത്സമയം, മഹാരാജസമ്മാനമായ പരിവട്ടവും മുടുകും മാലകളും ഒരു വെള്ളിത്താലത്തിലാക്കി, വലിയ ഹരിക്കാരൻ മന്ത്രിപുംഗവൻെറ സന്നിധിയിലേക്കു നീക്കിവച്ചു. രാമയ്യൻ മഹാരാജപ്രതിനിധിയെന്നിലയിൽ ആ തട്ടവും സമ്മാനങ്ങളുംകൂടി വീരവിക്രമൻ ഉണ്ണിത്താനു സമ്മാനിച്ചു. കാമ്യമായ ആ രാജസമ്മാനം ഇരുകരങ്ങളിലുമായി ഏററുവാങ്ങി നമ്രശിരസ്സായി വന്ദനക്രിയ നടത്തിയ ശേഷം, മാമൂലനുസരിച്ചു ഗുരുജനങ്ങളേയും മാന്യാതിഥികളേയും സദസ്സിനേയും വന്ദിച്ചു്, അവരുടെ അനുജ്ഞ ചോദിച്ചുകൊണ്ടു, വെള്ളിത്താലവും വസ്ത്രാദികളും ഇരുകരങ്ങളിലുമായി വഹിച്ചു, മണവാളൻ സാവധാനത്തിൽ നടന്നു മുല്ലപ്പന്തലിനേസമീപിച്ചു;ഉടൻ തന്നെ വധു സ്വസ്ഥാനത്തുനിന്നു് എഴുനേററു ലജ്ജാവനമ്രരമണീയമുഖിയായി നിലകൊണ്ടു. കുരവയും ആർപ്പും വാദ്യഘോഷവും മുഴങ്ങി മാറെറാലികൊണ്ടിരിക്കവേ, വീരവിക്രമൻ ഉണ്ണിത്താൻ അമ്മുക്കുട്ടിക്കുഞ്ഞമ്മയ്ക്കു വസ്ത്രദാനംചെയ്തു. അനന്തരം അഷ്ടമംഗല്യംവഹിച്ചു പ്രൌഢാംഗനകളുടെ അകമ്പടിയോടുകൂടി വധൂവരന്മാർ മണവറമുറിയിലേക്കു് ആനയിക്കപ്പെട്ടു. പിന്നീടു താംബൂലദാനം മുതലായ ചടങ്ങുകൾ കഴിഞ്ഞു അതിഥികൾ യാത്രയായി.

---

## അദ്ധ്യായം ൨൩.

തെക്കുംകൂറിൽനിന്നു കൊട്ടത്തയച്ച കറി.

കായങ്കുളംരാജ്യം പിടിച്ചടക്കിയശേഷം, ശോണാദ്രിപുരം, ശ്രീവല്ലഭപുരം എന്നീ സുപ്രസിദ്ധങ്ങളായ പ്രാചീന ബ്രാഹ്മണസങ്കേതങ്ങൾ ഉൾപ്പെടെ തെക്കുംകൂറിൻെറ ദക്ഷിണപ്രാന്തപ്രദേശങ്ങൾവരെ സ്വാധികാരം അനിഷേധ്യമായി സ്ഥാപിച്ചു, ശ്രീവീരമാർത്താണ്ഡവമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രധാന സചിവനും വലിയ പടത്തലവനുമായ രാമയ്യൻെറ ആലോചനയോടുകൂടി, സംസ്ഥാനാന്തരാളത്തിൽ സവ്വത്ര പ്രജാക്ഷേമൈകപരമായ ഭരണം നടപ്പിലാക്കുവാനുള്ള വ്യവസ്ഥകൾ ചെയ്യുന്നതിൽ ജാഗരൂകനായിരുന്നു. ആക്രമിച്ചു സ്വാധീനമാക്കപ്പെട്ട ദേശങ്ങളിൽ നീതിയും സമാധാനവും സുസ്ഥാപിതമാക്കുന്നതിനും, പ്രജകൾക്കു കാര്യക്ഷമമായ ഭരണത്തിൻെറ ഗുണം അനുഭവഗോചരമാക്കുന്നതിന് അവശ്യം വേണ്ട ഏപ്പാടുകൾ ചെയ്യുന്നതിനുമായി, മഹാരാജാവിൻെറ പ്രധാന സചിവനായ ദളവായുടെ കച്ചേരി സ്ഥലം മാവേലിക്കരയാക്കി, രാമയ്യൻ അവിടെത്തന്നെ സ്ഥിരമായി താമസിക്കുവാൻ ഇതിനകം ആരംഭിച്ചുകഴിഞ്ഞിരുന്നു.

ഇക്കാലത്തു്, ഒരുദിവസം സായാഹ്നത്തിൽ, മാർത്താണ്ഡവമ്മ മഹാരാജാവു തിരുവനന്തപുരം വലിയകൊട്ടാരത്തിൽവച്ചു തെക്കുംകൂർ ഇളയരാജാവുമായി സംഭാഷണത്തിൽ ഏപ്പെട്ടിരിക്കുകയായിരുന്നു. അപ്പോൾ പ്രകൃതവശാൽ മഹാരാജാവു് ഇങ്ങനെ കല്പിച്ചു:—"തെക്കുംകൂർ കോയ്മയെക്കുറിച്ചു്, അവിടത്തെ ജനങ്ങളിൽ ഒരു ഭാഗക്കാക്കു വലിയ അതൃപ്തിയാണെന്നു, നാം ചാരന്മാർമുഖേന

ഇയ്യിടെ അറിവാൻ ഇടയായി. നമുക്കു് എതിരായി, കായങ്കുളം യുദ്ധത്തിൽ കായങ്കുളംരാജാവിനെ സഹായിച്ചിട്ടുമുണ്ടു്. എങ്കിലും അപ്പൻെറപേരിൽ നമുക്കുള്ള വാത്സല്യവും സ്നേഹവും ആലോചിക്കുമ്പോൾ, എന്താ വേണ്ടതെന്നു പരുങ്ങുകയാണു്. ഏതായാലും അവിടം അരാജകമായിപ്പോകുന്നതു കഷ്ടംതന്നെ. അപ്പൻ അവിടെച്ചെന്നു രാജ്യകാര്യങ്ങൾക്കൂടെ അന്വേഷിക്കുകയാണു് ഉത്തമം"

അപ്പൻ:—ആ അഭിമതം ജ്യേഷ്ഠൻതിരുമേനിക്കു് ഒരിക്കലും ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല. ഇപ്പോൾ ദ്വേഷബുദ്ധിക്കു ശക്തികൂടിയിരിക്കാനെ ഇടയുള്ളൂ. ഉടൻ എടത്തിലേക്കു ചെല്ലണമെന്നു കുറി കൊട്ടത്തയച്ചിരിക്കുന്നതുതന്നെ സദുദ്ദേശത്തോടെയെന്നു തോന്നുന്നില്ല

മാർത്താണ്ഡ:—അമ്മതമ്പുരാനു് ആലസ്യമെന്നാണല്ലോ കുറിയിൽ എഴുതിയിരിക്കുന്നതു്. ഏതായാലും ഉടൻ പോയി അറിയേണ്ടതാണു്.

അപ്പൻ:—ബലമായ സംശയമുണ്ടു്.

മാർത്താണ്ഡ:—അങ്ങനെയൊന്നും ശങ്കിക്കുവാനില്ല. തെക്കുംക്കൂർ രാജസ്ഥാനത്തു് അപ്പനെ നാം കാണും.

അപ്പൻ:—അവിടത്തെ ആശയും ആശീർവാദവും അങ്ങനെതന്നെ. ജ്യേഷ്ഠൻെറ കുറിയെ അടിസ്ഥാനപ്പെടുത്തി ഇപ്പോൾ പോകുന്നപക്ഷം അവിടത്തോട്ടു് ഇവിടെവന്നു വീണ്ടും മുഖംകാണിക്കാൻതന്നെ സൌകര്യപ്പെടുമോ എന്നും സന്ദേഹം.

മാർത്താണ്ഡ:—രാജാവു് അത്ര നിഷ്ഠുരമായി അപ്പനോടു പെരുമാറുമെന്നുവന്നാൽ, നാം ഉണ്ടു് ചോദിപ്പാൻ, എന്നു് ഉറച്ചുകൊള്ളൂ.

അപ്പൻ:—ആ വിശ്വാസം ഇല്ലാഞ്ഞല്ല വൈമനസ്യം. ജ്യേഷ്ഠൻെറ കാലമത്രയും അവിടുന്നു യഥേഷ്ടം നാടു

വാഴട്ടെ. ബഹിഷ്കൃതന്റെ നിലയിൽ അപ്പൻ ഇവിടെ യൊ, എവിടെയെങ്കിലുമൊ, കഴിച്ചുകൂട്ടിക്കൊള്ളാം.

മാത്താ:—അങ്ങനെയല്ല. അപ്പൻ ഇനി എടത്തിൽ പോയി താമസിച്ചില്ലെങ്കിൽ ആ നല്ല രാജ്യം അനാഥമാകും. നമുക്ക് അതു സഹിച്ചുകൂടാ. പെററമ്മയ്ക്കു ദീനം കലശലായി കിടക്കുന്നുവെന്ന് ഇങ്ങനെ കളവായി ഒരു കറി കൊടുത്തയക്കുവാൻ മനുഷ്യരാരെങ്കിലും ഒരുങ്ങുമോ? ആകട്ടെ. നോക്കട്ടെ. അതിന്റെ പരമാൎത്ഥവും അറിയണമല്ലോ. സഹോദരസ്നേഹമൊ മനുഷ്യസ്നേഹമൊ വിട്ട്, ആ രാജാവു് അപ്പനോട്ട് എന്തെങ്കിലും കടുങ്കൈ ചെയ്യുകയാണെങ്കിൽ, ശ്രീപത്മനാഭനാണെ, നാം ആ അപരാധം ക്ഷമിക്കുകയില്ലേ.

അപ്പൻ:—തിരുമനസ്സിലെ കല്പനയനുസരിച്ചു പുറപ്പെടാമെന്നു വിചാരിക്കുന്നു. എന്നാൽ ഒന്നു തീൎച്ചയാക്കിക്കൊണ്ടുതന്നെ. ജ്യേഷ്ഠനു് അത്രയ്ക്കു ദ്വേഷമുണ്ടു്.

മാത്താ:—അപ്പൻ മഹാ വീരനും പരാക്രമിയും ധീരനുമായ ഒരു ക്ഷത്രിയകുമാരനാണെങ്കിലും, ചെറുപ്പമല്ലേ! ചെറുപ്പംകൊണ്ടു് ഇങ്ങനെ തോന്നുന്നതാണു്. ആ രാജാവിന്റെ നിലയിൽ ഇരിക്കുന്ന ഒരാൾ നിലവിട്ട്, സഹോദരസ്നേഹവും മറന്നു്, എന്തെങ്കിലും കടുങ്കൈ പ്രവൎത്തിക്കുകയോ?

അപ്പൻ:—അവിടത്തെ മഹത്വംകൊണ്ടു് ഈവിധം തോന്നുന്നതാണു്. ഏതായാലും നാളെ പുലൎച്ചയ്ക്കു് എടത്തിലേക്ക് പുറപ്പെടാമെന്നു വിചാരിക്കുന്നു.

മാത്താ:—നാളെ ഏതായാലും വേണ്ട. ഇന്നു ചതുൎദ്ദശി നാളെ അമാവാസി. പിന്നെ പ്രതിപദം. നാലാം ദിവസം മതി. ഇന്നുതന്നെ വിവരത്തിനു നാം കറി അയച്ചേക്കാം.

അപ്പൻ:—തീൎത്ഥാടനം കഴിച്ചു തിരിച്ചു ചെല്ലുംമുമ്പു, മുൻകൂട്ടി ആളെ അയക്കണമെന്നു് അദ്ദേഹം കല്പിച്ചിട്ടുണ്ടായിരുന്നു. കാലഭൈരവപ്രീതിക്കും മററും ഒരുക്കങ്ങൾ ചെയ്യണമല്ലോ. നരമേധംകൊണ്ടായിരിക്കും അദ്ദേഹം പൂജ അൎപ്പിക്കുവാൻപോകുന്നതു്.

മാൎത്താ:—ഇങ്ങനെ ദീൎഘദൎശനം ചെയ്യുന്നതു ശരിയല്ല. അങ്ങനെയുള്ള അനിഷ്ടസംഭവം ഉണ്ടാകാതെയിരിക്കട്ടെ. അങ്ങനെ സംഭവിച്ചെന്നു് അറിഞ്ഞാൽ, പിറേറന്നാൾ നമ്മുടെ കുതിരയെ എടത്തിൽ കെട്ടുമെന്നും ഉറപ്പായിരിക്കൂ. നന്മതന്നെ വരും. സുഖമായി പോയിവരൂ. പത്മനാഭൻ തുണയുണ്ടു്.

അപ്പൻ:—എന്നാൽ ഇന്നു രാത്രിയിൽതന്നെ പുറപ്പെടുകയല്ലേ ഭേദം. അമ്മയ്ക്കു് ആലസ്യമെന്നാണല്ലോ കുറി.

മാൎത്താ:—അതും നന്നുതന്നെ. അപ്പനെ ഈ ഗഡുവിൽ അയക്കുവാൻ നമുക്കു തീരെ സന്തോഷമില്ല. എങ്കിലും പെററമ്മയ്ക്കു ദീനമെന്നു കേട്ടാൽ ഉടൻ പുറപ്പെടുകയാണു വേണ്ടതു്. നിൎത്തി താമസിപ്പിക്കുന്നതു നമ്മുടെ രാജധൎമ്മത്തിനു് അശേഷം ചേൎന്നതല്ല. എങ്കിൽ ഒരുങ്ങിക്കൊള്ളുക. അപ്പനെക്കുറിച്ചു് ഒരു വിശേഷം നാം കേട്ടിട്ടുണ്ടു്. ഇതുവരെ ചോദിച്ചിട്ടില്ലെന്നേ ഉള്ളു.

അപ്പൻതമ്പുരാൻ വിസ്മയാവേശിതനായി മന്ദസ്മിതപൂൎവം ചോദിച്ചു:—"എന്താണു തിരുമനസ്സുകൊണ്ടു് ഉദ്ദേശിക്കുന്നതെന്നു് അറിഞ്ഞില്ല."

മാൎത്താ:—അതു പറയാം. അപ്പന്റെ ദേഹത്തിൽ എവിടെയോ വിശേഷപ്പെട്ട ഒരു അങ്കം ഉണ്ടെന്നു കേട്ടിട്ടുണ്ടു്. അതു ശരിതന്നെയോ?

അപ്പൻ:—അതു വാസ്തവംതന്നെ. ശംഖചക്രങ്ങൾ ഒന്നിച്ചുചേൎന്നതുപോലുള്ള നീല മറുകാണു്. ഇങ്ങനെ ഒരു

ചിഹ്നം ഞങ്ങളുടെ കുടുംബത്തിൽ അനേക തലമുറയായി ആക്കെങ്കിലും ഒരാൾക്ക്, എപ്പോഴും മാറാതെ കാണും. ഒരു കത്രിക കിട്ടിയാൽ അതു തുക്കൺപാക്കാൻ സൌകര്യപ്പെട്ടേക്കാം.

മഹാരാജാവിന്റെ കല്പനപ്രകാരം, രജതനിർമ്മിതമായ ഒരു കത്രിക അവിടെ കൊണ്ടുവരപ്പെട്ടു. തെക്കുംകൂർ എളയരാജാവു്, കത്രിക എടുത്തു വലത്തെ തുടയുടെ മദ്ധ്യഭാഗത്തു, വസ്ത്രം ഒരു പപ്പടാകൃതിയിൽ വെട്ടി നീക്കിയപ്പോൾ, വിചിത്രമായ ആ നീല മറുക മഹാരാജാവിനു ദൃഷ്ടിഗോചരമായി. അവിടുന്നു വളരെ സന്തുഷ്ടനായി, ഇങ്ങനെ കല്പിച്ചു:—"ഇതു ഭാഗ്യസൂചകമാണു് സംശയമില്ല. അപ്പൻ ഇരിക്കുന്നിടത്തു മഹാലക്ഷ്മിയുടെ വിളയാട്ടം ഉണ്ടു്. പത്മനാഭൻ അനുഗ്രഹിക്കും. പോയിവരു."

സോദരനിർവ്വിശേഷമായ വാത്സല്യപാരവശ്യത്തോടുകൂടിതന്നെ ആശീർവ്വദിച്ചു, പ്രസന്നമുഖനും കരുണാലോലനേത്രനുമായി സിംഹാസനത്തിൽനിന്നു് ഉത്ഥാനംചെയ്തു. മഹാരാജാവു തിരുമനസ്സിലെ പരിപാവനങ്ങളായ തൃപ്പാദങ്ങൾ, കരാംഗുലികളാൽ സ്പർശിച്ചു നേത്രങ്ങളിൽ ആരാധിച്ചു വന്ദിച്ചു് അപ്പൻതമ്പുരാൻ വിടവാങ്ങി സ്വാവസതിയിലേക്കു യാത്രയായി.

അന്നേദിവസം അത്താഴംകഴിഞ്ഞു് ആ രാജകുമാരൻ തിരുവനന്തപുരത്തുനിന്നു, സുമുഹൂർത്തംനോക്കി, സപരിവാരം ചങ്ങനാശേരിയിലേക്കു പുറപ്പെട്ടു.

---

# അദ്ധ്യായം ൨൪.

---

## വീരസുഹൃത്തുക്കൾ

വിവാഹാനന്തരം പിറേറന്നാൾ പ്രഭാതത്തിൽ വീരവിക്രമൻഉണ്ണിത്താനും പത്നിയും ഉദ്യോഗസ്ഥലമായ ചെമ്പകശ്ശേരിയിലേക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ ഏതാനും ചില പ്രധാനതാവളങ്ങളിൽ ഇറങ്ങി വിശ്രമിച്ചു്, അവർ ഏഴാംദിവസം വസതിയിൽ ചെന്നെത്തി. അമ്മുവിന്റെ ജീവരക്ഷകിയെന്ന നിലയിൽ ആ യുവതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഉണ്ണിമാക്കുഞ്ഞമ്മയ്ക്കു് പുത്രന്റെ പത്നിയെന്ന നൂതനബന്ധത്തോടുകൂടി അവൾ വീണ്ടും സ്വഗൃഹത്തിനുള്ളിൽ കാൽവയ്ക്കുവാൻ ഇടയായതിൽ അപരിമിതമായ ചാരിതാർത്ഥ്യത്തിനു വകയുണ്ടായി. കായംകുളം രാജധാനിയിലേക്കു യാത്രയായശേഷം വീരവിക്രമന്റെ ദർശനം മാതാവിനു സാധാരണയായി അസുലഭമായിരുന്നു കായംകുളത്തെ വാസഗൃഹംതന്നെ ഉപേക്ഷിച്ചു ചെമ്പകശ്ശേരിയിലേക്കു പ്രച്ഛന്നമായി നിർഗ്ഗമിക്കേണ്ടിവന്ന ഘട്ടത്തിലും ഉണ്ണിത്താന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല. ഏതാദൃശങ്ങളായ കാരണങ്ങളാൽ അമ്മയ്ക്കും മകനും പരസ്പരം പല വർത്തമാനങ്ങളും പറയുവാനുണ്ടായിരുന്നു. അതും പ്രകാരം തന്നെ, അമ്മുക്കുട്ടിക്കുഞ്ഞമ്മയുടെ ജീവിതനാടകത്തിലെ സംഭവബഹുലമായ പൂർവ്വാങ്കത്തിൽ ആണ്ടുകിടന്നിരുന്ന ചില വസ്തുതകളെക്കുറിച്ചു് ഉണ്ണിമാക്കുഞ്ഞമ്മയെ ധരിപ്പിക്കുവാൻ ആ യുവതിക്കും അല്പമായ ഔത്സുക്യം അങ്കുരിച്ചിരുന്നു. ജ്ഞാനി ജനങ്ങളുടെയും പരിചിതാപരിചിതരായ സന്ദർശകരുടെയും കുശലപ്രശ്നങ്ങളും സമാചാരോക്തികളും കൊണ്ടു് ആ ദിവസം വിശ്രമരഹിതമായിരുന്നു. ഒട്ടു സന്ധ്യയ്ക്കു മുൻപായി സന്ദർശകരായ സ്ത്രീപുരു

ഷന്മാർ ഓരോരുത്തരായി യാത്രപറഞ്ഞു പിരിഞ്ഞു; സന്ദർശകജനങ്ങളുടെ നവംനവമായ പ്രവേശഗതിയും ഒട്ടു നിലച്ചു; അതിനാൽ നേരത്തേ അത്താഴം കഴിച്ച് അമ്മുക്കുട്ടിഅമ്മ ആദിയായ സ്ത്രീജനങ്ങൾ കെട്ടിനകത്തു് സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. ആ സന്ദർഭത്തിൽ വീരവിക്രമൻ ഉണ്ണിത്താൻ പടിപ്പുരച്ചാവടിയിലെ തളത്തിൽ ഒരു തൂക്കുമഞ്ചത്തിൽ കിടന്നു വിശ്രമിക്കുകയായിരുന്നു. ശോഭായമാനമായ ഒരു ചങ്ങലത്തൂക്കുവിളക്ക് അവിടെ കത്തിക്കൊണ്ടു നിൽക്കുന്നുണ്ടു. രശ്മിപ്രവാഹഗതിയിൽ നിന്നു വിട്ടൊഴിഞ്ഞഭാഗങ്ങൾ അന്ധകാരവ്രതമായിരുന്നു വിവിധങ്ങളായ ചിന്തകൾക്കു് അധീനനായി, ഉപധാനത്തിന്മേൽ ഉത്തമാംഗം ഉയർത്തിവച്ചുകൊണ്ടു കാര്യക്കാർ കിടക്കവേ, അപരിചിതനായ ഒരു പുരുഷൻ അപ്രതീക്ഷിതമായി അവിടെ പ്രത്യക്ഷനായി മഞ്ചത്തെ സമീപിച്ചു. അയാൾ കൈയിൽ വിദ്യുല്ലതികപോലെ അല്പമായ ചലനത്താൽ പ്രതിനിമേഷം പ്രകാശിച്ചുകൊണ്ടിരുന്ന ഒരു കഠാരി ധരിച്ചിരുന്നു. വീരവിക്രമൻ ഉണ്ണിത്താനു ശയ്യയിൽ നിന്നു് എഴുന്നേൽക്കുവാൻ സാവകാശം ലഭിക്കും മുൻപുതന്നെ ഭീകരമായ ആ കോമളായുധത്തെ, ആഗതൻ ആ യുവാവിൻെറ ഹൃദയത്തിനു നേരെ ഓങ്ങിപ്പിടിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു:—"കൊച്ചുണ്ണിത്താനേ! നിങ്ങളുടെ കയ്യുക്കും തൻേറടവും ഇപ്പോൾ കാണണം. ഈ കിടപ്പിൽ നിന്നു് ഒന്നു അനങ്ങുകയോ തിരിയുകയോ ചെയ്താൽ ഈ കഠാരിയും നിങ്ങളുടെ ഉരക്കൻചങ്കും തമ്മിൽ ഉടൻ കൂടിക്കാഴ്ച നടക്കുമേ! ഓർമ്മിച്ചുവേണം പെരുമാറുവാൻ."

വീരവിക്രമൻ ഉണ്ണിത്താൻ തൂക്കുമഞ്ചത്തിൽ സ്വസ്ഥചിത്തനായിക്കിടന്നുകൊണ്ടു് ഇങ്ങനെ അഭ്യാഗതനോടു പറഞ്ഞു:—"നിങ്ങൾ ആരായാലും കഠാരിയും ഓങ്ങ

പേടിപ്പെടുത്തുവാനായിരിക്കും വന്നിരിക്കുന്നതു്. ഏതായാലും നിങ്ങളുടെ പേരിൽ നമുക്കു തരിമ്പും ബഹുമാനം തോന്നുന്നില്ല ഉറങ്ങിക്കിടക്കയാണെന്നു കരുതി സൂത്രത്തിൽ ഇരുട്ടത്തു കടന്നുവന്നു കഠാരികുത്തിയിറക്കിക്കൊല്ലാമെന്നല്ലേ നിനച്ചതു്. പൌരുഷമുള്ളവർ എങ്കിൽ മുഖത്തോടുമുഖം നോക്കി, നിവർന്നുനിന്നു് ആയുധമെടുത്തു പെരുമാറണം. ഇത്തരം ചതിക്കു് ഒരുമ്പെടുന്നതു് ആണത്തമെന്നു് ആരും പറയുകയില്ല. കുത്താൻ ധൈര്യം ഉണ്ടെങ്കിൽ ആയിക്കൊള്ളൂ. മരണത്തിൽ പേടി ഇല്ല; മടിക്കയും വേണ്ട. ഇത്രയും പ്രതിപക്ഷിയുടെ മുഖത്തുനിന്നു കേട്ടമാത്രയിൽ കഠാരി ദൂരെ വലിച്ചു് എറിഞ്ഞുകൊണ്ടു് ആഗതൻ പറഞ്ഞു:—"എന്റെ ഓമനക്കഠാരി ഇത്ര നീചമെന്നല്ലേ അങ്ങു കല്പിച്ചതു്. ഇനി അതു ഞാൻ തൊടുന്നില്ല. അതാ കിടക്കുന്നു. എങ്കിലും ബലേ ഭേഷ്! ഞാൻ വയ്ക്കുന്നു എന്റെ ഉണ്ണിത്താനങ്ങത്തേ! ആണുങ്ങളാണെങ്കിൽ ഇങ്ങനെതന്നെ പിറക്കണം. ഇത്രചെറുപ്പത്തിൽ ഇത്ര തന്റേടവും ധൈര്യവും ഉണ്ടാകാൻ പ്രയാസം. ആകട്ടെ. അങ്ങത്തേ ഈ രാത്രിയിൽ ഞാൻ വന്നു ശല്യപ്പെടുത്തിയതെന്തുണ്ടോ?"

ഉണ്ണിത്താൻ, സാവധാനത്തിൽ ശയ്യയിൽ എഴുന്നേററിരുന്നുകൊണ്ടു പറഞ്ഞു:–"നിങ്ങൾ ആരായാലും വലിയ സാഹസമായിപ്പോയി ഇക്കാണിച്ചതു്. എന്റെ ഉറക്കത്തിനു തടസ്സമുണ്ടാക്കിയെന്നുള്ള അപരാധം ഞാൻ ക്ഷമിച്ചിരിക്കുന്നു. എങ്കിലും സിംഹത്തിന്റെ ഗുഹയിൽ കയറി, അവനെ ഉളിചാണ്ടിപ്പിടിക്കുവാൻ പുറപ്പെട്ടിരിക്കുന്ന നിങ്ങളുടെ വിവേകക്കുറവു ക്ഷമിക്കത്തക്കതല്ല. നിങ്ങൾ ആരെന്നു പറയുമോ?"

ആഗതൻ പൊട്ടിച്ചിരിച്ചുകൊണ്ടു് ഉണ്ണിത്താനെ ഗാഢമായി ആശ്ലേഷിച്ചശേഷം പറഞ്ഞു:–"എന്നെഅറി

ഞ്ഞില്ലേ എൻെറ ചങ്ങാതീ! എങ്ങനെ അറിയുംപിന്നെ. തസ്വരൂപത്തിൽ എന്നു കണ്ടിരിക്കുന്നു? പൊടവകൊട യ്ക്കുപോലും വന്നുക്രൂടാൻ ഒത്തില്ല; എന്തു പറയുന്നു."

ഉണ്ണിത്താൻ സ്വസ്ഥാനത്തു നിന്നു് എഴുന്നേററു് ആഗതൻെറ മുഖത്തു സൂക്ഷിച്ചുനോക്കി; അനന്തരം മന്ദ സ്മിതം തൂകിക്കൊണ്ടു ആഗതനെ പിടിച്ചു മഞ്ചത്തിൽ ഇരുത്തി താനും ഇരുന്നു് ഇങ്ങനെ പറഞ്ഞു:—"എൻെറ മാത്തുപിള്ളച്ചേട്ടാ! എന്നെ വല്ലാതെ ഒന്നു തുന്തിരപിടി പ്പിച്ചല്ലൊ. അങ്ങനെ വരട്ടെ. മററാരെങ്കിലും ഇത്ര തന്റേ ടമായി ഇവിടെ കടന്നുവന്നു് ഇങ്ങനെ ഒക്കെ പെരു മാറാൻ ധൈര്യപ്പെടുമോ? ഇപ്പോൾ എവിടുന്നു്?"

മാത്തുപിള്ള:—എൻെറ അനിയാ! കായംകുളത്തുനിന്നു് അനിയനെ ഒന്നു കാണേണ്ട മുറ ഉണ്ടല്ലൊ; പൊടവകൊ ടയ്ക്കും ക്രൂടാൻ ഇട കിട്ടിയില്ല.

വീര:—വളരെ വളരെ സന്തോഷം. ഒരു നിവൃത്തി ഉണ്ടെങ്കിൽ ചേട്ടൻ വരാതിരിക്കയില്ലെന്നു് എനിക്കു് അറിയാം. തനിച്ചോ പുറപ്പെട്ടിരിക്കുന്നതു്?"

മാത്തു:—എനിക്കു്, ക്രൂടെ ആരുവേണം? ന്യൂറുമാട മ്പിക്കു് അകമ്പടി നിക്കാനും ഞാൻ മതി.

വീരവിക്രമൻ ചിരിച്ചുകൊണ്ടുപറഞ്ഞു:—"എങ്കിലും വലിയകാര്യക്കാർ യജമാനനല്ലേ?"

മാത്തുപിള്ള മന്ദസ്മിതംതൂകിക്കൊണ്ടു പറഞ്ഞു:—"കളി യാക്കാതെ ഉണ്ണിത്താനങ്ങുന്നേ! എനിക്കു് ഇന്നുതന്നെ തിരിച്ചുപോകണം.

വീര:—ആകട്ടെ ഊണുകഴിച്ചിട്ടു് മററു വത്തമാന ങ്ങളാം.

മാത്തു:—നല്ല വിശപ്പു്! വേഗംആവട്ടെ. നല്ലവാതൽ വന്നതല്ല. സല്യവട്ടം വലിയ മോടിയായിരിക്കും.

വീര:—ആ സമയത്തു തെററാതെ ചേട്ടനും എത്തി ക്കളഞ്ഞതല്ലോ. അതുതന്നെ സന്തോഷം.

ഇപ്രകാരം നർമ്മാലാപങ്ങൾ പറഞ്ഞു വീരവിക്രമൻ, കായംകുളംയുദ്ധകാലത്തെ സഹചാരിയും സുഹൃത്തുമായ മാതുപിള്ളയ്ക്കു് അത്താഴം നൽകുവാനുള്ള ഏപ്പാടുകൾ ചെയ്വാൻ പ്രധാനപരിചാരകനെ വിളിച്ചു് മന്ദസ്വരത്തിൽ ചില ആജ്ഞകൾ കൊടുത്തു

സ്നാനാദികൾ നിർവ്വഹിച്ചു മാതുപിള്ള വലിയപുരയുടെ കിഴക്കേക്കെട്ടിൽ ഊണിനു് ഇരുന്നപ്പോൾ ഉണ്ണിത്താനും ഒരു പുൽപ്പായിൽ സമീപത്തു് ഇരുന്നു. അപ്പോൾ മാതുപിള്ളതന്നെ ഇങ്ങനെ സംഭാഷണം ആരംഭിച്ചു:—ഇത്ര നേരത്തെ ഊണുകഴിച്ചു് ഉറങ്ങാൻ തുടങ്ങിയാലോ?

ഉണ്ണിത്താൻ:—ഇന്നു് ഇവിടെ വലിയ തിരക്കായിരുന്നു. വിരുന്നുകാരും കാഴ്ചക്കാരും അയൽക്കാരും, വലിയ ബഹളം. ആക്കും നേരെ ഉണ്ണാനും ഒരിടത്തു് ഇരിക്കാനും ഇടകിട്ടിയിട്ടില്ല.

മാതു:—രാത്രിയെങ്കിലും ഒരിടത്തു സ്വസ്ഥമായി കിടക്കാമെന്നു വച്ചാൽ, അതിനും ഇന്നു് തടസ്സക്കാരൻ ഈ മാതുപിള്ളയും വന്നുകൂടി അല്ലേ?

വീരവിക്രമൻ ഉണ്ണിത്താൻ മന്ദസ്മേരവദനനായി പറഞ്ഞു:—"വന്നവരവു കണ്ടപ്പോൾ രണ്ടുമൂന്നു നാഴിക നേരത്തേക്കു തടസ്സംതന്നെയെന്നു കരുതിപ്പോയി"

മാതു:—ഞാൻ നന്നാ ശങ്കിച്ചു ശങ്കിച്ചാണേ അടുത്തതു്. അത്രയും പറഞ്ഞതിനിടയ്ക്കു രണ്ടുമൂന്നുപ്രാവശ്യം ഞാനറിയാതെ ചിരിയും വന്നു.

വീര:—നല്ല നേരമ്പോക്കുതന്നെ.

മാതു:—പടയാളികളുടെ വിനോദങ്ങൾ ഇങ്ങനെ ഒക്കെ. അതെല്ലാമിരിക്കട്ടെ ശകലം കാര്യംകൂടെ ഉണ്ടു്.

സ്വാമിയുടെ ആൾ വന്നു പറഞ്ഞിരിക്കുന്നു. ആ വിവരം ഞാൻതന്നെ ഇവിടെ വന്നുപറഞ്ഞു, രണ്ടുപേരുംകൂടെ ആലോചിക്കണമെന്നും പറഞ്ഞിരിക്കുന്നു.

ഉണ്ണിത്താൻ സോൽക്കണ്ഠം ചോദിച്ചു:—"എന്താ ചേട്ടാ വിശേഷം?"

മാത്തു:—ഓ! സാരമില്ല. തെക്കുംകൂറിൽ കുറേദിവസമായി പടയൊരുക്കത്തിൻെറ മട്ടൊക്കെ കാണുന്നു. കാര്യമൊന്നും വെളിവായിട്ടില്ല.

വീര:—നമ്മുടെ തമ്പുരാനും തെക്കുംകൂറും ആനയും ആടുംതന്നെ; പിന്നെ എന്തിനാ ഈ ആലോചന.

മാത്തു:—സ്വാമിയുടെ ചാരന്മാർ കൊണ്ടുചെന്ന വർത്തമാനം, പടയൊരുക്കും, പടയിണക്കും പയിററും കരതോറും.

വീര:—എളയതമ്പുരാൻ തിരിച്ച് എഴുന്നള്ളിയോ?

മാത്തു:—അവിടുന്നിന്നലെ വൈകുന്നേരം അരിപ്പാട്ട്. ഇന്ന് അത്താഴം അമൃത്തുകഴിഞ്ഞു ചങ്ങനാശ്ശേരിക്ക്.

വീര:—തെക്കുംകൂർ രാജാവിൻെറ ഉദ്ദേശം എന്താണെന്ന് എങ്ങനെ അറിയാം?

മാത്തു:—എന്തെന്നറിഞ്ഞുകൂടാ. എങ്കിലും തമ്പുരാട്ടിമാരെയും ഒക്കെ ദൂരെ എങ്ങോ അയച്ചിരിക്കുന്നുപോലും.

വീര:—കായംകുളത്തെ കാര്യം ഓർത്തു നമ്മുടെ തമ്പുരാനെ ഭയന്നിട്ടുതന്നെ.

മാത്തു:—നമ്മുടെ തമ്പുരാൻ! അവിടുന്ന് എന്തൊരു മഹത്വമുള്ള തമ്പുരാൻ! അപ്പൻതമ്പുരാനോടുള്ള വാത്സല്യംകൊണ്ട്, ആ തെക്കുംകൂർ വലിയതമ്പുരാൻ കാണിച്ച പ്രവൃത്തി അവിടുന്നു മറന്നേ കളഞ്ഞിരിക്കുന്നു!

വീര:—നാം ഈ ഘട്ടത്തിൽ എന്തുവേണമെന്നാണ് സ്വാമിയുടെ ഉത്തരവ്?

മാതു:—നാലുപുറത്തും കണ്ണുവേണം. വേണ്ടിവന്നാൽ ഏതുസമയത്തും എങ്ങോട്ടും പട ഒരുക്കിവിടാൻ ചട്ടമായിരിക്കണം. അത്രേ ഉള്ളു.

വീര:—അതിനൊന്നും പ്രയാസമില്ല. ഇവിടെനിന്ന് ഒരു പടകൂട്ടണമെങ്കിൽ ഒരു വിഷമവും ഞാൻ കാണുന്നില്ല. ഏതായാലും ഒരുക്കം ഒക്കെ ചെയ്തു കാത്തിരിക്കാം.

"അതുമതി. ഇന്ന് അമ്മയെകണ്ടു വത്തമാനങ്ങൾ പറയാനും മററും നേരമില്ല. പിന്നീട് ഇങ്ങോട്ടു വന്നുകൊള്ളാം." എന്നുപറഞ്ഞു മാതുപിള്ള ധൃതിയിൽ ഊണു കഴിച്ചു തുടങ്ങി. അല്പനേരത്തിനകം ഭക്ഷണം പൂത്തിയാക്കി ആ യോദ്ധാവ് എഴുന്നേററു.

പിന്നീട് അധികം താമസിയാതെ ഉണ്ണിത്താനോടു യാത്രചോദിച്ചു മാതുപിള്ള ഉദ്യോഗസ്ഥലമായ കായംകുളത്തേക്കു പുറപ്പെട്ടു. അത്ഭുതപൂവ്വവും കൌതുകസമ്പൂണ്ണവുമായ പ്രസ്തുത സന്ദശനത്തിൽ, സ്നേഹിതൻ പ്രദശിപ്പിച്ച തന്മയത്വത്തിൻെറ അഭിനവതയെ അനുസ്മരിച്ചു മന്ദസ്മിതം തൂകികൊണ്ടു ഗൃഹനായകൻ സ്വപ്രണയിനിയുടെ സവിധത്തിലേക്കു തിരിച്ചു.

---

# അദ്ധ്യായം ൨൫.

---

## സപ്പ്ഭയം.

നേരം പാതിരാവായി. ഭയങ്കരമായ അന്ധകാരം ദിഗന്തങ്ങളേ ആവരണം ചെയ്തിരിക്കുന്നു. ദാരുണമായ പ്രകൃതിക്ഷോഭത്തിൻെറ ആസന്നാവസ്ഥയേ സൂചിപ്പിക്കുന്നതായ ഒരു കാർമേഘപടലം അംബരദേശം ആകമാനം വ്യാപിച്ചുകഴിഞ്ഞു. പ്രചണ്ഡമായ മാരുതപ്രവാ

ഘത്തിൻെറ നടനരംഗത്തിലെ നാന്ദീഗീതസ്വരം ഏതാനം നിമേഷങ്ങൾക്കുള്ളിൽ ശ്രവണഗോചരമായിഭവിച്ചു. ഈ സന്ദർഭത്തിൽ തെക്കുംകൂർ ഇളയരാജാവും ദാരങ്ങളും കയറിയിരുന്ന കൂടാരവഞ്ചി വീയപുരത്താററിൽ വന്നെത്തി. രാജകീയ യാനപാത്രത്തിൽ രാജകുമാരനും പത്നിയും ഒരു പരിചാരകനും ഒരു പരിചാരികയും, ഉണ്ടായിരുന്നു. നാലുപേർ തണ്ടു വലിക്കുകയും, ഒരുവൻ അമരം പിടിക്കുകയും ചെയ്തുകൊണ്ടിരുന്നുവെങ്കിലും കോളിൻെറ കാഠിന്യംനിമിത്തം വഞ്ചി മുമ്പോട്ടു വയ്ക്കുന്ന കാര്യം വിഷമമെന്നു വഞ്ചിക്കാർക്കു ബോദ്ധ്യമായി. നടുപ്പടിക്കു ഇരു വശങ്ങളിലുമുള്ള കൂടാരങ്ങളിൽ അപ്പൻതമ്പുരാനും മാധവിക്കുഞ്ഞമ്മയും നിദ്രാധീനരായി ശയിക്കുകയായിരുന്നു. പരിചാരിക, കെട്ടിലമ്മയുടെ പാദഭാഗത്തു് ഉറക്കമിളച്ചു കാത്തിരുന്നു. രാജകുമാരൻ കിടന്നിരുന്ന കൂടാരത്തിൻെറ അഗ്രത്തായി വഞ്ചിയുടെ കൊമ്പിനു സമീപം പരിചാരകൻ സ്ഥാനം ഉറപ്പിച്ചിരുന്നു. വഞ്ചിക്കു ഉള്ളിലുള്ള ദീപം, കാററിൻെറ ശക്തിയിൽപെട്ടു് അണഞ്ഞുപോകാതെ അയാൾ കൂടെക്കൂടെ സൂക്ഷിച്ചു ശ്രദ്ധിച്ചുകൊണ്ടിരുന്നു. അകമ്പടിവള്ളങ്ങൾ എഴുന്നള്ളത്തു വഞ്ചിയുടെ മുമ്പിലും പിമ്പിലുമായി അല്പം അകലെ മാറി വിട്ടുപൊയ്ക്കൊണ്ടിരുന്നു. അന്ധകാരത്തിൻെറയും കൊടുങ്കാററിൻെറയും ഭീകരസ്വഭാവം നിമിത്തം എഴുന്നള്ളത്തു വഞ്ചി കരചേർത്തു ബന്ധിക്കുവാൻ വഞ്ചിക്കാർ നിർബദ്ധരായിതീർന്നു. അതേ സന്ദർഭത്തിൽതന്നെ എവിടെ നിന്നോ മററു് ഒരു കൂടാരവഞ്ചിയും അവിടെ വന്നടുത്തു. "ആരുടെ വള്ളമെടാ ഇതു്?" എന്നു ധിക്കാരപൂർവ്വമായ ഒരു പ്രശ്നം ആ വഞ്ചിയിൽ നിന്നു കേൾക്കാറായി. "പത്തുകെട്ടെപ്പെറയിൻ! എഴുന്നള്ളത്തുവഞ്ചി!" എന്നു് ഉത്തരക്ഷണത്തിൽ വഞ്ചിക്കാരുടെ പ്രത്യുത്തരവും പുറപ്പെട്ടു.

"ദിക്കും ദേശവും മറിച്ചുകളയുന്ന കോളല്ലേ, ആളും അവസ്ഥയും രൂപമില്ലേ ഒടയോരേ!" എന്നു മന്ദസ്വരത്തിൽ ആദരപുരസ്സരം ഒരാൾ, ആഗതമായ വഞ്ചിയിൽനിന്നു പറയുന്നതുകേട്ട് എഴുന്നള്ളത്തു വഞ്ചിയിലെ ഒരു വഞ്ചിക്കാരൻ ഇങ്ങനെ പതുക്കെപ്പറഞ്ഞു:—"തെക്കുംകൂർ എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് എഴുന്നള്ളുന്നു. അകമ്പടി വള്ളക്കാർ എങ്ങുപോയോ ഒരു രൂപവുമില്ലേ!"

"പൊന്നുതമ്പുരാനോ! അതു് അടിയങ്ങൾ അറിഞ്ഞില്ലേ! എഴുന്നള്ളത്തു വഞ്ചിക്കു് കോളുകൊണ്ടു് എളക്കം തട്ടരുതല്ലൊ. ഈ വഞ്ചികൂടെ ചേർത്തിട്ടു താഴ്ച്ചേക്കാം. പള്ളിക്കുറുപ്പിനു തടസ്സം വന്നുകൂടാ." എന്ന മറുപടികിട്ടി

"നിങ്ങൾ ആരു്? ആരുടെ വഞ്ചി?" എന്നു എഴുന്നള്ളത്തുവഞ്ചിയിലെ അമരക്കാരൻ ചോദ്യം ചെയ്തപ്പോൾ "ഞങ്ങളും തമ്പുരാൻെറ ആളുകൾ" എന്നു മറേറ വഞ്ചിയിൽനിന്നു് ഉത്തരം ഉണ്ടായതോടുകൂടി ആ വഞ്ചിയേ എഴുന്നള്ളത്തുവഞ്ചിയോടു ചേർത്തടുപ്പിച്ചു കഴിഞ്ഞു. ഇതിനകം അത്യുഗ്രമായ കാററും കോളിളക്കവും ആരംഭിച്ചു. എങ്കിലും രണ്ടു വഞ്ചികളിലെയും വിളക്കുകൾ കത്തിക്കൊണ്ടിരുന്നു. ഈ സമയം, രണ്ടാമത്തേ വഞ്ചിയുടെ നടുപ്പന്നകം തള്ളിനീക്കി ഒരു വശത്തേ കൂടാരത്തിൽ നിന്നു് ഒരാൾ പുറത്തിറങ്ങി തട്ടുപടിമേൽ കയറിനിന്നു. അയാളുടെ വലതുകരത്തിൽ, കൂരിരുട്ടിനേയും വെല്ലുന്ന ജാജ്വല്യമാനതയോടുകൂടിയ ഒരു ചെറിയ ആയുധം ധരിച്ചിരുന്നു. അതു് ഒരു കഠാരിയെന്നു വഞ്ചിക്കാർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. വഞ്ചിക്കുള്ളിൽ നിന്നു പൊട്ടുന്നനേ ഗളിച്ചു ദീപപ്രകാശം ആ മനുഷ്യൻെറ മുഖത്തു പതിച്ചതോടുകൂടി പ്രേക്ഷകരുടെ ആ ചെറുസംഘം ഹതചിത്തവൃത്തികളായി യഥാസ്ഥാനങ്ങളിൽ സ്തംഭിച്ചു് ഇരുന്നുപോയി. അടുത്ത നിമേഷം ആ ഭയങ്കരപുരുഷൻ രാജകുമാരൻെറ

വഞ്ചിയുടെ നടുപ്പന്തകം തള്ളിനീക്കി മുൻകൂടാരത്തിനുള്ളിലേക്കു കുതിച്ചുചാടിയതും, മൂർച്ചയേറിയ നാരാചസമാനമായ ഒരായുധം മാംസമൃദുലമായ ഒരു പിണ്ഡത്തിൽ ഉഗ്രവേഗത്തിൽ പാഞ്ഞിറങ്ങുമ്പോൾ ഉൽഭൂതമാകുന്ന സീൽക്കാരസ്വനവും "പൊന്നുതമ്പുരാനേ! രക്ഷിക്കണേ!" എന്നു വിവിധമുഖങ്ങളിൽനിന്നു ഏകകണ്ഠമായി പുറപ്പെട്ട ദയനീയാഭ്യർത്ഥനയും, സ്വപ്നസുഷുപ്തി ജാഗ്രദാവസ്ഥകളുടെ സമ്മിളിതമായ അന്തരാളത്തിൽ പൊടുന്നനവേ നിപതിച്ചു, ഗുരുതരമായ ബാഹ്യശക്തിയുടെ സമ്മർദ്ദനത്തിനു വിധേയനായി, അശരണനും അസ്വസ്ഥനുമായിച്ചമഞ്ഞു, ത്വരിതമായ പരലോകയാത്രയിൽ, ഇഹപരലോകങ്ങളുടെ മദ്ധ്യേവച്ചു, കരചരണാദികളാലും അസ്പൃഷ്ടങ്ങളായ ദീനനിനാദങ്ങളാലും നിർഭാഗ്യവാനായ ഒരു മനുഷ്യജീവി നടത്തുന്ന നിഷ്പ്രയോജനങ്ങളായ മരണനിവർത്തനശ്രമങ്ങളാകുന്ന അന്തിമചേഷ്ടകളുടെ പ്രതിധ്വനിയും, വഞ്ചിയിൽ നിന്നു പുറപ്പെട്ടു, വിജനമായ ആ ജലാശയത്തിന്റെ അന്തരീക്ഷത്തിൽ ലയിച്ചതും, ഒന്നായിക്കഴിഞ്ഞു. ഉത്തരക്ഷണത്തിൽ ആ യമകിങ്കരൻ രക്തപങ്കിലമായ കഠാരി കൈയിലേന്തി, മുഖത്തും ഉടലിലും തെറിച്ചു് ഒഴുകിക്കൊണ്ടിരുന്ന പുത്തനിണം ഇടത്തുകൈകൊണ്ടു തുടച്ചു നീക്കി, തന്റെ യാനപാത്രത്തിൽ പ്രവേശിച്ചു. അപ്പോൾ തന്നെ അതിൽനിന്നു് ഏതാനുംപേർ, ഘാതകക്രിയാരംഗമായ വഞ്ചിയിലേക്കു് കടന്നു, വഞ്ചിക്കാരെയും പരിചാരകനെയും വൃഷളിയെയും കരചരണാദികൾ ബന്ധിച്ചു മറെറാരു വള്ളത്തിലാക്കി എങ്ങോട്ടോ കൊണ്ടുപോയി മറഞ്ഞു. മററുചിലർ ബന്ധിതരുടെ സ്ഥാനം സ്വീകരിച്ചു യഥാപൂർവം വഞ്ചി നയിക്കുവാൻ സന്നദ്ധരായി. ഏതാദൃശങ്ങളായ അനുഷ്ഠാനങ്ങളെ തുടർന്നു "അയ്യോ പാമ്പു്! പാമ്പു്! കൊച്ചുതിരുമേനിയുടെ പള്ളി

വഞ്ചിയിൽ നിന്നല്ലേ ഇറങ്ങി വരുന്നതു്! അയ്യോ! തല്ലി ക്കൊല്ലിനെടാ! എന്തൊരുപാമ്പു്! കാലപാമ്പോ? എല്ലാ രെയും മിഴുങ്ങിക്കളയുമെടാ!" എന്നുള്ള ആൎത്തസ്വരം രണ്ടു വഞ്ചികളിൽ നിന്നും തുടരെ കേട്ടു.

ബഹളംകേട്ടു നിദ്രാഭംഗം ഭവിച്ചു ഭയവിഹ്വലയായി ഉരുണ്ടുപിരണ്ടെഴുന്നേററിരുന്ന മാധവിക്കുഞ്ഞമ്മ മുമ്പോട്ടു നീങ്ങി, ഭൎത്താവിൻെറ ശയ്യയിലേക്കു ദൃഷ്ടികളെ നയിച്ചു. പ്രാണനാഥൻെറ കോമളമായതിരുവുടൽ രക്താഭിഷിക്ത മായി കിടന്നു പിടയ്ക്കുന്ന ദയനീയവും ബീഭത്സവുമായ കാഴ്ചയാണു് ആ സാധ്വി കണ്ടതു്. "അയ്യോ! എൻെറ തമ്പുരാനേ!" എന്നുള്ള ഒരു ആൎത്തനാദം കുഞ്ഞമ്മയുടെ മുഖത്തു നിന്നു പുറപ്പെട്ടു. അടുത്തമാത്രയിൽ, വിദ്യുത് പ്രവാഹമേററപന്നഗരാജകന്യകയെപ്പോലെ ആ യുവതി സ്തബ്ധയായി വഞ്ചിക്കു് അകത്തേക്കു മറിഞ്ഞു. അതി ദാരുണവും ദയനീയവും ഭയാനകവുമായ പ്രസ്തുത സംഭവ ങ്ങളിൽ നിയതിക്കു് അങ്കുരിച്ച നിസ്സീമമായ സഹതാപ ബാഷ്പധാരയോയെന്നു ശങ്കജനിപ്പിക്കുമാറു്, ഉടൻതന്നെ കഠോരമായ മാരി ചൊരിയുവാൻ ആരംഭിച്ചു. ഒരുനാഴിക യോളം ധാരമുറിയാതെ വൎഷിച്ചു; പിന്നീടു് എല്ലാം ശാന്ത മായി.

കോലാഹലച്ചുതോടുകൂടി വഞ്ചിക്കാർ ദ്രുതഗതിയിൽ തണ്ടു വലിച്ചു, വഞ്ചികൾ മുൻപോട്ടു നയിച്ചുകൊണ്ടി രുന്നു. മാധവിക്കുഞ്ഞമ്മ എന്തുസമയംവരെ മൂൎച്ഛിത യായി കിടന്നുവെന്നു രൂപമില്ല. തെക്കുംകൂർ രാജകുടുംബ ത്തിൻെറ കുലദൈവതമായ ചങ്ങനാശേരി ചെറുപള്ളി ക്കാവിൽ ഭഗവതിക്ഷേത്രത്തിലെ പള്ളി ഉണൎത്തിൻെറ ശംഖനാദവും നാഗസ്വരമേളവും കേട്ടു യുവതി ഞെട്ടി ഉണൎന്നു കണ്ണുതുറന്നു. അപ്പോൾ, തൻെറ സവിധത്തിൽ തെക്കുംകൂർ വലിയരാജാവു് എഴുന്നള്ളിയിരിക്കുന്നതായി

കണ്ടു ഭയഭക്തിപുരസ്സരം സസംഭ്രമം എഴുനേൽക്കുവാനു ദ്യമിക്കവെ, ഭർത്തൃസോദരൻ സോദരപത്നിയേ ഇങ്ങനെ സമാശ്വസിപ്പിച്ചു:—മാധവീ! ബദ്ധപ്പെടേണ്ട. വഞ്ചി കടവിൽ അടുത്തുകഴിഞ്ഞില്ല. അല്പനേരം കൂടി കിടന്നു വിശ്രമിക്കൂ. നീ ഇതുകൊണ്ടൊന്നും മനസ്താപിക്കരുതു്. നിങ്ങളെ രണ്ടുപേരെയും കാണാനുള്ള അത്യാർത്തികൊണ്ടു നാംതന്നെ കുറേവഴി മുമ്പോട്ടുവന്നിരുന്നു. അപ്പോൾകണ്ട കാഴ്ച, എന്തൊരു ഭയങ്കരം! വലിയൊരു പാമ്പു നിങ്ങൾ കയറിയിരുന്ന വഞ്ചിയിൽനിന്നു് ഇറങ്ങി വരുന്നതാണു കണ്ടതു്! ഇത്ര വലിയ ഒരു സർപ്പത്തെ ഈ ആയുസ്സിനിട യ്ക്കു കണ്ടിട്ടുള്ളവർ ആരും ഇല്ല. അപ്പൻെറ ആയുസ്സറുതി. അത്രേ ഉള്ളൂ. "എല്ലാം വിധിമതം."

---

## അദ്ധ്യായം ൨൩.

---

### വിഷുക്കണി.

മേടമാസം ഒന്നാംദിവസമാണു്. തെക്കുംകൂർ രാജാക്കന്മാരുടെ ധർമ്മദൈവമായ ചങ്ങനാശേരി ചെറുപള്ളിക്കാവിൽ ഭഗവതിയുടെ ക്ഷേത്രത്തിൽ, അന്നു പ്രഭാതത്തിൽ ദേവിയെ വിഷുക്കണി കാണിക്കുവാനുള്ള ചടങ്ങുകൾ ആരംഭിച്ചു. ആ സന്ദർഭത്തിൽ, കാലാഹിദംശിതനായി മൃതിയടഞ്ഞ തെക്കുംകൂർ ഇളയരാജാവിൻെറ ഭൌതികാവശിഷ്ടം നീരാഴിക്കടവിൽ വഞ്ചിമാർഗ്ഗം ആനയിക്കപ്പെട്ടു. അനന്തരം, കഷ്ടിച്ചു കാൽ നാഴിക നേരം അതിക്രമിക്കുംമുൻപുതന്നെ, വട്ടക്കോട്ടയിലെ മണിസൌധത്തിൽനിന്നു ഘണ്ടാനാദം നിരന്തരമായി പുറപ്പെട്ടു തുടങ്ങി. മണിനാദത്തിനു് അനുഗീതമായി ഭേരീപടഹാദിവാദ്യധ്വനി, കോട്ടയ്ക്കകത്തും പരിസരങ്ങളിലും കേൾ

ക്കാറായി. പ്രഭാതത്തിൽ കഴിയുന്നത്ര നേരത്തെ ഉണൎന്നു, കണികണ്ടു, വിഷുക്കൈനീട്ടം യഥായോഗ്യം നൽകിയും, സ്വീകരിച്ചും, ചതുൎവ്വിധ വിഭവങ്ങളോടുകൂടിയ സദ്യയിൽ ഭാഗഭാക്കുകളായും മററും കലിനവവത്സരദിനം ആഘോഷിക്കുന്നതിൽ കുതൂഹല ചിത്തവൃത്തികളായി രാത്രിയിൽ നിദ്രക്കാരംഭിച്ച പൌരലോകം, കേവലം അപ്രതീക്ഷിതമായി ശ്രവിച്ച പൌരധൎമ്മാനുസ്മൃതമായ ആഹ്വാനധ്വനിയാൽ ഞെട്ടിയുണൎന്നു, വിസ്മയസംഭ്രമാദി വികാരങ്ങൾക്കു വിധേയരായി, രാജമന്ദിരത്തെ ലക്ഷ്യമാക്കി പ്രയാണംചെയ്തു. പ്രജകളുടെ ആരാധ്യപുരുഷനായ രാജകുമാരൻെറ ദയനീയമായ ചരമവൃത്താന്തം തമ്മുകടിച്ച രാജഭടന്മാർ വിളംബരംചെയ്തതോടുകൂടി കൊട്ടാരത്തിൻെറ പരിസരങ്ങൾ ബാഷ്പകലുഷനേത്രരായ പുരവാസികളാൽ നിബിഡമായിഭവിച്ചു. സ്ത്രീകളും പൈതങ്ങളും ഭവനങ്ങളിൽ ഇരുന്നു, വിധിയുടെ നിഷ്കരുണത്വത്തെ മനസാ ശപിച്ചു. വിഷുവിൻെറ സദ്യവട്ടങ്ങളും കൈനീട്ടവും ആഡംബരങ്ങളും പാടില്ലെന്നു വൃദ്ധജനങ്ങൾ മെല്ലെ പറഞ്ഞുതുടങ്ങി; പടക്കവും കളികളും വേണ്ടെന്നു വച്ചാലും; കൈനീട്ടത്തിലും സദ്യയിലും കുറവുവരുത്തിക്കൂടെന്നു കാൎയ്യഗൌരവബോധമില്ലായ്കയാൽ കുട്ടികൾ ശഠിച്ചു. പ്രശസ്തമായ ആ സുപ്രഭാതത്തിൽ കിട്ടിയ അതിദാരുണമായ ദുഃഖവാൎത്ത, അഭൂതപൂൎവ്വമായ ഒരു ദുൎന്നിമിത്തമാണെന്നു ചില മാമൂൽപ്രിയന്മാർ വ്യാഖ്യാനിച്ചു.

എന്തായാലും സൂൎയ്യോദയം ആകുംമുൻപു, ദിവംഗതനായ രാജകുമാരൻെറ ജഡം രാജകീയമായ ആഡംബരങ്ങളോടുകൂടി രാജകീയ ശ്മശാനസ്ഥാനത്തേക്കു നീക്കംചെയ്തു; സംസ്കാരകൎമ്മം പൂൎത്തിയായശേഷം, ക്ഷീണഹൃദയരും മ്ലാനമുഖരുമായി പുരവാസികൾ സ്വഗൃഹങ്ങളിലേക്കു തിരിച്ചുപോയി.

മാധവിക്കുഞ്ഞമ്മയുടെ ദുഃഖം അപരിമിതമായിരുന്നു. ആ യുവതി; സങ്കടംമൂഴത്തു, കൂടക്കൂടെ മൂർച്ഛിതയായി ഭവിച്ചുകൊണ്ടിരുന്നു. ഭത്താവിൻെറ മൃതശരീരം ശ്മശാനത്തിലേക്കു കൊണ്ടുപോകുന്നതിനു മുൻപുതന്നെ കുഞ്ഞമ്മ നാട്ടുനടപ്പനുസരിച്ചു, സ്വവസതിയിലേക്കു പാപ്പു മാററിയിരുന്നതിനാൽ അവരെ കാണുവാനായി പലേ സ്ത്രീജനങ്ങളും അവിടെ വന്നുകൊണ്ടിരുന്നു; ദുഃഖംകാണ്മാൻചെന്ന സ്ത്രീകളുടെ സാന്ത്വനവാക്കുകൾ കുഞ്ഞമ്മയുടെ കഠിനമായ മനോവ്യഥ ശമിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. എങ്കിലും സായാഹ്നമായപ്പോൾ മാധവിക്കുഞ്ഞമ്മ, ചില പൂർവ്വസുഹൃത്തുക്കളുടെ നിർബ്ബന്ധപൂർവ്വമായ താൽപര്യം ആദരിച്ചു, ദുഃഖശയ്യയിൽനിന്നു് എഴുന്നേററു സ്നാനാദികൾ നിർവ്വഹിച്ചു, ദേശാചാരപ്രകാരമുള്ള ലഘുഭക്ഷണംകഴിച്ചു. അനന്തരം ഏതോ ഒരു ദൃഢനിശ്ചയത്തോടുകൂടി സ്വസ്ഥാനത്തുനിന്നു് എഴുന്നേററു, തനിക്കും പരേതനായ സ്വപ്രാണവല്ലഭനും എത്രയും വിശ്വസ്തനായ ഒരു പരിചാരകനെ വിളിച്ചു് ഇങ്ങനെ പറഞ്ഞു:—"രാമശ്ശാരേ! പോയി വെള്ളക്കച്ച ഉടുത്തു വാളും എടുത്തു വേഗം വരൂ. മാവേലിക്കരവരെ ഉടനെ പോയിവരണം."

രാമശ്ശാർ കുഞ്ഞമ്മയുടെ ആജ്ഞ ശിരസാവഹിച്ചു ആയുധാദികളെടുക്കുവാൻ സ്വഭവനത്തിലേക്കുപോയി; ഏതാനും നിമേഷങ്ങൾക്കുള്ളിൽ തിരിച്ചുവന്നു. അപ്പോഴേക്കു മാധവിക്കുഞ്ഞമ്മ ഒരു ഓല വാന്നു മുറിച്ചെടുത്തു നവുക്കാക്കി കുറി എഴുതിക്കഴിഞ്ഞു. ആ സന്ദേശപത്രം ഭൃത്യനെറ പക്കൽ കൊടുത്തിട്ടു കുഞ്ഞമ്മ ഇങ്ങനെ പറഞ്ഞു:—"ഈ കുറി വളരെ ഭദ്രമായി, മാവേലിക്കര കോട്ടയ്ക്കകത്തു് മുളക്കുമടിശീലക്കച്ചേരിയിൽ ഇരിക്കുന്ന ദളവാ രാമയ്യൻ സ്വാമിയുടെ കൈയിൽ ഇന്നുതന്നെ എത്തിക്കണം. മുമ്പിലും പിറകിലും കണ്ണു് ഉണ്ടായിരിക്കയും വേണം: കേട്ടോ."

ഇപ്രകാരം ആജ്ഞയും ഉപദേശവും നൽകി രാമയ്യരെ യാത്രയാക്കിയശേഷം മാധവിക്കുഞ്ഞമ്മ ദീർഘാലോചനാനിമഗ്നയായി ശയ്യാതലത്തെ അവലംബിച്ചു;

---

# അദ്ധ്യായം ൨൭

---

കണ്ടുകിട്ടിയ ചാക്കുകെട്ടുകൾ.

അപരിഹാര്യമായ കാര്യാന്തരത്താൽ ധൃതിയിൽ മാവേലിക്കരെ കൊട്ടാരത്തിൽ എഴുന്നള്ളിയ ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു വിഷമതരങ്ങളായ ചില രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ചു രാമയ്യൻദളവായുമായി അഭിമുഖസംഭാഷണം നടത്തിക്കൊണ്ടിരിക്കയായിരുന്നു. ആ സന്ദർഭത്തിൽ, കായംകുളം കാര്യക്കാർ മുഖം കാണിക്കുവാൻ കാത്തുനിൽക്കുന്നതായി ഒരു ഹരിക്കാരൻ വന്നു് അറിയിച്ചു; ഉടൻതന്നെ തിരുമനസ്സുകൊണ്ടു മാത്തുപിള്ളയ്ക്കു മുഖം കാണിക്കുവാൻ അനുജ്ഞനൽകി. രാമയ്യൻ മഹാരാജസന്നിധിയിൽ തന്നെ നിന്നതേയുള്ളു. മാത്തുപിള്ള തിരുമുമ്പിൽ പ്രവേശിച്ചു മൂന്നുരു താണുതൊഴുതു്, ഒരു വെള്ളിത്താലത്തിൽ കോണാകൃതിയിൽ പടുത്തു കൂട്ടിയിരുന്ന ചെറുനാരങ്ങകൾ തിരുമുൽക്കാഴ്ചവച്ചു, വീണ്ടും വണങ്ങി മൂന്നടി പിന്നോക്കം മാറി പഞ്ചപുച്ഛമടക്കി നിലകൊണ്ടു. അപ്പോൾ മന്ദസ്മേരവദനനായ മഹാരാജാവു സാനുകമ്പം ഇങ്ങനെ കല്പിച്ചു ചോദ്യം ചെയ്തു:—
"എന്താ മാത്തു! കായംകുളത്തു നിന്നല്ലേ?"

മാത്തുപിള്ള:—അടിയൻ.

മഹാരാ:—അവിടെ നമ്മുടെ പ്രജകൾ ക്ഷേമമായിരിക്കുന്നുവല്ലോ.

മാത്തു:—അടിയൻ! പൊതുവേ സന്തുഷ്ടിയും സമാധാനവുമായിട്ടുണ്ടു്.

മഹാരാ:—തെക്കുംക്കൂറിൽ അപ്പൻ ചെന്നെത്തിയ വൎത്തമാനം ഒന്നും അറിഞ്ഞില്ലല്ലോ.

മാത്തു:—അടിയൻ ചില വൎത്തമാനങ്ങൾ കേട്ടു. തിരുമനസ്സ് ഉണൎത്തിക്കാൻ പഴമനസ്സിൽ സങ്കടം ഉണ്ടു്.

ഇത്രയും കേട്ടു് വിവൎണ്ണമുഖനായിച്ചമഞ്ഞ മഹാരാജാവു മാത്തുപിള്ളയോടു കല്പിച്ചു ചോദിച്ചു:—"എന്തു പറയുന്നു, നീ—മാത്തു?"

മാത്തു:—തെക്കുംക്കൂർ എളയതമ്പുരാൻ നാടുനീങ്ങി. സൎപ്പഭയം ഉണ്ടായത്രേ.

"ചതിച്ചോ! പത്മനാഭാ!" എന്നു വീരശൂരപരാക്രമശാലിയായ അവിടുന്നു തിരുമാറിടത്തിൽ കരതലംചേൎത്തു് ഉന്മുഖനേത്രനായി ഉച്ചരിച്ചുപോയി. ഭൂതദയയുടെയും ആശ്രിതവാത്സല്യത്തിൻെറയും മൂൎത്തീകരണമായ ആ വീരക്ഷത്രിയ യോദ്ധാവിൻെറ നേത്രങ്ങളിൽബാഷ്പം നിറഞ്ഞു പ്രവഹിച്ചു. അല്പനേരത്തേക്കു യാതൊന്നും സംസാരിക്കുവാൻ ശക്തനല്ലാതെ സ്തബ്ധനായി അവിടുന്നു് ഇരുന്നുപോയി. അനന്തരം ശുദ്ധജലം വരുത്തി മുഖവും കരചരണാദികളും പ്രക്ഷാളനംചെയ്തു, വീണ്ടും രാജകീയാസനത്തിൽ ഉപവിഷ്ടനായശേഷം അവിടുന്നു മാത്തുപിള്ളയോടു കല്പിച്ചു ചോദിച്ചു:—"മാത്തു? എങ്ങനെ കിട്ടിയ അറിവു്? വിസ്തരിച്ചു പറ."

ഉടൻതന്നെ മാത്തുപിള്ള തൊഴുതുകൊണ്ടു് ഇങ്ങനെ തിരുമനസ്സുണൎത്തിച്ചു:—"ദളവാസ്വാമിയുടെ ഉത്തരവനുസരിച്ചു് ഇന്നലെ നേരത്തേ അടിയൻ ചെമ്പകശ്ശേരിക്കു വിടകൊണ്ടു; കൊച്ചുണ്ണിത്താൻകാൎയ്യക്കാരെകണ്ടു; വേണ്ടിവന്നാൽ പടക്കൂട്ടാൻ ഒരുങ്ങിക്കൊള്ളണമെന്നുള്ള ഉത്തരവും അറിയിച്ചു; തിരിച്ചു രാത്രിയിൽതന്നെ വിട

കൊണ്ടു പോന്നു; വഴിക്ക് ആറേഴ ചാക്കുകെട്ടുമായി രണ്ടു പേർ ഒരു ഓടിവള്ളത്തിൽ പോകുന്നതു കണ്ടു. അടിയനു സംശയംതോന്നിത്തുടങ്ങി. ചാക്ക് ഒന്നഴിപ്പിച്ചു നോക്കിയപ്പോൾ ഒരാൾ. എല്ലാ ചാക്കും അഴിപ്പിച്ചു. ആറു പുരുഷരും ഒരു പെൺപിറന്നവളും. കൈകാൽ കൂച്ചിക്കെട്ടി കല്ലും തിരുകി കയത്തിൽ തള്ളാൻ ഉള്ള ഒരുക്കം എന്നറിഞ്ഞു. അടിയന്റെ ആൾക്കാരെക്കൊണ്ട് ആ വള്ളക്കാരുടെ കൈകാലുകൾ കെട്ടിച്ചു വള്ളത്തിലിടുവിച്ചു. ആകെ ഒൻപതുപേരെയുംകൊണ്ടു കായംകുളത്തിനു വിട കൊണ്ടു. അവിടെ ചെന്നു, ഠാണാവിൽ കയററി ആമം വച്ചു, വിചാരണ നടത്തിയാറെ, എല്ലാം വെളിപ്പെട്ടു. ചാക്കിനകത്ത് ഇരുന്നവർ അപ്പൻ തമ്പുരാന്റെ വഞ്ചിക്കാരും ഒരു ഹരിക്കാരൻ സ്വാമിയും, കുഞ്ഞമ്മയുടെ ചേടിയും. മററവർ വലിയരാജാവിന്റെ അകമ്പടി വഞ്ചിയിൽ കൂടെ വിടകൊണ്ടവർ. എളയരാജാവു തിരുമനസ്സുകൊണ്ടു അരിപ്പാട്ടു നിന്നു ചങ്ങനാശേരിലേക്കു ഇന്നലെ രാത്രി എഴുന്നള്ളി വിവരം അറിഞ്ഞു വലിയ രാജാവും ആളുകളും നേരത്തേ വീയപുരത്തിന് അടുത്തു വഞ്ചികെട്ടികിടന്നു. കൊച്ചുതമ്പുരാന്റെ വഞ്ചിവന്നടുത്തതും, തട്ടത്തതും, സർപ്പംതീണ്ടിയതും ഒക്കെ ഒന്നായി നടന്നു. പിന്നീട് അവിടത്തെ വഞ്ചിക്കാരേയും ഹരിക്കാരനേയും അച്ചിയേയും ഇത്തരത്തിൽ ശോഭകേടുചെയ്തു കെട്ടിത്താക്കാനുംഒരുങ്ങി. അടിയൻ ഈ തടവുകാരെക്കൂടെ വിടകൊണ്ടു, കൂട്ടിക്കൊണ്ടു വന്നിട്ടുണ്ട്. തൃക്കൺ പാക്കാം "

നൃസിംഹമൂർത്തിയുടെ കോപാവേശത്തേയും അതിക്രമിക്കുമാറു മഹാരാജാവിന്റെ തിരുമുഖം കോപകലുഷമായി. അവിടത്തെ നേത്രങ്ങൾ ചകോരനയനങ്ങളേക്കാൾ ശോണവർണ്ണംപൂണ്ടു രോഷാകുലനായി അവിടുന്നു കല്പിച്ചു: "അപ്പന്റെ രക്തത്തിന്റെ ഓരോ തുള്ളിക്കുംജീവനുണ്ട്.

ഈ അരുംകൊല നടത്തിച്ചവർ അതിന്നുത്തരം പറഞ്ഞേ മതിയാകൂ."

രാമയ്യ:—ഓങ്ങിനിർത്തിയ മരം വെട്ടിയേ മതിയാകൂ.

മഹാരാജാ:—അപ്പനെ കരുതി നാം വേണ്ടെന്നുവച്ചു. ആ കുമാരനു ജീവിച്ചിരിക്കാൻ ഭാഗ്യം ഉണ്ടായിരുന്നുവെങ്കിൽ നമുക്ക് അയാളെക്കുറിച്ചുള്ള അഭിമതം എന്തെല്ലാമെന്നു ക്രമേണ വെളിപ്പെടുമായിരുന്നു. ഇനി അതിനെക്കുറിച്ച് ഒന്നും വിസ്തരിച്ചുപറഞ്ഞു വൃഥാ കുണ്ഠിതപ്പെട്ടിട്ടു ഫലമില്ല. നേരം അധികം രാവായെന്നു തോന്നുന്നു. മാത്തു ഇന്നു ഇവിടെ താമസിക്കുക. തെക്കുംകൂർകാര്യം ആലോചിച്ച് ഉറച്ചിട്ടു നാളെ തിരിച്ചുപോകാം."

മാത്തു:—അടിയൻ! കല്പനപോലെ.

"നിനക്കു വിഷുക്കൈനീട്ടം തരാം." എന്നിങ്ങനെ മന്ദസ്മിതപുരസ്സരം കല്പിച്ചുകൊണ്ട് ആശ്രിതവത്സലനും ധീരോദാത്തനുമായ മഹാരാജാവു പിറകോട്ട് ഒന്നു തിരിഞ്ഞു. അപ്പോൾ ഒരു ഹരിക്കാരൻ ഒരു സ്വർണ്ണക്കിണ്ണം കരതലത്തിൽ വച്ചുകൊണ്ട്, അവിടെ നിൽക്കുന്നുണ്ടായിരുന്നു തിരുമേനി സ്വർണ്ണപ്പാത്രം തൃക്കൈയിൽ ഗ്രഹിച്ച് അതിൽനിന്ന് ഒരു മുഷ്ടി നിറയെ നാണ്യം എടുത്തു മാത്തുപിള്ളയ്ക്കു നൽകി. കാര്യക്കാർ രാജകീയമായ ആ പാരിതോഷികദ്രവ്യം അങ്കവസ്ത്രപുച്ഛത്തിൽ വാങ്ങി, അന്നദാതാവിനെ മൂന്നുരു വന്ദിച്ചു പിന്നോക്കം വാങ്ങിനിന്നു.

ഈ സന്ദർഭത്തിൽ, തെക്കുംകൂറിൽനിന്ന് ഒരു ദൂതൻ വന്നിരിക്കുന്നതായി, മറെറാരു ഹരിക്കാരൻ ദളവായെ അറിയിച്ചു. രാമയ്യന്റെ ആജ്ഞാനുസരണം ദൂതൻ തിരുമുമ്പാകെ ആനയിക്കപ്പെട്ടു.

രാമയ്യാർ വാളും കഠാരിയും ദൂരെ വച്ചിട്ടു, വസ്ത്രങ്ങൾ ഒതുക്കി ശരിയായി ഉടുത്തു, തിരുമുമ്പിൽ പ്രവേശിച്ചു മൂന്ന് ഉരു താണു തൊഴുതു; അനന്തരം താൻ കൊണ്ടുവന്നിരുന്ന

കുറി ഒരു തുശൻ വാഴയിലയിൽവച്ചു തിരുമുമ്പിൽ സമർപ്പിച്ചു വീണ്ടും തൊഴുതു്, ഇങ്ങനെ ഉണർത്തിച്ചു:—"തെക്കംകൂറിലെ എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടിരിക്കുന്നു. ഇന്നുവെളുപ്പിനു്. ഇതു തിരുമനസ്സിലെ കെട്ടിലമ്മകൈക്കുററപ്പാടുചെയ്തു് അടിയനെ ഏല്പിച്ചുവിട്ടിരിക്കുന്ന കുറി, ദളവാസ്വാമി വായിച്ചു തിരുമനസ്സറിയിക്കാൻ."

മഹാരാജാവു രാമയ്യാരുടെ മുഖത്തു സൂക്ഷിച്ചുനോക്കി. യാതൊന്നും കല്പിച്ചില്ല. അവിടത്തേക്കു് അയാളുടെ മുഖം സുപരിചിതമായിരുന്നു

രാമയ്യൻ കുറി എടുത്തു വായിച്ചുനോക്കിയശേഷം കല്പനയ്ക്കായി തിരുമേനിയുടെ മുഖത്തേക്കു നോക്കി.

തിരുമനസ്സുകൊണ്ടു ഒരു ഹര്ക്കാരനോടായിട്ടു് ഇങ്ങനെ കല്പിച്ചു:—"വെങ്കു പോയി· ഈ കുറികൊണ്ടുവന്ന രാമനു് ഊണു കൊടുക്കാൻ ഏർപ്പാടുചെയ്യു. ഈ പാവം ഇന്നു് ഒന്നും കഴിച്ചുകാണുകില്ല. ഇവൻെറ മുഖം നന്നാവാടിയിരിക്കുന്നു. ആധി ആയുരംമൻപു് ഓടിക്കിതച്ചു വന്നതല്ലേ!"

വെങ്കുവയ്യൻ രാമയ്യാരെയുംകൊണ്ടു തിരുമുമ്പിൽനിന്നു പുറത്തേക്കു പോയി. അതിൻെറശേഷം മഹാരാജാവു രാമയ്യനോടു കല്പിച്ചു:—"രാമയ്യൻ! താൻതന്നെ ആ കുറി എടുത്തു വായിക്കു."

രാമയ്യൻ മഹാരാജാവിൻെറ ഇംഗിതംമനസ്സിലാക്കി കുറി ഇങ്ങനെ വായിച്ചു:

ശ്രീ

തിരുമനസ്സറിയേണ്ടും അവസ്ഥ.

അടിയൻെറ ഉടയോർ തീപ്പെട്ടു. തിരുവനന്തപുരത്തുനിന്നു വിടവാങ്ങി ഇങ്ങോട്ടു് അവിടുന്നു് എഴുന്നള്ളുന്നതിനുമുൻപു, ശങ്കിച്ചുതിരുമനസ്സറിയിച്ചുതിന്മണ്ണം ഭവിച്ചു.

വഞ്ചിക്കകെത്തു, നിണക്കളത്തിൽ മുഴകി കിടന്നുപിടയ്ക്കുന്ന കാഴ്ച്ച അടിയൻെറകണ്ണുകളുംകണ്ടു. മററൊന്നും ഓൎമ്മയില്ല. എല്ലാം ഈശ്വരകല്പിതമെന്നു സമാധാനപ്പെട്ടുകൊണ്ടു, തൃപ്പാദങ്ങളിൽ ശരണപ്പെട്ട് ഉണത്തിച്ചുകൊള്ളുന്നു.

മാധവി.

മഹാരാജാവു ദീൎഘമായി ഒന്നു നിശ്വസിച്ചു. മാത്തുപിള്ളയും രാമയ്യനും പരസ്പരം നോക്കി മൌനംഭജിച്ചു നിന്നു. അപ്പോൾ തിരുമനസ്സുകൊണ്ടു കല്പിച്ചു:—"അപ്പനു് ഉടനെ എടത്തിലേക്കു പുറപ്പെടാൻ മടിയായിരുന്നു. അവിടത്തെ അമ്മതമ്പുരാനു ശീലായ്മയാണെന്നു വലിയ രാജാവിൻെറ കുറി നമ്മുടെ പേക്കു വന്നതുകൊണ്ടു നാം അപ്പനെ നിൎബ്ബന്ധിച്ചു് അയച്ചു. ഇങ്ങനെ ചതിച്ചു കൊല്ലുമെന്നു നാം തീരെ ശങ്കിച്ചില്ല. ഈ ദുഃഖം എളുപ്പം ആറത്തക്കതല്ല. അപ്പൻെറ ഭാൎയ്യ ചെറുപ്പമെങ്കിലും നല്ല വിവരവും കാൎയ്യശേഷിയും ഉള്ള സ്ത്രീ. നാം അപ്പനോടു ചെയ്തിട്ടുള്ള വാഗ്ദാനം ഇനി നിറവേററാൻ അമാന്തിക്കേണ്ട. പുണ്യാഹം കഴിഞ്ഞുകൊള്ളട്ടെ. അതിനകം ഒരുക്കങ്ങൾ ചെയ്തുകൊള്ളണം രാമയ്യൻ! കായങ്കുളത്തുകാർ പലരും തെക്കംകൂറിൽചെന്നു കുടിഉറച്ചിട്ടുണ്ടു്. അവരെക്കുറിച്ചും വേണ്ടപോലെ അന്വേഷിച്ചുകൊള്ളണം; കേട്ടോ മാത്തു!"

"സ്വാമി" എന്നു രാമയ്യനും "കല്പന" എന്നു മാത്തുപിള്ളയും മറുപടി പറഞ്ഞു.

മഹാ:—അപ്പൻെറ ഭാൎയ്യയുടെ സ്ഥിതി ആലോചിക്കുമ്പോൾ കഷ്ടം തോന്നുന്നു. ആകട്ടെ. രാജ്യം പിടിക്കുന്നതുവരെ ആ വിധവയ്ക്കു് ആപത്തു് ഒന്നുംവരാതെ സൂക്ഷിച്ചുകൊള്ളുന്നതു് എങ്ങനെ?

രാമയ്യൻ:—ആ കുഞ്ഞമ്മയുടെ ജീവൻ അപകടത്തിൽ ആകുകയില്ലെന്നു തോന്നുന്നു.

മാത്തു:—അങ്ങനെ സമാധാനപ്പെടാൻ ന്യായം ഇല്ല.

മഹാ:—മാത്തു പറഞ്ഞതാണു ശരി.

രാമയ്യൻ:—സ്വാമീ! ഈ കുട്ടിയ്ക്കും ആളുകൾ അവിടെ ഉണ്ടു്. കുഞ്ഞമ്മയെ അവർ കാത്തുകൊള്ളും.

മഹാ:—ശരിതന്നെ. രാമയ്യന് ആളുകൾ അവിടെ ഉണ്ടല്ലോ. ആ വസ്തുത നാം വിസ്മരിച്ചുപോയി. കായംകുളത്തുനിന്നും ചെമ്പകശ്ശേരിൽനിന്നും രണ്ടായിരം വീതം ചേന്ന ഓരോ പട തെക്കും പടിഞ്ഞാറും അതൃത്തികളിൽ കൂടെ; രാമയ്യനുംപടയും കിഴക്കേകോട്ടവാതുക്കൽകൂടെയും.

രാമ:—കിഴക്കുവശത്തു യുദ്ധം വേണ്ടിവരുമെന്നു തോന്നുന്നില്ല. പടിഞ്ഞാറും തെക്കും അങ്ങനെയല്ല

മഹാ:—പുണ്യാഹം കഴിയുന്ന ദിവസം കുറി അവിടെ കിട്ടണം. യുദ്ധംകൂടാതെ കീഴടങ്ങിയാൽ, പിന്നീടു്, എന്തു വേണമെന്നു നാം നിശ്ചയിക്കും.

മഹാരാജാവും ദളവായും കാര്യക്കാരുംകൂടി നടത്തിയ ഈ അഭിമുഖസംഭാഷണം ഉദ്ദേശിച്ചതിൽ വളരെനേരം നീണ്ടുനിന്നു. അദ്ധരാത്രി കഴിഞ്ഞപ്പോൾ മാത്തുപിള്ളയും രാമയ്യനും വിടവാങ്ങി മുളകുമടിശ്ശീലകച്ചേരിയിലേക്കു യാത്രയായി. നാനാമുഖങ്ങളായ രാജ്യഭാരക്ലേശങ്ങളാൽ അസ്വസ്ഥചിത്തനായ മാത്താണ്ഡവമ്മ മഹാരാജാവു വിശ്രമാത്ഥം പള്ളിയറയിലേക്കും എഴുന്നള്ളി.

---

# അദ്ധ്യായം ൨൮.

### സന്ദേശപത്രം.

പരേതനായ സഹോദരന്റെ ആത്മശാന്തിക്കായി അവശ്യം നടത്തപ്പെടുവാനുള്ള വൈദികകമ്മങ്ങളും അന്നദാനവും ഒട്ടം ലോപംകൂടാതെ നിവ്വഹിച്ച ശേഷം തെക്കുംകൂർരാജാവു്, ഗൌരവാവഹമായ രാജ്യകാൎയ്യമിടപെട്ടു, മന്ത്രിമാരെയും മാടമ്പിമാരെയും പടത്തലവന്മാരെയും വരുത്തി ആലോചന നടത്തുകയായിരുന്നു. തിരുവിതാംകൂർപട, തെക്കുംകൂറിന്റെ ദക്ഷിണപശ്ചിമസീമകളിൽ എത്തി പാളയംകെട്ടി കിടക്കുന്നുവെന്നും കവിയൂർമാൎഗ്ഗണ രാജധാനിയെ ലക്ഷ്യമാക്കി രാമയ്യന്റെ നേതൃത്വത്തിൽ നയിക്കപ്പെട്ട സേനയുടെ ഗതിനിരോധം ചെയ്യാനായി, അപ്രദേശങ്ങളിലെ മാടമ്പിമാരും ഗ്രാമവാസികളായ ബ്രാഹ്മണരുംകൂടി ചെയ്ത ശ്രമം വിഫലീഭവിക്കയാൽ പ്രാരംഭത്തിൽതന്നെ വിജയശ്രീയുതനായി ദളവ കുന്നന്താനം എന്ന ഗ്രാമത്തിൽ, വന്നു അവിടത്തെ ദേശാധിപനായ ഇളംകൂററിൽ കൈമ്മളുടെ മഠത്തിൽ സ്ഥിതിഗതികളെ നിരീക്ഷണം ചെയ്തുകൊണ്ടു പാൎക്കുകയാണെന്നും, ഇതിനകം രാജാവിനു് അറിവുകിട്ടിക്കഴിഞ്ഞിരിക്കുന്നു. പടവിചാരം സംബന്ധിച്ച സവ്വപ്രധാനങ്ങളായ പലേ വ്യവസ്ഥകളും നിൎണ്ണയിക്കുന്നതിൽ രാജാവും പ്രഭുജനങ്ങളും വ്യാപൃതരായിരിക്കവെ, ഒരു ദൂതൻ രാജസന്നിധിയിൽ പ്രവേശിച്ചു് ഇങ്ങനെ അറിയിച്ചു:—“തമ്പുരാൻ തിരുമനസ്സറിവാൻ ദളവാസാമി ഒരു കുറി തന്നയച്ചിരിക്കുന്നു.”

പ്രധാനമന്ത്രിയായ ശക്കശ്ശു (ശക്ക്!ശ) മേനവൻ ആ സന്ദേശപത്രം ദൂതന്റെ പക്കൽ നിന്നു വാങ്ങി ഇങ്ങനെ ഉറക്കെ വായിച്ചു:—

ശ്രീ.

"തെക്കുംക്കൂർ നാട്ടുവാഴും തമ്പുരാൻ തിരുമനസ്സറിവാൻ. തിരുവിതാംകോട്ടുദളവാ രാമയ്യൻ എഴുതിക്കൊള്ളുന്നതു്. തിരുമനസ്സറിയേണ്ടും അവസ്ഥ എന്തെന്നാൽ തിരുവിതാംകോട്ടു വാഴുന്ന ശ്രീവീരമാർത്താണ്ഡവർമ്മ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു, തെക്കുംക്കൂർ അരചനോടു പടവെട്ടി ആ നാടു പിടിക്കാൻ, അവിടത്തെ ദാസനായ എന്നോടു കല്പിച്ചയച്ചിരിക്കുന്ന അവസ്ഥയാൽ ഞാൻ വേണ്ട പടസന്നാഹങ്ങളോടുകൂടി കുന്നുംതാനംവരെ എത്തി പാളയം കെട്ടി കിടക്കുന്ന പടിയാൽ, അവിടെ വേണ്ട പടസന്നാഹങ്ങളോടുകൂടി പടയ്ക്കു് ഒരുക്കംചെയ്തു കൊള്ളുകയും വേണം. എന്റെ തമ്പുരാനോടു പടവെട്ടാൻ കെല്പോ മനസ്സോ ഇല്ലെന്നാൽ മാനമായി എന്റെ തമ്പുരാനു കീഴടങ്ങിക്കൊണ്ടെന്നാൽ, അവിടുന്നു പിഴകൾപൊറുത്തു വേണ്ടവിധം തൃക്കൺപാർത്തു പോററിക്കൊള്ളുകയും ചെയ്യും. ഞാൻ ചെറുപ്പത്തിൽ കുറേക്കാലം തെക്കുംക്കൂറിലെ അന്നം ഭക്ഷിച്ചിട്ടുണ്ടെങ്കിലും, ഇപ്പോൾ തിരുവിതാംകോട്ടേ തമ്പുരാന്റെ അന്നം ഭക്ഷിക്കുന്ന മുറയ്ക്കു് എന്റെ കടപ്പാടുകൾ മുറപോലെ ചെയ്യേണ്ടിവരുമെന്ന അവസ്ഥയെ ചിന്തിച്ചും, അവിടത്തേക്കു കാലുഷ്യം തോന്നുകയുമില്ലല്ലോ. ചെയ്തികൾക്കു് കുറി ഈ ആൾവശം ഏല്പിച്ചുവിട്ടാൽ എനിക്കു കിട്ടുകയും ചെയ്യും ഇക്കുറി എഴുതിവിട്ട ദളവാ രാമയ്യൻ."

രാജാവും മാടമ്പിമാരും പടത്തലവന്മാരും സന്ദേശം ശ്രദ്ധിച്ചു കേട്ടുകൊണ്ടു നിന്നു. വായന പൂർത്തിയായശേഷം ഏതാനും നിമേഷനേരത്തേക്കു് എല്ലാവരും മൌനമുദ്ര പൂണ്ടു. അനന്തരം രാജാവുതന്നെ കല്പിച്ചു:—"രാമയ്യൻ നല്ലവകതിരിവായി എഴുതിയിരിക്കുന്നു. എന്താ വേണ്ടതു്!"

പ്രധാനമന്ത്രി:—ഈ കുറികൊണ്ടുവന്ന ആൾതന്നെ മറുപടിയുംകൊണ്ടു പോകട്ടെ.

വൈക്കത്തില്ലത്തു കൈമ്മൾ:—തെക്കൻവഴി എല്ലാം അടിയൻ ഏററു.

പയിങ്ങോട്ടുഇല്ലത്തു കൈമ്മൾ:—അടിയൻെറ ദേശവഴികളിൽക്കൂടെ അകത്തു കടക്കാതെ അടിയൻ നോക്കിക്കൊള്ളാം.

വല്യാർവട്ടത്തു കൈമ്മൾ:—അടിയൻെറ അതൃത്തികൾ അടിയൻ ഏററിരിക്കുന്നു.

പറമ്പത്തു കുറുപ്പു്:—അടിയൻെറ അതൃത്തികൾ അടിയനും.

നാട്ടുകാര്യത്തിൽ:—കോട്ടയം വട്ടം അടിയൻ ഏററു.

തുരുത്തിക്കൈമ്മൾ:—മൂലവട്ടംതൊട്ടു കിഴക്കോട്ടു് അടിയനും.

ആകസ്ഥാനത്തു കുറുപ്പു്:—പുതുപ്പള്ളി മുതലായ ദേശവഴികൾമുഴുവനും അടിയൻ ചുമതലപ്പെട്ടിരിക്കുന്നു.

അമ്പഴത്തിങ്കൽ കർത്താവു്:—അടിയൻെറ അതൃത്തി അടിയൻ കാത്തുകൊള്ളാം.

പ്രധാനമന്ത്രി:—മാടമ്പിമാരു ഇങ്ങനെ പടവിചാരം ഏററതുകൊണ്ടു, ഇനി തിരുമനസ്സിലേക്കു മനോവിചാരം വേണ്ട. കോട്ടയ്ക്കകവും ചുററുപാടും ആരുടെ ചുമതലയിൽ!

വാഴപ്പാടത്തു പണിക്കർ:—അതു ചോദിക്കാനൊണ്ടോ?

വാഴപ്പാടവും എളമണ്ണൂർ കൈമ്മളും ചെറുവായിപ്പുരുകുറുപ്പും—അടിയങ്ങൾ കോട്ടയും കൊട്ടാരവും തൃക്കടിസ്ഥാനം കോട്ടയും കൊട്ടാരവും കാത്തുകൊള്ളാം.

രാജാവു്:—എന്നാൽ മറുപടി കൊടുത്തയച്ചേക്കാം.

പ്രധാനമന്ത്രി;—അടിയൻ! കട്ടത്താനൻ മേനോൻ ചെയ്തികൾ കുറി എഴുതട്ടെ.

പട്ടോലമേനവൻ കട്ടത്താനമേനോൻ മറുപടി തയ്യാറാക്കി ഇങ്ങനെ വായിച്ചു:—

ശ്രീ.

"രാമയ്യൻ നമ്മുടെ പേക്ക് കൊടുത്തുവിട്ട കുറിയും കിട്ടി. ചെയ്തികളും അറിഞ്ഞിരിക്കുന്നു. തന്റെ തമ്പുരാനു കീഴടങ്ങാൻ നാം നിനച്ചിട്ടില്ല അങ്കംവെട്ടാൻതന്നെ ഒരുക്കം. വേണ്ട പടസന്നാഹങ്ങളോടുകൂടി വരവു കാത്തിരിക്കയും ചെയ്യുന്നു. ഇച്ചെയ്തികൾ കുറി എഴുതിവിട്ടതെക്കും കൂർ പട്ടോലമേനവൻ കട്ടത്താനമേനോൻ തുല്യംചാത്തും വച്ചിരിക്കുന്നു."

രാജാവു പ്രതിസന്ദേശപത്രിക വാങ്ങി, നാരായം ഊന്നി തുല്യംചാത്തി, പ്രധാനമന്ത്രിയുടെ പക്കൽകൊടുത്തു. ശക്കളുമേനവൻ ആ പത്രം ദൂതനെ ഏല്പിച്ചു യാത്രയാക്കി.

കാര്യഗൌരവം നിനച്ചു മാടമ്പിമാരും പടത്തലവന്മാരും ഉടൻതന്നെ രാജാവിനോടു വിടവാങ്ങി അവനവന്റെ ദേശവഴികളിലേക്കു ദ്രുതഗതിയിൽ പുറപ്പെട്ടു. അനന്തരം അന്തേവാസികളായ ചില സേവപ്രമാണികളുമായി രാജാവു ഗൂഢമായി ചില ആലോചനകൾ നടത്തി. സചികാര്യമന്ത്രിമാരുടെ അഭിപ്രായാനുസൃതം ഭണ്ഡാരത്തിലെ സമ്പത്തുക്കൾ വഞ്ചികളിലാക്കി,ഉടൻതന്നെ എങ്ങോട്ടോ നീക്കംചെയ്യപ്പെട്ടു. അല്പംസമയം കഴിഞ്ഞപ്പോൾ ഗംഭീരമായ ഒരു വൃഷ്ടിപാതം ആരംഭിച്ചു. അന്നു പകലും രാത്രി മുഴുവനും ധാരമുറിയാതെ വർഷിച്ചു.

---

# അദ്ധ്യായം ൨൯.

---

### ആ പ്രഭാതം.

മേടമാസം പതിനൊന്നാം ദിവസമാണു്. രവിവാരവുംതന്നെ; ആദിത്യദേവൻ ഉദയാദ്രിയിൽ നേരെ മദ്ധ്യഭാഗത്തായി പ്രത്യക്ഷനാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന ആ വിശിഷ്ടദിനം—പത്താമുദയം—അത്രേ. മഴ നിശ്ശേഷം നീങ്ങി. ആകാശമണ്ഡലം പരിശുദ്ധവും ജ്യോതിസ്സമ്പൂൎണ്ണവുമായി. പ്രസന്നനായ പ്രഭാതസൂൎയ്യൻ, തെക്കുംകൂറിലെ കോട്ടകൊത്തളങ്ങളിലേക്കു സ്വകരസഹസ്രങ്ങളെ സ്വച്ഛന്ദം വീശി, വിഹരിക്കുവാൻ ആരംഭിച്ചു.

ഈ സന്ദൎഭത്തിൽ വിവിധങ്ങളായ മനോവ്യാപാരങ്ങളാൽ അസ്വസ്ഥചിത്തനായിഭവിച്ച തെക്കുംകൂർ രാജാവു, നിദ്രാഭംഗംനിമിത്തം മനശ്ശരീരങ്ങൾ ക്ഷീണിച്ചു, വിവശനായി പള്ളിയറയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. മാടമ്പിമാരുടേയും പടത്തലവന്മാരുടേയും അഭിപ്രായാനുസൃതം രാമയ്യന്റെപേൎക്കു കൊടുത്തയച്ച മറുപടിയെത്തുടൎന്നുണ്ടാകുവാനിടയുള്ള അനന്തരസംഭവങ്ങളെക്കുറിച്ചു് ഉപൎയ്യുപരിചിന്തിച്ചും, പരിതസ്ഥിതികളെപ്പററി അവഗാഢമായിപൎയ്യാലോചനചെയ്തു നൈരാശ്യംപൂണ്ടും, ഏതൽക്കാലപൎയ്യന്തമുള്ള സ്വജീവിതചൎയ്യയുടെ നാനാവശങ്ങളേയും തുലനംചെയ്തു സ്ഥൈൎയ്യവും ധൈൎയ്യവും അവലംബിച്ചും, ബഹുരൂപങ്ങളായ മനോരാജ്യപാരാവാരങ്ങളെ അദ്ദേഹം തരണംചെയ്യുകയായിരുന്നു. ആഘട്ടത്തിൽ അവിടെ ആഗതനായ പ്രധാന മന്ത്രിയെ കണ്ടപ്പോൾ രാജാവിനു തെല്ലു് ആശ്വാസമായി. ഒരു ദീൎഘനിശ്വാസത്തോടുകൂടി അദ്ദേഹം ഇങ്ങനെ പ്രശ്നം

ചെയ്തു:—"എന്താ മേനവന്റെ മുഖം നന്നാ വാടിക്കാ ണുന്നു! നല്ല വൎത്തമാനം ഒന്നുമില്ലെന്നുണ്ടോ?"

ശക്തൻ:—അടിയൻ! രാത്രി മുഴവൻ അടിയൻ വിട കൊണ്ടു് അങ്ങും ഇങ്ങും ഓടിനടന്നു കഴിച്ചു. പലടത്തേ ക്കും ഉള്ളാളും.വിടകൊണ്ടു വിട്ടിരിക്കുന്നു. ഇന്നലെ പകലെ തന്നെ നമ്മുടെ പടകൾ ഒക്കെ ഇളകിക്കഴിഞ്ഞു.

രാജാ:—തപ്പുകൊട്ടും പയിറവുംഒക്കെ പലടത്തുംകേട്ടു. രാത്രിയിലെ മഴ അതികലശൽതന്നെ.

ശക്തൻ:—പടിഞ്ഞാറൻ നീതികളിലും വടക്കും പട മുറയ്ക്കു നടക്കുന്നു. മുട്ടമ്പുറത്തും, പന്തപ്പാട്ടുകളത്തിലും പയിറവുപാക്കളെത്തിലും, ചിറവംമുട്ടത്തും ഈശാനത്തും തകൃതിയായി പട. ,ഒന്നും തിട്ടമാകാറായിട്ടില്ല.

രാജാ:—രാമയ്യൻ കുന്നംതാനത്തല്ലേ?

ശക്തൻ:—അടിയൻ! ഇളംക്രൂറം വച്ചൊഴിഞ്ഞു. പട യേയും വിട്ടിരിക്കുന്നു. കായങ്കുളത്തും ചെമ്പകശ്ശേരിയിലും നിന്നും കാൎയ്യക്കാരന്മാരു പടക്കൂട്ടി ഇണക്കി വിട്ടിരിക്കുന്നു. അവരാണു് കുട്ടനാടൻ നീതികളിൽ. മഴകൊണ്ടു കുന്നം താനം അത്തുത്തിത്തോട്ടിൽ വെള്ളം പെരുകി. കൊക്കോട്ടു തോട്ടിലും പാടത്തും പ്രളയംതന്നെ. തെക്കൻപട പുല്ലു വെള്ളം ഇളക്കംകണ്ടു് ഒന്നു പരുങ്ങി; എങ്കിലും അവിട വിടെ കരയ്ക്കുനിന്നു്, അക്കൂട്ടത്തിലെ ചാരന്മാരൊ, അവ രുടെ ഒററുകാരൊ മുട്ടോളം ഉടുകച്ചപൊക്കി കാട്ടിക്കൊ ടുത്തു തിരുമേനി! പടകൾ ആൎത്തുവിളിച്ചു. വെള്ളത്തിൽ ചാടിത്തുടിച്ചു, നീന്തി ഇക്കരക്കുംപററി. തുക്കൊടിത്താനം കോട്ട പൊളിച്ചു. കൊട്ടാരവും,പോയി; ചിറയുമായി. വെള്ളവും പരന്നു. പട, ഇതാ ആൎപ്പുംവിളിച്ചു് വട്ടക്കോട്ട യ്ക്കലേക്കു പാഞ്ഞുവരുന്നു.

രാജാ:—നമ്മുടെ പീരങ്കികൾ!

ശക്കള്ളേർ:—ത്തൂക്കൊടിത്താനം കൊത്തളങ്ങളിലും കോട്ട മുഖപ്പിലും നിരത്തിയിരുന്ന പീരങ്കികൾ നിറയെ വെള്ളം! മഴവെള്ളമോ? എന്തൊരു മായമോ? കരിമരുന്നും വെള്ളവും ചാണകപ്പാലുപോലെ തിരതല്ലിയാൽ എവിടെപ്പൊട്ടുന്നു പൊന്നു തിരുമേനി!

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ ഒരു ഭടൻ ഓടിക്കിതച്ചുകൊണ്ടു, രാജസന്നിധിയിൽ യാതൊരുപചാരവുംകൂടാതെ വന്നുകയറി ഇങ്ങനെ അറിയിച്ചു:—"പൊന്നു തിരുമേനീ! തിരുമലക്കോട്ടയും വെട്ടിപ്പൊളിച്ചു. സാമിയും പടയും വട്ടക്കോട്ടയുടെ അടുത്തെത്തി. അടിയങ്ങൾ തിരിതല്ലി. പീരങ്കി ഒന്നും പൊട്ടുന്നില്ല. ഇന്നലത്തെ മഴകൊണ്ടാകെ തണുത്തുപോയി. മരുന്നും മഴവെള്ളവും കുഴഞ്ഞുകിടക്കുന്നു തമ്പുരാനേ! ചാണകം കലക്കി നിറച്ചതുപോലിരിക്കുന്നു."

രാജാവു മന്ത്രിയുടെ മുഖത്തേക്കു ദയനീയമായി ഒന്നു നോക്കി. ശക്കള്ളേമേനവൻ വിളറിയ മുഖത്തോടെ സ്തബ്ധനായി ഒരു നിമേഷം നിലകൊണ്ടു. അനന്തരം ഇങ്ങനെ അറിയിച്ചു:—"ദളവാ കോട്ട പിടിക്കും. പിന്നെ—കൊട്ടാരം—തിരുമേനി"

രാജാ:—അവമാനത്തെക്കാൾ മരണം നന്നു്. കർമ്മഫലം—ചെയ്തവർ അനുഭവിക്കും.

ശക്കള്ളേ:—തിരുമേനീ! ഉടൻ എഴുന്നള്ളണം. അല്ലെങ്കിൽ അവമതി ഉണ്ടാകും

രാജാ:—എങ്ങോട്ടു്!

ശക്കള്ളേ:—പുറപ്പെട്ടിട്ടു നിശ്ചയിക്കാം. മറെറാന്നിനും നേരമില്ല.

"മേനവൻ മുൻപിൽ നടക്കു. നാം ചെറുപള്ളി ഭഗവതിയെ താക്കോലുകൾ ഏൽപ്പിക്കട്ടെ. പിറകെ ഉണ്ടു്."

എന്നിപ്രകാരം മന്ത്രിയോടു് ആജ്ഞാപിച്ചിട്ടു രാജാവു

താക്കോൽക്കൂട്ടം കരത്തിൽ ഗ്രഹിച്ചുകൊണ്ടു, നീരാഴിക്കൊട്ടാരത്തോടു ചേൎന്നുള്ള ഭരദേവതാലയത്തിലേക്കു ധൃതിയിൽ നടന്നു മറഞ്ഞു.

അപ്പോഴേക്കു ദളവായും പടയും ജയഘോഷസമന്വിതം കൊട്ടാരത്തിന്റെ പുരോഭാഗത്തു വന്നെത്തിക്കഴിഞ്ഞു. വെടികളുടെ രൌദ്രരവവും, തപ്പുകൊട്ടും, പയിററും, അട്ടഹാസവും, ആൎപ്പുവിളികളും ഏതാനും നാഴികനേരത്തേക്കു തുടരെക്കേട്ടു. രാജാവിനെ കാണായ്കയാൽ രാമയ്യന്റെ ആജ്ഞാനുസരണം അദ്ദേഹത്തെ ആരാഞ്ഞു, പടയാളികൾ കൊട്ടാരങ്ങളിലും നിലവറകളിലും മച്ചിൽപുറത്തും കല്ലറകളിലും പരിശോധന നടത്തി. എങ്കിലും അവരുടെ ശ്രമം തൽക്കാലം വിഫലീഭവിച്ചതേ ഉള്ളു. തന്നിമിത്തം ഭഗ്നാശയരായ സേനകൾ, ഇതരകാൎയ്യങ്ങളിൽ വ്യാപൃതനായിരുന്ന ദളവ വന്നെത്തുംമുൻപുതന്നെ, രാജാവിന്റെ പള്ളിയറമാളിക ഇടിച്ചുതകൎത്തു, തൽസ്ഥാനത്തു സ്നാനയോഗ്യമായ ഒരു കുളം നിൎമ്മിച്ചുകഴിഞ്ഞു. ഇളയരാജാവിന്റെ കൊട്ടാരത്തിനും മററു കെട്ടിടങ്ങൾക്കും അവർ യാതൊരു ഹാനിയും വരുത്തിയില്ല.

അനന്തരം നീരാഴിക്കൊട്ടാരത്തിൽ സേനാനിവേശം ചെയ്തുകൊണ്ടു രാമയ്യൻ, യുദ്ധവൎത്തമാനം അറിയുവാനായി വടക്കും പടിഞ്ഞാറും കിഴക്കും ദേശങ്ങളിലേക്കു വിശ്വസ്തന്മാരായ ചാരന്മാരെ നിയോഗിച്ചു; അവർമുഖാന്തരം വസ്തുതകൾ അപ്പോഴപ്പോൾ ഗ്രഹിച്ചു, സ്വസാന്നിദ്ധ്യം അവശ്യം കൂടിയേതീരുവെന്നു ബോദ്ധ്യം ജനിപ്പിക്കുന്ന യുദ്ധരംഗങ്ങളിലേക്ക് ദളവാതന്നെ പുറപ്പെട്ടു മേൽവിചാരം നടത്തിയുംകൊണ്ട് ഏതാനുംദിവസം കാലയാപനം ചെയ്തു.

## അദ്ധ്യായം ൩൦.

പടശ്ശേഷം.

തെക്കുംക്കൂറിലെ പടയോട്ടം നിലച്ചു. പടക്കളത്തിൽ മൃതിയടയാതെ ശേഷിച്ച മാടമ്പിമാരും പടത്തലവന്മാരും ആയുധംവച്ചു കീഴടങ്ങി. ശ്രീപത്മനാഭദാസനായ ശ്രീവീര മാൎത്താണ്ഡവൎമ്മമഹാരാജാവിൻെറ അനിഷേധ്യമായ ആധിപത്യം തെക്കുംക്കൂറിൽ സൎവ്വത്ര സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടു.

യുദ്ധം അവസാനിച്ചശേഷം, രാമയ്യൻ സ്വസഹചാരിയും ആപ്തമിത്രവുമായ രായിരൻ ഇരവിആശാനും ഒരുമിച്ചു, തെക്കുംക്കൂർ ഇളയരാജാവിൻെറ കൊട്ടാരത്തിൽ ഇരുന്നു ഭാവികാൎയ്യപരിപാടിയെക്കുറിച്ച് ആലോചനനടത്തുകയായിരുന്നു. അപ്പോൾ സന്ദൎഭവശാൽ ആശാൻ ഇങ്ങനെ പറഞ്ഞു:—"ശത്രുവിൻെറ കൊടിക്കീഴിൽ നിന്നു നമുക്കു എതിരായി പൊരുതവനെങ്കിലും, ആ പയിങ്ങോട്ടു ഇല്ലത്തു കൈമ്മൾതന്നെ മഹാവീരൻ. രാജാവിനു വേണ്ടി അന്ത്യംവരെ നിന്നു പടവെട്ടി; സകലരും പോയി; സകലതും പോയി; താനുംപോയി. വാൾ നിലത്തുവയ്ക്കാതെ ചുണയോടെ നിന്നു പൊരുതു വീരസ്വൎഗ്ഗം പൂകി. ഉചിതമുള്ള ആൾ. മഹാധീരൻ."

രാമയ്യൻെറ മുഖം ശോണവൎണ്ണം പൂണ്ടു. അല്പനിമേഷം മൌനമായിരുന്നശേഷം അദ്ദേഹം പറഞ്ഞു:—"തൻെറ രാജാവിനുവേണ്ടി നമുക്കു എതിരായി ധൈൎയ്യത്തോടെ വാളെടുത്തു നമ്മേ വിഷമിപ്പിച്ച ആൾ: അതു് ഓൎക്കുമ്പോൾ എനിക്കു ക്ഷാത്രം അടങ്ങുന്നില്ല. എങ്കിലും പടവെട്ടുകയാണെങ്കിൽ ഇത്തരം ആണുങ്ങളോടുതന്നെ ഏൽക്കണം.

ആ ആകസ്ഥാനത്തു നടന്ന ചാത്തത്തിൻെറ മൊഴിയും കൈമ്മളുടെ പ്രതാപവും നാം കണ്ടതല്ലേ? അയാളുടെ, പേരുകേട്ട ഇല്ലംമുഴുവൻ തറയോടു ചേൻറു. മരുമക്കളും ആൾക്കാരും ഓരോരുത്തരായി പടക്കളത്തിൽവീണ് ഒടുങ്ങി. എന്നിട്ടും ഒരു മനംമാററവും അയാളിൽ കണ്ടില്ല. എന്തൊരു ധൈര്യം! എന്തൊരു തൻേറടം! ഉഗ്രൻ! മഹാ ഉഗ്രൻ! ഉഗ്രൻകൈമ്മൾ എന്നു വേണം അയാളേ വിളിക്കാൻ! അയാളെ നമുക്കു കിട്ടാഞ്ഞതു് വലുതായ ഭാഗ്യദോഷം."

ആശാൻ:—അക്കൂട്ടത്തിൽ ഇനി ആരെല്ലാം ബാക്കി ഉണ്ടെന്നു് ആക്കറിയാം. ഓടിയും ഒളിച്ചും രണ്ടു് ഉണ്ണികളോ കുഞ്ഞമ്മമാരോ പോയിട്ടുണ്ടെന്നു് ഒരു ശ്രുതികേട്ടു.

രാമയ്യൻ:—ഈ വത്തമാനം ഞാൻ അറിഞ്ഞെന്നു ഇരിക്കേണ്ട. കൈമ്മളുടെ വീരപരാക്രമത്തെ മാനിച്ചു നാം അവരെ തേടിപിടിപ്പിച്ചു് ഒന്നും ചെയ്യിക്കുന്നില്ല. അവർ പൊട്ടിച്ചെനച്ചു വളരട്ടെ. നമ്മുടെ തമ്പുരാനോടു ഭക്തിയേറിയ ഉത്തമപ്രജകളായിത്തീരും. ഒരുകാലത്തു തിരുമേനിയുടെ കോയ്മക്കീഴിൽ അധികാരമുള്ള പദവികൾ അവക്കു കിട്ടും

ഇത്രയും പറഞ്ഞു നിത്തിയപ്പോൾ രണശൂരനായ ദളവയുടെ മുഖത്തു് അഭിമാനത്തിൻെറയും വാത്സല്യത്തിൻെറയും ജ്യോതിവീചികൾ സ്ഫുരണം ചെയ്തു.

ആശാൻ:—പാലൂററം ഏറുന്ന മരത്തിൻെറ കുററിനിന്നാലും പൊട്ടിച്ചെനച്ചു് ആത്തുവരും. ഇനി എന്താഭാവം?

രാമയ്യൻ.—അതു ചോദിക്കാനുണ്ടോ?

വടക്കുംകൂർ, കരപ്പുറം, ആലങ്ങാടു, പറവൂർ, പിന്നെ കിഴക്കോട്ടും, വടക്കോട്ടു കൊച്ചിവരെയും. ആശാൻ മുഖം ചുളിക്കുന്നതെന്തു്? ക്ഷീണിച്ചു എന്നുണ്ടോ?

ആശാൻ:—ഹേയ്! അങ്ങനെ ഒന്നുമില്ല. പ്രായം കൂടിവരുന്നെങ്കിലും പഠിച്ചതൊന്നും മറന്നിട്ടില്ല. ആശക്ക് അറുതിയുമില്ല. ആയുസ്സിനേ ഉള്ളു.

രാമയ്യൻ:—ഗുരുതാക്കേട്ട് ഒന്നും ഈ കുട്ടിയും സമ്പാദിച്ചിട്ടില്ലല്ലോ. ആ സ്ഥിതിക്ക് ആശ ഏതാനുംഒക്കെ സാധിക്കണമല്ലോ.

ആശാൻ:—വടക്കുംകൂറിൽ, പാളയത്തിൽ പടയെന്നു കേട്ടു, അത്രടം ചെന്നാൽ മതി. ജയം തിട്ടം.

രാമയ്യൻ:—തിരുമേനി എഴുന്നെള്ളാമെന്നു കല്പനയായിട്ടുണ്ട്.

ആശാൻ:—ഇവിടത്തെ കാര്യം പൂർത്തിയായെന്നു ഉണ്ടോ?

രാമയ്യൻ:—ആശാനു് എന്തു തോന്നുന്നു? അരചൻെറ കുടുംബക്കാരെ തേടി ആൾ പോകണം. അവരെകൊണ്ടു വന്നു് ഒരിടത്തു പാർപ്പിച്ചു് അടുത്തുൺ ഉടമ പതിച്ചു കൊടുത്തു രക്ഷിക്കണം.

ആശാൻ:—അതു് ഉചിതംതന്നെ. ആ കൊച്ചുകുഞ്ഞമ്മയുടെ കാര്യമോ?

രാമയ്യൻ:—അവരുടെ കാര്യം പ്രത്യേകം നോക്കണമെന്നു വീണ്ടും വീണ്ടും കല്പിച്ചിരിക്കുന്നു. ഈ ബഹളത്തിനിടയ്ക്കു് അമളി ഒന്നും പിണയാതെ അവരെ കാഞ്ഞിരപ്പള്ള പണിക്കരുടെ ഇല്ലത്തു് എഴുന്നെള്ളിച്ചു. പാർപ്പിച്ചിരിക്കുന്നു. വേണ്ടതൊക്കെ ചെയ്തുകൊടുക്കാം. അവരുടെ ജ്യേഷ്ഠത്തി വലിയകുഞ്ഞമ്മയും ആൺപിറന്നവരും എവിടെയെന്നും അറിയട്ടെ.

ആശാൻ:—നമുക്കു് ഉതവിശെയ്ത ആൾക്കാരുടെകാര്യം?

രാമയ്യൻ:—അവരുടെ കാര്യം തിരുമനസ്സറിയിച്ചു വേണ്ടമട്ടിൽ ചട്ടമാക്കണം. ഇവിടെ ഏതായാലും കുറേനാൾ ഒരു ചെറിയപട പാളയമടിച്ചുകിടക്കണം. പൊന്നു

തമ്പുരാന്റെ അളങ്ങളിൽനിന്ന് ഒറയുള്ള ഉപ്പും ചുമട്ടും പടി ഇവിടെകൊണ്ടു് ഇറക്കണം.

ആശാൻ:—കാഞ്ഞിരപ്പള്ളിപണിക്കരും വാഴപ്പാടവും എളമണ്ണൂർകൈമ്മളും ചെറുവായ് പൂരുകറപ്പും, പോരെങ്കിൽ മാവേലിപ്പിള്ളയും ഒക്കെ ഒണ്ടല്ലോ. പിന്നെ പട കാവൽ കിടത്തണോ?

രാമയ്യൻ:—പോരെന്നല്ല; എങ്കിലും നമ്മുടെ പൊന്നു തമ്പുരാന്റെ ഉപ്പു് ഇവിടെ ഇറക്കി ചുങ്കപ്പുരകളിൽ നിറച്ചുകഴിയട്ടെ. അതല്ലേ നന്നു്?

ആശാൻ:—ഇവിടെ കിട്ടിവന്ന ഉപ്പു മോശംതന്നെ. നമ്മുടെ പൊന്നുതമ്പുരാന്റെ ഭരണംകൊണ്ടുള്ള മേന്മയും ഗുണവും ക്രമേണ ഇവിടത്തെ കുട്ടികൾ അറിഞ്ഞു വാഴ്ത്തും.

രാമയ്യൻ:—എടത്തിൽ മേനവന്റെ കാര്യം വല്ലതും പിന്നെ കേട്ടോ?

ആശാൻ:—മണികണ്ഠപുരത്തു നിന്നു രണ്ടു കുഞ്ഞമ്മമാരും എതുമപ്പുറത്തു പൊന്നും പണ്ടവും കെട്ടിപ്പേറി രായ്ക്കുരാമാനം എങ്ങോ പൊയ്ക്കളഞ്ഞിരിക്കുന്നുവത്രേ.

രാമയ്യൻ.—സ്ത്രീകളേ ഉള്ളല്ലോ. അവരും വല്ലാത്തും പോയി പച്ചപിടിച്ചു കൊള്ളട്ടെ. എട്ടുവീടരോടു കാട്ടിയതുപോലൊന്നും ഇവിടങ്ങളിൽ ആവശ്യമില്ല. ഇവിടെ ചിലർ അവരുടെ തമ്പുരാനെച്ചൊല്ലി നമ്മോടു പടവെട്ടിയെന്നേ ഒള്ളു. അതു് അവരുടെ കുററവുമല്ല. ആണുങ്ങളാണെങ്കിൽ തിന്നുന്ന ചോറിനു നന്ദി കാട്ടണം. അല്ലാത്തുള്ളവൻ വെറും തൂണിനു സമം. ഉണ്ടചോററിൽ കുച്ചു കെട്ടുന്നവനെ ഒരിക്കലും നമ്പിക്കൂടാ.

ആശാൻ;—അതിനു തക്കമില്ല. എട്ടുവീടരുടെകാര്യം കേട്ടപ്പോഴല്ലേ ഒരു കാര്യം ഓർമ്മവന്നതു് ഇവിടത്തെ കുമാരമംഗലത്തു നമ്പൂരിപ്പാടു വലിയ മന്ത്രശക്തിയുള്ള ദിവ്യൻ. എട്ടുവീടർ ജീവനോടിരുന്നപ്പോഴും പൊറുതി

മട്ടു്. അവരു തൊലഞ്ഞിട്ടും അവരുടെ അവകൊലകളെ കൊണ്ടു കോട്ടയ്ക്കകത്തു പൊറുതിമട്ടു്.

രാമയ്യൻ:—ആശാൻ ഓൎമ്മിച്ചതു നന്നായി. അവരുടെ ശല്യത്തിന്നു് എന്തെങ്കിലും ഉപശാന്തി ചെയ്യണമെന്നു കല്പിച്ചിട്ടുള്ളതാണു്. നമ്പൂരിപ്പാടിനേക്കൊണ്ടു് ആവാഹിപ്പിച്ചു് ഈ ദേശത്തുതന്നെ അവരേ ഇരുത്തണം. ഈ പടയോട്ടം ഒക്കെ ഒന്നു നിലയ്ക്കാതെ ഒരു കാൎയ്യത്തിനും നീക്കുപോക്കു ഉണ്ടാകുമെന്നു തോന്നുന്നില്ല.

ആശാൻ:—നമ്പൂരിപ്പാടു് ഇവിടത്തെ വലിയൊരു ജന്മിയുമാണല്ലൊ.

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ തെക്കുംകൂറിലെ ഏതാനും പ്രമാണികൾ ദളവായെ കാണ്മാൻ വന്നു കാത്തുനിൽക്കുന്നതായി ഒരു ഭടൻവന്നു് അറിയിച്ചതനുസരിച്ചു് അവൎക്കു് അനുവാദം നൽകപ്പെട്ടു.

---

## അദ്ധ്യായം ൩൧.

---

### സുഹൃൽദർശനം.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നശേഷം കഷ്ടിച്ചു് ഒരു വാരം ആയപ്പോൾ അമ്മുക്കുട്ടിഅമ്മ മാധവിക്കുഞ്ഞമ്മയുടെ വസതിയിൽ ആഗതയായി. വൈധവ്യംപൂണ്ടു മനശ്ശരീരങ്ങൾ ഒന്നുപോലെ ക്ഷീണിച്ചു, ചിന്താകുലയായി ദിനരാത്രങ്ങൾ തള്ളിനീക്കികൊണ്ടു കാലയാപനം ചെയ്തുപോന്ന രാജദാരങ്ങൾക്കു സഖീദൎശനത്താൽ പൂൎവ്വകാലസ്മരണ ഉദിക്കുകനിമിത്തം തെല്ലൊരു മനഃക്ഷോഭം ഉണ്ടായെന്നു വരുകിലും, ലോകതന്ത്രവിശാരദയായ സഖിയുടെ സാന്നിദ്ധ്യം, ക്രമേണ

ഉന്മേഷവും ആരോഗ്യവും നൽകുവാൻ പര്യാപ്തമായിഭവിച്ചു. കുഞ്ഞമ്മയുടെ ഇംഗിതം മനസ്സിലാക്കിയ അമ്മുക്കുട്ടിഅമ്മ ആ സ്ത്രീരത്നത്തോടൊന്നിച്ച് ഏതാനംദിവസം ചങ്ങനാശേരിയിൽ താമസിച്ചു. അക്കാലത്തു പുരാണപാരായണംചെയ്തും, അദ്ധ്യാത്മവിഷയങ്ങളെക്കുറിച്ചു സംഭാഷണത്തിലേർപ്പെട്ടും അവർ സമയം കഴിച്ചുവന്നു. ഒരു ദിവസം പ്രസ്തുത സുഹൃത്തുകൾ ഭക്ഷണംകഴിച്ചശേഷം വിശ്രമിക്കവേ, സന്ദർഭവശാൽ അമ്മുക്കുട്ടിഅമ്മ മാധവിക്കുഞ്ഞമ്മയോട് ഇങ്ങനെ ചോദിച്ചു:—"കുഞ്ഞമ്മ ഗീത വായിച്ചിട്ടുണ്ടോ?

"തിരുമനസ്സുകൊണ്ടു് വായിച്ചുകേൾപ്പിച്ചു, വ്യാഖ്യാനിക്കാറുണ്ടായിരുന്നു. ആ ഗ്രന്ഥം ഇവിടെ ഉണ്ടു്." എന്നിങ്ങനെ പറഞ്ഞു, മാധവിക്കുഞ്ഞമ്മ സ്വസ്ഥാനത്തുനിന്നു് എഴുന്നേററു് അകത്തേക്കുപോയി, ഏതാനും നിമേഷങ്ങൾക്കുള്ളിൽ, ഒരു ചെറിയ താളിയോലഗ്രന്ഥം എടുത്തുകൊണ്ടു് തിരിച്ചുവന്നു. അമ്മുക്കുട്ടിഅമ്മ ആ ഗ്രന്ഥം വാങ്ങി കെട്ടഴിച്ചു, നല്ല പരിചയമുള്ള മട്ടിൽ ഓലകൾ അങ്ങോട്ടും ഇങ്ങോട്ടും മറിച്ചശേഷം ഒരു ഓല കണ്ടുപിടിച്ചു് ഇങ്ങനെ വായിച്ചു:

"ന ജായതേ മ്രിയതേ വാ കദാചി-
ന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോനിത്യഃ ശാശ്വതോയം പുരാണോ
ന ഹന്യതേ ഹന്യമാനേ ശരീരേ.
വേദാ വി നാശിനം നിത്യം യ ഏനമജമവ്യയം
കഥം സ പുരുഷഃ പാൎത്ഥ! കം ഘാതയതി ഹന്തികം."

അനന്തരം ആ തരുണി പറഞ്ഞുതുടങ്ങി:—"ഈ തിരുമൊഴിയുടെ ശരിയായ പൊരുൾ പറയാൻ സാധാരണക്കാരെക്കൊണ്ടു് കഴികയില്ല. എങ്കിലും ചെറുപ്പത്തിൽ മഠത്തിലാശാൻ പറഞ്ഞുതന്ന ഓൎമ്മയിൽനിന്നു

പറയാം:—"ആത്മാവു് നിത്യനാണു്. ആത്മാവിനു ആദിയും അന്തവും ഇല്ല. ശരീരത്തിലിരിക്കുന്ന ആത്മാവിനു് ഒരിക്കലും ജനനമോ മരണമോ ഇല്ല. ആത്മാവിനെ ആക്കും കൊല്ലാനും കഴികയില്ല. ആ ആത്മാവിനെ ആരെങ്കിലും കൊല്ലുന്നു എന്നു പറയുന്നതു തെററാണു്. ആത്മാവു നാശമില്ലാത്തതാണു്. അങ്ങനെയുള്ള ആത്മാവിനെ ആരുകൊല്ലുന്നു! ആ ആത്മാവു് ആരെ കൊല്ലുന്നു! യാതൊന്നും കൊല്ലുന്നില്ല."

"വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹി."

"മനുഷ്യർ മുഷിഞ്ഞും കീറിപ്പൊടിഞ്ഞതുമായ വസ്ത്രങ്ങൾ മാറി പുതിയ ഉടുചേലകൾ ഉടുക്കുന്നതുപോലെ ആത്മാവു കെട്ടമതി പററിയ ഉടൽ വെടിഞ്ഞു പുതിയ ഉടലിനെ കൈക്കൊള്ളുന്നു."

മാധവി:—വേണ്ടപ്പെട്ടവക്കു ദീനമൊ മരണമൊ ഉണ്ടായാൽ മനുഷ്യർ ദുഃഖിക്കുന്നതു് എന്തുകൊണ്ടു്?

അമ്മു:—അതു മായയുടെ കസൃതികൊണ്ടുതന്നെ.

മാധവി:—മായയുടെ പിടിപാടിൽനിന്നു് ഒഴിയാൻ വഴിയുണ്ടോ?

അമ്മു:—വഴി ഇല്ലാതല്ല. പക്ഷെ ആ വഴിയിൽക്കൂടെ പോകാൻ എളുപ്പമല്ല.

മാധവി:—എങ്കിലും കേൾക്കട്ടെ:

അമ്മുക്കുട്ടിഅമ്മ ഏതാനും ഓലകൾ മറിച്ചു വീണ്ടും ഇങ്ങനെ വായിച്ചു:—

"പ്രജഹാതി യദാ കാമാൻ സർവ്വാൻപാർത്ഥ മനോഗതാൻ
ആത്മന്യേവാത്മനാ തുഷ്ടഃസ്ഥിത പ്രജ്ഞസ്തദോച്യതേ."

ഈ ശ്ലോകം മനസ്സിലാക്കാൻ വളരെ പാടുണ്ടു്. എങ്കിലും ആശാൻ പഠിപ്പിച്ചതുപോലെ പറയാം. സങ്കടമുണ്ടാകുമ്പോൾ അതുനിമിത്തം മനസ്സിനെ ഇട്ടു വിഷമിപ്പിക്കരുതു്. സുഖങ്ങൾ വേണമെന്നു് ആഗ്രഹിക്കരുതു്. സുഖം ഉണ്ടായാൽ ആഹ്ലാദിക്കയും അരുതു്. ചേമ്പിലയിൽ ഒരുതരം വെള്ളവും പിടിച്ചിരിക്കുന്നില്ല. അതുപോലെ മനസ്സിൽ ദുഃഖവും സുഖവും പററിപ്പിടിക്കാതെ സൂക്ഷിച്ചു് ഇരിക്കണം. യാതൊന്നിലും മമതവേണ്ട. യാതൊന്നിനേയും പേടിക്കേണ്ട. യാതൊരാളോടും യാതൊന്നിനെച്ചൊല്ലിയും കോപിക്കേണ്ട. യാതൊന്നിനെക്കുറിച്ചും ശ്ലാഘിക്കയുംവേണ്ട യാതൊന്നിനേയും യാതൊരാളെയും ദ്വേഷിക്കുകയും വേണ്ട. യാതൊരാളിന്റെ ഇന്ദ്രിയങ്ങൾ ആ ആളിനു വശമായിരിക്കുന്നോ അയാൾ ബോധമുള്ളവനാകുന്നു., കർമ്മേന്ദ്രിയങ്ങളേയും ജ്ഞാനേന്ദ്രിയങ്ങളേയും അവനവന്റെ ചൊല്പടിനിത്താൻ ശ്രമിച്ചു സാധിക്കുന്നവൻ പ്രജ്ഞയുള്ളവനാകുന്നു.—ബോധമുള്ളവനാകുന്നു എന്നൎത്ഥം.

മാധവി:—ഗ്രഹിക്കാൻ പ്രയാസമുള്ള കാൎയ്യങ്ങൾ ഇതെല്ലാം എങ്കിലും ഇനിയുള്ള കാലം ഇങ്ങനെയുള്ള കാൎയ്യങ്ങളിൽ ഇടപെട്ടുകഴിക്കുന്നതു നന്നു്.

അമ്മു:—ആകട്ടെ ഈ വിഷയങ്ങളെക്കുറിച്ചു കൂടക്കൂടെ നമുക്കു സംസാരിക്കാം. ഗീത വായിക്കുകയുംചെയ്യാം. കുഞ്ഞമ്മ ഒരു വൎത്തമാനം കേട്ടില്ലല്ലോ. നമ്മുടെ മുളവാസ്വാമിയുടെ ഭാൎയ്യക്കു മാവേലിക്കരെയുള്ള കുറേ നല്ല നിലവും പുരയിടങ്ങളും വേണമെന്നു ഒരാശ തോന്നി. സ്വാമി ഇതുവരെ അവൎക്കു ഒന്നും കൊടുത്തിട്ടുമില്ല.

മാധവിക്കുഞ്ഞമ്മ ഔത്സുക്യത്തോടെ ചോദിച്ചു:—"എന്നിട്ടു് എന്തു പററി?"

അമ്മു:—അവക്ക് ബോധിച്ച നിലങ്ങളിലും പുരയിടങ്ങളിലും അടയാളക്കൊടി നാട്ടിച്ചുകൊള്ളാൻ സ്വാമി ഉത്തരവായി. ദളവായുടെ ഭാര്യയുടെ അമ്മാവന്മാരും ഉടപ്രന്നവന്മാരും ആൾക്കാരുമായി നല്ല വസ്തുക്കൾതോറും നടന്നു കൊടിയുംകുത്തി പേരിൽ പതിവുചീട്ടിയും പിടിപ്പിച്ചു പണ്ടാരക്കരവും തീർപ്പിച്ചുകൊള്ളുമാറു സ്വാമിയും ഏററു. ഒരു പകലും ഒരു രാത്രിയും ഇങ്ങനെ കഴിച്ചു. പിറേറന്നാൾ സ്വാമിയും കാരണവരുംകൂടി, കൊടി കുത്തിയ സ്ഥലംതോറും റോന്തുചെന്നപ്പോൾ കണ്ട കാഴ്ച! എന്തു പറയുന്നു! എൻെറ കുഞ്ഞമ്മേ! കൊടിയെല്ലാം കുന്നിൻപുറങ്ങളിലും തകിടിപ്പുറങ്ങളിലും തരിശുഭൂമികളിലും നിന്നു പറക്കുന്നു! ഈ വസ്തുക്കൾ വേണ്ട വേണ്ടെന്നു കാരണവരു. നല്ല ഭൂമിനോക്കി കൊടികുത്തിയതു നിങ്ങളല്ലേ എന്നു സ്വാമി."

മാധവിക്കുഞ്ഞമ്മ ആശ്ചര്യപുരസ്സരം പറഞ്ഞു:—"കൊടി മാറിപ്പോയതെങ്ങനെ?"

അമ്മു:—പൊന്നുതമ്പുരാനുവേണ്ടി സ്വാമി പടവെട്ടിപ്പിടിച്ചുവെങ്കിലും, നാടു മുഴുവൻ പത്മനാഭനു് അൎപ്പിച്ചുപോയി. ദളവായുടെ ഭാര്യയെന്നുവച്ചു് അനീതിചെയ്യാൻ അവിടുന്നു സമ്മതിക്കുമോ? ഇതാണ് സ്വാമി പറഞ്ഞ സമാധാനം. ഭാര്യക്കും വീട്ടുകാൎക്കും ബോദ്ധ്യവുമായി.

മാധവി:—പത്മനാഭൻ വന്നു കൊടി മാററിക്കുത്തിയെന്നോ?

അമ്മു:—സ്വാമിയുടെ ഉള്ളു കണ്ടവരില്ല. എന്തു പറയുന്നു! ഇങ്ങനെ— തമ്പുരാനെയും നാടിനെയുംമാത്രം സ്നേഹിക്കുന്ന ഒരു ദളവായെ കിട്ടാൻ പ്രയാസം.

മാധവി:—അതിനു സംശയമില്ല. തമ്പുരാൻ പത്മനാഭൻെറയും, സ്വാമി അനന്തൻെറയും അവതാരമല്ലേയെന്നുകൂടി സംശയംതോന്നിപ്പോകും.

അമ്മു:—"പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധൎമ്മസംസ്ഥാപനാൎത്ഥായ
സംഭവാമി യുഗേ യുഗേ." എന്നിങ്ങനെ
പൊന്നുതമ്പുരാനെക്കുറിച്ചു ശ്ലാഘിച്ചു, അവതാരോദ്ദേശത്തിൻെറ ഗീതാശ്ലോകം സ്വാമിതന്നെ കൂടക്കൂടെ ചൊല്ലാറുണ്ടുപോലും:

മാധവി:—ദളവായുടെ വീരപരാക്രമങ്ങളെക്കുറിച്ചു എൻെറ തമ്പുരാൻ പലതും പലപ്പോഴും കല്പിച്ചിട്ടുണ്ട്: ഓരോ നാടും പിടിക്കുംമുൻപ് ഉള്ളുകള്ളികൾ അറിയാൻ വേഷംമാറി നടക്കുവാൻ ദളവാ വലിയ വിരുതൻ! ഇവിടെ കൊട്ടാരത്തിൽ തന്നെ ചീനപ്പട്ടുംകൊണ്ട് ഒരുകൂട്ടം കാശ്മീരക്കാർ വന്നിരുന്നു. വലിയ വിലയുള്ള പട്ടുതരങ്ങൾ ഞങ്ങളെ കാണിച്ചു. ഞങ്ങൾ അവരു പറഞ്ഞ വിലകൊടുത്തു വാങ്ങിക്കയുംചെയ്തു. ആ കൂട്ടർ ദളവയും ചാരന്മാരുമായിരുന്നുവത്രെ. സന്യാസി വേഷത്തിലും ഇവിടങ്ങളിൽ ചുററിനടന്നിട്ടുണ്ടുപോലും. അന്നു് ഇക്കഥയുണ്ടോ വല്ലവരും അറിഞ്ഞു.

അമ്മു:—കായങ്കുളം പടക്കാലത്തു പ്രയോഗിച്ച ചാരതന്ത്രം ഓൎത്താൽ ഇതൊന്നും സാരമില്ല. പടയാണെങ്കിൽ നല്ല ചാരന്മാരുംവേണം. ജയവും തോൽവിയും ഒക്കെ ചാരന്മാരുടെ കൈയിലാണു വാസ്തവത്തിൽ ഇരിക്കുന്നതു്.

മാധവി:—കായങ്കുളംപടക്കാലത്തു, കുറെക്കാലം നാം ഒരുമിച്ചായിരുന്നല്ലൊ. എങ്കിലും ഈവക രഹസ്യങ്ങൾ പിന്നീടെ കേട്ടറിയാൻ ഇടയുള്ളു.

അമ്മു:—അങ്ങനെയല്ല. പലതും ഞാൻ അപ്പഴപ്പോൾ അറിഞ്ഞിട്ടുണ്ടു്. എന്നാൽ അക്കാലത്തു പുറത്തു വിടുന്നതു് ഉചിതമല്ലല്ലോ. ഇനി പറയാമല്ലൊ. എളയതമ്പുരാൻ തിരുമനസ്സുകൊണ്ടുപോലും ചാരവേഷത്തിൽ

എഴുന്നള്ളിയിട്ടുണ്ട്. മററാക്കും സാധിക്കാത്ത വലിയ കാര്യങ്ങളും സാധിച്ചു. ഒരു രാത്രി കായങ്കുളം കിഴക്കെ കോട്ടവാതുക്കൽവെച്ച് അവിടുന്ന് ആപത്തിൽ അകപ്പെട്ടുമെന്നു തോന്നി. എങ്കിലും ദൈവഗത്യാ എന്റെ അദ്ദേഹം— അദ്ദേഹവും ഞാനും അവിടെ ചെന്നെത്തി, വൈഷമ്യം കൂടാതെ തിരുമേനിയേയും അകമ്പടിക്കാർ ചാരന്മാരേയും അതൃത്തികടത്തി വിടുകയും ചെയ്തു.

"കുഞ്ഞമ്മയും ഉണ്ണിത്താൻ അദ്ദേഹവുംകൂടെയോ?" എന്നു മാധവിക്കുഞ്ഞമ്മ അത്ഭുതപരവശയായി ചോദിച്ചു.

"അതേ. അന്നത്തെ സന്യാസിവേഷത്തിൽ" എന്ന് അമ്മുക്കുട്ടിഅമ്മ മന്ദസ്മിതപുരസ്സരം മറുപടി പറഞ്ഞു.

മാധവി:—കായങ്കുളം രാജാവിന്റെ ഹോമപ്പുര തകർത്ത രായരുസ്വാമിയാരു ആരായിരിക്കും?

അമ്മു:—ആ ആളും അടുത്തൊക്കെത്തന്നെ ഉണ്ടേ.

മാധവി:—ആരെന്നു പുറത്തു പറഞ്ഞുകൂടേ?

അമ്മു:—കുഞ്ഞമ്മയോടു പറയാൻ വിരോധമില്ല. അതിൽ ചില രഹസ്യങ്ങളും ഉണ്ട്. അങ്ങനെ ചെയ്വാൻ പ്രത്യേകം കാരണവും ഉണ്ട്. അതു മാതുപിള്ള അദ്ദേഹം. കായങ്കുളത്തെ പഴയ സേവൻ കുഞ്ചുപിള്ളഅമ്മാവന്റെ മരുമകൻ. അതു് ഒരു പഴകിയ വൈരാഗ്യംകൂടെ.

മാധവി.—കാഞ്ഞിരപ്പള്ളി ഇല്ലത്തെ പണിക്കരേദ്ദേഹം പറഞ്ഞു് ഏതാണ്ടൊക്കെ ഞാനും കേട്ടിട്ടുണ്ട്. ഹോമം നടത്തിയ കായംകുളത്തേ ഒടുവിലത്തെ തമ്പുരാന്റെയും തമ്പുരാട്ടിയുടെയും കാര്യം നിജം തന്നെയോ ആ കേൾവി?

അമ്മു:—അങ്ങനെ ഒരു ശ്രുതി. പരമാർത്ഥം ആര റിഞ്ഞു. ആളുകൾ ചിലതുകൊണ്ടു ചിലതെല്ലാം ഊഹിക്കും. പലതും പറയും വാസ്തവം ഒക്കെ ഈശ്വരനേ അറിഞ്ഞുകൂടു.

മാധവി:—ഉടപ്രന്നവനും ഉടപ്രന്നവളും ആയിരുന്നല്ലോ.

അമ്മു:—രണ്ടുപേരും വലിയ ശക്തിപൂജക്കാരായിരുന്നത്രേ, നാടുവിട്ടു പോയെന്നുള്ളതും നിജംതന്നെ. ഇവിടെയും ചില വിശേഷങ്ങൾ ഉണ്ടായെന്നു കേട്ടു.

മാധവി:—തെക്കുംക്കൂർ വലിയ തമ്പുരാനോടു ജനങ്ങൾക്കു സന്തോഷമില്ലാതിരുന്നു. എന്റെ തമ്പുരാനോടു കാണിച്ച കടുംകൈനിമിത്തം ജനങ്ങൾ അവിടത്തെ വെറുത്തു. മാൎത്താണ്ഡവൎമ്മതമ്പുരാന്റെ ഭരണത്തിലുൾപ്പെട്ടിരിക്കാൻ ജനങ്ങൾ ആഗ്രഹിച്ചു. അതുപോലെ സാധിക്കയുംചെയ്തു.

ആപ്തസഖികളായ പ്രസ്തുത യുവതികളുടെ സംഭാഷണം ഇങ്ങനെ കുറേനേരംകൂടി അനുതുടൎന്നു.

---

## അദ്ധ്യായം ൩൨.

---

### രാജസമ്മാനം.

പോൎക്കളങ്ങളിലും, സൈനികതന്ത്രയവനികയ്ക്ക് ഉള്ളിലും, രാജ്യഭരണകൃത്യാന്തരങ്ങളിലും, വിശ്രമരഹിതമായി നിരന്തരം വ്യാപരിച്ചു കൊണ്ടിരുന്ന രാമയ്യൻ ദളവയുടെ ആരോഗ്യം ക്രമേണ ക്ഷയോന്മുഖമായി; ഊണും ഉറക്കവും ഉപേക്ഷിച്ചു രാജ്യത്തെയും മഹാരാജാവിനെയും സേവിക്കുന്നതിൽ ജാഗരൂകനായി ജീവിച്ച ആ മഹാമനസ്കനായ മന്ത്രിപ്രവീരൻ സ്വാൎത്ഥം എന്നാൽ എന്തെന്ന് അറിഞ്ഞിരുന്നേയില്ല. ഇപ്രകാരം കായക്ലേശവും മനഃക്ലേശങ്ങളും അനുഭവിച്ചു നിസ്തുലമായ രാജഭക്തിയോടും

ദേശഭക്തിയോടുംകൂടി ജീവിതം നയിച്ചു സ്വകൃത്യനിർവ്വഹണം നടത്തിവന്ന അദ്ദേഹം ക്രമേണ രോഗാവേശിതനായി. എങ്കിലും ശയ്യാതലം അവലംബിക്കാതെ ആ സ്വാമിഭക്തൻ ഔദ്യോഗിക കൃത്യങ്ങൾ മുറപോലെ നടത്തിക്കൊണ്ടിരുന്നു. എങ്കിലും സഞ്ചാരപരിപാടികൾ മിക്കവാറും നിർത്തിവച്ചു, ദളവ ഔദ്യോഗിക വസതിയായ മാവേലിക്കര കോട്ടയ്ക്കു് അകത്തുള്ള ചെറിയ നാലുകെട്ടുഭവനത്തിൽ തന്നെ ദിനരാത്രങ്ങൾ കഴിച്ചു. അങ്ങനെയിരിക്കെ രോഗം വർദ്ധിച്ചു വീരനായ രാമയ്യൻ ശയ്യാതലം അവലംബിക്കേണ്ടിവന്നു.

നാട്ടിൽ പേരും പെരുമയുമുള്ള ഭിഷഗ്വരന്മാർ പലരും ദളവായുടെ വസതിയിൽ വന്നെത്തി കൂടിയാലോചന നടത്തി ചികിത്സകൾ ആരംഭിച്ചു. എങ്കിലും രോഗശാന്തി ഉണ്ടായില്ല. എന്നുമാത്രമല്ല, ദിവസം അതിക്രമിക്കുന്തോറും രോഗം വർദ്ധമാനമായിത്തന്നെ വന്നു. പ്രസ്തുതവാർത്ത, തിരുവനന്തപുരത്തുവലിയകൊട്ടാരത്തിൽ എഴുന്നള്ളിത്താമസിച്ചിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിനു ഹൃദയശല്യമായി ഭവിച്ചു. മാവേലിക്കരവരെ എഴുന്നള്ളി, രോഗാതുരനായ രാമയ്യനെ സന്ദർശിച്ചു വരുവാൻ അവിടുന്നു വാത്സല്യഭാജനമായ സ്വഭാഗിനേയനെ നിയോഗിച്ചു.

കാർത്തികതിരുനാൾ രാമവർമ്മ ഇളയതുമ്പുരാജാവു മാവേലിക്കരയ്ക്കു എഴുന്നള്ളത്തുപുറപ്പെട്ടു് എത്രയും ത്വരയോടേ യാത്രചെയ്തു ദളവായുടെ വസതിയിൽ എത്തി. രാമയ്യന്റെ പ്രജ്ഞ നശിച്ചിരുന്നില്ല. ദീനം ആപൽക്കരമായ ഘട്ടത്തിൽ എത്തിയിരുന്നു. രോഗശയ്യയ്ക്കു സമീപം എഴുന്നള്ളിനിന്ന ഇളയരാജാവിനെ കണ്ടു്, രാമയ്യൻ കിടന്നകിടപ്പിൽ ഭക്തിപുരസ്സരം അഭിവന്ദനംചെയ്തു. ഗംഭീരാശയനായ ആ മന്ത്രിയുടെ നേത്രങ്ങളിൽനിന്നു ബാഷ്പധാര

നിഗ്ഗളിച്ചു. കാൎത്തികതിരുനാാം തിരുമനസ്സുകൊണ്ടും ഉൽക്കണ്ഠാകുലനായി; അവിടുന്നു് ഇങ്ങനെ മന്ദസ്വരത്തിൽ കല്പിച്ചു:—അമ്മാവൻതിരുമേനി കല്പിച്ചു നമ്മേ ഇവിടെ അയച്ചിരിക്കയാണു്. രാമയ്യൻ ഒരു കാരണവശാലും കണ്ഠിതപ്പെടേണ്ട. മനുഷ്യയത്നംകൊണ്ടുംവൈദ്യസഹായംകൊണ്ടും സാധിക്കാവുന്നതു് എല്ലാം ഇവിടെ ചെയ്യാൻ കല്പന കൊടുത്തിട്ടുണ്ടു്. രോഗശമനത്തിനായി ഈശ്വര സേവകളും തുടങ്ങിയിരിക്കുന്നു.

രാമയ്യൻ:—സ്വാമി! പൊന്നുതിരുമേനിയുടെ അന്നം തന്നെ ഈ ജഡം. അവിടത്തെ കൃപാകടാക്ഷം.

ഇളയരാജ:—രാമയ്യനു വിശേഷവിധിയായി വല്ല ആശയും ഉണ്ടെങ്കിൽ പറയാം. ഇതേവരെ തനതുകാൎയ്യങ്ങാം ഒന്നുംതന്നെ സാധിച്ചിട്ടില്ലല്ലൊ. മടിക്കേണ്ട പറയാം. എന്തും സാധിച്ചുതരുവാൻ അമ്മാവൻ തിരുമേനിയും നാമും സന്നദ്ധർ.

രാമയ്യൻ:—സ്വാമി! തനതായആശകാം ഒന്നും ഇല്ല. കൊച്ചീരാജ്യംകൂടി പിടിക്കണമെന്നു് ആശ ഉണ്ടായിരുന്നു. അതു സാധിച്ചില്ല. ആ ഒരു ദുഃഖമേ ഉള്ളു.

ഇളയരാജാവു മന്ദസ്മിതപൂൎവ്വം കല്പിച്ചു:—ആ കണ്ഠിതം വിട്ടേക്കണം. ഇനി ഉള്ളകാലം കൊച്ചിയും തിരുവിതാംകൂറും ഐക്യത്തിലും മൈത്രിയിലും തന്നെ കഴിയട്ടെ. അതുമതി. വേറെവല്ലആശയും ഉണ്ടോ? തുറന്നുപറയാം.

രാമയ്യൻ:—രാമയ്യനു നെല്ലും പണവും പൊന്നും പണ്ടവും ഒന്നും വേണ്ട. അതെല്ലാം പത്മനാഭനുവേണ്ടി തേടി. പത്മനാഭനു തന്നെ ഇരിക്കട്ടെ. തിരുമേനിമാർ അഴിവുവരാതെ അതെല്ലാം കാത്തുരക്ഷിച്ചുകൊണ്ടാൽ മതി. തിരുമേനിമാൎക്കും രാജകുടുംബത്തിനും പത്മനാഭൻ തുണയുണ്ടു്.

A1255

അന്ത്യദശയിലും രാമയ്യന്റെ നിഷ്കളങ്കമായ രാജഭക്തിയും, സ്വാമിഭക്തിയും, സ്വാത്ഥബുദ്ധിയും തന്നെ ദ്യോതിക്കുന്നതുകണ്ട കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു് ഇങ്ങനെ വീണ്ടുംകല്പിച്ചു ചോദ്യംചെയ്തു:—“സ്വജനങ്ങൾക്കും ഇവിടത്തെ കിടാങ്ങൾക്കും പ്രത്യേകിച്ചു് ഒന്നും തേടി കൊടുത്തിട്ടില്ലല്ലൊ. അതുകൊണ്ടു വീണ്ടും ചോദിക്കുകയാണു്. അവർക്കുവല്ലതും കൊടുക്കണമെന്നു് ആഗ്രഹം ഇല്ലേ?”

“പത്മനാഭന്റെ അനുഗ്രഹം ഉണ്ടു്.” എന്നുമാത്രമായിരുന്നു ദളവായുടെ മറുപടി; അദ്ദേഹം തുടർന്നു് അറിയിച്ചു:-“തിരുമനസ്സറിയിക്കണം, തിരുമേനീ! അടിയന്റെ സ്വാമിയും ഇളയതിരുമേനിയും രാജകുടുംബവും പത്മനാഭന്റെ കൃപയാൽ മേലും സുഖമായി നീണാൾ വാഴണം. ഇതിനപ്പുറം ഒരാശ രാമയ്യനില്ല. പൊന്നും പണവും രാമയ്യനെ വ്യാമോഹിച്ചിട്ടില്ല. രാമയ്യനു് അതിലൊന്നും ആശയുംശേഷിച്ചിട്ടില്ല. ശ്രീപത്മനാഭ! കാത്തുകൊള്ളണമേ!” രാമയ്യൻ അഞ്ജലീബന്ധത്തോടുകൂടി ധ്യാനനിരതനായി. വീരാഗ്രിമനായ തിരുമനസ്സിലെ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു. ആഗതമായ സ്തോഭാവേശത്തെ സംയമനം ചെയ്തുകൊണ്ടു് അവിടുന്നു കല്പിച്ചു—“ഒന്നുനിനച്ചും കുണ്ഠിതംവേണ്ട. ശ്രീപത്മനാഭന്റെ അനുഗ്രഹം ഉണ്ടു്.”

ശ്രീ:
THE SENGUPTA PUBLIC LIBRARY
PUTHIYARA.

240337

പോർക്കളത്തിന്റെ
പിന്നിൽ

കെ.എൻ. ഗോപാലപ്പിള്ള.

A.1255.

Indic Digital Archive Foundation
gpura.org